# വിഷയവിവരം


| | | പുറം |
|---|---|---|
| 1. | സോവിയററ് റഷ്യ<br>ഏ. ഗോപാലമേനോൻ എം. ഏ., ബി. കാം. | 615 |
| 2. | ഭക്തിപ്രഭാവശതകം<br>എം. രാജരാജവർമ്മതമ്പുരാൻ, എം. ഏ., ബി. എൽ. | 639 |
| 3. | സ്മരണമണ്ഡലം<br>സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. | 642 |
| 4. | ഒരു കത്തിൻറകത്ത്<br>അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്. | 649 |
| 5. | സിന്ധുതലത്തിലെ പുരാതനസംസ്കാരം:— കെ. മാമൻ എം. ഏ. | 650 |
| 6. | കിമപികാവ്യം<br>പി. കെ. നാരായണപിള്ള; ബി. ഏ., ബി. എൽ. | 655 |
| 7. | തമിഴരുടെ സംഘകാലം<br>കെ. എൻ. ഗോപാലപിള്ള, എം. ഏ. | 671 |
| 8. | ആരാധനയുടെ ആരംഭം<br>കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട് എം. ഏ., ബി. എൽ. | 678 |
| 9. | തിരുമുൽക്കാഴ്ച<br>ശൂരനാട്ടുകുഞ്ഞൻപിള്ള എം. ഏ. | 682 |
| 10. | മലയാളം ആണേഴ്സ് സമാജം (റിപ്പോർട്ടു്)<br>ബി. പത്മനാഭപിള്ള ബി. ഏ. | 690 |
| 11. | യുവകവിപങ്ക്തി | 695 |
| | (1) മധുവിലാസം<br>പന്തളം കെ. പി. രാമൻപിള്ള ബി. ഏ. | |
| | (2) തോഴിയോട്ട്<br>വ്യാകരണഭൂഷണം എൻ. ഡി. കൃഷ്ണനുണ്ണി | 697 |

പുറം

12. മാമ്പള്ളിപ്പട്ടയം 699
വിദ്യാഭൂഷണൻ വി. വെങ്കിട്ടരാമശൎമ്മ

13. ഭക്തിപാരമ്യം 709
പി. അനന്തൻപിള്ള എം. എ.

14. കൊ. കൊച്ചുണ്ണിത്തമ്പുരാന്റെ ഒരു അപ്രകാശിതകൃതി 713
റാവുസാഹിബ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ.

15. സംസ്കൃതക്കാരന്റെ ധ്വനി 722
പുത്തേഴത്തു രാമൻമേനോൻ ബി. എ., ബി. എൽ.

16. പ്രാചീനദേശസംജ്ഞാകോശം 725
പി. അനന്തൻപിള്ള, എം. എ.

17. ഗ്രന്ഥനിരൂപണം. 727

(1) ഉമയമ്മറാണി —Ed.

(2) പത്മാവതി —Ed.

(3) ജലന്ധരവിജയം —Ed.

(4) ജീവിതാദർശം —Ed.

(5) കേരളനസ്രാണികളുടെ വിവാഹാചാരങ്ങൾ —M. R.

18. പത്രാധിപക്കുറിപ്പുകൾ. 730

(1) വിശ്വനിഘണ്ടു

(2) സാഹിത്യപരിഷത്തു്

(3) പുതിയദിവാൻ

(4) കൈമാററപ്പത്രങ്ങളും മാസികകളും

# സഹൃദയ

പുസ്തകം ൧. | ഇടവം, മിഥുനം, ൧൧൧൧. | ലക്കം ൯, ൧൦.

## സോവിയററ് റഷ്യ.

ഏ. ഗോപാലമേനോൻ എം. ഏ., ബി. കാം.

### I

റഷ്യയെപ്പററി ഇന്നല്ല, ഇന്നേവരെയ്ക്കും ആർക്കും വിവരമായ അറിവുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഭൂമിയിൽ സ്ഥലവിഭാഗത്തിൽ ഏഴിലൊരംശം ഉൾപ്പെടുന്ന ഒരു സാമ്രാജ്യം, ഏഷ്യാക്കാരാണെന്നു യൂറോപ്യന്മാരും യൂറോപ്യന്മാരാണെന്നു് ഏഷ്യാക്കാരും പറയുന്നവരും, അതിശീതം മുതൽ അത്യുഷ്ണംവരെ ഉള്ള കാലാവസ്ഥയ്ക്കു് അധീനന്മാരായി കഴിയുന്നവരും ആയ അനേകലക്ഷം ജനങ്ങൾ, സ്ഥിരമായ പാർപ്പിടമില്ലാതെ കന്നുകാലികളെ മേച്ചു കാലക്ഷേപം കഴിക്കുന്നവരും പാശ്ചാത്യരീതിയിൽ ഉള്ള പരിഷ്കൃത ജീവിതം നയിക്കുന്നവരും രണ്ടിനും ഇടക്കുള്ള അനേകതരക്കാരും പ്രത്യേകം പ്രത്യേകം ജീവിച്ചുപോരുന്ന സമുദായക്കെട്ട്, ഇവയാണു് റഷ്യയുടെ ബാഹ്യലക്ഷണങ്ങൾ. പരിഷ്കാരഭ്രമം ഭരണകർത്താക്കളെ ബാധിച്ചു വളരെക്കാലമായിട്ടുണ്ടെങ്കിലും ഇന്ത്യയിലെന്നപോലെ ജനസാമാന്യത്തിന്റെ നിലയ്ക്കു പറയത്തക്ക മാററമൊന്നും അടുത്തകാലംവരെ ഉണ്ടായിട്ടില്ല. പ്രകൃതിദത്തമായ വിഭവങ്ങൾ വേലചെയ്തു് ഉണ്ടാക്കുന്നതിനുള്ള മൂലധനവും സാങ്കേതികജ്ഞാനവും ഇന്നേവരെ പരദേശികളിൽനിന്നും സിദ്ധിച്ചിട്ടുള്ളതേ കാര്യമായി പറവാനുള്ളു. പല തരത്തിലായി പലയിടത്തും വ്യാപിക്കുന്ന സാമ്രാജ്യഭാഗങ്ങൾ പ്രത്യേകം പ്രത്യേകം വേലചെയ്തു നല്ലനിലയിൽ കൊണ്ടുവരാവുന്നവയും സാധിക്കുന്നിടത്തോളം അഭിവൃദ്ധികൊണ്ടു് പൊതുനിലക്കു വിലകൂട്ടുന്നവയും ആണു്. അല്ലാതെ നെടുനീളത്തിൽ ഒററപ്പരപ്പായി കിടക്കുന്ന ഒരു സാമ്രാജ്യത്തിൽ അങ്ങുമിങ്ങും മാത്രം ചില പരിഷ്കാരകേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതു് വൻകടലിൽ കാണുന്ന കപ്പൽദീപംപോലെ ചുററുമുള്ള ശൂന്യതയെ കുറച്ചുകൂടി ഘനപ്പെടുത്തുകയേ ഉള്ളു.

ഈ സാമ്രാജ്യത്തിന്റെ അധിപന്മാരായി റോമനാഫ്‌വംശക്കാർ ഭരണം തുടങ്ങിയതു് ഹിന്ദുസ്ഥാനം ജഹാംഗിർ ചക്രവർത്തി ഭരിച്ചിരുന്ന കാലത്താണു്. പല വ

ഴിക്കും സാമ്രാജ്യത്തിനു വിസ്തൃതി കൂടിയതോടുകൂടി റഷ്യൻചക്രവത്തികളും സമുദായൈക്യം സ്ഥാപിക്കുന്നതിനു ശ്രമിക്കാതിരുന്നില്ല. ദേശീയഭാഷകൾ പിൻനിർത്തി റഷ്യൻ ഭാഷ പ്രചരിപ്പിക്കുന്നതിനും മററുതരത്തിലുള്ള ക്രിസ്ത്രീയ വിഭാഗങ്ങളെ റഷ്യയുടെ പ്രത്യേകമായ ഒരു പള്ളിയ്ക്കു കീഴടക്കുന്നതിനും സകല അധികാരങ്ങളും ചക്രവത്തിയുടെ ആജ്ഞയിൻകീഴിൽ കേന്ദ്രിപ്പിക്കുന്നതിനും ആ വഴിക്കു പ്രജകളെ പേടിപ്പിച്ചും ഉപദ്രവിച്ചും കീഴടക്കി ഭരിക്കുന്നതിനും ആണ് അവർ ഉത്സാഹിച്ചിരുന്നതു്. പാശ്ചാത്യശക്തികളുമായി അടുത്തുപെരുമാറുവാൻ ഇടയായ പീററർ ചക്രവത്തിയുടെ കാലംമുതൽ ജെമ്മനി, ഫ്രാൻസ് മുതലായ രാജ്യങ്ങളിലെ ചിന്തകന്മാരും സമുദായനേതാക്കളും ആയി ഇടപെടുന്നതിനും വിദേശങ്ങളിൽ ചെന്നു താമസിച്ചു സമുദായവേഴ്ചകൾ സമ്പാദിക്കുന്നതിനും സാധിച്ചവരായ പ്രഭുക്കന്മാരുടെയും ഉദ്യോഗസ്ഥന്മാരുടേയും എണ്ണം കൂടിവന്നു. സാധുക്കളായ കഷകസമുദായങ്ങൾ ഈ വിപ്ളവങ്ങളുടെ കഥയറിയാതെയാണ് കഴിഞ്ഞുപോന്നതു്. പ്രമാണികളായവക്ക് അധികാരം തട്ടിക്കുന്നതിനു വേണ്ടി ഓരോ സംരംഭങ്ങൾ ഉണ്ടായതു് പരാജയത്തിൽ കലാശിച്ചെങ്കിലും നെപ്പോളിയൻെറ ആക്രമണം, ക്രിമിയൻ യുദ്ധത്തിൽ ഉണ്ടായ പരാജയം, ജപ്പാൻകാരോടു പടവെട്ടിയതിൽ പററിയ തോൽവി, ഇങ്ങനെ ഓരോ ഘട്ടങ്ങളിൽ ജനസാമാന്യത്തിൻെറ നന്മയെ ഉദ്ദേശിച്ചുള്ള പല പ്രവൃത്തികളിലേക്കും ഭരണകത്താക്കന്മാരെ പ്രേരിപ്പിച്ചു.

ഇക്കഴിഞ്ഞ 80-കൊല്ലത്തിനകം ആണു കൃഷിക്കുവേണ്ട പ്രോത്സാഹനങ്ങളും വ്യവസായപോഷണത്തിനുള്ള മാഗ്ഗങ്ങളും പൌരജീവിതത്തിനു ഉതകുന്ന സ്ഥാപനങ്ങളും റഷ്യയിൽ ഉണ്ടായതു്. അക്കാലത്തുതന്നെയാണ് ഇന്നു റഷ്യയെ ഭരിക്കുന്ന സോഷ്യലിസ്റ്റ് കക്ഷിയുടെ ഉത്ഭവവും യൂറോപ്പിൽ അവക്ക് ഉണ്ടായ പ്രചാരവും. വിദ്യാഭ്യാസമോ ജീവിതസൌകയ്യങ്ങളോ തുലോം കുറവായിരുന്ന അനേകലക്ഷം കൃഷിക്കാരുടെ പ്രധാനസങ്കടം തന്നതായി കൃഷിചെയ്യുന്നതിനു സ്വന്തസ്ഥലം ഇല്ലാത്തതുകൊണ്ടായിരുന്നു. കുടിയാന്മാരും അടിയാന്മാരും ആയ രണ്ടുകോടി ജനങ്ങളെയാണ് ഒന്നാമതായി സ്വതന്ത്രന്മാരാക്കിത്തീത്തതു്. എന്നാൽ അവക്കു കൃഷിചെയ്തു ജീവിക്കുന്നതിനു വേണ്ടിടത്തോളം സ്ഥലം കൊടുക്കുവാൻ സാധിച്ചില്ല. കിട്ടിയ സ്ഥലങ്ങൾ തന്നെയും ഓരോ ഗ്രാമക്കാരുടെ പൊതു സ്വത്തായിതീന്നതല്ലാതെ ഓരോരുത്തനും യഥേഷ്ടം ഉപയോഗിക്കുന്നതിന് അധികാരവും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് പഠിപ്പുള്ളവരും നിലയുള്ളവരും ആയ നേതാക്കന്മാർ ജനസാമാന്യത്തിൻെറ സങ്കടങ്ങൾക്കു നിവൃത്തിയുണ്ടാക്കുവാനായി 'സോഷ്യൽറെവല്യൂഷണറി' സംഘങ്ങൾ ഈ നൂററാണ്ടിൻെറ ആരംഭത്തിൽ റഷ്യയിൽ പലയിടത്തും സ്ഥാപിച്ചു. സമുദായത്തിൻെറ ആണിക്കല്ലായ കഷകന്മാക്ക് വേണ്ട അറിവുകൊടുത്തു് സ്വേച്ഛാപ്രഭുത്വത്തിൽ മതിമയങ്ങിയിരുന്ന ഭരണകത്താക്കന്മാരെ അധികാരത്തിൽ നിന്നു തുരത്തുന്നതിനായിരുന്നു അവരുടെ ഉത്സാഹം.

ഇതിനിടയ്ക്കു് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗവമ്മെണ്ടി

ന്റെ പരിശ്രമം വിദേശികളും സ്വദേശികളുമായ ബാങ്കുകാരും വ്യവസായനേതാക്കന്മാരും ചേൎന്ന ഒരു ഗവമ്മെണ്ട് കക്ഷിയേയും, ചെറുതരം കച്ചവടക്കാരും ശാസ്ത്രവിദഗ്ദ്ധന്മാരും പഠിപ്പുള്ള തൊഴിൽക്കാരും ചേൎന്ന ഒരു പ്രജാഭരണകക്ഷിയേയും സൃഷ്ടിച്ചു. തനതുവസ്തുക്കളില്ലാത്ത കൃഷീവലന്മാർ യന്ത്രശാലകളിലും മററും തൊഴിൽക്കാരായി വന്നുചേരുകയും സ്വല്പക്കൂലിയും രാപകൽ തൊഴിലും നിർദ്ദയമായ പെരുമാററവും സഹിച്ച് നെറിമുട്ടി മററുവിധത്തിൽ സങ്കടനിവാരണത്തിനു വഴിയില്ലായ്കയാൽ ഒരു 'സോഷ്യൽ ഡെമൊക്രാററ്' കക്ഷിയുടെ ആധീനത്തിൽ ചെന്നുചേരുകയും ചെയ്തു. ഈ കക്ഷിയുടെ നേതാക്കന്മാരിൽ ലെനിനും ട്രാട്സ്കിയും ഉണ്ടായിരുന്നു. ഇവരിൽ നിന്നാണു 'ബോൾഷെവിക്ക് സംഘം' ഉത്ഭവിച്ചതു്. അന്ന് അവർക്കു റഷ്യയിൽ പ്രാബല്യം കുറവായിത്തന്നെയിരുന്നെങ്കിലും യൂറോപ്പ് ആസകലം ഉൾപ്പെടുന്ന 'സോഷ്യൽ ഡെമൊക്രാററ്' കക്ഷിയുടെ നായകന്മാരിൽ ഭൂരിപക്ഷം പ്രമാണികളാണ് ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്ക് അല്ലെങ്കിൽ ഭൂരിപക്ഷക്കാർ എന്ന പേരോടുകൂടി ഒരു സംഘം രൂപീകരിച്ചതു്. ഇവരുടെ ഉദ്ദേശം ബലം പ്രയോഗിച്ചു സമുദായ വ്യവസ്ഥിതി മാററി മറിക്കുന്നതിനു ജനസാമാന്യത്തെ ഉത്സാഹിപ്പിക്കുക ആയിരുന്നു. അന്നു ന്യൂനപക്ഷത്തിൽ നിന്നുകൊണ്ട് ഇടത്തരക്കാരായ സമുദായാംഗങ്ങൾ മുഖാന്തരം സമാധാനമായി സമുദായത്തെ പരിഷ്കരിക്കണമെന്നു വാദിച്ച കക്ഷിയിൽ ഒരു പ്രമാണിയായിരുന്നു ട്രാട്സ്കി. 1903-ൽ ലണ്ടനിൽ വച്ചു കൂടിയ തൊഴിലാളി കാൺഗ്രസ്സിലാണ് ഈ ഭിന്നിപ്പുണ്ടായതു്. ലെനിൻ പിന്നീടു പ്രദർശിപ്പിച്ച കാര്യശേഷിയും സ്ഥിരോത്സാഹവും കാലാനുസൃതമായ നയോപായജ്ഞാനവും കൊണ്ടുമാത്രമാണ് അന്നത്തെ അല്പം ചില അനുചരന്മാരിൽ നിന്നും പതിനഞ്ച് കൊല്ലത്തിനകം മഹത്തായ കാര്യങ്ങൾ സാധിക്കത്തക്ക ഒരു ശക്തി ആ കക്ഷിക്കു സിദ്ധിച്ചതു്.

ലെനിൻ വിദ്യാസമ്പന്നമായ കുടുംബങ്ങളിൽ ഒന്നിലാണു ജനിച്ചതു്. ചെറുപ്പത്തിലേതന്നെ അർത്ഥശാസ്ത്രസിദ്ധാന്തങ്ങളെപ്പററി മാർക്സ് എന്ന മഹാൻ ചെയ്തിട്ടുള്ള വിമർശങ്ങൾ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചിരുന്നു. അതിനെ തുടൎന്ന സമുദായവിപ്ലവത്തിനുള്ള സംരംഭങ്ങൾ തുടങ്ങിയപ്പോൾ അധികം താമസിയാതെ അദ്ദേഹത്തിനെ സൈബീരിയായിലേക്കു യാത്രയാക്കി. അന്ന് അദ്ദേഹത്തിനു കഷ്ടിച്ച് 26 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. റഷ്യയുടെ സമുദായസ്ഥിതികളെപ്പററി ഗാഢമായി ആലോചിക്കുന്നതിനും, മാർക്സിന്റെ തത്വങ്ങളെ ആസ്പദമാക്കി വ്യവഹരിക്കുന്നതിനും സൈബീരിയായിലെ വാസം സഹായമായിത്തീൎന്നു. മൂന്നുനാലു സംവത്സരത്തിനകം അവിടെനിന്നും രക്ഷപ്പെട്ട് അദ്ദേഹം 1900-മാണ്ടു സ്വിററ്സർലണ്ടിൽ ചെന്നുചേൎന്നു. ബോൾഷെവിക്ക് കക്ഷിയുടെ അഭിപ്രായങ്ങളെ പ്രചരിപ്പിക്കുന്നതിന് 'ഇസ്ക്ര' (തീപ്പൊരി) എന്ന പേരിൽ ഒരു വത്തമാനപ്പത്രം അദ്ദേഹം സ്യൂറിക്ക് നഗരത്തിൽ സ്ഥാപിച്ചു. അതിനുശേഷം 1905-ലെ കലാപത്തിനിടക്കു മാത്രമേ അദ്ദേഹം സ്വരാജ്യത്തേക്കു മടങ്ങിവന്നുള്ളു. അന്നത്തെ കുഴപ്പത്തിനു കാരണം ജപ്പാൻയുദ്ധത്തിൽ റഷ്യയ്ക്കു പററി

യ പരാജയമായിരുന്നു. ഇടത്തരം തൊഴിലാളികളും വ്യവസായശാലകളിലെ വേലക്കാരും കൃഷകന്മാരും ഒന്നുചേൎന്നു ഗവമ്മെണ്ടിൻെറ ഘടനയെ പരിഷ്കരിക്കുന്നതിനുവേണ്ടി പൊതുവെ ഒരു പണിമുടക്കം നിശ്ചയിക്കുകയും തന്മൂലം നാടൊട്ടുക്കു കുഴപ്പമുണ്ടാകയും ചെയ്യപ്പോൾ, ലെനിൻ പഠിത്തവും പ്രചരണവേലയും നിൎത്തിവച്ച് റഷ്യയിലേക്കു മടങ്ങിവന്നു. ട്രാട്സ്കിയുടെ നേതൃത്വത്തിൽ സോഷ്യൽ ഡെമൊക്രാററ് കക്ഷി തലസ്ഥാനനഗരത്തിൽപോലും പ്രതിനിധികളെ ചേൎത്തു സംഘങ്ങൾ രൂപീകരിച്ച് രാജശക്തിയെത്തന്നെ ഇല്ലായ്മ ചെയ്യുന്നതിനു ഉത്സാഹിപ്പിക്കുമ്പോൾ, ഗവമ്മെണ്ടിൽ നിന്നും "ഡൂമാ" എന്ന പേരോടുകൂടി ഒരു പ്രജാസഭ ഏൎപ്പെടുത്തി ജനസാമാന്യത്തിനു അവശ്യം വേണ്ടതായ ചിലസ്വാതന്ത്ര്യങ്ങൾ അനുവദിച്ച് പരിഷ്കാരങ്ങൾ നിൎവ്വഹിച്ചുകൊള്ളാമെന്നു ഒരു വിളംബരം പരസ്യപ്പെടുത്തി. അതോടുകൂടി സമാധാനതല്പരന്മാരായ ഉൽപതിഷ്ണുക്കൾ പിൻവാങ്ങുകയും, പൂൎവ്വദേശങ്ങളിൽനിന്നും മടങ്ങിവന്ന സൈന്യം ഗവമ്മെണ്ടിനു അനുകൂലമായിരുന്നതുകൊണ്ട് വിപ്ളവകാരികൾക്ക് യാതൊന്നും ചെയ്യുവാൻ നിൎവ്വാഹമില്ലാതെ തീരുകയും ചെയ്തു. "ഡൂമാ" എന്ന പേരോടു കൂടി ഒരു പ്രതിനിധിസഭ ഉണ്ടാക്കിയെങ്കിലും അതിൽ വിപ്ളവകക്ഷിക്കു പ്രാധാന്യം കൂടിവരുന്നതുകണ്ട് ഗവമ്മണ്ട് അതിലെ നേതാക്കന്മാരെ നാട്ടിൽനിന്നു ബഹിഷ്കരിച്ച് മുതലാളന്മാൎക്കല്ലാതെ പ്രവേശം സിദ്ധിക്കാത്ത വിധത്തിൽ അതിൻെറ സംഘടന വ്യവസ്ഥപ്പെടുത്തി.

എതിൎകക്ഷികൾ പുറമെ നിന്നുംകൊണ്ട് മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും അപായപ്പെടുത്തിയും സൎക്കാർ കെട്ടിടങ്ങൾ തൊഴിൽ ശാലകൾ മുതലായവ നശിപ്പിച്ചും ഗവമ്മെണ്ടിനെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു. ഗവമ്മെണ്ടിൽനിന്നും അവരെ കഠിനമായി ശിക്ഷിക്കയും അനേകായിരം ആളുകളെ സൈബീരിയയിലേക്ക് ബഹിഷ്കരിക്കയുംചെയ്തു. ഗവമ്മണ്ടിൻെറ പിൻതാങ്ങുള്ളവരായി അനേകം അക്രമികൾ കൂട്ടം കൂട്ടമായി പലയിടങ്ങളിലും സഞ്ചരിച്ചു ശത്രുപക്ഷക്കാരെ ദ്രോഹിക്കയും വധിക്കയും ചെയ്തുതുടങ്ങി. പൌരന്മാൎക്ക് അനുവദിച്ചിരുന്ന രക്ഷയും സ്വാതന്ത്ര്യങ്ങളും ക്രമേണ നാമാവശേഷമായി. പഴയപടി ത്സാർ ചക്രവൎത്തിയും മന്ത്രിമാരും തോന്നിയപോലെ ഭരണം നടത്തിപ്പോരുകയും ചെയ്തു. ഇക്കൂട്ടത്തിൽ അവശേഷിച്ച പിടിപ്പില്ലാത്ത ഉദ്യോഗസ്ഥന്മാരും അശരണന്മാരായ പ്രജാസമൂഹവും ഇക്കഴിഞ്ഞ മഹായുദ്ധത്തിനിടയ്ക്കു ഒന്നുകൂടി നേരിടുവാൻ ഇടയായപ്പോൾ പഴയ ഭരണക്രമം ഒന്നോടെ നിലംപതിച്ചു. ഇക്കാലത്തു സാധിച്ചതായ ഒരു സംഗതി മേലാൽ സംഭവിക്കുവാനിരുന്ന സമുദായഗതിക്ക് അനുകൂലമായിത്തീൎന്നു. അതു ഗവമ്മെണ്ടിൻെറ നിൎദ്ദേശപ്രകാരം കൃഷകന്മാൎക്ക് സ്വന്തമായി കൃഷിസ്ഥലങ്ങൾ ഗ്രാമക്കാരുടെ ബന്ധത്തിൽനിന്നും വേർപെടുത്തി എടുക്കുന്നതിനുള്ള അവകാശം സിദ്ധിച്ചതും അതിൻപ്രകാരം റഷ്യയിലെ അനേകം കൃഷിക്കാർ വസ്തു ഉടമസ്ഥന്മാരായിത്തീൎന്നതും ആയിരുന്നു. ഇക്കൂട്ടരാണു മഹായുദ്ധത്തിനിടക്ക് പല യുദ്ധമുഖങ്ങളിലും സൈന്യങ്ങൾക്ക് പരാ

ജയം പററിയപ്പോൾ, ഗവമ്മെണ്ടിനെ തോല്പിക്കുന്നതിനു ധാന്യങ്ങൾ വിട്ടുകൊടുക്കാതെ സ്വരൂപിച്ച് നഗരവാസികളെ പട്ടിണിയിടുന്നതിനും നാടൊട്ടുക്ക് കലാപമുണ്ടാക്കുന്നതിനും സഹായമായിത്തിന്നു്.

ഉൽപതിഷ്ണുക്കൾക്ക് പരാഭവവും വിപ്ളവകാരികൾക്ക് പലതരം നാശങ്ങളും സംഭവിച്ച ഈ പന്ത്രണ്ട് സംവത്സരം മുഴുവനും റഷ്യായിലെ കലാപകക്ഷികളെ ലെനിൻെറ ഉപദേശപ്രകാരം നയിച്ചുകൊണ്ടുപോയ പ്രമാണികളിൽ ഒരാളായിരുന്നു സ്റ്റാലിൻ. ഗവമ്മെൻറിൻെറ ചാരന്മാരും സ്വപക്ഷത്തിലുള്ള ഭീരുക്കളും ചതിയന്മാരും ചെയ്തിരുന്ന നാശങ്ങൾ വകവയ്ക്കാതെ സാമ്രാജ്യമൊട്ടുക്ക് ചിതറിക്കിടന്നിരുന്ന ബാൾഷെവിക്ക് നേതാക്കന്മാരെ ധൈയ്യപ്പെടുത്തി നയിച്ചുകൊണ്ടുപോകുന്നതു് എത്രയും ഭാരമേറിയ ചുമതലയായിരുന്നു. എന്നാൽ സ്റ്റാലിൻ അതിലേയ്ക്കായിത്തന്നെ ജനിച്ച ഒരു ധീരനായിരുന്നു. കാക്കസസ് പവ്വതങ്ങൾക്കിടയിൽ സ്വാതന്ത്ര്യ കേന്ദ്രങ്ങളായ ഗ്രാമങ്ങളിലും നഗരങ്ങളിലും വന്നു ചേന്നിരുന്ന വിപ്ളവകാരികളുടെ ഇടയിലാണ് അദ്ദേഹം വളന്നതു്. അവരിൽ നിന്നും സമ്പാദിച്ച അഭിപ്രായങ്ങളും ജ്ഞാനശകലങ്ങളും താൻ വിദ്യാഭ്യാസം ചെയ്തിരുന്ന സെമിനാരിയ്ക്കകത്തു് പ്രചരിപ്പിക്കുവാൻ ഉത്സാഹിച്ച കുററത്തിനു പതിനഞ്ചാം വയസ്സിൽ തന്നെ അദ്ദേഹം അവിടെ നിന്നും ബഹിഷ്കൃതനായി. 1900-മാണ്ടു് 21-ാമത്തെ വയസ്സിൽ ടൈഫ്ളിസ് നഗരത്തിലുള്ള സോഷ്യൽ ഡെമൊക്രാററ് സംഘത്തിൽ അദ്ദേഹം ആദ്യമായി ചേന്നു. അവിടെനിന്നും പോലീസുകാർ തുരത്തിയപ്പോൾ ബാററും നഗരത്തിലെ കപ്പൽ തുറകളിൽ ചെന്നുചേന്നു. ആദ്യം ഒന്നരകൊല്ലത്തോളം സ്വന്തനാട്ടിലും പിന്നിട്ട് സ്വല്പകാലം സൈബീരിയായിലും സക്കാർ അതിഥിയായി താമസിച്ചതിനു ശേഷം വീണ്ടും രക്ഷപ്പെട്ടു് സ്റ്റാലിൻ ബാററും പട്ടണത്തിൽ വന്നുചേന്നു് പുതിയ ബാൾഷെവിക്ക് കക്ഷിയുടെ നേതാവായിത്തീന്നു. സൈബിരിയായിൽ താമസിക്കുന്നകാലത്തായിരുന്നു ഈ കക്ഷിയെ ലണ്ടൻ കാൺഗ്രസ്സിൽവച്ചു് ലെനിൻ സ്വരൂപിച്ചതു്. അന്നു് അദ്ദേഹം സ്റ്റാലിനു് അയച്ച ഒരു എഴുത്തുകൊണ്ടാണു സ്റ്റാലിൻ ആ കക്ഷിയിൽ ചേരുവാനിടയായതു്. സ്റ്റാലിൻെറ നേതൃത്വത്തിൽ കക്കേഷ്യയിലെ ബാൾഷെവിക്ക്കാർ ഗവമ്മെണ്ടുഘജനാവും ബാങ്കുകളും കൊള്ളയിട്ടു് ധനം ശേഖരിച്ചു് വളരെക്കാലം പടവെട്ടിനിന്നു. ശത്രുക്കളിൽ നിന്നും ബലാൽക്കാരമായി ആയുധങ്ങൾ കൊള്ളയിട്ടും, ഗോപ്യമായി അടുത്ത ദിക്കുകളിൽ നിന്നും ശേഖരിച്ചും നടത്തിപോന്ന ഈ യുദ്ധത്തിലാണു സ്റ്റാലിൻ ജ്ഞാനസ്നാനം കഴിച്ചതു്. 1907-ൽ വ്യവസായകേന്ദ്രമായ ബാക്കുനഗരത്തിൽ ചെന്നു ട്രാട്സ്കിയുടെ പക്ഷക്കാരായ ഭിന്നകക്ഷികളെ സ്വപക്ഷത്തിൽ ചേക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ഇതിനിടയ്ക്കു ഒന്നു രണ്ടു് തവണ ജയിൽവാസം അനുഭവിക്കു ഉണ്ടായി. ഈ നഗരത്തിലെ സ്ഥിതിഗതികളാണ് ലെനിൻ പ്രസ്താവിച്ചിരുന്ന തത്വങ്ങളുടെ യാഥാത്ഥ്യത്തെ അനുഭവത്തിൽ കണ്ടറിയുന്നതിനും സമുദായോദ്ധാരണത്തിനു ലെനിൻെറ അഭിപ്രായങ്ങൾ എത്രമാത്രം ഫലപ്രദമാണെന്നു ആലോചിച്ചു മനസ്സിലാക്കുന്നതിനും അദ്ദേഹത്തിനു സൌകയ്യമുണ്ടാക്കിയതു്.

ഇങ്ങനെ സമുദായവ്യവസ്ഥിതിയിൽ തൊഴിൽക്കാരുടെ പ്രാമാണ്യത്തെ സ്ഥാപിക്കുന്ന തത്വങ്ങളും പ്രമാണങ്ങളും സ്റ്റാലിൻ ഏറ്റവും അടിസ്ഥാനമായിത്തീർന്നു.

ഇക്കാലം മുഴുവനും ട്രോട്സ്കി വിദേശങ്ങളിൽ ഇരുന്നുകൊണ്ട് ലെനിന്റെ വിരോധികളായ സോഷ്യലിസ്റ്റ് സംഘങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുകയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഖണ്ഡിച്ച് സ്റ്റാലിൻ ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. അന്ന് സ്റ്റാലിൻ സൈബീരിയായിൽ ഒന്നു കൂടി പോയി സെൻറ് പീറേറഴ്സ് ബെർഗിൽ എത്തിയിരിക്കുകയായിരുന്നു. രണ്ടു കൊല്ലംകൊണ്ട് അദ്ദേഹം അവിടത്തെ പ്രധാന കമ്മററിയിലെ ഒരു അംഗമായിത്തീർന്നു. റഷ്യ വ്യവസായാഭിവൃദ്ധിയിൽ പുരോഗമനം ചെയ്തുകൊണ്ടിരുന്ന ഈ ഘട്ടത്തിൽ ബോൾഷെവിക്ക് സംഘത്തിന് തൊഴിലാളികളിൽ നിന്നും ക്രമേണ പൂർവ്വാധികമായ പിൻബലം സിദ്ധിച്ചു. ''ദൂമാ''യിൽ ശേഷിച്ചിരുന്ന സ്വപക്ഷക്കാരെ ഒളിവിലും മറവിലുംഇരുന്നു പ്രോത്സാഹിപ്പിക്കുന്നതിനും, അവരോടുകൂടി പുറം ദിക്കുകളിൽ സഞ്ചരിച്ച് കക്ഷിബലംവർദ്ധിപ്പിക്കുന്നതിനും,സ്വന്തമായി ഒരു പത്രം പ്രസിദ്ധപ്പെടുത്തി അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിനും ഏകനേതാവായി റഷ്യയ്ക്കുള്ളിൽ അന്നു സ്റ്റാലിൻ മാത്രമെ ഉണ്ടായിരുന്നുള്ളു. യുദ്ധം തുടങ്ങുന്നതിന് ഒരു കൊല്ലം മുമ്പ് സ്വകക്ഷിയിൽപ്പെട്ട ഒരാളുടെ പ്രേരണയിന്മേൽ അദ്ദേഹത്തിനെ പോലീസുകാർ കണ്ടുപിടിച്ച് സൈബീരിയായുടെ വടക്ക് ഒരു പ്രദേശത്ത് ആർക്കും ചെന്നെത്തുവാൻ നിവൃത്തിയില്ലാത്ത ഒരു കോണിൽകൊണ്ടു ചെന്നാക്കി. അവിടെ നിന്നും അദ്ദേഹം വിട്ടുപോന്നതു് 1917-ലെ കലാപത്തിനു ശേഷമായിരുന്നു.

## II

മഹായുദ്ധം തുടങ്ങിയ ഘട്ടത്തിൽ അതിന്റെ ഫലമായി വളരെ ഗുണങ്ങൾ ഉണ്ടാകുമെന്നു എല്ലാവരും ആശിച്ചിരുന്നു. എന്നാൽ ചക്രവൎത്തിയുടെയും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളുടെയും പിടിപ്പുകേടു നിമിത്തം രാജ്യത്തിനു വലുതായ ഹാനിയാണു സംഭവിച്ചതു്. ജെൎമ്മൻ രാജകുടുംബങ്ങളിൽ പെട്ടതായ ചക്രവൎത്തിനി പരിഷ്കാരേച്ഛുക്കളായ കക്ഷികൾക്കു വിപരീതമായിട്ടാണ് നിന്നതു്. അവരുടെ ഏകസന്താനമായ രാജകുമാരന്റെ ചികിത്സയ്ക്കായി കൊട്ടാരത്തിൽ വന്നുചേൎന്ന 'റാസ്പുട്ടിൻ' എന്നൊരു കള്ളസന്യാസി, ഉദ്യോഗങ്ങൾ സൃഷ്ടിക്കുന്നതിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിലും ദുരുപദേശങ്ങൾ കൊടുത്തു് കൈയ്ക്കൂലിക്കാരും ജെൎമ്മൻ പക്ഷപാതികളും ആയ പലരേയും അധികാരത്തിൽ സ്ഥാപിച്ചു. ഇങ്ങനെ ജനങ്ങളുടെ പക്ഷത്തിലേക്ക് യാതൊരു ആനുകൂല്യവും സിദ്ധിക്കാൻ നിൎവ്വാഹമില്ലാതിരുന്നപ്പോൾ തുടരെത്തുടരെയുണ്ടായ അപജയങ്ങൾ ജനങ്ങളെ ക്ഷോഭിപ്പിച്ചു. യുദ്ധത്തിനുദ്ദേശിച്ചിരുന്ന ധനം മററാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും വേണ്ടിടത്തോളം ആയുധങ്ങളോ ആഹാരമോ സൈന്യങ്ങൾക്കു സിദ്ധിക്കാതെ വരുകയും ഭരണദൂഷ്യത്തിന്റെ ഫലമായി പ്രത്യക്ഷപ്പെട്ടു. ബാൾട്ടിക്ക് കടൽമുതൽ ബ്ലാക്ക് സീവരെ ഉള്ള യുദ്ധക്കളത്തിൽ റഷ്യന്മാർ ആദ്യം പല നേട്ടങ്ങളും സമ്പാദിച്ചുവെങ്കിലും ഉടനെ ജെൎമ്മനിയിലും ആ

സ്ത്രീയായിലും അവക്കു വല്യതായ നഷ്ടം സംഭവിച്ചു. രണ്ടു സംവത്സരംകൊണ്ടു് നാല്പതു്ലക്ഷം ആളുകഠം യുദ്ധത്തിൽ മരിച്ചും തടവിൽ അകപ്പെട്ടും അംഗഹീനന്മാരായും നഷ്ടപ്പെട്ടു. എങ്കിലും യുദ്ധസാമഗ്രികളും ഭക്ഷണസാധനങ്ങളും ഇല്ലാതായപ്പോഴാണു കലാപം കടുത്തതു്. 1916-ലെ ശീതകാലത്തു് നഗരവാസികളായ ജനങ്ങഠം ആഹാരസാധനങ്ങഠം കിട്ടാതെ വിഷമിച്ചു. തലസ്ഥാനനഗരത്തിൽതന്നെ കൂലിവേലക്കാരുടെ ക്ഷോഭമുണ്ടായി. അവരെ എതിക്കുന്നതിനു നിയോഗിച്ച ഭടന്മാർ ജനസമൂഹത്തെ ലാക്കാക്കി വെടിവെയ്ക്കുന്നതിനു വിസമ്മതിച്ചു. ചിലർ "ദൂമാ"യുടെ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തു. 1917-മാർച്ച്മാസം പതിനഞ്ചാം തീയതി ദൂമായിൽനിന്നും ഒരു പ്രതിനിധിസംഘം ചക്രവർത്തിയെ കണ്ടു് ഭരണാധികാരം ബാലനായ മകനെ ഏല്പിക്കണമെന്നു നിബ്ബന്ധിച്ചു. മകനെ പിരിഞ്ഞിരിക്കുന്നതിനു മനസ്സില്ലായ്കയാൽ തൻെറ അനുജനായ മൈക്കേൽ പ്രഭുവിനു് രാജ്യം ഒഴിഞ്ഞുകൊടുക്കാമെന്നു അദ്ദേഹം സമ്മതിച്ചു. മൈക്കേൽ പ്രഭു രാജ്യഭരണം കയ്യേൽക്കണമെങ്കിൽ പൌരസമത്വപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഒരു പുതിയ സഭയുടെ അപേക്ഷ ഉണ്ടായിരിക്കണമെന്നു വാദിക്കുകയാൽ തല്ക്കാലത്തേക്കു റഷ്യയിൽ പ്രജാഭരണം തുടങ്ങി.

പുതിയ ഭരണസംഘത്തിൽ സോഷ്യലിസ്റ്റ് കക്ഷിക്കാരനായി കെറൻസ്കി എന്നൊരാഠം മാത്രമെ ഉണ്ടായിരുന്നുള്ളു. സമത്ഥന്മാരായ വേറെ പല പ്രമാണികളും അതിൽ അംഗങ്ങളായിരുന്നു. പുതുതായി പല പരിഷ്കാരങ്ങളും ഉടനടി നടപ്പിൽ വരുത്തി. മതത്തിലും പൌരാവകാശങ്ങളിലും ഉള്ള അസമത്വങ്ങഠം നിയമപ്രകാരം ഇല്ലാതാക്കി. പരസ്യമായി ഏതുതരം അഭിപ്രായങ്ങളും പ്രസംഗിക്കുന്നതിനും അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിനും എല്ലാവക്കും സ്വാതന്ത്ര്യം നൽകി. കാരണം കൂടാതെ ആളുകളെ തടവിൽ പാപ്പിക്കുന്നതും ഏതു കുററത്തിനും ആരെയും വധിക്കുന്നതും നിയമവിരുദ്ധമാണെന്നു പ്രഖ്യാപനംചെയ്തു. പ്രദേശികഭരണ സ്ഥാപനങ്ങളിൽ ഉൽപതിഷ്ണുക്കളായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. ഈ നിയമങ്ങളുടെ ഉദ്ദേശങ്ങളും പ്രജാഭരണത്തിൻെറ പ്രാധാന്യവും പലയിടങ്ങളിലും പ്രാസംഗികന്മാർ ഉൽഘോഷിച്ചു. എന്നാൽ ജനസാമാന്യത്തിനു് ഇവയിൽ ഗാഢമായ അഭിരുചി തോന്നിയില്ല. നാട്ടുംപുറത്തുള്ള കൃഷിക്കാർ അടുത്ത നിലം പുരയിടങ്ങഠം കൈക്കലാക്കി പലരും ഒന്നുചേൎന്നു ധനികന്മാരുടെ വസ്തുവകകഠം അപഹരിച്ചു പങ്കിട്ടെടുത്തു. ഭരിച്ചു പരിചയമില്ലാത്ത പുതിയ ഉദ്യോഗസ്ഥന്മാർ നവീനാശയങ്ങളിൽ സമ്പന്നന്മാരായിരുന്നെങ്കിലും സമാധാനരക്ഷക്കു പ്രാപ്തന്മാരായില്ല. നാവികസൈന്യത്തിൽപെട്ട കപ്പൽക്കാർ നാട്ടിൻപുറങ്ങളിലാണു പടവെട്ടിയതു്. യുദ്ധക്കളത്തിൽ ജെമ്മൻ ശത്രുക്കളെ എതിക്കേണ്ട സൈന്യങ്ങഠം ശത്രുക്കളുമായി സല്ലാപിക്കുകയും മേലുദ്യോഗസ്ഥന്മാരെ വെടിവെക്കുകയും മുറയാക്കി.

പുതിയഭരണസംഘത്തിൽ അധികവും പ്രഭുക്കളും വസ്തുഉടമസ്ഥന്മാരും ആയിരുന്നതുകൊണ്ടു് അവരുടെ നടപടിയെപ്പററി സോഷ്യലിസ്റ്റ് നേതാക്കന്മാക്കു് ആശങ്കയുണ്ടാകാതിരുന്നില്ല. അവർ ഓരോ കേന്ദ്രങ്ങളിലായി സോവിയററ് എന്നപേരിൽ ഓരോ ചെറിയ സംഘ

ങ്ങൾ പുതിയ ഭരണവ്യവസ്ഥകളെ ഊർജ്ജിതപ്പെടുത്തുന്നതിനായി സൃഷ്ടിച്ചു. നഗരങ്ങളിൽ തൊഴിൽക്കാരും നാട്ടിൻപുറത്ത് കൃഷകന്മാരും പട്ടാളത്തിൽ ഭടന്മാരും തെരഞ്ഞെടുത്ത ഏതാനും പ്രതിനിധികൾ ആണ് ആദ്യത്തെ ഓരോ സോവിയററ് സംഘങ്ങളായിതീൎന്നത്. ഇവർ പുതിയവ്യവസ്ഥിതികളെപ്പററി ജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനും പൂൎവസ്ഥിതികളിലേക്കുള്ള വ്യതിയാനങ്ങളെ നിരോധിക്കുന്നതിനും ആണ് ഉത്സാഹിച്ചിരുന്നതെങ്കിലും, ക്രമേണ സമാധാനരക്ഷകളും ഗവമ്മെൻറിൻെറ അധികാരപ്രവൎത്തനത്തിനും അതാതു സ്ഥലത്തെ സോവിയററിൻെറ അനുമതിയും ആനുകൂല്യവും ഇല്ലാതെ കായ്യങ്ങൾ നടക്കുകയില്ലെന്നുള്ള നിലയെത്തി. ഈ കക്ഷിക്കാരിൽപെട്ട സോഷ്യൽറെവലൂഷണറികൾ, സോഷ്യൽ ഡെമൊക്രാററുകൾ, എന്ന രണ്ടു സംഘങ്ങളിൽ ആദ്യത്തേതു് കൃഷകന്മാരുടെയും രണ്ടാമത്തെതു് തൊഴിലാളികളുടെയും നേതാക്കന്മാരായിരുന്നുവെന്ന മുൻപു് പറഞ്ഞിട്ടുണ്ടല്ലോ. സോഷ്യൽ ഡെമൊക്രാററുകളുടെ ഇടയിൽ ലെനിൻെറ നേതൃത്വത്തിൽ വേർതിരിഞ്ഞഭൂരിപക്ഷക്കാർ അഥവാ "ബോൾഷെവിക്കു"കാർ പുതിയ ഭരണത്തിൻെറ വ്യവസ്ഥിതി പരിമിതമായിപ്പോയതിൽ കുണ്ഠിതപ്പെട്ടു. മററു കൂട്ടക്കാർ തല്ക്കാലത്തേക്കു് കിട്ടിയിടത്തോളം നേട്ടങ്ങൾകൊണ്ടു് തൃപ്തിപ്പെട്ടു് അവയെ സുരക്ഷിതമാക്കി യുദ്ധം അവസാനിപ്പിച്ചശേഷം മേലാൽ ഉള്ള പരിഷ്കാരങ്ങൾ സാധിച്ചാൽ മതിയാകുമെന്നുള്ള അഭിപ്രായക്കാരായിരുന്നു. ബോൾഷെവിക്കുകൾ ഉടനെതന്നെ യുദ്ധം അവസാനിപ്പിക്കണമെന്നും, സകല ഭൂസ്വത്തുകളും വ്യവസായസ്ഥാപനങ്ങളും സമുദായത്തിൽ നിന്നും ഏറെറടുക്കണമെന്നും, ഭരണവ്യവസ്ഥിതി സോവിയററ് സംഘങ്ങളുടെ നേതൃത്വത്തിൽ സ്വത്തുടമസ്ഥന്മാരായ യാതൊരുത്തരും ഉൾപ്പെടാത്തവിധത്തിൽ സംഘടിപ്പിക്കണമെന്നും ശഠിച്ചുതുടങ്ങി. ഗവമ്മെൻറിനു പിണഞ്ഞ ഓരോ അപജയവും ബോൾഷെവിക്കു് പക്ഷത്തിൽ ആനുകൂല്യം വൎദ്ധിക്കുന്നതിനു സഹായിച്ചു.

ലെനിൻ മുതലായ ബോൾഷെവിക്കു് നേതാക്കന്മാരെ സ്വദേശത്തേക്കുമടക്കി അയക്കുന്നതിനു ജെർമ്മനിയിലെ ഗവമ്മെൻറ് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. അവരുടെ നില വസ്തുഉടമസ്ഥന്മാരുടെ വകയായ ഏതുഭരണസ്ഥാപനത്തിനും പ്രതികൂലമായിട്ടാണെങ്കിലും, തല്ക്കാലത്തേക്കു് റഷ്യാഗവമ്മെൻറിൻെറ ശക്തി ക്ഷയിപ്പിക്കുവാൻ ഇടയായാൽ അത്രക്കെങ്കിലും ജെർമ്മനിക്കു് ആശ്വാസം കിട്ടുമെന്നുള്ള വിചാരംമാത്രമാണ് ഈ നയത്തിനു ഹേതുവായിരുന്നതു്. യുദ്ധത്തിനു് അടിസ്ഥാനമായ ഗൃദ്ധനിശ്ചയങ്ങളും രാജ്യ വിസ്തൃതിക്കുള്ള മോഹങ്ങളും തടയുന്നതിനു് ഇവരുടെ ഉത്സാഹം ഫലിച്ചുതുടങ്ങിയപ്പോൾ ഗവമ്മെൻറിൻെറ സംഘടന പുതുക്കി സോഷ്യലിസ്റ്റ് കക്ഷികളിൽ കുറെപ്പേരെക്കൂടി മന്ത്രികളായി ചേൎക്കേണ്ടിവന്നു. യുദ്ധത്തിൻെറ നേതൃത്വം കയ്യേററ കെറൻസ്കി ധീരനും വാഗ്മിയും ആയിരുന്നെങ്കിലും സൈന്യസങ്കേതങ്ങളിൽ സ്വയംഭരണം വ്യാപിച്ചിരുന്ന സ്ഥിതിക്കു് ഊൎജ്ജിതമായ യാതൊരുനടപടിയും സാധിച്ചില്ല. അടുത്തുതന്നെ കൂടുതൽ അപജയങ്ങൾ മൂലം വളരെ ആൾനഷ്ടം സംഭവിച്ചു.

സോവിയററ് സംഘങ്ങൾക്ക് പൂൎണ്ണാധികാരം കിട്ടണമെന്നുള്ള മുറവിളി എല്ലാ നഗരങ്ങളിലും ജനസങ്കേതങ്ങളിലും വ്യാപിച്ചു. നാലു മാസത്തിനുള്ളിൽ മൂന്നാമതൊരു ഭരണവ്യവസ്ഥിതി വീണ്ടും ഏൎപ്പെടുത്തേണ്ടിവന്നു. അന്നും ബോൾഷെവിക്കുകാർ അധികാരത്തിന് ആഗ്രഹിച്ചില്ല. പക്ഷെ ജെർമ്മനി റഷ്യ ആക്രമിച്ച് മുൻപോട്ട് കയറിത്തുടങ്ങിയപ്പോൾ കെറൻസ്കിക്കു നിലയില്ലാതായി. സൈന്യത്തിൻെറ പ്രമാണികൾ കെറൻസ്കിയെ അധികാരത്തിൽനിന്നും മാററുന്നതിന് ഉത്സാഹിച്ചു. അതു് ഫലിച്ചില്ലെങ്കിലും രാജ്യഭരണം പഴയമാതിരി വീണ്ടും സ്ഥാപിക്കുന്നതിനു പ്രബലമായ ഒരു കക്ഷി ഉണ്ടെന്നു പ്രത്യക്ഷമായപ്പോൾ ബോൾഷെവിക്കുകാർ അധികാരംകയ്യേൽക്കുന്നതിനു തന്നെ മുതിൎന്നു. നാടൊട്ടുക്കുള്ള സോവിയററ് സംഘങ്ങളിൽ നയോപായങ്ങളും ബലപ്രയോഗവുംകൊണ്ടു് നേതൃത്വം സിദ്ധിച്ചിരുന്നതിനാൽ അവർക്ക് ഇക്കാൎയ്യം എളുപ്പത്തിൽ സാധിച്ചു. 1917 നവമ്പർമാസത്തിൽ പെട്രോഗ്രാഡ് നഗരത്തിലുള്ള പബ്ളിക്ക് സ്ഥാപനങ്ങൾ മുഴുവൻ ബോൾഷെവിക്കുകാർ കയ്യേറി. ബോൾഷെവിക്ക് പ്രമാണികളുടെ ഭരണം സ്ഥാപിക്കുകയുംചെയ്തു. അതേ മാസത്തിൽ ഒരു ജനപ്രതിനിധിസഭ പുതുതായി വിളിച്ചുകൂട്ടുവാൻ ഉദ്ദേശിച്ചതിൽ ബോൾഷെവിക്കുകാൎക്കു സ്ഥാനബലം പോരെന്നു കണ്ടപ്പോൾ ജനുവരിമാസത്തിൽ വേണ്ട കരുതലുകൾ ചെയ്തുശേഷം ഒരു യോഗംകൂടി. സോഷ്യൽറെവലൂഷണറി കക്ഷി ആകെ വഴിപ്പെടുവാൻ തയാറില്ലെന്നു കാണുകയാൽ ആ സഭ പിരിച്ചുവിടേണ്ടിവന്നു. ഇങ്ങനെ പ്രജാഭരണവും അവസാനിച്ചു.

ഇതിനിടയ്ക്കു് യുദ്ധം നിറുത്തിവയ്ക്കുന്നതിന് ഉടമ്പടിചെയ്തു് റഷ്യ പിൻവലിഞ്ഞു. റഷ്യാഗവൎമ്മെൻറിൻെറ പഴയകടങ്ങളും വാഗ്ദാനങ്ങളും നിരാകരിച്ചു ബോൾഷെവിക്കുകാർ പ്രഖ്യാപനം ചെയ്തു. റഷ്യക്ക് അധീനങ്ങളായിരുന്ന ഭിന്നസമുദായങ്ങൾക്കു് സ്വാതന്ത്ര്യംനൽകുന്നതിനു തീരുമാനിച്ചതോടുകൂടി ബ്ളാക്ക്സീ തീരങ്ങളിലും സൈബീരിയാ മുതലായ പ്രദേശങ്ങളിലും ലെനിൻെറ അധികാരം വകവയ്ക്കാതെ ഓരോ നായകന്മാർ ഉത്ഭവിച്ചു. മാസ്കോനഗരത്തിനു ചുററുമുള്ള രാജ്യത്തുമാത്രമേ ബോൾഷെവിക്ക് ഭരണംസ്വീകാൎയ്യം ആയിത്തീൎന്നുള്ളു. ഇങ്ങനെ ശക്തിയും മാനവും ഉപേക്ഷിച്ചിട്ടാണു ബോൾഷെവിക്കുകാർ യുദ്ധത്തിൽ നിന്നും പിൻമാറിയതു്. ബോൾട്ടിക്ക് തീരത്തുള്ള സകലരാജ്യങ്ങളിലും ജെർമ്മനിയുടെ ഇഷ്ടപ്രകാരം വ്യവസ്ഥ ചെയ്തുകൊള്ളുന്നതിനു സമ്മതിച്ചതു് മാത്രമല്ല ജെർമ്മനിക്കു് നഷ്ടം തീൎക്കുന്നതിനും മററുമായി ഒരു വലുതായ തുകകൊടുക്കുന്നതിനും അവർ ബാദ്ധ്യസ്ഥരായി. സംയുക്തശക്തികൾ ജെർമ്മനിയെ തോല്പിച്ചില്ലെങ്കിൽ ഈ വക നിശ്ചയങ്ങൾ ബോൾഷെവിക്കുകാരുടെ ശക്തി ആദ്യമേ തന്നെ നശിപ്പിക്കുമായിരുന്നു.

മൂന്നുകൊല്ലത്തോളം സോവിയററ് ഗവൎമ്മെൻറിന് സ്വന്തം നില പരിപാലിക്കുന്നതിനുവേണ്ടി പ്രദേശികശത്രുക്കളോടു പടവെട്ടേണ്ടിവന്നു. സ്വത്തില്ലാത്ത തൊഴിൽക്കാൎക്കു്മാത്രം പ്രവേശം അനുവദിച്ചിരുന്ന സോവിയററ് ഭരണത്തിനു വിപരീതമായി അനേകം കക്ഷികൾ പുറ

പ്പെട്ടു. ഒന്നിൻെറ കേന്ദ്രം സൈബീരിയാ ആയിരുന്നു. അവിടെ 'കോൾചാക്ക്' എന്ന നേതാവിൻെറ ശക്തി 1920ൽ താനേ ഒതുങ്ങി. അക്കേഞ്ചൽ തുറമുഖത്തിനു ചുററുമുള്ള പ്രദേശങ്ങളിൽ സംയുക്തശക്തികളുടെ സഹായത്തോടുകൂടി കുറെക്കാലം സ്വാതന്ത്ര്യസമരം നടന്നു. തെക്ക് ധനപുഷ്ടിയുള്ള യൂക്രേൻ എന്ന പ്രദേശത്തു് ഡെനിക്കിൻ, റാംഗൽ എന്ന രണ്ടു നേതാക്കന്മാരെ തുടരെത്തുടരെ എതിക്കേണ്ടിവന്നു. അവരെ തോൽപ്പിച്ചശേഷം പോളണ്ടിനെ ആക്രമിക്കുകയും സ്വല്പകാലത്തെ വിജയത്തിനുശേഷം പിൻവാങ്ങേണ്ടി വന്നപ്പോൾ പടിഞ്ഞാറുവശത്തുള്ള എല്ലാരാജ്യങ്ങൾക്കും സ്വീകാര്യമായവിധത്തിൽ അതിത്തികൾ വ്യവസ്ഥപ്പെടുത്തുന്നതിന് ഇരുകൂട്ടക്കും സാധിക്കുകയും ചെയ്തു.

### III

പോളണ്ടിലും ബാൾട്ടിക്ക് രാജ്യങ്ങളിലും സ്വാതന്ത്ര്യത്തിനു മുതിന്നതായ സമുദായങ്ങൾ ഒരു വശത്തും, പുതിയ ഭരണകത്താക്കളോടുള്ള വിരോധംകൊണ്ട് അവക്ക് എതിരായി യുദ്ധസന്നാഹങ്ങൾക്ക് മുതിന്ന വലിയ ഒരു ഭാഗം സൈന്യം വിദേശശക്തികളുടെ സഹായത്തോടുകൂടി നാട്ടിനകത്തുള്ള സമുദായകേന്ദ്രങ്ങളിലും, ബാൾഷെവിക്കുകാരുടെ അധികാരസ്ഥാപനത്തിനു തല്ക്കാലം പ്രതിബന്ധമായിരുന്നെങ്കിലും 1918-ൽ ജെമ്മനിയുമായി സന്ധിചെയ്തതിനുശേഷം അവക്കു സ്ഥിരമായ ഒരു നില സിദ്ധിച്ചു. 'ഗ്രേററ്റഷ്യ' എന്നു പറയപ്പെടുന്ന മദ്ധ്യപ്രദേശത്തുള്ള രാജ്യത്തിൽ തൊഴിലാളികളെ ഒന്നാകെ യോജിപ്പിച്ച് സോവിയററ്റഷ്യയുടെ കേന്ദ്രം സൃഷ്ടിച്ചതും ആ ആണ്ടിൽത്തന്നെ ആയിരുന്നു. രണ്ടു വഷത്തിനകം 'വൈററ് റഷ്യ'യും 'ഉക്രെയിൻ' എന്നു പറയപ്പെടുന്ന തെക്കു കിഴക്കൻ പ്രദേശങ്ങളും കീഴടങ്ങി സോവിയററ് ഭരണത്തിനു വഴിപ്പെട്ടു. കാക്കസസ് പവ്വതങ്ങൾക്ക് ഇരുവശത്തുമുള്ള സമുദായങ്ങൾ ഒന്നുചേന്നു ഒരു "ട്രാൻസ് കക്കേഷ്യൻസോവിയററ്" സ്ഥാപിച്ച് ഗ്രേററ് ഫെഡറേററഡ് സോവിയററ് റിപ്പബ്ളിക്കിൻെറ നാലാമത്തെ അംഗമായിച്ചേന്നു. 1922-ൽ സ്റ്റാലിൻെറ നിർബന്ധപ്രകാരം ഈ നാലു വിഭാഗങ്ങളും ഏകോപിച്ച് ഒരു ഭരണയന്ത്രം സ്ഥാപിക്കപ്പെട്ടു. ഏഷ്യയിലുള്ള വിവിധസമുദായങ്ങളെയും (ഉസ്ബെഗ്, തുർക്ക്മെൻ, താജീക്ക്) മൂന്നു സോവിയററ് സംഘങ്ങളായി യോജിപ്പിച്ച് സംയുക്തസംഘത്തിൽ ചേത്തു സോവിയററ് യൂണിയൻ (U. S. S. R.) സ്ഥാപിക്കയുണ്ടായി. ഈ സോവിയററ് റിപ്പബ്ളിക്കുകൾ ഓരോന്നിലും മതം കൊണ്ടും വ്യവസായസ്ഥിതികൾകൊണ്ടും ഘടനകൊണ്ടും ഭിന്നങ്ങളായ പല സമുദായങ്ങളും ഉണ്ട്. 'ഗ്രേററ് റഷ്യ'ക്ക് അധീനമായി സൈബീരിയാ മുഴുവനും സിദ്ധിച്ചിട്ടുള്ളതിനു പുറമെ അവിടവിടെ സ്വയം ഭരണാധികാരവും വംശവ്യവസ്ഥിതിയും പരിപാലിക്കുന്ന അനേകം ഭിന്നവഗ്ഗങ്ങളും നിലനിന്നു പോരുന്നുമുണ്ട്.

സോവിയററ് യൂണിയൻെറ ഭരണാധികാരം മുഴുവനും ഒരു നിവ്വാഹകസംഘത്തിൻെറ കയ്യിലാണ്. ഈ സംഘം സകല സോവിയററുകളുടെയും പ്രതിനിധികൾ ചേന്ന ഒരു കാൺഗ്രസ്സിനാൽ തിരഞ്ഞെടുക്കപ്പെടുന്നതാണ്. ഏകദേശം രണ്ടായിരത്തോളം പ്രതിനിധികളുട

ങ്ങിയ ഈ കാൺഗ്രസ്സ് രണ്ട് ആണ്ടിൽ ഒരു തവണ മാത്രമെ സന്ധിക്കുന്നുള്ളു. അല്ലാത്തകാലം മുഴുവൻ ഈ നിവ്വാഹക സംഘത്തിന്ന് ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും സകലകാൎയ്യങ്ങളും നടത്തുന്നതിനും പൂൎണ്ണമായ അധികാരം ഉണ്ട്. ഇവർ തെരഞ്ഞെടുത്തവരായ ഏതാനും ഉദ്യോഗസ്ഥന്മാർ (കമ്മിസാരന്മാർ) ഓരോ ഭരണവകുപ്പിനും ചുമതലക്കാരായി എല്ലാക്കാൎയ്യങ്ങളും നിവ്വഹിക്കുന്നു. കമ്മിസാരന്മാരുടെ കൌൺസിൽ അദ്ധ്യക്ഷൻ എന്ന നിലമാത്രമേ ലെനിനു ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ മരണശേഷം ആ സ്ഥാനം സ്റ്റാലിൻെറ ആശ്രിതന്മാരായ രണ്ടാംതരക്കാൎക്കാണ് സിദ്ധിച്ചതു്. മററു രാജ്യങ്ങളിലെപ്പോലെ സോവിയററ് റഷ്യക്ക് പൊതുവെ ഒരു പ്രസിഡണ്ട് ഉണ്ടായിട്ടില്ല. എന്നാൽ റഷ്യൻ സോവിയററിൻെറ അദ്ധ്യക്ഷനായസ്റ്റാലിൻ ആണ് ആ സ്ഥാനം നിവ്വഹിക്കുന്നതു്. ഏഴ് സോവിയററ് റിപ്പബ്ളിക്കുകൾക്കും പ്രത്യേകം ഓരോ പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതു നിവ്വാഹകസംഘത്തിൻെറ ചുമതലയാകുന്നു. അതിൽനിന്നും 27 അംഗങ്ങളടങ്ങിയ ഒരു ചെറിയ കമ്മിററിയെ ഈ സംഘത്തിൻെറ പ്രതിനിധിയായി പുതിയ നിയമങ്ങളെപ്പററി പൎയ്യാലോചിക്കുന്നതിനും കമ്മിസാരന്മാരുടെ നടപടികളെ പരിശോധിക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു.

റഷ്യക്ക് പൊതുവെയുള്ള സോവിയററ് കാൺഗ്രസ്സിൽ നഗരങ്ങളിലുള്ള സോവിയററുകൾ പ്രത്യേകമായും രാജ്യമൊട്ടുക്കുമുള്ള സോവിയററുകൾ പൊതുവെയും തിരഞ്ഞെടുത്തു് അയക്കുന്ന പ്രതിനിധികളാണുള്ളതു്. ഓരോ സ്ഥലത്തും ഉള്ള ഗ്രാമസംഘങ്ങൾ അതാതു് ദിക്കിലെ സോവിയററുകളിലേക്ക് പ്രതിനിധികളെ തിരഞ്ഞയക്കുന്നതിനു പുറമെ, നഗരങ്ങളിലുള്ള തൊഴിലാളികൾ അവരവരുടെ തൊഴിലുകൾ അനുസരിച്ചും വാസസ്ഥലം അനുസരിച്ചും കക്ഷി അനുസരിച്ചും പ്രത്യേകം പ്രതിനിധികളെ അയക്കുന്നുണ്ട്. ഗ്രാമങ്ങളിൽനിന്നും സോവിയററ് കാൺഗ്രസ്സ്‌വരെ ഒന്നിലൊന്നു ഉൾപ്പെടുന്നതായ നാലു് കാൺഗ്രസ്സുകൾ ഉണ്ട്. ഇവയിൽ കൃഷകന്മാൎക്ക് തൊഴിലാളികളെക്കാൾ എത്രയോ കുറഞ്ഞ പ്രാതിനിധ്യമാണ് അനുവദിച്ചിട്ടുള്ളതു്. തൊഴിലാളികൾക്ക് കഴിയുന്നതു പ്രാബല്യം സിദ്ധിക്കത്തക്കവണ്ണം സമ്മതിദാനാവകാശം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു് പൂൎണ്ണമായ പൌരസമത്വത്തിനു വിപരീതമാണെന്നു പറയാം. അതു കൂടാതെ ഒരു ഗ്രാമത്തിലും പ്രദേശികഖണ്ഡങ്ങളിലും സോവിയററുകളുടെ അധികാരത്തിൽ ഉൾപ്പെടാത്തതായി യാതൊന്നുമില്ലെങ്കിലും പ്രധാനപ്പെട്ട എല്ലാ കാൎയ്യങ്ങളും തലസ്ഥാനത്തുനിന്നും ഉണ്ടാകുന്ന ആജ്ഞകൾ അനുസരിച്ച് നിവ്വഹിക്കുന്നതിനു അവർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. ഗവർമ്മെൻറിന്ന് ബോദ്ധ്യപ്പെടാത്ത തെരഞ്ഞെടുപ്പ് നിഷേധിക്കുന്നതിനും പൂൎണ്ണമായ അധികാരം ഉപയോഗിച്ചു പോരുന്നുണ്ട്. പ്രാദേശിക ഗവമ്മെൻറുകൾ വിദ്യാഭ്യാസം, കൃഷി, പൊതുജനാരോഗ്യം മുതലായ കാൎയ്യങ്ങളിൽ മാത്രമെ സ്വതന്ത്രമായ അധികാരം നടത്തുന്നുള്ളു. ഓരോ പ്രദേശത്തും കമ്മ്യൂണിസ്റ്റ് കക്ഷിയുടെ സംഘങ്ങൾ പൊതുവെയുള്ള ഭരണനയത്തെ പറഞ്ഞറിയിക്കുന്നതിനും പ്രയോ

ഗിച്ച് ഫലിപ്പിക്കുന്നതിനും സന്നദ്ധരായി സദാ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് സംഘത്തിൽ ചേന്നവരായ ആറേഴ് ലക്ഷം ജനങ്ങളാണ് ഒന്നര കോടി റഷ്യൻമാരെ ഭരിക്കുന്നത്. എന്നാൽ ഈ ആറേഴ് ലക്ഷം കമ്മ്യൂണിസ്റ്റ് കാരിൽ ഓരോരുത്തനും ഒരു സംഘനേതാവിൻെറ ബലമാണുള്ളത്. നല്ല പഴക്കംചെന്ന പ്രക്ഷോഭകന്മാരും അവരുടെ ശിക്ഷണത്തിൽ പഴകിയിട്ടുള്ള ശിഷ്യന്മാരും മാത്രമെ കക്ഷിയിൽ ചേന്ന് അംഗങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുള്ളു. പഴയ വ്യവസ്ഥാപനത്തിനോട് എന്തെങ്കിലും ബന്ധമുള്ളതായിട്ടൊ, സ്വന്തകായ്യമുദ്ദേശിച്ച് കക്ഷിയിൽ ചേന്നിട്ടുള്ളതായിട്ടോ, കക്ഷി നിബന്ധനകൾക്ക് വിപരീതമായി പ്രവത്തിക്കുന്നതായിട്ടൊ, ശാസനകളെ നിവ്വഹിക്കുന്നതിൽ ഉദാസീനതയൊ ശേഷിക്കുറവൊ കാണുന്നതായിട്ടൊ സംശയം തോന്നുന്ന അംഗങ്ങളെ അപ്പഴപ്പോൾ ബഹിഷ്കരിക്കുന്നതിനു പ്രത്യേകം നിഷ്കഷിച്ചുപോരുന്നു. നിശ്ചിതമായ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ഓരോരുത്തനും സ്വന്തമായ അഭിപ്രായം പ്രസ്താവിക്കുന്നതിന് അവകാശമുണ്ടെങ്കിലും ഏതു സമയത്തും ഏതു കായ്യത്തിനും സോവിയററ് ഗവമ്മെൻറിൻെറ ശാസനയെ നിവ്വഹിക്കുന്നതിന് കമ്മ്യൂണിസ്റ്റ് കക്ഷിയിൽപെട്ട ഏവനും സദാ സന്നദ്ധനായിരിക്കണം. ചെറുതായ കുററത്തിനുപോലും കഠിന ശിക്ഷയ്ക്കു് അവർ വിധേയന്മാരാണ്. അവരുടെ സകല നടപടികളിലും ജനസാമാന്യത്തിനു മാതൃകാ പുരുഷന്മാരായി ഇരിക്കത്തക്കവണ്ണം പെരുമാറിക്കൊള്ളണമെന്നു നിർബന്ധമുണ്ട്. മദ്യപാനം മുതലായ ദുർനടപ്പുകൾകൊണ്ടു പേരു ദുഷിച്ചവരെ നിർദ്ദയം തള്ളിക്കളയുന്നു. ഭരണകത്താക്കൾ എന്ന നിലയിൽ വേണ്ടുവോളം സാമത്ഥ്യവും പരിചയവും സിദ്ധിക്കത്തക്കവണ്ണം അവക്കു പലതരം വിദ്യാലയങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. ജെസ്യൂയിററ് സംഘത്തിലെന്നപോലെ പൂണ്ണമായ ശിക്ഷണം സിദ്ധിച്ചിട്ടുള്ളവക്കു മാത്രമെ അംഗങ്ങളായി ചേരുവാൻ സാധിക്കുകയുള്ളൂ. പഴയ ഗവമ്മെൻറിൻെറ കാലത്തു നല്ല നിലയിൽ ഇരുന്ന കുടുംബങ്ങളിൽ നിന്നാണ് ഇന്നത്തെ നേതാക്കന്മാർ ഉണ്ടായിട്ടുള്ളതെങ്കിലും അവരുടെ കക്ഷിബലം തൊഴിൽശാലകളിലുള്ള വേലക്കാരുടെ അനുസരണയിലാണ് ഇരിക്കുന്നത്.

അതു കൊണ്ട് തൊഴിലാളികളെ അനുകൂലിക്കുന്ന തിരഞ്ഞെടുപ്പു ചട്ടങ്ങളും മററും ഏപ്പെടുത്തിയിട്ടുണ്ടെങ്കിലും അവർതന്നെ പണിമുടക്കുകയൊ മററു വിധത്തിൽ സോവിയററ് അധികാരത്തിനു തടസ്സം ഉണ്ടാക്കുകയോ ചെയ്താൽ നിർദ്ദാക്ഷിണ്യമായി ശിക്ഷിക്കുന്നതിനു മടിക്കാറില്ല. സോവിയററ ഭരണം പൌരസാമാന്യത്തിൻെറ സ്വയം അധികാരമാണെന്നു പറയാറുണ്ടെങ്കിലും വാസ്തവത്തിൽ പൌരസാമാന്യത്തിൻെറ നന്മയെ ഉദ്ദേശിച്ച് കമ്മ്യൂണിസ്റ്റ് കക്ഷി നടത്തിപ്പോരുന്ന സ്വേച്ഛാപ്രഭുത്വമാണെന്നും വ്യാഖ്യാനിക്കാം.

ഈ അധികാരം നില നിത്തുന്നതിന് മറുകക്ഷിയിൽപെട്ട സംഘങ്ങൾക്കും മുതലാളിമാക്കും പൌരാവകാശങ്ങൾ ഇല്ലാതാക്കിയിരിക്കുന്നു. തൊഴിലാളികൾക്ക് കൂടുതൽ പ്രാതിനിധ്യം കൊടുത്തിട്ടുള്ളതു കൂടാതെ അധികാരം കൂടുന്ന മററു ഭരണ

സ്ഥാപനങ്ങളിലേക്ക കഷകന്മാരിൽനിന്നും മററും നേരിട്ട ആളുകളെ തിരഞ്ഞെയക്കുന്നതിനുള്ള മാൎഗ്ഗവും നിരോധിച്ചിരിക്കുന്നു. ഗവമ്മെൻറിന് ഇഷ്ടമല്ലാത്ത പ്രതിനിധികളെ സ്വീകരിക്കുന്നില്ല. പ്രതികൂലികളായ യാതൊരു കക്ഷിക്കും പ്രസംഗം കൊണ്ടോ പത്രങ്ങൾ മുഖാന്തിരമോ അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള സകല സൗകര്യങ്ങളും മുടക്കിയിരിക്കുന്നു. അച്ചുക്കൂടങ്ങൾ ഗവമ്മെൻറിൻെറ സ്വത്തായി തീൎന്നിരിക്കുന്നു. വിപരീതാഭിപ്രായങ്ങൾ പരസ്യപ്പെടുത്തുന്ന വൎത്തമാനപത്രങ്ങൾക്ക് അച്ചടിക്കുവാൻ കടലാസ്സ് പോലും കിട്ടുകയുമില്ല. ആദായത്തിനായി തൊഴിൽക്കാരെ ഉപയോഗിക്കുന്ന ആളുകൾക്കും തൊഴിലിലേപ്പെടാതെ ആദായം അനുഭവിക്കുന്ന ആളുകൾക്കും എല്ലാത്തരം മതാചാൎയ്യന്മാൎക്കും രാജകുടുംബത്തിലോ രാജാധികാരത്തിൽ ഉണ്ടായിരുന്ന പോലീസ് വകുപ്പിലോ അംഗങ്ങളായിരുന്നിട്ടുള്ളവൎക്കും സമ്മതിദാനാവകാശം നൾകിയിട്ടില്ല. മററുള്ള രാജ്യങ്ങളിൽ വസ്തു ഉടമസ്ഥന്മാൎക്ക് പ്രത്യേകമായ വിലയാണു അനുവദിച്ചിട്ടുള്ളതു്. റഷ്യയിൽ മുതലുടമസ്ഥത ഒരു ന്യൂനതയായി ഗണിച്ചുവരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരമാധികാരം നിലനിൎത്തുന്നതിനു പത്തു പേരടങ്ങിയ ഒരു ചെറുതായ സംഘം സകല അധികാരങ്ങളും നടത്തിപ്പോരുന്നു. ഈ സംഘം (Polit Bureau) കക്ഷിനേതാവും ജെനറൽ സെക്രട്ടറിയുമായ സ്റ്റാലിനും അനുചരന്മാരും ഉൾപ്പെടുന്ന ഒന്നാണ്. അതു് എല്ലാരാജ്യത്തുമുള്ള കമ്മ്യൂണിസ്റ്റ് കാർചേൎന്ന ഒരു സംയുക്തസംഘത്തിൻെറ അംഗമായിട്ടാണു സ്ഥാപിച്ചിട്ടുള്ളതെങ്കിലും കമ്മ്യൂണിസ്ററ് കക്ഷിയും ഗവമ്മെൻറും തമ്മിൽ ഘടിപ്പിക്കുന്ന ഒരു സ്ഥാപനമായിത്തീൎന്നിരിക്കുന്നു. രണ്ടിനേയും സ്പൃശിക്കുന്ന ഏതുകാൎയ്യത്തെയും പററി ആലോചിച്ച് തീരുമാനിക്കുന്നതിനും അതിന് അധികാരമുണ്ട്. അതിൻെറ തീരുമാനങ്ങൾ ഗവമ്മെൻറ് ഉത്തരവുകളായി മന്ത്രിമാരുടെ പേരിൽ പ്രസിദ്ധം ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് കക്ഷികളുടെ "സംയുക്തസംഘം മാസ്ക്കോ നഗരത്തിലാണ്. അതിൻെറ പരമോദ്ദേശം സകല ശക്തിയും ഉപയോഗിച്ച് ലോകമൊട്ടുക്കുള്ള മതലാളന്മാരെ കീഴടക്കി ഒരു സൎവ്വരാജ്യസോവിയററ് റിപ്പബ്ളിക്ക് സ്ഥാപിക്കുന്നതിനാകുന്നു. അപ്രകാരമുള്ള ഒരു സോവിയററ് കാലക്രമേണ രാഷ്ട്രീയഘടനയെത്തന്നെ നിരാകരിച്ച് തൊഴിലാളിസംഘങ്ങളുടെ സ്വയം ഭരണത്തിൽ സമാധാനജീവിതം നയിക്കുന്നതിനു വഴികാണിക്കുമെന്നാണ് സങ്കല്പം.

കമ്മ്യൂണിസ്റ്റ് കഷിയെ പ്രവൃദ്ധമാക്കുന്നതിനു വേണ്ട ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. 50-ലക്ഷത്തിൽ പരം യുവാക്കന്മാരെയും യുവതികളേയും അതിലേക്ക് പരിശീലിപ്പിച്ചു വരുന്നു. ഈ യുവസംഘ(Comsomol)ത്തിന് ഓരോ പ്രദേശത്തും സമുദായകാൎയ്യങ്ങളിൽ ഏൎപ്പെട്ടു പ്രവൎത്തിക്കുന്നതിനും വ്യായാമവും കായികാഭ്യാസവും കൊണ്ട് ശരീരബലം സമ്പാദിച്ച് രാജ്യരക്ഷക്കവേണ്ടി തയ്യാറാവുന്നതിനും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ അഭ്യസിക്കുന്നതിനും വേണ്ട സൗകൎയ്യങ്ങളും നിബന്ധനകളും ഏൎപ്പെടുത്തിയിട്ടുണ്ട്. ബാലന്മാരെപ്പോലും ഈ വഴിക്കു നയിക്കുന്നതിനു യുവസംഘങ്ങൾ മുഖാന്തരം

ഏപ്പ്പാടുചെയ്യിരിക്കുന്നു. എട്ടും പത്തും വയസ്സുള്ള കുട്ടികൾക്കും പ്രത്യേക സംഘങ്ങൾ ഏപ്പെട്ടുത്തിയിട്ടുണ്ട്. ഇങ്ങനെ പഠിത്തവും പഴക്കവും ചെന്ന യുവസംഘങ്ങൾ കക്ഷിബലം പോഷിപ്പിക്കുക മാത്രമല്ല യൌവനയുക്തമായ ഉത്സാഹവും ഒരുമ്പാട്ടും തികഞ്ഞ ആളുകളെ പുതുതായ ഓരോ സംരംഭങ്ങളിലേക്കു സന്നദ്ധരാക്കി, ഉദ്ദിഷ്ടകാര്യ്യങ്ങൾ വേഗം സാധിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ഭൂഖണ്ഡത്തിൽ ഒട്ടും നിസ്സാരമല്ലാത്തതായ ഒരു പ്രദേശം മുഴുവനും ഇന്നത്തെ സമുദായ വ്യവസ്ഥിതിയെ നശിപ്പിക്കുന്നതിന് ഒരുങ്ങിവരുന്നതു് ആക്കും ഉൽക്കണ്ഠക്കു കാരണമായി തീരുന്നതാണ്. താന്താങ്ങളുടെ ഉൽക്കഷത്തിനു വേണ്ടി സമുദായത്തിൻെറ ഭൂരിഭാഗത്തിനും അലച്ചിലും കഷ്ടപ്പാടും ഉണ്ടാക്കിത്തീത്തിട്ടുള്ള മുതലാളന്മാരുടെ അധികാരം നിലനിത്തുന്നതിനു സ്വരൂപിച്ചിട്ടുള്ളതാണു ഇന്നത്തെ സമുദായഘടന എന്ന് സോഷ്യലിസ്റ്റ് കക്ഷിയിൽ പെട്ടവർ വിശ്വസിച്ചു പോരുന്നു. ലോകചരിത്രത്തിൽ ഓരോ ഘട്ടത്തിലും ഏതാനും അധികാരസ്ഥന്മാരും അവരുടെ സുഖസൌകര്യ്യങ്ങൾക്കു വേണ്ടി പണിപ്പെട്ടു് സങ്കടം അനുഭവിക്കുന്ന ഒരു ഭൂരിഭാഗം വേലക്കാരും തമ്മിൽ ഒരു സമുദായ ഭിന്നിപ്പു് ഏതു രാജ്യത്തും പ്രത്യക്ഷമായിട്ടുണ്ട്. ഉപജീവനോപകരണങ്ങൾക്കു് ഉടമസ്ഥന്മാരായ മുതലാളികൾ, അവരെ ആശ്രയിച്ചു് ദുഷ്കരമായ ജീവിതം സങ്കടപ്പെട്ടു നയിക്കുന്ന തൊഴിലാളികൾ, ഇവർ തമ്മിൽ ഒരിക്കലും യോജിക്കുന്നതു് സാദ്ധ്യമല്ല. എന്നാൽ ലോകഗതിയുടെ ഓരോ ഘട്ടത്തിലും മുതലാളന്മാരുടെ ദൗർന്നയവും അധികാര മത്സരങ്ങളും നോട്ടക്കുറവുകളും കൊണ്ടുണ്ടാകുന്ന ശക്തിക്ഷയം അധീശപക്ഷത്തിൻെറ അധഃപതനത്തിനു ആന്തരമായ ഹേതുവായി പരിണമിച്ചു് പോന്നിട്ടുണ്ട്. ഈ പരിവത്തനത്തിൽ സാമ്പത്തികമായ ഉൽക്കഷാപകഷങ്ങൾക്കു് അധീനരായി വത്തിക്കുന്ന സംഘം ഇന്നത്തെ സമുദായഘടനയിലെ മുതലാളികളാകുന്നു. ധനസമ്പാദനത്തിനുള്ള അത്യാശയിൽ അവർ തങ്ങളുടെ സമ്പാദ്യത്തെ നശിപ്പിക്കുന്നതിനു തന്നെ ഇടയാക്കുന്നു. ആദായം വദ്ധിക്കുന്നതോടുകൂടി വ്യവസായ സ്ഥാപനങ്ങൾ വാണിജ്യപ്രസ്ഥാനങ്ങൾ മുതലായവ വദ്ധിപ്പിച്ചു് ആദായത്തിനുള്ള മാഗ്ഗങ്ങൾ ഇല്ലാതാക്കുന്നതും അവർ തന്നെ. എന്നാൽ അവരുടെ ദുർന്നയങ്ങൾ കൊണ്ടു് എന്നും ഒരുപോലെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്ന തൊഴിലാളികൾ ഈ പരിവത്തനത്തിൽ നിന്നും രക്ഷപ്പെടുന്നതിനു ഏകോപിച്ചു് പ്രവത്തിക്കാതെ നിവ്വാഹമില്ല. അതിലേക്കു് ഇന്നത്തെ സാമ്പത്തിക നിലക്കു് ആധാരമായ മുതലവകാശങ്ങളും തൊഴിൽക്കാരൻെറ പരാധീനതയും ഇല്ലായ്മചെയ്യുന്നതിനു തൊഴിലാളികൾ സകലശക്തിയും ഉപയോഗിക്കുവാൻ ബാദ്ധ്യസ്ഥരാകുന്നു. ഇങ്ങനെ മുതലാളി ഭരണം അവസാനിക്കുമ്പോൾ തൊഴിലാളിഭരണം സ്ഥാപിതമാകുന്നു. അതിൽ മുതൽ വ്യത്യാസമില്ലാത്ത പൌരസമത്വം ഏപ്പെടുകയും നവീനമായ സമുദായോൽകഷത്തിന് അടിസ്ഥാനം ഉറക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു സമുദായം ആണ് കമ്മ്യൂണിസം.

അതിൻെറ പുറപ്പാട്ടു് ധനോല്പാദനത്തിനുള്ള സകലസാമഗ്രികളും പൊതു

സ്വത്തായിത്തീരുമ്പോഴാണ്. വ്യക്തികളുടെ മുതലവകാശങ്ങളും വ്യവസായയന്ത്രത്വവും നശിപ്പിക്കുന്നതിനു വേണ്ടിവരുന്ന ഘോരസമരത്തിൽ തൊഴിലാളികളുടെ നേതൃത്വം വഹിക്കുന്നതിനും അവരുടെ സംയുക്തബലത്തെ വേണ്ടപോലെ പ്രയോഗിക്കുന്നതിനും ഒരു ഗവമ്മെണ്ടിൻെറ ആവശ്യം ഉണ്ടായിരിക്കും. തൊഴിലാളികളെ നേർവഴിക്കു നയിക്കുന്നതിനു വേണ്ടി അവരുടെ സ്വാതന്ത്ര്യം ആ ഘട്ടത്തിലും നിയന്ത്രിക്കേണ്ടതായി വരുമെങ്കിലും, പ്രജാഭരണം എന്ന അഭിമാനത്തിൽ അല്പം ചിലരുടെ തന്േറടവും ആഗ്രഹങ്ങളും നിറവേററുന്നതിനുവേണ്ടി സമുദായ വ്യവസ്ഥിതി നിയന്ത്രിച്ചു പോരുന്ന രാജ്യങ്ങളെക്കാൾ ഭൂരിപക്ഷസ്വാതന്ത്ര്യത്തിന് അപ്രകാരമുള്ള ഗവമ്മെൻറിൽ പ്രാധാന്യം ഉണ്ടായിരിക്കുന്നതാണ്. ജനപ്രതിനിധികൾ കൂടിച്ചേർന്നു ഭരണവിഷയത്തെ മാത്രം പ്രതിപാദിക്കുന്ന ഒരു ഏപ്പാടു് ഇല്ലാതാക്കി സമുദായ കാര്യങ്ങളെല്ലാം വ്യവസായ ഭരണംപോലെ നിർവ്വഹിക്കത്തക്കവണ്ണം ഒരു വ്യവസ്ഥിതി ഉണ്ടാക്കുന്നതിനാണു കമ്മ്യൂണിസ്ററുകാരുടെ ഉദ്യമം. പൊതു സ്വത്തുകൊണ്ടു പൊതു ജീവിതത്തിനുവേണ്ട സാധനങ്ങൾ സൃഷ്ടിച്ചു് ഓരോരുത്തനും ശക്തിപോലെ വേല ചെയ്തു് ആവശ്യം പോലെ ഉള്ള ഓഹരി വാങ്ങി കാലയാപനം ചെയ്യുന്ന മുറ എല്ലാവരും പരിചയിച്ചു കഴിയുമ്പോൾ ഒരു ഗവമ്മെൻറിൻെറ ആവശ്യം ഇല്ലാതാകയും, ഒററയൊററയായി അതിർത്തിതിരിച്ചു് പ്രത്യേകം ജീവിക്കുന്ന സമുദായങ്ങൾ ഏകോപിച്ചു് ഉപജീവനത്തിനു വേണ്ടി അദ്ധ്വാനിക്കുന്ന തൊഴിലാളികൾ എന്ന നിലയിൽ ലോകരാസകലം ഒന്നുചേർന്നു സമാധാനപരമായി ജീവിക്കുന്ന സുവർണ്ണദശയാണു അവരുടെ ഉന്നം.

ഇതുപോലെ ഒരു ഭാവി നിസ്സഹായരായ തൊഴിലാളികൾക്കു മോഹിക്കുന്നതിനുപോലും സാധിപ്പിച്ച മഹാൻ കാൾ മാർക്സു് ആയിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ സ്ഥാപിച്ച പല ഗ്രന്ഥങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായിട്ടുള്ളവയുടെ ഒരു വ്യാഖ്യാതാവായിട്ടാണു് ലെനിൻ പ്രവർത്തിച്ചു തുടങ്ങിയതു്. എന്നാൽ ഇപ്രകാരം ഉള്ള ഒരു വ്യവസ്ഥിതി പ്രയോഗിച്ചു ഫലിപ്പിക്കുന്നതിലുള്ള വൈഷമ്യങ്ങളെപ്പററി അനുഭവം കൊണ്ടല്ലാതെ ഊഹാപോഹംകൊണ്ടു പ്രതിപാദിക്കുന്നതിനു് ആക്കും സാമത്ഥ്യമുണ്ടായിരുന്നില്ല. റഷ്യാസാമ്രാജ്യംപോലെ വലുതായ ഒരു ഭൂഭാഗത്തിൽ അനേകംകോടി ജനങ്ങളുടെ നിത്യജീവിതത്തെ സ്പശിക്കുന്ന ഒരു വ്യവസ്ഥിതി ഇളക്കി മറിക്കുക എന്നുള്ളതു് ഏററവും ദുഷ്കരമായ സംഗതിയാണ്. വ്യവസായ ശാലകളിൽ ഒന്നുചേർന്നു വേലചെയ്യുന്ന തൊഴിലാളികളെക്കാൾ ആയിരംമടങ്ങു് എണ്ണം കൂടുന്ന കൃഷകന്മാരെ ഇത്തരം അഭിപ്രായങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിനും, അവരുടെ പ്രത്യേക സങ്കടങ്ങളെ പരിഹരിച്ചു് ഒരു നവീന പദ്ധതിയിലേക്കു് അവരെ നയിക്കുന്നതിനും ഏട്ടിൽകാണാത്ത പല ഏപ്പാടുകളും ചെയ്യേണ്ടിയിരുന്നു. ഭൂസ്വത്തുമുഴുവനും ഗവമ്മെൻറു് വകയായി പ്രഖ്യാപനം ചെയ്തുവെങ്കിലും തുടരെത്തുടരെ ഉണ്ടായ ബഹളങ്ങൾക്കിടയിൽ കൃഷകന്മാർ കയ്യാലാക്കിയ വസ്തുവകകൾ അവരിൽനിന്നു വീണ്ടെടുക്കുന്നതിനു് ആരും മുതിന്നില്ല. ഇങ്ങനെ പന്ത്രണ്ടുകോടി

ഏക്കർ സ്ഥലത്തോളം അവർ കയ്യിലാക്കിയതുകൊണ്ട് പുതിയ ഗവൎമ്മെൻറിനോട്ട് അവൎക്ക് അനുകൂല്യം ഭാവിക്കേണ്ടതായിത്തീൎന്നു. തനതായി കൃഷിചെയ്യുന്ന സ്ഥലം മാത്രമെ ആരുടെയും സ്വത്തായി ഗണിക്കേണ്ടു എന്ന ഒരു നിബന്ധനകൊണ്ട് അവരുടെ അവകാശം ക്ഷീണിപ്പെടുത്തിയിട്ടുണ്ട്. പരിഷ്കൃത രീതിയിലുള്ള കൃഷിപ്പണികളും പരസ്പര സഹായ സമ്പ്രദായംകൊണ്ടുള്ള പ്രയോജനവും കാണിച്ചുകൊടുക്കുന്നതിന് ഏതാനും മാതൃകാഗ്രാമങ്ങൾ മാത്രം ഗവൎമ്മെൻറിൽനിന്നും നേരിട്ടു നടത്തുന്നുണ്ട്.

ആദ്യമായി ബാൾഷെവിക്കുകളുടെ ഉദ്ദേശം ചിലവുകഴിച്ചുവരുന്ന ധാന്യം മുഴുവനും സൎക്കാരിൽനിന്നും കൈവശപ്പെടുത്തി സമുദായത്തിൻെറ ആവശ്യംപോലെ വിനിയോഗിക്കണം എന്നായിരുന്നു. സമുദായവിപ്ളവത്തിൻെറ ഹേതുവായിത്തീൎന്ന ക്ഷാമം ഈ ഉദ്ദേശത്തെ ബലപ്പെടുത്തി. എന്നാൽ നിൎബ്ബന്ധമായി ധാന്യങ്ങൾ ശേഖരിച്ചതുകൊണ്ട് കൃഷിപ്പണിക്കു പലൎക്കും ഉത്സാഹമില്ലാതായി ക്ഷാമം വൎദ്ധിക്കുന്നതിനു കാരണമായിത്തീൎന്നു. ആവശ്യംപോലെ കടലാസ് നാണയങ്ങൾ അടിച്ചു വിട്ടതുകൊണ്ട് പണത്തിൻെറ വില കുറയുകയും ഭക്ഷണസാധനങ്ങൾ വിലക്കുപോലും കിട്ടാതാകയും ചെയ്തു. നഗരവാസികൾ യഥേഷ്ടം നാട്ടിൻ പുറത്തുചെന്നു കൊള്ളയിടുന്ന പതിവ് ഗവൎമ്മെൻറും അനുകൂലിക്കാതെയിരുന്നില്ല. പിടിച്ചെടുക്കാവുന്നെടത്തോളം സാധനങ്ങൾ ആളും തരവും നോക്കി പങ്കു വെച്ചു കൊടുക്കുന്നതിന് ഗവൎമ്മെൻറിൽനിന്നും ചീട്ടുകൾ ഏൎപ്പെടുത്തി. ദേഹാദ്ധ്വാനംകൊണ്ടു വേലചെയ്യുന്നവരെക്കാൾ പകുതി ഭക്ഷണം ബുദ്ധിശക്തികൊണ്ടു വേലചെയ്യുന്നവൎക്കും, അതിൽ പകുതി മററു അദ്ധ്വാനം ചെയ്യാത്തവൎക്കും അനുവദിച്ചു കൊടുത്തിരുന്നു. ഇതിൻെറ ഫലമായി പട്ടിണികൊണ്ടു വലഞ്ഞ പലരും നിഷ്ഠുരശൈത്യം ബാധിച്ചു മരിക്കുകയും, നിവൃത്തിയുള്ളവർ അന്യദേശങ്ങളിലേക്കു പുറപ്പെട്ടുപോകയും ചെയ്തു. കലശലായ ഒരു ക്ഷാമംകൂടി ഇതിനെത്തുടൎന്നു ഉണ്ടായതു് അമെരിക്കയിൽനിന്നും സഹായം സിദ്ധിച്ചതുകൊണ്ടുമാത്രം ക്രമേണ ശമിച്ചതേയുള്ളു. ഈ രണ്ടു ക്ഷാമത്തിലുംകൂടി എത്രയോ ലക്ഷം ജനങ്ങൾ മരിച്ചിട്ടുള്ളതായി വിശ്വസിച്ചുപോരുന്നു. അതുപോലെതന്നെ വ്യവസായങ്ങളിലും വലുതായ നാശം സംഭവിച്ചു. ഉടമസ്ഥന്മാരെയും മേലാളുകളെയും ആട്ടിപ്പായിച്ചു് ശാലകളും യന്ത്രങ്ങളും കൈയ്യിലാക്കിയ വേലക്കാൎക്കു് പുറമെയുള്ള സ്ഥിതിഗതികൾ അനുസരിച്ചു് സാമാനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും പരിചയമുണ്ടായിരുന്നില്ല. ഈ ന്യൂനത പരിഹരിക്കുന്നതിനു ഗവൎമ്മെൻറു തന്നെ അവിടെയും നിയന്ത്രണം കൈയ്യേൽക്കേണ്ടിവന്നു. എന്നാൽ കൂടുതൽ മുതലിറക്കാതെയും വിദഗ്ദ്ധന്മാരായ മേലാളുകളെ നിയമിക്കാതെയും നിൎവ്വാഹമില്ലെന്നു് അധികൃതന്മാൎക്കു ബോദ്ധ്യപ്പെട്ടു. കടലാസ് അച്ചടിച്ചു്വിട്ടു് പണമുണ്ടാക്കാൻ നിവൃത്തിയില്ലാതായപ്പോൾ വിദേശികളെ പ്രേരിപ്പിച്ചു് വ്യവസായത്തിനു വേണ്ട മുതൽ അവരെക്കൊണ്ടു് മുടക്കുവാൻ തക്ക പ്രോത്സാഹനങ്ങൾ നൾകേണ്ടിവന്നു. അതുപോലെ തന്നെ മേലന്വേഷണത്തിനുവേണ്ട ബുദ്ധിയും ജ്ഞാനവും ഉള്ളവൎക്കു് തക്ക പ്രതിഫലങ്ങൾ അനുവദിച്ചു.

1921 ൽ ലെനിൻ നൂതനമായ ഒരു വ്യവസായപദ്ധതിയെ പ്രഖ്യാപനംചെയ്തു. കൃഷകന്മാരുടെ കൈവശമുള്ള വസ്തുക്കൾ വീണ്ടെടുക്കയില്ലെന്നും, അവരുടെ കൃഷിയിൽ നിന്നും ലഭിക്കുന്ന ആദായം കിട്ടുന്ന വിലയ്ക്കു വിററുകൊള്ളാവുന്നതാണെന്നും, ഗവമ്മെൻറിലേക്കു നിശ്ചയിക്കുന്നതായ കരം കൊടുത്താൽ മതിയാകുമെന്നും തീരുമാനപ്പെട്ടു. ലാഭത്തിനുവേണ്ടി ആക്കും ചെറിയ കച്ചവടങ്ങളും വ്യവസായങ്ങളും നടത്തുന്നതിനും അനുമതിനൽകി. വ്യവസായ ശാലകളിൽ വേലക്കാക്ക് സാമത്ഥ്യംപോലെ കൂലികൊടുക്കുന്നതിനു വേണ്ട ഏപ്പാടുകൾ ചെയ്തു. അവരെ നിയന്ത്രിക്കുന്നതിനു വേണ്ട അധികാരത്തോടുകൂടി മേലാളുകളെ നിയമിച്ചു. പണം മുടക്കി വ്യവസായങ്ങൾ നടത്തിക്കൊൻ സന്നദ്ധരായ വിദേശികൾക്കു ഒരു ക്ലിപ്തകാലത്തേക്കു അനുവാദം നൾകാമെന്നു ഉറപ്പുകൊടുത്തു. ലോഹഖനികൾ റെയിൽവെ മുതലായവ സക്കാരിൽനിന്നുതന്നെ ഏററു നടത്തിപ്പോരുന്നുവെങ്കിലും അവയിലും ആദായേച്ഛുക്കളായ വ്യക്തികൾക്കു സൌകൎയ്യങ്ങൾ കൊടുത്തിട്ടുണ്ട്.

ഇപ്പോൾ സോവിയററ് റഷ്യയിൽ നടപ്പിലിരിക്കുന്ന നയം കമ്മ്യൂണിസ്റ്റ് മതസ്ഥാപകന്മാരുടെ നിർദ്ദേശങ്ങളിൽ നിന്നു ഭിന്നങ്ങളാണ്. എന്നാൽ അവ ലെനിൻ അനുവദിച്ചിട്ടുള്ള സ്ഥിതിയ്ക്കു ഭൂരിപക്ഷക്കാക്കും ഭിന്നാഭിപ്രായമില്ലാതെയാണിരിക്കുന്നതു്. ലെനിൻെറ പ്രധാന ശിഷ്യനും പിൻഗാമിയുമായ സ്റ്റാലിൻ ഈ ന്യൂനതകളെ പരിഹരിക്കുവാൻ രണ്ടു പഞ്ചവത്സര പദ്ധതികൾ ഉപയോഗിക്കുകയുണ്ടായി. ആദ്യത്തെ അഞ്ചുകൊല്ലത്തിനകം പൊതുസ്വത്തിനെ ആസ്പദമാക്കിയുള്ള ജീവിതം സകലരേയും അഭ്യസിപ്പിക്കുന്നതിനും, സാമ്പത്തികനില ബലപ്പെടത്തക്കവണ്ണം കൃഷിക്കും വ്യവസായങ്ങൾക്കും പുതുതായ ഉത്തേജനം ഉണ്ടാക്കുന്നതിനും ആണ് ഉദ്ദേശിച്ചതു്. രാജ്യമൊട്ടുക്കു് അധികാരത്തോടുകൂടിയ ഒരു കമ്മിഷൻെറ മേൽനോട്ടത്തിൽ, അതാതു വ്യവസായത്തിനു് വേണ്ട മുതലും വിദഗ്ദ്ധഭരണവും ഏപ്പെടുത്തിക്കൊടുക്കുന്നതിനും, അതാതു സ്ഥലത്തുള്ള കൃഷകന്മാരെ ഓരോ സംഘങ്ങളായിച്ചേത്തു അവരുടെ വസ്തുക്കളെ പൊതുസ്വത്തായി കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്നതിനും, കൃഷകന്മാരെ വ്യവസായ കേന്ദ്രങ്ങളിൽ ഉണ്ടാക്കുന്ന യന്ത്രങ്ങളും സാമഗ്രികളും ഉപയോഗിച്ചു ശീലിപ്പിച്ചു തൊഴിൽക്കാരുമായി ബന്ധപ്പെടുത്തുന്നതിനും പ്രധാനമായി ഉദ്ദേശിച്ചിരുന്നു. എല്ലാ തൊഴിൽകാക്കും വേണ്ട ഭക്ഷണസാധനങ്ങൾ ക്രമപ്പെടുത്തി മിച്ചംകിട്ടുന്ന വിളവുകളെല്ലാം അന്യനാട്ടുകളിൽ അയച്ചു പണമുണ്ടാക്കി നാട്ടിലെ ആവശ്യങ്ങൾക്കു് ഉപയോഗിക്കത്തക്കവണ്ണം ഗവമ്മെൻറ്തന്നെ മുന്നിട്ടുനിന്നു പ്രവത്തിക്കയും ചെയ്തു. 80 ലക്ഷം ചതുരശ്രമൈൽ സ്ഥലത്തുള്ള പ്രകൃതിദത്തമായ വിഭവങ്ങളും മനുഷ്യപ്രയത്നത്തിൻെറ പ്രേരണയുംകൊണ്ടു് സാധിക്കാവുന്ന അപാരമായ ധനപോഷണത്തിലേക്കു് സധൈര്യം ഒരുമ്പെട്ടിറങ്ങിയ സാഹസപ്രവൃത്തി മററുള്ളവർ വിചാരിച്ചിരുന്നതുപോലെ പരാജയത്തിൽ കലാശിച്ചില്ല. തൽഫലമായി രണ്ടാമതും ഏപ്പെടുത്തിയ നൂതനപദ്ധതി, കൃഷകന്മാരും വ്യവസായികളും തമ്മിലുള്ള വ്യത്യാ

സങ്ങൾ ഇല്ലാതാക്കി കമ്മ്യൂണിസ്റ്റ് കക്ഷിയുടെ പിൻതാങ്ങിന് ജനസാമാന്യത്തെ ഏകോപിക്കുന്നതിനും, തൊഴിലില്ലായ്മ മുതലായ ന്യൂനതകൾക്ക് പരിഹാരങ്ങൾ ഉണ്ടാക്കി പ്രാപ്തിപോലെയുള്ള തൊഴിൽ ചെയ്യുന്നതിനു എല്ലാവക്കും സൌകര്യം സിദ്ധിക്കത്തക്ക ഏപ്പാടുകൾ നടപ്പാക്കുന്നതിനും, ഇപ്പോൾ നിലവിലിരിക്കുന്ന സ്ഥിതിവ്യത്യാസങ്ങൾ മാററി ധനസ്ഥിതിയിലും പ്രജാവകാശങ്ങളിലും താരതമ്യഭേദം വരാതെ വ്യക്തിസമത്വത്തിൻെറ അടിസ്ഥാനമുറപ്പിക്കുന്നതിനും ആണു് ആശിക്കുന്നതു്.

## IV

1924-ാമാണ്ടുവരെ ലെനിൻ റഷ്യയുടെ പുനരുദ്ധാരണത്തിനായി പരിശ്രമിച്ചു. അവസാനത്തിൻ ഒന്നു രണ്ടു സംവത്സരത്തോളം അദ്ദേഹം പക്ഷപാതം ബാധിച്ചു കിടക്കുകയായിരുന്നു. നാനാദിക്കുകളിൽ അനേകകാലം സഞ്ചരിച്ച ഈ മഹാൻ റഷ്യയിലെ ആഭ്യന്തരസ്ഥിതികളെപ്പററി പൂർണ്ണമായ അറിവോടുകൂടി അപ്പഴപ്പോൾ വേണ്ട ഉപദേശങ്ങൾ കൊടുത്തു് അനുചരന്മാരെ നയിച്ചുകൊണ്ടിരുന്നു. തൊഴിലാളികളുടെ അഭ്യുന്നതിക്ക് അവരുടെ തൽക്കാലസ്ഥിതി നന്നാക്കുന്നതിനുവേണ്ടി പരിശ്രമിച്ചാൽ പോരെന്നു ശഠിച്ചു് സമുദായ വ്യവസ്ഥിതിയെ പുതുക്കുന്നതിനു വേണ്ടി ഒരു വിപ്ളവ കക്ഷി രൂപീകരിച്ചതു് അദ്ദേഹത്തിൻെറ ആദ്യത്തെ വിജയമായിരുന്നു. ദൂരദിക്കുകളിൽ സഞ്ചരിക്കുമ്പോഴും തന്നാട്ടിലുള്ള യുവാക്കന്മാരുടെ മനസ്സ് ആകഷിക്കത്തക്ക പ്രശസ്തി അദ്ദേഹം സമ്പാദിച്ചതിനു ദാഹരണമായി സ്റ്റാലിൻ അദ്ദേഹത്തിനെ കാണുന്നതിനെത്രയോ മുൻപുതന്നെ ബാൾഷെവിക്ക് കക്ഷിയിൽ ചേരുകയും, പിന്നീടു് അദ്ദേഹത്തിൻെറ അഭിനന്ദനം മാത്രം ഉദ്ദേശിച്ചു് കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെപ്പററി വായിച്ചറിയുകയും ചെയ്തതു് സ്മരണീയമാണു്. മാർക്സ് ഉദ്ദേശിച്ചിരുന്നതായ കാലഘട്ടത്തിന് എത്രയോ മുൻപുതന്നെ റഷ്യയെപ്പോലെയുള്ള ഒരു വലുതായ രാജ്യത്തു് തൻെറ അഭിപ്രായങ്ങളെ പ്രയോഗിച്ചു് ഫലിപ്പിക്കുവാൻ ലെനിൻ ധൈര്യപ്പെട്ടു. കലാപത്തിൽ കിടന്നിരുന്ന സമുദായസ്ഥിതി ദൃഢമായ ഒരു ഉദ്ദേശത്തിലേക്കു് നയിച്ചു് സോവിയററ് ഗവമ്മെൻറ് സ്ഥാപിച്ചതും അദ്ദേഹമായിരുന്നു. എഴുതുന്നതിനും പ്രസംഗിക്കുന്നതിനും ധാരാളം വൈദഗ്ദ്ധ്യം ഉണ്ടായിരുന്നതു മാത്രമല്ല, പ്രവൃത്തിരൂപമായിക്കൂടി അദ്ദേഹത്തിൻെറ സാമത്ഥ്യം പ്രതിഫലിച്ചിരുന്നു. കാലസ്ഥിതിയ്ക്കനുസരണമായും ജനസാമാന്യത്തിനു സ്വീകാര്യമായും ഉള്ള രീതിയിൽ തൻെറ പദ്ധതിയിൽ അപ്പഴപ്പോൾ വേണ്ട ഭേദഗതികൾ ചെയ്യുന്നതിനു തക്ക ബുദ്ധിയും നോട്ടവും അദ്ദേഹത്തിനുണ്ടായിരുന്നു. യാതൊരു അധികാരവും പ്രയോഗിക്കാതെ പല തരക്കാരായ അനുചരന്മാരുടെ ഗാഢമായ ബഹുമാനത്തിനും അനുസരണത്തിനും അദ്ദേഹം പാത്രമായിത്തീന്നതുതന്നെ അദ്ദേഹത്തിൻെറ മഹത്വത്തിൻെറ ലക്ഷണമാണു്.

ലെനിൻെറ വിശ്വസ്തസഖാക്കളായി നിന്നിരുന്ന രണ്ടുപേരാണു് ട്രാട്സ്കിയും സ്റ്റാലിനും. ട്രാട്സ്കിക്കു് ലെനിനെപ്പോലെതന്നെ എന്തിനും തുനിയുന്നതിനുള്ള ഉത്സാഹവും ഒരുമ്പാടും ഉണ്ടു്; സ്റ്റാലിനു് ലെനിൻെറ ക്ഷമാശീലവും മനഃ

സ്ഥൈര്യ്യവും പ്രത്യേക ഗുണങ്ങളാണ്. വാക്ചാതുര്യ്യംകൊണ്ട് ആളുകളെ പറഞ്ഞിളക്കുന്നതിനും എന്തും അവരെ പറഞ്ഞു് വിശ്വസിപ്പിക്കുന്നതിനും ട്രാട്സ്കിക്കു് സാധിക്കും. ജനസാമാന്യത്തെ നയിക്കുന്നതിനല്ലാതെ വശപ്പെടുത്തുന്നതിനുള്ള പരിചയവും അനുഭാവവും കുറവാണെന്നേ ഉള്ളൂ. നേരെ മറിച്ചു് സ്റ്റാലിൻ ജനസാമാന്യത്തോടു് ഇടപെട്ടു് അവരെ സ്വാധീനപ്പെടുത്തുന്നതിനും, ശത്രുക്കളെ സംഹരിക്കുന്നതിനെന്നപോലെ മിത്രങ്ങളെ വശപ്പെടുത്തുന്നതിന് നിരന്തര പരിശ്രമം ചെയ്യുന്നതിനും അശേഷം മടിക്കാത്ത ആളാണ്. രണ്ടുപേരും കമ്മ്യൂണിസ്റ്റ് മതത്തിനുവേണ്ടി വളരെ സങ്കടങ്ങൾ അനുഭവിച്ചവരാണെങ്കിലും സ്റ്റാലിൻ ആണ് ആദ്യമായി ബാൾഷെവിക്ക് സംഘത്തിൽ ചേർന്നതു്. ട്രാട്സ്കി റഷ്യയിലെ കലാപം തുടങ്ങിയതിനു ശേഷമേ ലെനിന്റെ കക്ഷിയിൽ ചേർന്നുള്ളൂ. രാജ്യത്തിനകത്തും പുറത്തുമുള്ള ശത്രുക്കളെ എതിർക്കുന്നതിനു രണ്ടുപേരും സേനാനിത്വം വഹിച്ചിരുന്നു. അന്നുതന്നെ ഇവർ തമ്മിലുള്ള ഭിന്നിപ്പും വെളിപ്പെട്ടു. തല്ക്കാലം ട്രാട്സ്കിക്ക് കൂടുതൽ അധികാരം ഉണ്ടായിരുന്നെങ്കിലും സ്റ്റാലിൻ അയാളെ വകവെച്ചില്ല. ഉക്രെയിൻ കീഴടക്കിയതു സ്റ്റാലിന്റെ സാമർത്ഥ്യം കൊണ്ടുതന്നെ ആയിരുന്നു.

ട്രാട്സ്കി യുദ്ധവകുപ്പിന്റെ മേലാവായിരുന്ന ശേഷം ധനകാര്യ്യമന്ത്രി ആയിതീർന്നു. സ്റ്റാലിൻ, യുദ്ധം അവസാനിച്ചതിൽ പിന്നെ, സോവിയററിനു കീഴടങ്ങിയ ആശ്രിതവർഗ്ഗക്കാരുടെ നില വ്യവസ്ഥപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ടു. ഈ ഉദ്യോഗത്തിൽ സകല സമുദായങ്ങൾക്കും സ്വാതന്ത്ര്യവും സമത്വവും അനുവദിച്ചു് അവരെ കമ്മ്യൂണിസ്റ്റ് സംഘത്തിന്റെ ബന്ധുക്കളായി തീർക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഓരോ സമുദായത്തിനും അതാതിന്റെ ഭാഷയും സ്ഥായിയായ കലകളും പോഷിപ്പിക്കുന്നതിനു സ്വാതന്ത്ര്യം ആദ്യമായി അനുവദിച്ചതു് സ്റ്റാലിനായിരുന്നു. ഇങ്ങനെ തീരെ പിന്നോക്കം ആയിരുന്ന സമുദായങ്ങൾ പോലും പുതുതായ വ്യവസ്ഥിതികളെ അഭിനന്ദിക്കുന്നതിനിടയായി. അതുകൂടാതെ തൊഴിലാളികളുടെയും കൃഷകരുടെയും മേലന്വേഷണവകുപ്പിൽ കൂടി അദ്ദേഹം ചുമതലയേററു് ഭരണസംബന്ധമായ ദൂഷ്പ്രഭുത്വങ്ങൾ തടയുന്നതിനും ജനസാമാന്യത്തിനു ഭരണകാര്യ്യങ്ങളിൽ അഭിരുചി ജനിപ്പിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. ഇതിനും പുറമെയാണു കമ്മ്യൂണിസ്റ്റ് കക്ഷിയുടെ സെക്രട്ടറി എന്ന നിലകൂടി സ്റ്റാലിനു സിദ്ധിച്ചതു്. ട്രാട്സ്കിയും സ്റ്റാലിനും തമ്മിൽ ഒരു കാലത്തും ഇണങ്ങി പോകയില്ലെന്നു ലെനിനു ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടു് രണ്ടുപേർക്കും പൂർണ്ണാധികാരം കൊടുത്തുകൂടെന്നു മാത്രമെ ലെനിൻ തന്റെ മരണശാസനത്തിൽ പറഞ്ഞിരുന്നുള്ളൂ. ആരെങ്കിലും ഒരാൾക്കു് മാത്രമെ മേലിലും ഭരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത ലെനിൻ ധരിച്ചിരുന്നോ എന്നു സംശയമാണ്. കൌൺസിലുകളും കമ്മററികളും അല്ല താൻ തന്നെയാണു സർവ്വാധികാരവും വഹിച്ചിരുന്നതു് എന്നു ലെനിൻ മനസ്സിലാക്കിയിരുന്നില്ല.

1921-ൽ ലെനിൽ അനുവദിച്ചതായ ഏർപ്പാടുകൾ പിൻ തുടരണമെന്നുള്ള നിർബന്ധം സ്റ്റാലിന് ഉണ്ടായിരുന്നു. ആ വഴി

കൃഷകന്മാരെ തൊഴിലാളകളിൽ നിന്നും വ്യത്യസ്തമായ ഒരു ജാതിയാക്കിത്തീക്കു മെന്നായിരുന്നു ട്രാട്സ്ക്കിയുടെ വാദം. എന്നു തന്നെയല്ല കൃഷകരുടെ ഇടയിൽ ഭൂസ്വത്തുടമസ്ഥന്മാക്കു പ്രാബല്യം കൂട്ടുന്നതിനും വഴിയുണ്ടാകുമെന്നു ട്രാട്സ്കി ശങ്കിച്ചു. കമ്മ്യൂണിസ്റ്റ് കക്ഷിയുടെ മൂലതത്വങ്ങളെ നിരാകരിച്ച് നാട്ടുകാരെ വശത്താക്കുന്നതും മുതലാളികളുടെ നേതൃത്വത്തിലുള്ള അന്യരാജ്യങ്ങളുമായി സഖ്യംചെയ്യുന്നതും ട്രാട്സ്കിക്കു വിരോധമായിരുന്നു. ലോകമൊട്ടുക്ക് ഏകോപിച്ചാലല്ലാതെ ഒരു രാജ്യത്തുമാത്രമായി കമ്മ്യൂണിസ്റ്റ് കൊടിപറപ്പിക്കുന്നതിനു സാധിക്കുകയില്ലെന്നുള്ള അഭിപ്രായത്തോടുകൂടി ട്രാട്സ്കി ആദ്യത്തെ പഞ്ചവത്സരപദ്ധതിയെ എതിത്തു. ഈ അഭിപ്രായക്കാരായി തന്റെ കക്ഷിയിൽ പേരുകേട്ട പല പ്രമാണികളും ഉണ്ടെന്നു സ്റ്റാലിന് അറിയാമായിരുന്നു. എന്നാൽ ലെനിന്റെ നയമാണ് സ്വപക്ഷക്കാരെ ഏകോപിപ്പിച്ച് ശത്രുക്കളിൽ നിന്നുണ്ടാകാവുന്ന അപകടങ്ങൾ തടയുന്നതിന് ഉത്തമമാഗ്ഗമെന്നു സ്റ്റാലിൻ പൂണ്ണമായി വിശ്വസിച്ചിരുന്നു. അതുകൊണ്ട് തന്റെ നിലയും ബന്ധങ്ങളും ഉറപ്പിക്കുന്നതിനും വിരോധികളുടെ പ്രാബല്യം നശിപ്പിക്കുന്നതിനും സ്റ്റാലിൻ ഉറച്ചുപണിഞ്ഞു. പത്രങ്ങളിലും പ്രസംഗവേദികളിലും അവർ മുക്തകണ്ഠം ആക്ഷേപങ്ങൾ ഘോഷിച്ചുവെങ്കിലും അവരുടെ പിടി ക്രമേണ കുറഞ്ഞു വരികയാണ് ചെയ്തതു്. കൃഷകന്മാരെ നിർബന്ധിച്ചു യോജിപ്പിക്കുവാൻ ചെയ്ത ശ്രമങ്ങൾ നിഷ്ഫലങ്ങളായതോടുകൂടി സ്റ്റാലിന്റെ നയംതന്നെ എല്ലാവരും സമ്മതിക്കേണ്ടി വന്നു.

നിർബന്ധപൂവ്വം സ്റ്റാലിനെ എതിത്തവരുടെ കൂട്ടത്തിൽ പ്രമാണിയായ ട്രാട്സ്കി 1928-ൽ നാട്ടിൽ നിന്നും ബഹിഷ്കൃതനായി. തന്റെ ശക്തികുറഞ്ഞു വന്ന ഘട്ടത്തിൽ ബലമോ ചതിയോ പ്രയോഗിച്ച് സ്വാധികാരം സ്ഥാപിക്കുന്നതിന് അയാൾ ശ്രമിച്ചില്ല. തന്നെപ്പോലെ നിലയും വിലയും ഉള്ള ഒരു നേതാവിനെ മനഃപൂവ്വമായി അകററുന്നതിന് ആരും തുനിയുകയില്ലെന്നായിരുന്നു ട്രാട്സ്കി വിചാരിച്ചതു്. അയാളുടെ ഉപദേശപ്രകാരം നാട്ടുംപുറത്തുള്ള വസ്തുഉടമസ്ഥന്മാരെ അമത്താതെ നിവ്വാഹമില്ലെന്നു സ്റ്റാലിൻതന്നെ പിന്നീടുള്ള പ്രവൃത്തികൊണ്ടു് സമ്മതിക്കുകയുണ്ടായി. സ്വന്തരാജ്യത്തിലെ കുഴപ്പങ്ങൾ തീക്കുന്നതിന് ആവശ്യമായി സ്റ്റാലിൻ കരുതിയ സമാധാനനയം പൊതുവെ കമ്മ്യൂണിസത്തിനു വിലക്കുറവായി പരിണമിക്കാതെയും ഇരുന്നില്ല. ചൈനയിൽ ജപ്പാന്റെ ശക്തി ദൃഢമായി സ്ഥാപിക്കുന്നതിനും തൻമൂലം കമ്മ്യൂണിസ്റ്റ് കക്ഷിക്ക് സിദ്ധിക്കാമായിരുന്ന പിൻതാങ്ങ് നശിക്കുന്നതിനും ഇടയായതും, ഇററലിയിലും ജെമ്മനിയിലും കമ്മ്യൂണിസ്റ്റ്കാക്കു പരാജയം സംഭവിച്ച് ഫാഷിസ്റ്റിക്കും നാസികൾക്കും കീഴടങ്ങി പാക്കുന്നതിനു സംഗതിയായതും, ട്രാട്സ്കി ഉപദേശിച്ചതുപോലെ എല്ലായിടത്തും പ്രക്ഷോഭത്തിനു ബാൾഷെവിക്കുകാരുടെ സഹായം എത്തിക്കുവാൻ സാധിക്കാത്തതു കൊണ്ടാണെന്നുള്ളതിനു സംശയമില്ല. എന്നാൽ റഷ്യയിൽതന്നെ സ്ഥിരമായ ഒരു വ്യവസ്ഥിതി വരുത്തി കമ്മ്യൂണിസ്റ്റ് കക്ഷിയുടെ നില ഉറയ്ക്കുന്നതിനു മുൻപ് അങ്ങുമി

ങ്ങും വലുതായ സമുദായ വിപ്ളവങ്ങൾക്ക് ഒത്താശകൾ ചെയ്തു കൊടുക്കുന്നതിലേക്ക് അവർക്ക് പ്രാപ്തി ഉണ്ടാകുമായിരുന്നോ എന്നുള്ള കാര്യം സ്റ്റാലിൻെറ സൂക്ഷ്മദൃഷ്ടിയ്ക്കുന്നപോലെ ട്രോട്സ്കിയുടെ മനഃശ്ശക്തിയ്ക്കു് പ്രത്യക്ഷമായിരുന്നില്ല. ഇങ്ങനെ സിദ്ധിച്ച വിശ്രാന്തി റഷ്യയുടെ സാമ്പത്തികനിലയെ പോഷിപ്പിക്കുന്നതിലേയ്ക്കായി വിനിയോഗിച്ചതു് സ്റ്റാലിൻെറ സാമർത്ഥ്യത്തിനു മതിയായ ഉദാഹരണമാണ്. എല്ലാ വിദേശ ശക്തികൾക്കും ആപൽശങ്ക കൂടാതെ സോവിയറ്റുമായി വാണിജ്യബന്ധം സ്ഥാപിയ്ക്കുന്നതിനു സ്റ്റാലിൻെറ ഉദാസീനനയം പ്രയോജനപ്പെട്ടു. മറ്റെല്ലാ രാജ്യക്കാരും ദുരിതങ്ങൾ അനുഭവിച്ച ഈ അടുത്ത കാലത്തു് സംതൃപ്തിയോടും സമാധാനത്തോടും കൂടി ഉപജീവിച്ചിരുന്നതും റഷ്യ മാത്രമെ ഉണ്ടായിരുന്നുള്ളു എന്ന വസ്തുത റഷ്യയെപ്പററി പൊതുവെ നല്ലതായ ഒരു അഭിപ്രായം ജനിപ്പിക്കുന്നതിനു പര്യാപ്തമായിട്ടുണ്ടു്. ഇന്നും സാമാധാന പരിപാലനത്തിനു വേണ്ടി യുദ്ധസന്നാഹങ്ങൾ നിറുത്തി വെയ്ക്കണമെന്നുള്ള വാദത്തിൽ സോവിയററു പ്രതിനിധികളാണ് മുന്നിട്ടു നിൽക്കുന്നതു്.

"നമ്മുടെ നില ബലപ്പെടണമെങ്കിൽ നമ്മുടെ ശക്തിയും അദ്ധ്വാനവും ഒരുമ്പാടും കൊണ്ടു നവീനപദ്ധതി വിജയകരമായി സ്ഥാപിക്കേണ്ടിയിരിക്കുന്നു." ഇങ്ങനെ ഉദ്ദേശവും ഉപകരണവും തമ്മിലുള്ള കാര്യകാരണബന്ധം ഒരിക്കലും വിസ്മരിക്കാതെ ആണ് സ്റ്റാലിൻെറ നയം. "മനഃപൂർവ്വമായി ആഗ്രഹിച്ചാൽ സാധിക്കാത്തതു് ഒന്നുംതന്നെയില്ല. സാങ്കേതികജ്ഞാനം സമ്പാദിക്കേണമെന്നുള്ള ആശ ബാൾഷെവിക്കുകാർക്കു ജനിക്കേണ്ടിയിരിക്കുന്നു". "പുറകിൽ തങ്ങുന്നവരാണു തോൽക്കുന്നതു്. നമുക്കു തോററുകൂട. നാം ഇപ്പോൾതന്നെ മററുരാജ്യക്കാരെക്കാൾ നൂറുകൊല്ലത്തോളം പുറകിലാണു കിടക്കുന്നതു്. ഈ ദൂരം പത്തുവർഷം കൊണ്ടു് നാം കടക്കണം. ഇല്ലെങ്കിൽ അവർ നമ്മെ നശിപ്പിക്കും."ഇത്തരത്തിലുള്ള പ്രോത്സാഹനംകൊണ്ടു് പുതിയ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കും കൃഷിപ്പണികൾക്കും വേണ്ട ഉപദേശം നൽകുന്നതിനു പ്രാപ്തന്മാരായ മേലാളുകളെ കമ്മ്യൂണിസ്റ്റ് കക്ഷിയിൽ നിന്നുതന്നെ അദ്ദേഹം സൃഷ്ടിച്ചു. ഇന്നു കൎഷകസംഘങ്ങൾക്കു തുണയായി ഓരോ സ്ഥലത്തും പ്രാപ്തന്മാരായ നേതാക്കന്മാരുള്ളതുകൊണ്ടു് സംയുക്തകൎഷക പദ്ധതിക്കു് പൂർണ്ണജയം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം. പ്രധാന കേന്ദ്രങ്ങളിൽ വ്യവസായ ശാലകളും നാടൊട്ടുക്കു വൈദ്യുത പ്രചരണവും സാധിക്കത്തക്കവണ്ണം ഏർപ്പാടുകൾ പൂർത്തിയായിവരുന്നു. തൊഴിൽകാർക്കു് ഇഷ്ടംപോലെ വേല തിരഞ്ഞെടുക്കുന്നതിനും ഏഴുമണിക്കൂറിലധികം ഉള്ള സമയം വിശ്രമത്തിനായി ഉപയോഗിക്കുന്നതിനും സ്വാതന്ത്ര്യമുള്ളതിനു പുറമെ, ആണ്ടിൽ രണ്ടാഴ്ചയെങ്കിലും ശമ്പളത്തോടുകൂടി എവിടെയെങ്കിലും പോയി താമസിച്ചു് സുഖമെടുക്കുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടു്. അടുത്തു നടപ്പിൽ വരുവാനിരിക്കുന്ന നിയമപരിഷ്കാരപ്രകാരം ആൎക്കും നിയമപ്രകാരം അല്ലാതെ തടയുവാൻ പാടില്ലാത്ത സ്വാതന്ത്ര്യവും, തൊഴിൽക്കാരല്ലാത്തവൎക്കു് ഉണ്ടായിരുന്ന അസ്വാധീനതകളിൽ നിന്നു നിവൃത്തിയും, ഗവമ്മെൻറിൻെറ നേതൃത്വ

ത്തിൽ നടത്തിവന്നിരുന്ന ശ്രദ്ധാന്വേഷണങ്ങളിൽനിന്നും രക്ഷയും സിദ്ധിക്കുന്നതായിരിക്കും. വിദ്യാഭ്യാസസംബന്ധമായി ഗവമ്മെൻറിൽനിന്നും ഏററിട്ടുള്ള ചുമതലകൾ ഇപ്പോൾ തൃപ്തികരമായി നിവ്വഹിക്കുന്നുണ്ടെന്നു പറയുവാൻ നിവ്വാഹമില്ലെങ്കിലും അനാഥമന്ദിരങ്ങളും, ഗ്രാമവിദ്യാലയങ്ങളും ഉയൎന്നതരം വിദ്യാഭ്യാസത്തിനുള്ള മററു ഏപ്പാടുകളും നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നുണ്ടു്. അക്ഷരാഭ്യാസം ഇല്ലാത്തവൎക്കുപോലും കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ മനസ്സിലാകത്തക്കവണ്ണം പടങ്ങളും പ്രക്ഷേപിണി പ്രസംഗങ്ങളും ചലനചിത്രങ്ങളും വഹിക്കുന്ന പലതരം വാഹനങ്ങൾ നാടൊട്ടുക്കു് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പേരുകേട്ട പ്രധാനഗ്രന്ഥങ്ങൾ സക്കാരിൽനിന്നും അച്ചടിച്ചു് വിലവാങ്ങാതെ പ്രചരണം ചെയ്തുവരുന്നു. വിദ്വാന്മാൎക്കും ഗ്രന്ഥകാരന്മാൎക്കും നിവൃത്തിപോലെ ധനസഹായം ചെയ്യുന്നുണ്ടു്. യാതൊരു ചിലവും കൂടാതെ ഏതുതരം ആളുകൾക്കും പോയിരുന്നു കാണത്തക്കവണ്ണം ഗവമ്മെൻറ്വകയായ നാടകശാലകളും വിനോദസ്ഥലങ്ങളും അനവധി ഉണ്ടു്. ഒരുകാലത്തു് ചക്രവൎത്തികൾ താമസിച്ചിരുന്നതും അഹങ്കാരികളായ ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും വിഹരിച്ചിരുന്നതും ആയ വിശാല ഹമ്മ്യങ്ങളിൽ ആൎക്കും കയറി നടക്കുന്നതിനു് ഇന്നു യാതൊരു തടസ്സവുമില്ല. പുതിയ ഭരണവ്യവസ്ഥിതിയിൽ ജനസാമാന്യത്തിൽ ഓരോരുത്തനും തന്നെ പററി പുതുതായ ഒരു അഭിമാനം തോന്നത്തക്ക ഇത്തരം പല സംഗതികളും റഷ്യയിൽ നടപ്പായിരിക്കുന്നു. സ്ത്രീകളുടെനിലയെപ്പററി സ്റ്റാലിൻ പ്രത്യേകം നിഷ്കൎഷിച്ചു വരുന്നുണ്ടു്. കൃഷിക്കാരുടെ ഇടയിലുള്ള അനേകലക്ഷം സ്ത്രീകളെ ഗ്രാമജീവിതത്തിലുള്ള കഷ്ടപ്പാടുകളിൽ നിന്നും വിടുൎത്തി സ്വാശ്രയശക്തി ഉള്ളവരാക്കി തീൎക്കുന്നതിനു് അദ്ദേഹം സദാ നിഷ്കൎഷിക്കുന്നു. കൎഷകന്മാരെ സന്ദൎശിക്കുന്ന സന്ദൎഭങ്ങളിൽ സ്ത്രീകളുടെ സ്ഥിതിയെപ്പററി പ്രത്യേകം അന്വേഷിക്കുക പതിവാണു്. മനുഷ്യസമുദായത്തിൽ ഭൂരിഭാഗം സ്ത്രീകളായതു കൊണ്ടു്, അവരുടെ സ്വതന്ത്രമായ മനോഗതിയും ബുദ്ധിസാമൎത്ഥ്യവും സമുദായപോഷണത്തിനു നിൎബാധമായി പ്രയോഗിക്കത്തക്കവണ്ണം അവരെയും പ്രോത്സാഹിപ്പിക്കുന്നതു് ബാൾഷെവിസത്തിൻെറ ഒരു പ്രധാന നയമാക്കിയിട്ടുള്ളതു് ആശ്ചൎയ്യകരമല്ല.

ഹിററ്ലരെയോ, മുസൊലിനിയെയോ പോലെ പരസ്യമായി ജനസംഘങ്ങളിൽ പ്രതാപം പ്രദൎശിപ്പിക്കുന്നതിനു സ്റ്റാലിനു തീരെ സന്തോഷമില്ല. അല്പമായ സംഭാഷണവും നിരാഡംബരമായ ജീവിതവും അദ്ദേഹത്തിൻെറ സ്ഥായിയായ ഗുണങ്ങളാണു്. അന്യദേശക്കാരെ കാണുന്നതും സംസാരിക്കുന്നതും ഒരു വിമ്മിട്ടമാണെന്നുതന്നെ പറയാം. തൻെറ ഗുരുനാഥനായ ലെനിനെപ്പററി ഉള്ള ഭക്തിയും അദ്ദേഹം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ ദൃഢമായ വിശ്വാസവും സ്റ്റാലിനെപ്പോലെ മററാൎക്കുമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ കാൎയ്യസാദ്ധ്യത്തിനുവേണ്ടി യഥോചിതമായ ഭേദഗതികളോടുകൂടി ആണു ലെനിൻെറ നയംതന്നെ സ്റ്റാലിൻപ്രയോഗിച്ചുവരുന്നതു്. കാഴ്ചയിലും പ്രവൃത്തിയിലും കൃത്രിമത്തിനു് വാസനയുള്ള ആളാണെന്നു തോന്നിക്കുമെങ്കിലും ഗൃഹജീവിതത്തിലും മിത്രങ്ങളോടുള്ള പെരുമാററത്തിലും

സാധാരണന്മാരേപ്പോലെയുള്ള സൽസ്വഭാവം ഇല്ലാത്ത ആളാണെന്നു അദ്ദേഹത്തെപ്പററി ആരും പറഞ്ഞിട്ടില്ല. അന്യരാജ്യക്കാരിൽ നിന്നും പകൎത്താവുന്നതായ യാതൊരു ഗുണവും ഇല്ലെന്നു ഭാവിക്കുമെങ്കിലും, അമെരിക്കന്മാരുടെ കാൎയ്യകുശലതയെപ്പററി അദ്ദേഹത്തിനു ധാരാളം ബഹുമാനമുണ്ട്. പുതിയ വ്യവസ്ഥിതിയുടെ മഹത്വത്തിലുള്ള വിശ്വാസവും പ്രായോഗികമായ പ്രവൃത്തിമാൎഗ്ഗത്തിലുള്ള നിഷ്ഠയും കൊണ്ടാണു സ്റ്റാലിൻ ഇന്നത്തെ നിലയിൽ എത്തിയിട്ടുള്ളതു്.

അനേകം തരത്തിലുള്ള സമുദായങ്ങളെ ഒരേ രീതിയിൽ ഘടിപ്പിച്ച് അഭിമാനപൂൎവ്വമായ സമുദായാഭിവൃദ്ധി ഉണ്ടാക്കുന്നതിനാണ് റഷ്യയുടെ നായകന്മാർ ഉദ്ദേശിച്ചിട്ടുള്ളതു്. ഇപ്രകാരമുള്ള ഒരു മനോഭാവം സാധാരണന്മാരായ കൃഷിവലന്മാരിൽ സംക്രമിക്കുന്നതു് ലഘുവായ കാൎയ്യമല്ല. അവൎക്കു തല്ക്കാലം ഒരു ഉണർവുണ്ടാക്കുവാൻ സാധിക്കുമെങ്കിലും ഏറെക്കാലം പരിചയിച്ചിട്ടുള്ള സമുദായ ബന്ധങ്ങളിൽ നിന്നും വേർപെട്ട് സൎവ്വസമത്വത്തിൽ ലയിക്കുക എന്നുള്ള സംഗതി സാധിച്ചു കണ്ടാൽ മാത്രമെ സാധിച്ചതായിപ്പറയുവാൻ നിവൃത്തിയുള്ളു. ഇന്നത്തെ അഭിവൃദ്ധി ഗവൎമ്മെൻറിൻെറ നിശിതമായ ശാസന കൊണ്ടു സാധിച്ചിട്ടുള്ളതാകുന്നു. അതിൻെറ പുരോഗതി സ്ഥായിയായ വ്യക്തിബോധത്തിന് ഏററവും വിപരീതമായ സമുദായ നിയന്ത്രണം കൊണ്ടാണ് ഉണ്ടാകേണ്ടതു്. ഈ പദ്ധതി വിജയത്തിൽ കലാശിക്കുകയാണെങ്കിൽ, നേതാക്കന്മാർ ഉദ്ദേശിക്കുന്നതുപോലെ വിദേശങ്ങളിൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്കു പ്രാബല്യം സിദ്ധിക്കുവാൻ റഷ്യാക്കാരെക്കൊണ്ടു് സഹായം എത്രമാത്രം സിദ്ധിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. അതിനുമുൻപുതന്നെ അവരെ ഉപദ്രവിക്കുന്നതിനും, നശിപ്പിക്കുന്നതിനു തന്നെയും മുതലാളന്മാരുടെ തിരിപ്പിൽ പെട്ടിരിക്കുന്ന വിദേശീയ ശക്തികൾ മുതിരാതിരിക്കുമോ? സ്വന്ത രക്ഷക്കായി സൈന്യബലം വൎദ്ധിപ്പിച്ചു കൊണ്ടിരിക്കുന്ന ഈ സമുദായത്തിനു ജെൎമ്മനിയ്ക്കു പററിയതുപോലെ അയൽ രാജ്യങ്ങളിൽ കൈകടത്തുവാൻ എപ്പോഴെങ്കിലും തോന്നാവുന്നതും ആണ്. യുദ്ധം വേണ്ടെന്നു വയ്ക്കുന്നതിനുള്ള മനോഭാവം ബോൾഷെവിക്കുകാൎക്കു ഉണ്ടായിട്ടില്ല, ഉണ്ടാകുന്നതുമല്ല. യുവാക്കന്മാരും യുവതികളും യുദ്ധമുറകൾ അഭ്യസിക്കുന്നതിന് ശീലിക്കുകയും, 'റെഡ്' ആർമി' എന്ന പേരിൽ സ്ഥിരമായ ഒരു സേനാസംഘം സജ്ജമായിരിക്കുകയും ചെയ്യുമ്പോൾ ഇന്നത്തെ സമാധാനബുദ്ധിക്കു മാററം വരുവാൻ വലുതായ പ്രേരണ വേണ്ടിവരികയില്ല. അവരുടെ മതം നിരീശ്വരത്വമാണെന്നു മാത്രമല്ല യാതൊരുവിധത്തിലുമുള്ള അതീതശക്തിയുടെ പ്രവൃത്തിയിലും അവർ വിശ്വസിക്കുന്നുമില്ല. ഈ നില സമുദായങ്ങളുടെ ഗതിഭേദത്തിൽ എത്രമാത്രം ശാശ്വതമായിത്തീരുമെന്നുള്ളതു് നിശ്ചയിക്കാവുന്നതല്ലെങ്കിലും കൎഷകന്മാരായ അനേകലക്ഷം ജനങ്ങൾക്കു താൽപൎയ്യമുള്ള മതാചാരങ്ങളും ആഘോഷങ്ങളും എന്നെന്നേക്കും നിരോധിക്കുവാൻ സാധിക്കയില്ലെന്നു തീൎത്തുപറയാം. ഇങ്ങനെ ഒരു വൈഷമ്യംകൂടി ഇന്നത്തെ നില തുടൎന്നുകൊണ്ടുപോകുവാൻ പ്രതിബന്ധമായിത്തീരാവുന്നതാണ്.

മുതലാളന്മാരുടെ സമുദായ വ്യവസ്ഥയിൽ ഭൂരിപക്ഷം ജനങ്ങൾക്കും അവജ്ഞ

തോന്നിയിട്ടുണ്ടെങ്കിലും, അതിനെ ഉന്മൂലനം ചെയ്യുന്നതിനു സന്നദ്ധമായിട്ടുള്ള ഒരു നില പൊതുവെ എത്തിയിട്ടുള്ളതായി ആരും സമ്മതിക്കുകയില്ല. എല്ലാ രാജ്യത്തും വിപ്ളവകാരികളായ ഒരു സംഘം ആളുകൾ ഉണ്ടെങ്കിലും അവരുടെ പ്രേരണകൾക്കു വഴിപ്പെടാൻ തക്കവണ്ണം യാതൊരു സങ്കടാവസ്ഥയും നേരിട്ടില്ലെങ്കിൽ അത്തരം ശക്തികൾക്ക് വലുതായ ബലം ഉണ്ടാകയില്ല. എന്നാൽ യൂറോപ്പിനെ സംബന്ധിച്ചിടത്തോളം ജെമ്മനിയും ഇററലിയും ഇക്കാൎയ്യത്തിൽ ആശങ്കക്ക് അവകാശമുള്ള ഘട്ടത്തിലാണ്. ഹിററ്ലരുടെ ഭരണം കമ്മ്യൂണിസ്റ്റ്കാരുമായി അധികം വ്യത്യാസമില്ലാത്ത പല കക്ഷികളുടെയും സഹായത്തോടുകൂടിയാണു നടത്തിപ്പോരുന്നത്. തൽക്കാലം അവരുടെ ശ്രദ്ധ പ്രതികാരനയത്തിൽ ആണു പതിഞ്ഞിട്ടുള്ളതെങ്കിലും ഏതെങ്കിലും വഴിക്ക് അഭ്യന്തരകാൎയ്യങ്ങൾക്കു കുഴപ്പം നേരിടുമ്പോൾ കമ്മ്യൂണിസ്റ്റ് ഭരണം അവിടെ സ്ഥാപിക്കുവാൻ തക്ക കാൎയ്യങ്ങൾ ഉണ്ട്. ജെമ്മൻമാരുടെ കയ്യിൽ ഇതുപോലെ ഒരു ആയുധം കിട്ടുന്നപക്ഷം അതു റഷ്യാക്കാൎക്കു കിട്ടിയതുപോലെ ആകയുമില്ല. ഇററലിയുടെയും കഥ ഏതാണ്ട് ഇതുപോലെതന്നെആകുന്നു. മുതലാളന്മാരെയും തൊഴിലാളികളെയും ഓരോ സംഘങ്ങളായി ഘടിപ്പിച്ച് ഓരോതരം വ്യവസായത്തിലും ഇരുകൂട്ടരും ഏകോപിച്ച് ചെയ്യുന്ന വ്യവസ്ഥകൾ ഗവമ്മെൻറിൻെറ അനുമതിപ്രകാരം എല്ലാവരും അംഗീകരിച്ചുകൊള്ളണമെന്നുള്ള നിലയിലാണു വ്യവസായ വിപ്ളവങ്ങൾക്ക് അവിടെ പ്രതിവിധി കണ്ടിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് കലാപത്തിനെ നിരോധിക്കുന്നതിനുമാത്രം സന്നദ്ധമായ ഫാഷിസ്റ്റ് സംഘത്തിൽ മുതലുടമസ്ഥന്മാരുടെ പ്രാമാണ്യത്തിനൊ മുതലാളന്മാരുടെ ആദായമനുസരിച്ചുള്ള വ്യവസായ പരിവൎത്തനങ്ങൾക്കൊ യാതൊരു ഭേദഗതിയും ഉണ്ടായിട്ടില്ല. തൊഴിൽക്കാരുടെ നിൎദ്ധനത്വവും പരാധീനതയും ജെമ്മനിയെക്കാൾ കൂടുതലായി ഇററലിയെ ബാധിച്ചിട്ടുമുണ്ട്. അവൎക്ക് വിദേശങ്ങളിൽ പോയി കാലയാപനം ചെയ്യുന്നതിന് സൌകൎയ്യം ഉണ്ടാകുമെങ്കിൽ തൽക്കാലം അപായശങ്കക്ക് അവകാശമില്ലെന്നുവരാം. പക്ഷേ സാമ്രാജ്യപ്രതാപം സമാധാനപരമായ സമുദായജീവിതത്തിനു സഹായിക്കുമോ എന്നുള്ള കാൎയ്യം പൂൎവ്വകാലത്തെ അനുഭവംകൊണ്ട് പറകയാണെങ്കിൽ, ഇററലിയിൽ സമാധാനത്തിനു വകകാണുന്നില്ല. മേലിൽ മുതലുടമസ്ഥന്മാരുടെ നില സമുദായാഭിവൃദ്ധിക്ക് ആസ്പദമാകുംവണ്ണം രൂപീകരിക്കുവാൻ സാധിക്കുന്നതായ ഒരു പ്രധാനകേന്ദ്രം ഐക്യനാടുകളാണ്. സ്റ്റാലിനു ബഹുമാനം തോന്നിയിട്ടുള്ള ഈ നാട്ടുകാരുടെ നയപ്രയോഗചാതുൎയ്യം മാത്രമെ വിജിഗീഷുക്കളായ സ്റ്റാലിൻെറ അനുചരന്മാരെ തടഞ്ഞുനിൎത്തുവാൻ പൎയ്യാപ്തമാകയുള്ളു. അമരിക്ക ഇതുവരെയും സോവിയററുകാരുമായി ഇടപെടാതെ അകന്നുനിൽക്കയുമാണ്.

ശ്രീ

# ഭക്തിപ്രഭാവശതകം.

(എം. രാജരാജവൎമ്മ തമ്പുരാൻ എം. ഏ., ബി. എൽ.)

൪൧

ഇന്നിച്ചൊന്നതസത്യമെന്നുപറയും
പിറേറന്നു ശാസ്ത്രങ്ങളും;
വന്നീടാൻ പണിസത്യബോധമവയിൽ,
തൎക്കം മുഴുത്തീടവേ
തോന്ന്യാസം പലതായ് വളൎന്നു കലഹം
ലോകത്തിലന്യാദൃശം
തീൎന്നീടാൻ വഴികാട്ടിടുന്നു ദൃഢ
വിശ്വാസം മതത്തിൽപരം.

൪൨

നാകത്തിൻ സുഖമൂഴിയിൽ പുലരുവാൻ
മററില്ല നൽസാധനം;
ചാകാതിങ്ങെഴുവാൻ നരന്നമൃതമായ്
വാഴുന്നതും ഭക്തിതാൻ;
സ്വീകാൎയ്യഞ്ചതദീയമാൎഗ്ഗമറിയാൻ
തത്ത്വം പ്രപഞ്ചത്തിലും-
ള്ളൂകും ദൈവതവൈഭവം പലതരം
ശാസ്ത്രത്തിനെത്താത്തതും.

൪൩

ചങ്ങാത്തം പലതും പിടിച്ചു സമുദായോ
പജ്ഞമായ് മാനുഷൻ
പൊങ്ങിച്ചിട്ടു വിശേഷബുദ്ധി പുതുതായ്
സൃഷ്ടിച്ച സന്താനമായ്
തിങ്ങും ശ്രേണികളും സമൂഹവുമഹോ!
രാജ്യങ്ങളും വ്യക്തിയെ-
ക്കൊങ്ങയ്ക്കങ്ങു പിടിച്ചുതള്ളി യരുളീടും
ഭൂരിസാമ്രാജ്യവും.

൪൪

കാൎയ്യങ്ങൾക്കഥ ഭൂരിപക്ഷവിധിയായ്
ത്തീരും പ്രമാണംപരം;
വീൎയ്യം പൂണ്ടവർ തീരുമാനമതിനെ
ക്കൂട്ടാക്കയില്ലൊട്ടുമേ;
ആൎയ്യദ്രാവിഡശണ്ഠമൂത്തു വലുതായ്
പാശ്ചാത്യപൌരസ്ത്യരും
തുൎയ്യംകൊട്ടി മുഴക്കിടുന്നിഹ മഹായുദ്ധോ
ദ്യമം തങ്ങളിൽ.

൪൫

വെട്ടൻപോത്തുകൾ കാട്ടിടുന്ന ചപല
ക്രൂരത്താണു ധീമാൻ നരൻ
വോട്ടിന്നിന്നു നടത്തിടുന്നതു, ചിരി
ച്ചീടുന്നു സാധുക്കളും;
വെട്ടുംകുത്തുമതായി നാട്ടുഭരണം പാടേ
പിടൎന്നീടവേ
തിട്ടം നായകനൊന്നുയൎന്നുവരുമേ,
വ്യക്തിക്കു സാമ്രാജ്യവും!

൪൬

*മാത്സ്യന്യായമെഴുന്നു മത്സരമുദിച്ചീടും
വിധൌ മാനവർ;
വാത്സല്യം നഹി ഇററലിക്കുമബിസീനാ
ധീന സാധുക്കളിൽ;
ഭത്സിക്കുന്നു ബുഭുത്സയാൽ മൃഗകുലം
തന്നോടു ചെന്നായ്ക്കളും,
ചിത്സാമ്രാജ്യമെഴുന്ന മാനുഷരുമിന്ന
വ്വണ്ണമായ് ത്തീൎന്നു, ഹാ!

* Might is right.

൪൭

പണ്ടേതാൻ പലതാം പരിഷ്കൃതി
യെഴും പൌരസ്ത്യ പ്രപട്ടാങ്ങകൾ
കണ്ടിട്ടത്ഭുതസംഭ്രമത്തൊടവയെ
പ്രാത്ഥിച്ച പാശ്ചാത്യരെ
കൊണ്ടാടും പുനരിന്നു വൈദ്യുതമഹാ
വിദ്യാ വിമാനങ്ങളാൽ
കണ്ടാമണ്ടികൾ കാട്ടിടുന്നതിനു നാം
സ്തോത്രപ്രലാപങ്ങളാൽ !

൪൮

കാട്ടിൽപൊങ്ങിവളൎന്നിടുന്ന വളരി
പ്പുല്ലിന്നു തുല്യം മഹാ-
രാഷ്ട്രങ്ങൾക്കുയരുന്ന വൻതരപരിഷ്-
കാരങ്ങൾ തിങ്ങിത്തുലോം;
തീപ്പെട്ടിത്തിരി ഒന്നു കത്തി അവയെ
ഭസ്മീകരിച്ചീടുമേ,
കൊമ്പും തോലുമൊഴിഞ്ഞുവാഴുമവിടെ
കോൽപോൽ മഹാവൃക്ഷവും.

൪൯

മുപ്പാരും കരദീകരിപ്പതിന്നിറങ്ങീടുന്ന
ധീമത്ത്വമോ
നില്പാൻപോലുമിടംവരാതെ പതറി
പ്പോകുന്ന നാപ്പാട്ടമായ്;
തപ്പിത്തപ്പി നടന്നിടും കുരുടനാം
ബുദ്ധിക്കു നേർമാൎഗ്ഗണം
കല്പിക്കും പരമാത്ഥഭക്തിയൊടെഴും
ജ്ഞാനത്തിനായ് കൈതൊഴാം.

൫൦

ജ്ഞാനം തന്റെടെ വീടുകെട്ടി, അവിടെ
പാൎപ്പിച്ച ഭക്തിക്കു താൻ,
മാനിച്ചീടിന ദൈവസന്തതി വളൎന്നീടും
വിധൌ, ലീലയായ്
ധ്യാനിച്ചിട്ടുലകെന്നകേളിഗൃഹമുണ്ടാക്കി,
ക്കളിക്കാനതിൽ
മാനോരെപ്പണിചെയ്തു ദേവസദൃശാൻ
സംകല്പമാത്രത്തിനാൽ

൫൧

ആത്മാനന്ദമവക്കുമേകിനിതരാം
സംഭാവനാ ശക്തിയും
പ്രേമാവേശമിയന്നു ചിത്തരതിയിൽ
സൃഷ്ടം പ്രപഞ്ചാമൃതം
കാമംതീൎന്നു കുടിച്ചു പൂതമതിയാ
യാരാധനം ചെയ്യുവാൻ
ഭ്രമാനം ഭുവനേശ്വരന്റെ വിവിധം
സൌന്ദൎയ്യസാരാത്മകം. (യുഗ്മകം)

൫൨

നേത്രാനന്ദമുയൎത്തിടും പലപണിച്ചാ
ത്തേററ ദേവാലയം
ചിത്രം ഗോപുരമാലികാശതയുതം
തീൎത്തിട്ടു ഭക്ത്യാദരം
സ്തോത്രം ശ്രോത്രസുഖം രചിച്ചു പലതും
പുഷ്പാൎച്ചനാപൂൎവ്വകം
വൃത്രാരാതിപദാനുഭൂതിനചിരാന്നേടുന്നു
മൎത്ത്യൻഭുവി.

൫൩

കാഞ്ഞാമ്പൂവിലെഴുന്ന കോമളതയും
ചെന്താമരച്ചന്തവും
ദൈവത്തിൻമഹിമാനമോതുമവനൌ
വാചാമതീതം നൃണാം;
സാക്ഷാദക്ഷയദിവ്യശക്തി കലരും
നശ്വൽപദാൎത്ഥങ്ങളിൽ
പ്രത്യക്ഷം മനുജൎക്കു ഭക്തിവളരാനൽ-
ഫുല്ലദൃഷ്ടാന്തമായ്.

൬൪

പൊട്ടക്കല്ലിനു ദിവ്യശക്തിവരുവാൻ
മേലെന്നു ചൊല്ലുന്നവർ
തിട്ടം പൂവിലെഴുന്ന ലക്ഷ്മിയെമററ
ന്നീടുന്നു നേത്രാമൃതം;
കെട്ടിക്ഷേത്രശതങ്ങൾ സിദ്ധരവയിൽ
സ്ഥാപിച്ചു ബിംബങ്ങളെ
ക്കാട്ടുന്നൂ നനു ഭക്തഭൂരിജനത
യ്ക്കീശപ്രഭാവം പരം.

൬൫

എന്നാലിന്നിവ കേവലത്തെ അറിയാൻ
പന്ഥാവു മാത്രം നൂണാം;
മന്നാളുന്നവരും കിടാങ്ങൾ
വടിവായല്ലോ വളന്നു ഭുവി;
തോന്നിക്കുന്നു പുനർവ്വികാരമവരിൽ
മായാമയം; സത്യമായ്
ഭിന്നിപ്പില്ല സനാതനാത്മവിലസ-
ജ്ജ്യോതിസ്സിനേന്നാളിലും.

൬൬

ദൈവത്തിൽ സ്ഥിരഭക്തിപൂണ്ടു
സകലം ബ്രഹ്മാർപ്പണം ചെയ്തുമി
ങ്ങവ്യാജം പടവാൻ ഭാരത
പരിഷ്കാരദ്രുമം സത്വരം,
നവ്യം ചാരു സുമാളി പൂത്തു, ഫലവും
സ്വാദ്യം വിളഞ്ഞൂ, തദാ
പ്രാപ്യം വന്നു ഭുജിച്ചു, വിത്തു
വിതറിദ്ദേശാന്തരന്തോറുമായ്.

൬൭

ബുദ്ധൻ ക്രിസ്തു മഹമ്മദും വിരുതനാം
കൺഫ്യൂഷിയസ്സും മഹാ-
സിദ്ധന്മാർ പലരും പുകഴ്ത്തി
പുതുതായുണ്ടാക്കി വേദങ്ങളേ
സന്ധാപ്പിച്ചു മതങ്ങളെങ്കിലും,
അവയ്ക്കുള്ളിൽക്കിടന്നീടവേ
സിദ്ധം ഭാരതഭൂമി പെററ
പലതാം സന്താനമായ് കണ്ടിടാം.

൬൮

ആട്ടിൻകുട്ടികളൊട്ടു കേളികലരും
കാട്ടുന്നു കൃത്താട്ടവും
മുട്ടും തമ്മിലുമെങ്കിലും സരസമായ്
നോക്കുന്നു നാം തുഷ്ടരായ്;
വെട്ടും കുത്തുമതായ് കിടാങ്ങൾ
കലഹിച്ചെന്നാൽ നിയന്ത്രിക്കുവാൻ
തിട്ടം ചട്ടമെടുത്തിടും; ഗതി
മതങ്ങൾക്കും സമാനം ഭുവി.

൬൯

തള്ളയ്ക്കുള്ളൊരു പാല്യവററി,
പലതായ് വ്യാപാരവും മക്കളിൽ,
പിള്ളേർ തമ്മിലടിച്ചു തീററികവരാൻ
വെല്ലുന്ന മട്ടല്ലയോ
ഉള്ളം തീരെ മറന്നിടുന്ന
മതസന്താനങ്ങൾ തുള്ളിത്തുലോം
ഭള്ളും പൂണ്ടുലകാകെയേകരണ്ടു
വാക്കിത്തകക്കുന്നതും?

൭൦

സാഹോദര്യവഴിക്കു സൗഹൃദമുദിച്ചാ
രോഗ്യവും മേൽക്കുമേൽ
സാഹായ്യം വിനയം ഗുരുത്വവു
മിയററീടും മതസ്ഥാപകർ
ഊഹിക്കാത്ത ദുരാഗ്രഹങ്ങളുളവായ്
രാഷ്ട്രങ്ങളാളുന്നപേർ
മോഹാന്ധത്വമിയന്നു നെല്ലു
വിളയാൻ മങ്കും വിതയ്ക്കുന്നു ഹാ!

# സ്മരണമണ്ഡലം.

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.

(തുടൎച്ച)

"ഏകയേവാ ദ്വിതീയശ്ചാമിപ്പിള്ളാശാൻ" എന്നു പറയത്തക്കവിധത്തിൽ അത്ര അനന്യസാധാരണനായിരുന്നില്ല മഹാനുഭാവനായ എന്റെ ഗുരുനാഥൻ. ഒരു കാലത്തു് വിദ്യയ്ക്കു അദ്ധ്യേതാവിന്റെ അന്തശ്ശരീരത്തിൽ പ്രവേശിക്കുവാൻ സംഗീതമായി തലയ്ക്കിട്ടു് കൊട്ടുകളും വിദ്യാൎത്ഥികളുടെ ശബ്ദഘോഷണങ്ങളും ചൂരൽ വടികൊണ്ടു് ചില തട്ടുകളും വേണ്ടിയിരുന്നതിനു് പുറമേ കൎണ്ണരന്ധ്രങ്ങളിൽ കടന്നു കൂടുന്നതിനു മുൻപു്, മത്തഭ്രമരം പുഷ്പത്തിന്റെ മദ്ധ്യഭാഗത്തു് തേൻ തപ്പിച്ചെന്നു് ചുററുമുള്ള പുഷ്പദലങ്ങളിൽ പരുഷമായി പതിയ്ക്കുന്നതുപോലെ കാതിന്റെ വള്ളികളിലും മററും ചില ഉഴവുചാലുകൾ ഉണ്ടാക്കാതെ കഴിഞ്ഞിരുന്നില്ല. ഇതു് നമ്മുടെയിടയിൽ മാത്രമുണ്ടായിരുന്ന പതിവല്ല. "ചാർല്സ് ഡിക്കൻസി"ന്റെ നോവലുകളിൽ ചിലതിൽ ഈ സ്ഥിതി വൎണ്ണിച്ചിട്ടുള്ളതു് വായനക്കാർ ഓൎക്കുമായിരിക്കും. എങ്കിലും ചാമിപ്പിള്ള ആശാന്റെ ജീൎണ്ണവും സുഷിരമയവുമായ ശരീരം പരിത്യജിച്ച വയോധികനായ ജീവാത്മാവു് പുനൎജ്ജന്മവിമുഖമായി അദൃശ്യമായി ഇപ്പോഴും വായുമണ്ഡലത്തിൽ സഞ്ചരിക്കുന്നുണ്ടെങ്കിൽ ആ മഹാത്മാവിനെപ്പററി അനധികൃതമായി ചെയ്യുന്ന ഈ വിചാരണകൾ കണ്ടു് കയൎത്തു് എന്റെ ശ്രോത്രമണ്ഡലത്തെ ആക്രമിക്കുമോ എന്നു ഭയന്നു് ഈ വിചാരം നമസ്കാരപൂൎവം ഇവിടെ വിരമിപ്പിക്കുന്നു.

## രണ്ടാമദ്ധ്യായം

പിന്നീടു് ഞാൻ പഠിച്ചിരുന്നതായി ഓൎക്കുന്ന പള്ളിക്കൂടം കള്ളർകോട്ടു കരയിൽ താനാകുളത്തിന്റെ വടക്കുകിഴക്കെക്കോണിൽ ആയിരുന്നു. അതു് ഞങ്ങൾ താമസിച്ചിരുന്ന മുരിങ്ങനാട്ടുനിന്നും ഉദ്ദേശം രണ്ടുമൈൽ ദൂരെയാണു്. അവിടത്തെ ഹെഡ്മാസ്റ്റർ എന്റെ അച്ഛന്റെ അരിവെയ്പുകാരൻ അനന്തകൃഷ്ണയ്യനായിരുന്നു. രാവിലെ പാചകകൃത്യം നിൎവഹിച്ചു് ഭക്ഷണവും കഴിഞ്ഞു് ഉണ്ടതെല്ലാം വിദ്യാലയത്തിലെത്തുമ്പൊഴേയ്ക്കു് ദഹിക്കുമാറു് പ്രഭാതവ്യായാമമായി നടന്നു് അസ്പൃശ്യമായ വാഹനംപോലെ എന്നെ പള്ളിക്കൂടത്തിലേക്കു അദ്ദേഹം നയിച്ചുവന്നു. കൂടാതെ അവിടെ കരിപ്പുറത്തു് രാമനാശാൻ എന്നൊരു വാദ്ധ്യാർകൂടി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രധാനകൃത്യം പല്ലുതേയ്ക്കാതേയും നാക്കുവടിക്കാതേയും മററു ശൌചകൎമ്മങ്ങൾ അനുഷ്ഠിക്കാതേയും സ്കൂളിൽ ഹാജരാകുന്ന കുട്ടികളെ കണ്ടുപിടിച്ചു്, ദന്തധാവനാദി ശൌചകൎമ്മങ്ങൾ അനുഷ്ഠിക്കുന്നതിലേക്കു് ധാവനം ചെയ്യിപ്പിക്കുകയായിരുന്നു. അക്ഷരാഭ്യാസാദികാൎയ്യങ്ങൾ അത്ര ഗൌരവമുള്ളതായി രാമനാശാൻ ഗൌനിച്ചിരുന്നില്ല. ഈ പള്ളിക്കൂടം വിട്ടുപിരിഞ്ഞതിന്റെശേഷം രാമനാശാനു് തിരുവാതിരക്കളിയിൽ വളരെ സാമൎത്ഥ്യമുണ്ടെന്നു് ഞാൻ കണ്ടു് ബോദ്ധ്യപ്പെ

ട്ടിട്ടുണ്ട്. വട്ടത്തിൽ നടന്നു സ്ത്രീകൾ തിരുവാതിരകളിക്കുമ്പോൾ അവരുടെ ഇടയിൽ ഒരു വിടവു് വല്ലയിടത്തും കണ്ടാൽ അവിടെ ആശാൻ കടന്നുകൂടുകയും മുമ്പിനാലെ ഉണ്ടായിരുന്ന കളിക്കാരനെപ്പോലെ ചുവടുകൾ വച്ചും കഠോരമായ കണ്ഠഘണ്ടാധ്വനി മുഴക്കിയും ലജ്ജാവതികളെ ചിരിപ്പിച്ചും പ്രഗത്ഭകളെ മൽസരിപ്പിച്ചും ആകപ്പാടെ ഒരു കൊഴപ്പുണ്ടാക്കുന്നതിനു് ഉപകരിച്ചു വരികയും ചെയ്തിരുന്നു.

അനന്തകൃഷ്ണയ്യർ കാലാന്തരത്തിൽ ഉപാദ്ധ്യായവൃത്തിയും ഞങ്ങളുടെ വീട്ടിലെ പാചകവൃത്തിയും വിട്ടു് നെൽപുരക്കണക്കുവേലയിലും അവിടന്നു് പ്രമോഷൻ കിട്ടി നെൽപുര വിചാരിപ്പുവേലയിലും വളരെ പ്രശോഭിച്ചിരുന്നതിന്റെ ശേഷം പെൻഷൺപററി പരലോകത്തേയ്ക്കു് പൊയെന്നു് വിശ്വസിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹമൊരു ധീരനായിരുന്നെന്നുള്ളതിനു് തക്കമില്ല, എന്തുകൊണ്ടെന്നാൽ ഒരാണ്ടു് അമ്പലപ്പുഴ ഉൽസവം കാണുവാൻ ഇദ്ദേഹം മാൎഗ്ഗദർശിയായും ഞങ്ങൾ പിൻഗാമികളായും ഒരു രാത്രി ക്ഷേത്രത്തിന്റെ കിഴക്കെ നടയിൽ ചെന്നപ്പോൾ ആലിന്റെ വേരാണെന്നു വിചാരിച്ചു് ഒരു പാമ്പിന്റെ തലയിൽ അദ്ദേഹം ചവിട്ടുന്നതിനിടയായി. തലയിൽ സൂക്ഷ്മമായി ചവിട്ടേററതുകൊണ്ടു് കടിയ്ക്കാൻ നിവ്വാഹമില്ലാതെ വിഷമിച്ച പാമ്പു് സാധുബ്രാഹ്മണന്റെ കാലിൽ കഴിയുംപോലെ ചുററി. അനന്തകൃഷ്ണയ്യനു് താനകപ്പെട്ടിരിക്കുന്ന ആപത്തു് മനസ്സിലായി. കാലിളക്കുകയാണെങ്കിൽ പാമ്പു കടിക്കും. അല്ലെങ്കിൽ പാമ്പിന്റെ വാലു ചുററി സ്തംഭംപോലെ നില്ക്കേണ്ടിവരും. പാമ്പിനും ഇതുപോലെ വിട്ടിട്ടുപോകാനും തരമില്ല, ചവിട്ടേല്ക്കാതെയിരിക്കാനും തരമില്ലെന്ന ധമ്മസങ്കടം നേരിട്ടു. എങ്കിലും പരാജയം പാമ്പിനു തന്നെയാണു പററിയതു്. ക്രമേണ അനന്തകൃഷ്ണയ്യന്റെ പാദം കൊണ്ടുള്ള പിതുക്കു് നിമിത്തം പാമ്പിന്റെ തല വിത്തുചേമ്പു് വേകിച്ചതുപോലെ അരഞ്ഞു് ഭൂമിയോടു് ചേരുകയും വാലുകൊണ്ടുള്ള ചുററൽ ക്രമേണ അഴിഞ്ഞു പോകുകയും ഘോരമായ ഒരു അലച്ചയോടുകൂടി അനന്തകൃഷ്ണയ്യർ ചാടി ദൂരെ ചെന്നുവീണു് രക്ഷപ്പെടുകയും ചെയ്തു. ഇതാണു് അദ്ദേഹം ധീരനാണെന്നു് ഞാൻ ആദ്യമേ പറഞ്ഞതു്. അദ്ദേഹത്തിന്റെ ഭയങ്കരശ്ശബ്ദത്തിൽ ആകാശം മാറെറാലികൊണ്ടുവെന്നും പറയേണ്ടിയിരിക്കുന്നു.

കള്ളർകോട്ടു് പള്ളിക്കൂടത്തിൽനിന്നും ഗണ്യമായ വല്ല വിജ്ഞാനവും എനിക്കു് സിദ്ധിച്ചിട്ടുണ്ടോ എന്നു് രൂപമില്ല. പക്ഷെ ആ പ്രദേശം പലവിധത്തിൽ എന്റെ ഉപരിവളച്ചയിൽ ഘടിച്ചിട്ടുണ്ടെന്നു് എനിക്കു തോന്നാതിരുന്നിട്ടില്ല. കള്ളർകോട്ടു് ആലപ്പുഴനിന്നും ഉദ്ദേശം മൂന്നു നാലുമൈൽ തെക്കാണു്. അവിടെ കൊല്ലം 770-ാംമാണ്ടിടയ്ക്കാണെന്നു തോന്നുന്നു, പോർട്ടുഗീസ്കാരനായ മെനിസീസ് മെത്രാൻ ചെന്നിരുന്നതായും ദേശവാസികൾ ചേൎന്നു് ആ മെത്രാനോടു് ലഹളയ്ക്കു് ഒരുമ്പെട്ടതായും റെവറൻറ് 'ഹൈ' എഴുതിയിട്ടുള്ള ക്രിസ്ത്യാനിചരിതത്തിൽ വായിച്ചിട്ടുള്ളതായി ഓക്കുന്നു. കുഞ്ചൻനമ്പ്യാരുടെ തുള്ളൽകഥകളിൽ ഒന്നു രണ്ടിടത്തു് കള്ളർകോടിനെ കുറിച്ചു് പ്രസ്താവിച്ചിട്ടുണ്ടു്. അവിടത്തെ ക്ഷേത്രം എന്റെ ബാല്യത്തിൽതന്നെ പരമാവധി

ജീർണ്ണമായിരുന്നു. മുൻവശം രണ്ടു കളിത്തട്ടുള്ളവയിലെ പലകകൾ പലെടത്തും പൊയ്പ്പോകുകയാൽ ഇടയ്ക്കിടയ്ക്കു് പല്ലുകൊഴിഞ്ഞുപോയ വൃദ്ധവദനത്തിൻെറ ച്ഛായയെ വ്യക്തമായി സ്മരിപ്പിച്ചിരുന്നു. ഈ ക്ഷേത്രം ശ്രീമാൻ ആർ. കൃഷ്ണപിള്ളയുടെ കാലത്തു് ജീർണ്ണോദ്ധാരണക്രമങ്ങൾ അറിയുവാൻ തുടങ്ങിയെന്നു് തോന്നുന്നു. പ്രദോഷവ്രതമനുഷ്ഠിച്ചു് എത്രയോ പ്രദക്ഷിണം ആ ജീർണ്ണക്ഷേത്രത്തിനു് ചുററും ഞാൻ വെച്ചിട്ടുണ്ടു്! അവിടത്തെ ആരാധനയും ഭക്തിയും നിമിത്തം ഞാൻ ശിവഭക്തനായും തീർന്നിട്ടുണ്ടു്. അവിടെ ആനപ്പുറത്തെഴുന്നള്ളിപ്പു് അന്നു നടപ്പുണ്ടായിരുന്നില്ല. രജതവൃഷഭവിഗ്രഹത്തിൻെറ മുകളിലായിരുന്നു ഉത്സവത്തിനുപോലും എഴുന്നള്ളിപ്പുനടന്നിരുന്നതു്. ക്ഷേത്രത്തിൽനിന്നും കുറെ പടിഞ്ഞാറു മാറിയാണു് താനാകുളം എന്ന പ്രസിദ്ധകുളം സ്ഥിതിചെയ്യുന്നതു്.

"മണിദർപ്പണിമിവ ദദർശ വാപികാം"

എന്നുള്ള വർണ്ണന ഈ കുളത്തിനാണു് യഥാർത്ഥമായി യോജിക്കുന്നതു്. ഇത്ര മനോഹരമായ ഒരു കുളം തിരുവിതാംകൂർസംസ്ഥാനത്തു് ഉണ്ടോ എന്നു് സംശയമാണു്. അതിൻെറ വിമലിമയും വിസ്തൃതിയും ആഹ്ലാദകരത്വവും എന്നെ വളരെ ഗാഢമായി സ്പർശിച്ചിട്ടുള്ളവയാണു്. പിന്നീടു് ആലപ്പുഴ പള്ളിക്കൂടത്തിൽ ഞാൻ പഠിക്കുമ്പോൾ കാലാന്തരത്തിൽ എൻെറ ശ്വശുരനായിത്തീർന്ന ശ്രീമാൻ നാരായണമേനവനവർകൾ രാവിലെ ഇവിടെവന്നു കുളിച്ചു് സ്വകൃത്യനിർവ്വഹണത്തിലേയ്ക്കു് ത്വരപ്പെട്ടു് തിരിയെപ്പോകുന്നതു് അപരിചിതനായ ഞാൻ അചഞ്ചലദൃഷ്ട്യാ കണ്ടുനിന്നിട്ടുണ്ടു്. സാഹിത്യസ്നേഹിയും, സാഹിത്യപഥത്തിൽ എനിക്കു പരമോത്സാഹപ്രദനുമായിരുന്ന 'ചിന്നങ്കാടനാശാൻ' എന്ന അപരാഭിധാനത്താൽ വിദിതനായിരുന്ന ശ്രീമാൻ ഗോവിന്ദവാര്യരുടെ ഭവനം പ്രസ്തുതക്ഷേത്രത്തിനു് വളരെ സമീപമായിരുന്നു. എത്രയോ അക്ഷരശ്ലോകപരീക്ഷകൾ ഞങ്ങൾ ഇവിടെ വെച്ചു് നടത്തിയിട്ടുണ്ടു്! യശസ്കാമമില്ലാതെ സാഹിത്യസേവചെയ്തുകൊണ്ടിരുന്ന എത്രയോ വിദ്വജ്ജനങ്ങളെ ഞങ്ങൾ ഇവിടെവിളിച്ചുവരുത്തിയിട്ടുണ്ടു്! മനസ്സു് താനാകുളത്തിലും താനാകുളം മനസ്സിലും പരസ്പരം ലയിച്ചിരിക്കുന്നതു് യാവജ്ജീവം നിലനില്ക്കുന്ന പരസ്പരബന്ധമായിരിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. നാല്പപാട്ടും ദീർഘമണ്ഡപംപോലെ കാണപ്പെടുന്ന തീരപ്രദേശങ്ങൾ ധവളധവളമായ സികതാപൂരങ്ങളാൽ താനാകുളത്തെ അലങ്കരിച്ചിരിക്കുന്നതു കണ്ടാൽ രാമനാശാൻെറ ദന്തധാവല്യസിദ്ധാന്തം അനുസരിച്ചു് ആ പ്രദേശത്തിലെ ഭൂമിപോലും ശുചിസ്മിതയായി താനാകുളമാകുന്ന കണ്ണാടിയിൽ താനേ നോക്കി ആനന്ദിക്കുന്നില്ലയോ എന്നു് തോന്നിപ്പോകും. അതുപോലെ അനതിദൂരസ്ഥമായ സമുദ്രത്തിൽനിന്നും പുറപ്പെടുന്ന പവനപോതങ്ങൾ സമുദ്രതീരസീമയിൽ കാഞ്ചീലതപോലെ ദീർഘരേഖീഭവിച്ചുനില്ക്കുന്ന നാളികേരപംക്തികളാൽ മന്ദായമാനങ്ങളായി താനാകുളത്തിങ്കൽ പര്യവസാനിക്കുന്നതും സ്മരണീയമാകുന്നു. ഇങ്ങനെ താനാകുളം ഒരു ശുദ്ധികേന്ദ്രമാണെന്നു് പറയേണ്ടിയിരിക്കുന്നു. പരമശിവൻെറ പശ്ചാൽഭാഗത്തു് സ്നാനം കൊണ്ടു് അപ്സരായമാണകളായ തദ്ദേശതരുണികളുടെ ശൃംഗാരദേശികനായ സുമസായകൻ ശ്രീമഹാദേവൻെറ മുൻപിൽ തൃക്കണ്ണുകൾ ഭയന്നു് നില്ക്കു

വാൻ ഭീരുവായിട്ടു് പിൻഭാഗത്തുനിന്നു് തന്റെ കുസൃതികൾ നിമിത്തം ദേവൻ കോപിച്ചു് തിരിഞ്ഞുനോക്കുന്നപക്ഷം അഗ്നിബാധയിൽ നിന്നു് താനാകുളത്തിൽ മുങ്ങിക്കിടന്നു് രക്ഷപ്പെടാമെന്നു കരുതി അതിന്റെ തീരപ്രദേശത്തു് അദൃശ്യനായി വിലസുന്നില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഭട്ടബാണന്റെ മട്ടിൽ എന്റെ വാചാലതയെ ഉച്ചലിപ്പിക്കുന്നതിന്നു് താനാകുളം പ്രേരകമാണെങ്കിലും സംക്ഷേപരസം ബലവത്തരമായി തോന്നുകയാൽ താനാകുളത്തിനും നമസ്കാരം പറഞ്ഞു് ഇവിടെ വിരമിക്കുന്നു.

ഞാൻ പഠിച്ചിരുന്നതായി പറവൂർ കരയിൽ ഒരു പള്ളിക്കൂടംകൂടിയുണ്ടു്. അതു് മുരിങ്ങനാട്ടു വീട്ടിൽനിന്നും വളരെ ദൂരെയാണെന്നു് പറയുവാനില്ല. "അനന്തകൃഷ്ണഭട്ടൻ" അരിപ്പുരയിൽ നിന്നും പിൻവാങ്ങി കണ്ടകൃഷിക്കാരുടെ നെൽപ്പുരയിൽ പ്രവേശിക്കുവാൻപുറപ്പെട്ടതിൽ പിന്നെയാണെന്നു തോന്നുന്നു, 'തേവലപ്പുറത്തു വെളി' യിലുണ്ടായിരുന്ന പള്ളിക്കൂടത്തിൽ ഞാൻ പ്രവേശിക്കുവാൻ പുറപ്പെട്ടതു്. അതിന്റെ സ്ഥാപകന്മാരും ഭരണാധികാരികളും ആലപ്പുഴ ഉണ്ടായിരുന്ന ലണ്ടൻ മിഷ്യൻ സൊസൈററിക്കാരായിരുന്നു. ആ പാഠശാലയിൽ രണ്ടു ഭാഗങ്ങളുണ്ടായിരുന്നതിൽ ഒന്നിൽ ഇംഗ്ലീഷും മററൊന്നിൽ മലയാളവും പഠിപ്പിച്ചുവന്നു. ഞാൻ മലയാളംക്ലാസിലാണു് ആദ്യമായി ചേന്നതു്. എന്റെ ഉപാദ്ധ്യായനായിരുന്ന കരയാംവട്ടം 'കൊച്ചുക്കനാശാന' വർകൾ വളരെ ദൂരം പാദചക്രംകൊണ്ടു് അതിലംഘിച്ചു് സ്കൂളിൽ ഹാജരാകുകയാണു് ചെയ്തുകൊണ്ടിരുന്നതു്. അതുകൊണ്ടു് അദ്ദേഹം മദ്ധ്യാഹ്നത്തിൽ ശുദ്ധോപവാസം അനുഷ്ഠിച്ചിരുന്നു. ചിലപ്പോൾ ഞാൻ സാറിനെ ഉച്ചയ്ക്കു് വല്ല ഭക്ഷണവും കൊടുക്കുന്നതിന്നു് വിളിച്ചു വീട്ടിൽകൂട്ടിക്കൊണ്ടുപോകുകയും അതൊരു പതിവായി തീരുകയും ആശാൻ മദ്ധ്യാഹ്നാൽപരം ഞങ്ങളോടു പ്രസന്നനായി പെരുമാറുകയും ചെയ്തുവന്നിരുന്നു. ആശാന്റെ കാരുണ്യംകൊണ്ടു് ചൂരൽവടിഇല്ലാതെതന്നെ മലയാളം എഴുതുവാനും വായിക്കുവാനും ഞാൻ ഒരുവിധം അഭ്യസിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം എന്റെ പിതൃവ്യൻ ആലപ്പുഴ ജില്ലാക്കോട്ടു വക്കീൽ ജനാർദ്ദനൻ പ്ലാപ്പള്ളിഅവർകൾ ഈ പള്ളിക്കൂടത്തിൽ കയറിവരുകയും അദ്ദേഹത്തിന്റെ മക്കൾ ഇംഗ്ലീഷും ഞാൻ മലയാളവും പഠിച്ചുകൊണ്ടിരുന്ന വ്യത്യാസം പരിഹരിക്കുവാൻ എന്നെക്കൂടി ഇംഗ്ലീഷുഭാഗത്തിൽ ചേക്കണമെന്നു് ഹെഡ്മാസ്റ്ററോടു് പറയുകയും ഇപ്രകാരം യദൃച്ഛയാ ഞാൻ ഇംഗ്ലീഷുപഠിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇംഗ്ലീഷ് ഉപാദ്ധ്യായൻ മിസ്റ്റർ സി. സി. വക്കി എന്നൊരാളായിരുന്നു. പ്രശംസനീയമായ താല്പര്യത്തോടും, സ്വകൃത്യത്തിൽ ആദരവോടും അദ്ദേഹം ഞങ്ങളുടെ അദ്ധ്യാപനം നടത്തിയിരുന്നു. ആ സ്കൂൾ വിട്ടുപോയതിൽ പിന്നീടു് അദ്ദേഹം എവിടെയാണെന്നു് ഞാൻ പല അന്വേഷണങ്ങൾ നടത്തിയതിലും കണ്ടുകൂടുവാൻകഴിഞ്ഞിട്ടില്ല. പിന്നീടു് വന്നു ചേന്ന വാദ്ധ്യാർ ഒരു മിസ്റ്റർ ഇട്ടിയായിരുന്നു. അദ്ദേഹത്തിന്നു് ചാമിപ്പിള്ള ആശാന്റെ ഉപകരണങ്ങളിൽ ചൂരൽവടിയുടെ പ്രാധാന്യം അഗണ്യമാക്കുവാൻ സാധിച്ചിരുന്നില്ല. അന്യഥാ ഒരുനല്ല വാദ്ധ്യാരായിരുന്നു, മി. ഇട്ടി. പാതിരി

സായിപ്പ് പള്ളിക്കൂടം നോക്കുവാൻ വരുന്നുവെന്ന് അറിവു കിട്ടുന്ന ദിവസങ്ങളിൽ അദ്ദേഹത്തിന്റെ ചൂരൽ വടിയ്ക്ക് അജ്ഞാതവാസം പ്രായേണ കണ്ടുപോന്നു. പാതിരി സായിപ്പ് വരുന്നതു് സാധാരണ കുതിരപ്പുറത്തായിരിക്കും. കൂടെ മറെറാരു കുതിരയിൽ ഒരു മദാമ്മ കൂടി കാണും. നാട്ടുകാർക്കും വിദ്യാർത്ഥികൾക്കും ഇവരുടെ ആഗമം ഒരു മഹോത്സവം പോലെ ഉത്സാഹപ്രദമായിരുന്നു. സ്കൂൾ പരിശോധന കഴിഞ്ഞാൽ അവർ ചില പുസ്തകങ്ങളും കുപ്പായങ്ങളും കുട്ടികൾക്കു് സമ്മാനം കൊടുക്കുക പതിവായിരുന്നു. ഈ പള്ളിക്കൂടം വളരെനാളത്തേയ്ക്കുണ്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ടു്. ഒരു വെള്ളപ്പൊക്കത്തിലാണെന്നു തോന്നുന്നു, അതിന്റെ മേൽക്കൂട്ട് ഊക്കൻ കാററുമായി മത്സരിച്ച് പറക്കുകയും അങ്ങനെ പാഠശാല ഭിത്തിമാത്രമായിട്ടു് അവശേഷിക്കുകയും ചെയ്തുവെന്നാണ് അറിയുന്നതു്. സ്ഥാനഭ്രംശപരിഭ്രമത്തിൽ കുട്ടികളുടെ തല ഒന്ന് തലോടിക്കൊണ്ടു് പുറപ്പെടണമെന്ന് മേൽക്കൂരയ്ക്കു തോന്നാത്തതു് പരമമര്യാദ തന്നെ.

ഇങ്ങനെ അക്കാലത്തു് പറവൂർ, കള്ളർകോട്ട് എന്ന കരകളിൽ ഉണ്ടായിരുന്ന മിക്ക പള്ളിക്കൂടങ്ങളിലും ഞാൻ പഠിച്ചിട്ടുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഒടുവിൽ പറഞ്ഞ പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, അതായതു് ഏകദേശം എട്ടുപത്തു് വയസ്സ് പ്രായമുള്ളപ്പോൾ ഞങ്ങളുടെ താമസം സ്ഥിരമായി മുരിങ്ങനാട്ടുനിന്നും അമ്പലപ്പുഴയ്ക്ക് മാറേറണ്ടതായിട്ടു വന്നു. ഞങ്ങൾ അമ്പലപ്പുഴയ്ക്കു പോയതിനു പുറകേ മുരിങ്ങനാട്ട്, കോട്ടേലത്തിൽ പോകുകയും ചെയ്തു. അസുഖഭൂയിഷ്ഠമായ ആ ഭാഗങ്ങളൊക്കെയും ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല.

വിദ്യാർത്ഥികളുടെ കായികമായ പുഷ്ടിയും സൌഷ്ഠവവും വിദ്യാലയാധികാരികളുടെ കാര്യമായി അന്ന് ആരും ഗൌനിച്ചിരുന്നില്ല. ഞാൻ തിരുവനന്തപുരത്തു കാളജിൽ പഠിക്കുമ്പോൾപോലും കായികമായ വ്യായാമം നിസ്സാരമായ ഒരു കാര്യമായേ കരുതിയിരുന്നുള്ളു. ഞങ്ങളുടെ ഇംഗ്ലീഷ് പ്രൊഫസ്സർ സി. എസ്. ബായിൽ അവർകൾ നാലുമണിക്കു പള്ളിക്കൂടം വിട്ടാൽ ഫുട്ബാൾ കളിക്കുന്നതിലേക്കു ആൾപിടിത്തത്തിനു പണ്ടു് കപ്പാലക്കടവിൽ കേവുവഞ്ചിക്കാരേക്കാളും ഇപ്പോൾ അഷ്ടാസനക്കാറിലേക്കു ആൾ ശേഖരിക്കുന്ന കൺഡാക്ടറന്മാരേക്കാളും ജാഗ്രതയായി നില്ക്കുന്നതും അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നതും, ഞാൻ കണ്ടിട്ടുണ്ടു്. ആസ്ഥിതിക്കു് മുൻ വിവരിക്കപ്പെട്ട പള്ളിക്കൂടങ്ങളിൽ വ്യായാമ വിഷയമായി ഒരേർപ്പാടും ഉണ്ടായിരിക്കുവാൻ ഇടയില്ലെന്നു് സ്പഷ്ടമാണല്ലോ. എന്നാൽ ബാലന്മാർ വിദ്യാർത്ഥികളായാൽ അവർക്കു് കളികളിലും വിനോദങ്ങളിലും ഉള്ള ആസക്തി അററുപോകുമെന്നുള്ള ഭാവന തീരെ അനാസ്പദമാകുന്നു. ലോകം ഈശ്വരൻ സൃഷ്ടിച്ചതുതന്നെ കേവലം ലീലയായിട്ടാണെന്നാണ് വലിയ ചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു്. "വിശ്വം ചമയ്ക്കുമുടനേയതു കാത്തഴിക്കും വിശ്വൈകനാഥനു കളിപ്പുരയെന്നപോലെ" എന്ന കീർത്തന ശ്ലോകംതന്നെ നോക്കുക. കളിയിലുള്ള രസം സഹജമാണു്. അതുകൊണ്ടു് വിദ്യാർത്ഥികൾക്കു സ്കൂളുമായി ബന്ധമില്ലെങ്കിൽ

തന്നെയും മറ്റെവിടെയെങ്കിലും അവർ കളിക്കാതിരിക്കുന്നതല്ല. കളിയോട്ട് തീരെ ആസക്തിയില്ലാത്ത വിദ്യാൎത്ഥികളുണ്ടെങ്കിൽ അവർ ക്രമേണ മരപ്പാവകളോട്ട് ശീലത്തിൽ സായൂജ്യം പ്രാപിക്കുന്നവരായിരിക്കും.

പറവൂർക്കരയിൽ മുരിങ്ങനാട്ടു താമസിച്ചിരുന്നപ്പോഠം എനിക്കു് പ്രിയപ്പെട്ട കളി എന്തായിരുന്നു എന്നു ചോദിച്ചാൽ വള്ളംകളിയാണെന്നു പറയേണ്ടിയിരിക്കുന്നു. വീട്ടിനു ചുററും വയലുകളും തോട്ടുകളും സമൃദ്ധിയായിട്ടുണ്ടായിയിരുന്നു. വിശിഷ്യ കിഴക്കുവശം വിശാലമായ വയലുകഠം പരമ്പരയായി പമ്പാനദിവരെനീണ്ടുകിടന്നിരുന്നതും പ്രസ്താവയോഗ്യമാണു്. ഇവിടെ കൃഷികാലം ഒഴിച്ചാൽ എല്ലാസമയവും വെള്ളം ഉണ്ടായിരിക്കും. അങ്ങനെയുള്ള വയലുകളിലും തോട്ടുകളിലും തുഴയും നയ്മ്പും ഉപയോഗിച്ചു് വള്ളം കളിക്കുന്നതുപോലെ ഉത്സാഹമായ ഒരു വിനോദം ഞാൻ അനുഭവിച്ചിട്ടില്ല. കുത്തിയിരുന്നു് നിരങ്ങി നിരങ്ങിക്കളിക്കുന്ന ഗോലികളിയും ലക്ഷ്യത്തിൽ എററുന്നതിനു് സാമൎത്ഥ്യം അഭിവൃദ്ധമാക്കുന്ന അണ്ടികളിയും തലപ്പന്തുകളിയും കിളിയന്തട്ടുകളിയും മററും ഓണക്കാലത്തു് പറവൂർ കരക്കാർ ശാസ്താങ്കൽ മുററത്തു് നടത്താറുണ്ടായിരുന്നതും ഞാൻകൂടി അതിലൊക്കെ ഭാഗഭാക്കായി ഇരുന്നിട്ടുള്ളതും ആണു്. പകടകളി, ചീട്ടുകളി, മുതലായി യദൃച്ഛാപ്രമാണങ്ങളായ ചില കളികളും ഏഴാമത്തുകളി, കൊടംപൂജകളി മുതലായ വിനോദങ്ങളും അന്നു നടപ്പുണ്ടായിരുന്നവയാണു്. കുറേക്കൂടി പ്രായമായതിനുശേഷം ചതുരംഗം കളിയിലും ഞാൻ അത്യുത്സാഹിയായിത്തീൎന്നു. ചുരുക്കംപറഞ്ഞാൽ കാലിൻെറ വേഗമോ പാടവമോ അവശ്യം കൂടിയേതീരൂ എന്നുള്ള വിനോദങ്ങളിലും കളികളിലും ഞാൻ വളരെ താല്പൎയ്യമുള്ളവനായിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. വള്ളംകളിക്കു് * കാലുകൊണ്ടുള്ള പ്രയോഗം മിക്കവാറും അനപേക്ഷിതമായിരുന്നതുകൊണ്ടായിരിക്കാം അതിൽ എനിക്കു് താല്പൎയ്യം തോന്നിയതു്. എന്നാൽ സഹക്രീഡികളായി കുറെ ആളുകളെങ്കിലും ഇല്ലാതെ വള്ളംകളി നടത്തുന്നതിനു നിവൃത്തിയില്ല. അതുകൊണ്ടു് ഇപ്പോഴും ആ കളിയിൽ എനിക്കു് താല്പൎയ്യമുണ്ടെങ്കിലും അതു വെറും താല്പൎയ്യമായി പ്രവൃത്തിമാൎഗ്ഗത്തിൽ അനുഷ്ഠാനമില്ലാതെയായിതീൎന്നിട്ടു വളരെക്കാലമായിരിക്കുന്നു. ഡാൿടർ മിച്ചലിൻെറ കാലത്തു വേളിക്കായലിൽ വള്ളംകളി ഉൎജ്ജിതത്തിൽ നടത്തുന്നതിനു് വേണ്ട ശ്രമം നടന്നു. ആ ശ്രമം അചിരേണ വന്ധ്യമായി പരിണമിക്കയാണുണ്ടായതു്. വള്ളംകളി ആപത്തില്ലാത്ത ഒരു വിനോദമാണു് എന്നു് വിചാരിക്കേണ്ട. അതിനെപ്പററി മേൽ പ്രതിപാദിക്കാം. ഇങ്ങനെ ഏട്ടുപത്തു വയസ്സായപ്പോഴേയ്ക്കും മാനസികമായും കായികമായും സിദ്ധിച്ച പോഷണങ്ങളോടുകൂടി ഞങ്ങഠം വീണ്ടും അമ്പലപ്പുഴെ താമസം ഉറപ്പിച്ചു. എന്നാൽ ഇത്തവണ താമസിച്ചതു് കടമ്മാട്ടുവീട്ടിലായിരുന്നില്ല. അതിനു സമീപംതന്നെ അമ്മയുടെ ഇളയസഹോദരിയുടെ ഭൎത്താവായിരുന്ന കലവറ പരമുപിള്ള പ്രവൎത്ത്യാരവർകഠം പുതുതായി പണിയിച്ചുകൊടുത്ത കിഴക്കേ മാളിയേക്കൽവീട്ടു് ആരും താമസം ഇല്ലാതെ കിടന്നതുകൊണ്ടു് ഞങ്ങളുടെ താമസം അവിടെ ആക്കി. ഒരു പള്ളിക്കൂടത്തിലും ചേരാതെ അവിടെ ഞാൻ കുറേനാഠം താമസിച്ചിരുന്നു. എന്നാൽ ഈ അന

* ഇപ്പൊഴത്തെ ശയ്യാവലംബം എത്ര സന്താപകരമായിട്ടാണു് അസ്മാദൃശന്മാൎക്കു തോന്നുന്നതു്:—Ed.

ദ്ധ്യായ കാലം ദീൎഘീഭവിക്കുന്നതിനു മുമ്പ് അമ്പലപ്പുഴെ ഡിസ്ട്രിക്ററ് ഇംഗ്ലീഷ്സ്കൂളിൽ എന്നെ ചേൎത്തു. ആ പള്ളിക്കൂടത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും അതു സംബന്ധിച്ചുള്ള നാട്ടുഭാഷാഭ്യാസവും മാത്രമേ എനിക്കു സിദ്ധിച്ചിട്ടുള്ളു. ആറു ക്ലാസ്സുകൾ ആ പള്ളിക്കൂടത്തിൽ ഉണ്ടായിരുന്നതിൽ ക്രമേണ പ്രതിവൎഷം ഓരോ ക്ലാസുവീതം ഞാൻ കടന്നുകൂടി. മെസേർസ് നരസിംഹക്കമ്മത്തി, വേലുപ്പിള്ള, കുളത്തൂഅയ്യൻ, ചിദംബരയ്യൻ, സുബ്ബയ്യൻ മുതലായവർ അവിടെ ഉപാദ്ധ്യായന്മാരായിരുന്നു. ആ പള്ളിക്കൂടം പഴയതാലൂക്കുകച്ചേരിയായിരുന്നു. അവിടെനിന്നും ഇംഗ്ലീഷുപള്ളിക്കൂടം കടപ്പുറത്തേക്കു മാററിയതിനു ശേഷം അതു മലയാംപള്ളിക്കൂടമായി ഉപയോഗിച്ചു വന്നിരുന്നു. സന്ധിബന്ധങ്ങളുടെ ജീൎണ്ണതകൊണ്ടു് ഈ വൃദ്ധവിദ്യാലയം എപ്പോഴാണു് നിലം പതിക്കുന്നതെന്നു നിശ്ചയമില്ലാതെ ഇപ്പോൾ ശൂന്യമായി കിടക്കയാണു്. പരേതനായ ദേവസ്വം കമ്മീഷണർ ആർ കൃഷ്ണപിള്ള, ആർ നീലകണ്ഠപ്പുതുവാൾ, ആർ ഗോവിന്ദപ്പുതുവാൾ മുതലായ പലരും ഈ വിദ്യാലയത്തിൽ പഠിച്ചു് ജയിച്ചിട്ടുള്ളവരാണു്. മനുഷ്യരുടെ മനസ്സിൻെറ അന്ധകാരം ഉച്ചാടനം ചെയ്യുന്നതിന് വിവിധ വിധികൾ നടന്നുകൊണ്ടിരുന്ന ഈ പള്ളിക്കൂടത്തിൻെറ കോണഭാഗത്തുള്ള മുറികളിൽ അന്ധകാരം ഒളിച്ചിരുന്നതായി തോന്നുമായിരുന്നു. ഇൻസ്പെക്ടരായിരുന്ന ജെ. ഏ. ഡത്തി അവർകളും വിദ്യാഭ്യാസമേലദ്ധ്യക്ഷനായിരുന്ന ഡാക്ടർ ഹാർവി സായിപ്പും മററും പരിശോധനയ്ക്കുവരുമ്പോൾ അവിടെ ഇരുന്നു് ശരീരധാവള്ള്യത്തിന് ചന്ദ്രഗ്രഹണവേളയിലെന്നപോലെ "കൃഷ്ണവിലാസ" ത്തോടുകൂടി പ്രസിദ്ധമായ അമ്പലപ്പുഴപ്പായസവും പാനീയങ്ങളും മററു ഭോജ്യങ്ങളും കഴിക്കുമായിരുന്നു.

അമ്പലപ്പുഴെ പള്ളിക്കൂടത്തിൽ പഠിച്ചിരുന്നപ്പോൾ ഞാൻ ഒരു ക്ലാസിലും തോററിട്ടില്ല എന്നുതന്നെയല്ല, ഉയൎന്ന ക്ലാസുകളിലേയ്ക്കുചെല്ലുന്തോറും സമൎത്ഥനായ വിദ്യാൎത്ഥിയാണെന്നുള്ള പ്രശംസയ്ക്കു പാത്രമായിത്തീരുകയും ചെയ്തിരുന്നു എന്നുള്ള അഭിമാനകരമായ സംഗതി അഹംഭാവമാണെന്നു അസൂയാമൂൎഖന്മാർ വ്യാഖ്യാനിച്ചാലും പ്രസ്താവിക്കാതെ തരമില്ല. കണക്ക്, ക്ഷേത്രഗണിതം ഇംഗ്ലീഷ്, മലയാളം ഇത്യാദി വിഷയങ്ങളിൽ രണ്ടോ മൂന്നോ വിദ്യാൎത്ഥികൾ എന്നോടു കിടനില്ക്കുന്നവരുണ്ടായിരുന്നു എങ്കിലും ഹെഡ്മാസ്റ്റർ സുബ്ബയ്യൻ എന്നെ അഗ്രേസരനായി ഗണിച്ചിരുന്നു. അദ്ദേഹം അസാമാന്യനായ ഒരദ്ധ്യാപകൻ ആയിരുന്നു. പരീക്ഷ അടുക്കുമ്പോൾ അദ്ദേഹത്തിൻെറ ക്ലാസിലെ വിദ്യാൎത്ഥികൾ താൻ താമസിച്ചിരുന്ന മഠത്തിൽ കിടക്കുവാൻ ചെല്ലണമെന്നു് നിബന്ധിച്ചിരുന്നു. അവിടെ ഭഗവതിസേവനടത്തി പഴയപാഠങ്ങൾ ആവൎത്തിച്ചു പഠിപ്പിച്ചുകൊണ്ടിരുന്നു. വെളുപ്പാൻ കാലമായാൽ വിദ്യാൎത്ഥികൾ പുതച്ചുമൂടികിടക്കാൻ ഇടയാകാതെ അദ്ദേഹത്തിൻെറ സന്നിധിയിൽ അദ്ധ്യയനം നടത്തിയതിൻെറ ശേഷം ഉദയത്തോടുകൂടി എല്ലാപേരും പിരിഞ്ഞുപോകുമായിരുന്നു. ഇങ്ങനെയൊരു ഗുരുകുലസമ്പ്രദായവും ആധുനികരീതിക

ളും യോജിപ്പിച്ചുകൊണ്ടാണ് അദ്ദേഹം അധ്യാപനം നടത്തിവന്നതു്. ഇതുകൊണ്ടു പലകുട്ടികൾക്കും പലഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഏകദേശം ഈ തരായ അനുസരിച്ച് വന്ന മറെറാരു അദ്ധ്യാപകൻ തിരുവനന്തപുരം കാളേജിലെ പ്രഫസ്സർ സി. ഏസ് ബായിൽ എന്ന സായിപ്പവർകളായിരുന്നു. ഇംഗ്ലീഷ്സാഹിത്യം പഠിക്കുവാനുണ്ടായ വിദ്യാൎത്ഥികളെ സന്ധ്യകഴിഞ്ഞു് അദ്ദേഹം സ്വന്ത ബംഗ്ലാവിൽ ക്ഷണിച്ചുവരുത്തി സാഹിത്യവിഷയമായ പലസംഗതികളും ഉപദേശിച്ചുകൊടുത്തിരുന്നു. പ്രാചീന ഇംഗ്ലീഷ് സാഹിത്യ മാതൃകയായ ബിയോൾവുഫ്, മുതലായവയെ ആധുനിക ഇംഗ്ലീഷ്ഭാഷയിലേക്കു പരിവൎത്തനം ചെയ്തു് അദ്ദേഹം വിദ്യാൎത്ഥികളെ ധരിപ്പിച്ചു വന്നിരുന്നു. ഈ കൂടുതൽ പാഠപദ്ധതികഴിഞ്ഞു് ബിസ്കററു സോഡ മുതലായവ പ്രയോഗിച്ച് ഒരു ലഘുഭക്ഷണം കൂടി ശിഷ്യന്മാരായ അതിഥികൾക്കു് സായിപ്പു് കൊടുത്തുവന്നിരുന്നു.

(തുടരും)

## ഒരു കത്തിൻറകത്തു്

ഇയ്യിടെ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ശ്രീമാൻ പി. കെ. നാരായണപിള്ള അവർകളുടെ പേൎക്കെഴുതിയ ഒരു എഴുത്തിൽ "സ്മരണമണ്ഡലം" എന്ന പ്രബന്ധത്തെ പററി ഇപ്രകാരം പറയുന്നു:—

"ഞാൻ ഒന്നൊന്നര മാസമായിട്ടു തീരെ കിടപ്പിലാണു്. എന്നാൽ കുറച്ചുദിവസങ്ങളായി എന്തെങ്കിലും വായിച്ചു കേൾപ്പിക്കുന്നതായാൽ കഷ്ടിച്ചു മനസ്സിരുത്തുവാനുള്ള ഓജസ്സു കിട്ടി. "സഹൃദയ" മേടലക്കം ഇന്നലെ ഇവിടെ കിട്ടി. അതിലെ "സ്മരണമണ്ഡലം" എന്ന വിഷയം ഞാൻ വായിച്ചുകേട്ടു. ഈ രീതിയിൽ ഇതു മുഴമിക്കുന്നതായാൽ, ആകാശവിമാന മനഃസ്ഥിതിയോടുകൂടിയ ഇന്നത്തെ സാഹിത്യലോകത്തിനു മനസ്സിലാക്കി വായിച്ചു രസമനുഭവിക്കുവാനുള്ള യോഗമോ ഭാഗ്യമോ ഇല്ലാതെ പോയാലും, സാഹിത്യാരാമത്തിൽ എന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന യഥാൎത്ഥ മധുപങ്ങൾക്കു് ഒരുപജീവനത്തിന്നും, കവിയുടെ ശാശ്വതയശസ്സിന്നും ഉപകാരപ്രദമായിരിക്കുമെന്നുള്ളതിന് ഈ കൈരളീഭക്തപരമാണുവിന് യാതൊരുസംശയവുമില്ല.

ഇങ്ങനെ ഒരു ഗ്രന്ഥം ആരംഭിക്കുവാൻ മനസ്സിന്നും ദേഹത്തിന്നും ഇപ്പോഴുണ്ടെന്നു ഞാൻ കരുതുന്ന സ്വാസ്ഥ്യമാണെന്നു വിശ്വസിക്കട്ടെ."

# സിന്ധുതലത്തിലെ പുരാതന സംസ്കാരം.

കെ. മാമൻ എം. എ.

ഭാരതവർഷത്തിലെ പ്രാചീന നിവാസികളെ സംബന്ധിച്ച് അടുത്തകാലം വരെ നമുക്കു ലഭിച്ചിരുന്ന അറിവു പ്രധാനമായി ഋഗ്വേദത്തിൽ നിന്നായിരുന്നു. എന്നാൽ പുരാണവസ്തുശാസ്ത്രജ്ഞന്മാരുടെ പര്യവേഷണശ്രമങ്ങൾ ഋഗ്വേദകാലത്തിനു ഏകദേശം രണ്ടായിരം വർഷങ്ങൾക്കു മുൻപുള്ള ചില വൃത്താന്തങ്ങളെ സംഗ്രഹിക്കുന്നതിനു നമ്മെ സഹായിക്കുന്നുണ്ട്. സിന്ധുനദിയുടെ തീരത്തിലുള്ള ചില പ്രദേശങ്ങളിൽ—പഞ്ചാബിലെ ഹറാപ്പായിലും, സിൻഡിലെ മൊഹൻജദാറയിലും— ഖനനം ചെയ്തപ്പോൾ അയ്യായിരം വർഷങ്ങൾക്കു മൻപ് സുമേറിയാ, ഈലാം മുതലായ പ്രദേശങ്ങളിൽ ഉണ്ടായിരുന്നതു പോലെ ഇവിടങ്ങളിലും നാഗരികത്വം പ്രചരിച്ചിരുന്നു എന്നു പ്രത്യക്ഷപ്പെടുക ഉണ്ടായി.

ഈ രണ്ടു പ്രദേശങ്ങളിലേയും പരിശോധനയുടെ ഫലമായി നമുക്കു ഗ്രഹിക്കാവുന്ന ചില സംഗതികളെ ഇവിടെ ചുരുക്കമായി വിവരിക്കാം.

ഏകദേശം അയ്യായിരം സംവത്സരങ്ങൾക്കു മുൻപ് സുരക്ഷിതങ്ങളും, പരിഷ്കൃതങ്ങളുമായ പല മനോഹര നഗരങ്ങൾ ഈ പ്രദേശങ്ങളിൽ സ്ഥിതിചെയ്തിരുന്നു. ചെളിയും കുമ്മായവും ചേർത്ത് ഉറപ്പിച്ച ചുടുകല്ലുകൊണ്ടായിരുന്നു ഇവയുടെ ഭിത്തികൾ നിർമ്മിക്കപ്പെട്ടിരുന്നത്. നഗരവീഥികൾ വളരെ ക്രമീകൃതമായ രീതിയിൽ സംഘടിതങ്ങളായിരുന്നു. ഓരോ ഭവനത്തിനും പ്രത്യേകം പ്രത്യേകം കിണറുകളും, കുളിമുറികളും, അശുദ്ധജലം ഒഴുകി വീഥികളിലേക്കു പോകുന്നതിനുള്ള നിർഗ്ഗമനമാർഗ്ഗങ്ങളും ഉണ്ടായിരുന്നു. കൂടാതെ ചപ്പും ചവറും ചെന്നു വീഴുന്നതിനായി ഒരു ചരിഞ്ഞ തുമ്പും അതിൻെറ അററത്ത് ഓരോ വീപ്പയും ഉണ്ടായിരുന്നു. ഈ നഗരങ്ങളിലുള്ള സാമാന്യജനങ്ങൾ നല്ല ഭവനങ്ങളിൽ സുഖമായ രീതിയിൽ താമസിച്ചിരുന്നു. ജനങ്ങളുടെ വാസമന്ദിരങ്ങൾക്കു പുറമേ ഇതരസ്ഥാപനങ്ങളും അവിടെ ഉണ്ടായിരുന്നതായിക്കാണുന്നു. അവയിൽ ചിലവ ആരാധന സ്ഥലങ്ങളോ ദേവാലയങ്ങളോ ആയിരുന്നിരിക്കണം. നമ്മുടെ ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്ന രണ്ടു സ്ഥാപനങ്ങളിൽ ഒന്നു അനവധി തൂണുകളുള്ള ഒരു സഭാമണ്ഡപവും മറേറത് പൊതുജനങ്ങൾക്കു കുളിക്കാനുള്ള സ്നാനമണ്ഡപവും ആകുന്നു.

അക്കാലങ്ങളിൽ അവിടെ താമസിച്ചിരുന്ന ജനങ്ങളുടെ ചില ജീവിതരീതികളെയും ആചാരങ്ങളെയും സംബന്ധിച്ച പല കാര്യങ്ങളും നമുക്കു ഗ്രഹിക്കുവാൻ സാധിക്കുന്നുണ്ട്. അവർ ഗോതമ്പും, യവവും കൃഷിചെയ്യുകയും, ആട്, മാട്, പന്നി, കോഴി മുതലായ ജന്തുക്കളെ വളർത്തുകയും, അവയുടെ മാംസത്തെ ഭക്ഷണത്തിന് ഉപയോഗിക്കുകയും ചെയ്തിരുന്നു. ആര്യന്മാർ പിൽക്കാലത്ത് ഒരു ഭക്ഷണസാധനമായി കരുതിയിട്ടില്ലാത്ത നദികളിലെ മത്സ്യവും അവർ സാധാരണ ഭക്ഷണത്തി

ന്നു ഉപയോഗിച്ചു വന്നിരുന്നു. പോത്തു്, ഒട്ടകം, ആന, പലവക മാനുകൾ എന്നിവയുടെ അവശിഷ്ടങ്ങൾ അവിടെനിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്. അവരുടെ മുദ്രകളിൽ (Seals) കടുവാ, കുരങ്ങു്, മുയൽ എന്നിവയുടെ രൂപങ്ങൾ ഉള്ളതു കൊണ്ടു് ഈ മൃഗങ്ങളെ പററിയും അവക്കു പരിചയമുണ്ടായിരുന്നിരിക്കണം. പട്ടികളെയും, കുതിരകളെയും അവർ വളത്തിയിരുന്നു എന്നുള്ളതിനു ചില രേഖകളും ഇല്ലാതില്ല.

സ്വൎണ്ണം, വെള്ളി, ചെമ്പു്, ഈയം മുതലായ ലോഹങ്ങളും അവർ ഉപയോഗിച്ചിരുന്നു. വെള്ളി അവർ സാധാരണ ഉപയോഗിച്ചിരുന്ന ഒരു ലോഹമായിരുന്നെങ്കിലും, ഋഗ്വേദകാലത്തെ ആൎയ്യന്മാക്കു് അതു് ദുർലഭമായിരുന്നു. ചെമ്പ് സാധാരണ ഉപയോഗിച്ചിരുന്നതു് ആയുധങ്ങൾ, പാത്രങ്ങൾ, സാധുക്കളുടെ ആഭരണങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനാണത്രെ. കുബേരന്മാർ പലവിധരത്നങ്ങൾ, ദന്തം, അസ്ഥി, ചിപ്പി എന്നിവകൊണ്ടുള്ള വിലപിടിച്ച ആഭരണങ്ങളും ഉപയോഗിച്ചിരുന്നിരിക്കണം. അക്കാലത്തു ജീവിച്ചിരുന്നവരുടെ സാമ്പത്തികസ്ഥിതി ഉന്നതമായിരുന്നു എന്നു് അവർ ഉപയോഗിച്ചിരുന്ന ആഭരണങ്ങൾ തെളിയിക്കുന്നു.

കുന്തം, കോടാലി, കഠാരി, വില്ലു്, കവിണ എന്നിവ ആയിരുന്നു അവരുടെ ആയുധങ്ങൾ. കവിണയിൽ എറിയേണ്ട കല്ലുകൾ ധാരാളമായി സംഭരിച്ചു വച്ചിരുന്നതു കാണാനുണ്ടു്; എന്നാൽ അവർ വാളുകൾ ഉപയോഗിച്ചതായി രേഖകളില്ല. കളിമണ്ണുകൊണ്ടു നിൎമ്മിക്കപ്പെട്ട പാവകൾ, ഊത്തുകൾ, രഥങ്ങൾ മുതലായ പലവിധ കളിസാമാനങ്ങളും അവിടെ നിന്നും കണ്ടുകിട്ടിയിട്ടുണ്ടു്. അവർ ചൂതുകളിയിൽ ഭ്രമമുള്ളവരായിരുന്നു എന്നു് അവിടെ നിന്നും ലഭിച്ച അനവധി കരുക്കൾ പ്രത്യക്ഷപ്പെടുത്തുന്നു. സംഗീതകലയിലും അവർ തല്പരന്മാരായിരുന്നു എന്നതിനു അവിടെ കാണുന്ന തംബുരു, കൈത്താളം മുതലായ സംഗീതോപകരണങ്ങൾ ലക്ഷ്യങ്ങളാണു്. ഔഷധപ്രയോഗത്തിലും അവർ ഏറെക്കുറെ നിപുണന്മാരായിരുന്നു; എന്തെന്നാൽ കൻമദം ( Silagit ) ഉപയോഗിച്ചു് ആന്ത്രസംബന്ധമായ രോഗങ്ങൾ അവർ മാററിയിരുന്നതായി വിചാരിക്കാൻ വഴിയുണ്ടു്.

ഇവിടെ ഏററവും പ്രധാനമായ മററൊരു വസ്തുസഞ്ചയം ചിത്രലിപികളാൽ അങ്കിതങ്ങളായിട്ടുള്ള പല മുദ്ര (Seals) കളത്രെ. ഇപ്രകാരം ചിത്രലിപിയിലുള്ള അക്ഷരരീതി സുമേറിയാ, ഈലാം മുതലായ പ്രദേശങ്ങളിൽ പ്രചരിച്ചിരുന്നു. പക്ഷെ ഈ രീതിയിലുള്ള എല്ലാ എഴുത്തുകളും ഒരു പ്രദേശത്തിൽ ആരംഭിച്ചു പലയിടത്തായി പോയതായിരിക്കാം. ഈ മുദ്രകളിൽ കാള, പോത്തു്, കാണ്ടാമൃഗം മുതലായവയെ ഭംഗിയായി കൊത്തിയിട്ടുള്ളതുകൊണ്ടു് അവിടെയുള്ളവക്കു കൊത്തുപണിയിൽ നല്ല വാസനയും, സാമത്ഥ്യവുമുണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നു.

ഈവിധത്തിലുള്ള എഴുത്തുകൾ (ചിത്രലിപി) പല മൺപാത്രങ്ങളിലും കാണ്മാനുണ്ടു്. ഈ ലിപികൾ ഓരോ വാക്കിനെ കുറിക്കുന്നതുകൊണ്ടും, അവ യാതൊരു അക്ഷരമാലയിലും പെടാത്തതുകൊണ്ടും, അവ നിൎദ്ദേശിക്കുന്നതു് എന്തെന്നു് ഇതുവരെയും സൂക്ഷ്മമായി ധരിപ്പാൻ കഴിഞ്ഞിട്ടില്ല. ഈ രീതിയിലുള്ള എഴുത്തിനു ചീനക്കാരുടേതുമായി വളരെ സാമ്യമുള്ളതിനാൽ രണ്ടിന്റേയും

ഉത്ഭവം ഏറെക്കുറെ സമാനമാണെന്നു വിചാരിക്കാം. എന്നാൽ ക്രമേണ ഈ രീതിയിലുള്ള എഴുത്ത് ഇൻഡ്യയിൽ നിന്നു തിരോഭൂതമായി. അവരുടെ ഭാഷ എന്തെന്നു നിർണ്ണയിക്കുക പ്രയാസംതന്നെ. അതു് സംസ്കൃതഭാഷ അല്ലെന്നു നിശ്ചയം ആകുന്നു. ദ്രാവിഡഭാഷകളിൽ പെട്ടിരുന്നതോ എന്നു സംശയിക്കാവുന്നതുമാണ്.

വിവിധ ലോഹങ്ങളിൽ കൊത്തുപണി ചെയ്യുന്നതിലുള്ള സാമർത്ഥ്യം മാത്രമല്ല ശില്പവേലകളിലും അനിതര സാധാരണമായ പാടവം അവർ പ്രദർശിപ്പിച്ചിരുന്നു. മോഹൻജദാറയിൽ, ചുവന്നകല്ലിൽ നിർമ്മിക്കപ്പെട്ടതും, തലയും കൈകാലുകളും ഉടഞ്ഞുപോയതുമായ ഒരു പ്രതിമ ഉള്ളതുകണ്ടാൽ അതു് ഗ്രീക്കു ശില്പവേലക്കാർ പണിചെയ്തതോ എന്നു തോന്നിപ്പോകും. എന്നാൽ ഈ പ്രതിമ ഗ്രീക്കുകാരേക്കാൾ 2500 വർഷത്തിനു മുൻപു് നിർമ്മിക്കപ്പെട്ടതെന്നാണ് ഇപ്പോൾ നിർണ്ണയിച്ചിരിക്കുന്നതു്.

അയ്യായിരം വർഷങ്ങൾക്കു മുൻപു് അവിടെ നിലവിലിരുന്ന മതവിശ്വാസങ്ങളും ആചാരങ്ങളും ഏതു വിധത്തിൽ എന്നും നമുക്കു ഗ്രഹിപ്പാൻ കഴിയും. അവർ സാധാരണയായി സേവിച്ചും ആരാധിച്ചും പോന്നിരുന്നതു് ഫലപുഷ്ടിയേയും സന്താനങ്ങളേയും സമൃദ്ധിയേയും പ്രദാനം ചെയ്യുന്ന മാതാവായ ഒരു ദേവിയെ ആയിരുന്നു. കൃഷകന്മാർ വിളവുകളെ സമൃദ്ധിയായി നല്കുന്ന ശക്തിക്കു് അധികം പ്രാധാന്യം കൊടുക്കാനിടയുള്ളതുകൊണ്ടു്, ഈ ദേവി സാക്ഷാൽ പൃഥ്വീദേവിതന്നെ ആയേക്കാം. അമ്മ, 'അംബ' എന്ന പദം മററു പല ഭാഷകളിലും രാജ്യങ്ങളിലും എന്നപോലെ സിന്ധുനദീതീര പ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിലും പ്രചരിച്ചിരുന്നിരിക്കണം. വൈദിക കാലത്തെ ആര്യന്മാരുടെ ദേവഗണത്തിൽ ഉണ്ടായിയിന്ന ഇന്ദ്രൻ, അഗ്നി, സൂര്യൻ, മുതലായ ദേവന്മാർ ഇവിടെ പൂജിക്കപ്പെട്ടിരുന്നു എന്നു തോന്നുന്നില്ല. മൂന്നുശിരസ്സുകളുള്ള ഒരു ദേവനേയും അവർ ആരാധിച്ചിരുന്നു. ഈ ദേവൻ ശിവന്റെ പൂർവ്വരൂപമാണെന്നു സങ്കല്പിക്കാമെങ്കിൽ, ശിവൻ സിന്ധുനദീതീരപ്രദേശങ്ങളിലെ മതത്തിൽ നിന്നും ആര്യന്മാരുടെ ദേവഗണത്തിൽ ഒരു സ്ഥാനം കൈക്കലാക്കിയതായി വിചാരിപ്പാൻ വഴിയുണ്ടു്. ലിംഗാച്ഛന അവിടെ നടപ്പിലിരുന്നു എന്നതിനു ധാരാളം തെളിവുകളുള്ളതു് മേല്പറഞ്ഞ അഭ്യൂഹത്തിനു പ്രാബല്യം നല്കുന്നു. വൃക്ഷങ്ങളും മൃഗങ്ങളും ഈ കൂട്ടരുടെ ആരാധനകളിൽ ഒരു പ്രധാന സ്ഥാനത്തെ അർഹിച്ചിരുന്നു. അജമേധവും അന്നു് പ്രചാരത്തിൽ ഇരുന്നിരിക്കാം. ആരാധന സ്ഥലത്തു് ഒരു യാഗപീഠവും, അതിന്റെ ഇരുഭാഗത്തും ഓരോ കാളയുടെ പ്രതിമയും, അരയാലുകളുടെ സമൂഹവും ഉണ്ടായിരുന്നു. വൃക്ഷശിഖരങ്ങളിൽ ഒരു ദേവൻ ഇരിക്കുന്ന ഒരു രൂപവും അവിടെനിന്നു കിട്ടിയിട്ടുണ്ടു്.

മൃതശരീരങ്ങളെ സാധാരണ ദഹിപ്പിച്ചിരുന്നെങ്കിലും ചിലപ്പോൾ ഭൂമിയിൽ കുഴിച്ചിടാറുമുണ്ടായിരുന്നു. സിന്ധുനദിയുടെ കരയിൽ ശവം ദഹിപ്പിച്ചശേഷം, ചാരവും അസ്ഥികളും സഞ്ചയനം ചെയ്തു പുണ്യപ്രദേശങ്ങളിൽ കൊണ്ടുപോയി നിക്ഷേപിക്കുന്ന രീതിയും അന്നു് ഉണ്ടായിരുന്നിരിക്കണം. ശ്മശാനങ്ങളിൽ പല കുടങ്ങളും പാത്രങ്ങളും കാണപ്പെടുന്ന

തിന്റെ കാരണം മരിക്കുന്നവർഒരു നവലോകത്തിലേക്കു പോകുന്നു എന്ന വിശ്വാസവും അതിലേക്കു അവക്കു ആവശ്യമുള്ള സാമഗ്രികളുടെ സംഭരണക്രമവും ആയിരിക്കാം. മൃതശരീരങ്ങളെ കാട്ടുമൃഗങ്ങളും പക്ഷികളും ഭക്ഷിക്കുന്നതിനായി തുറന്നുവയ്ക്കുന്ന സമ്പ്രദായവും അന്നുണ്ടായിരുന്നിരിക്കണം എന്നു ചിലർ അഭിപ്രായപ്പെടുന്നു.

സിന്ധുസാനുക്കളിലും, ഈലാമിലും, മെസൊപൊത്താമിയയിലും പ്രചരിച്ചിരുന്ന നാഗരികത്വങ്ങളെ നമുക്കു താരതമ്യപ്പെടുത്താം. ഈ പ്രദേശങ്ങളിൽ എല്ലാം വ്യാപിച്ചിരുന്ന പരിഷ്കാരം പ്രധാനമായി നഗരജീവിതത്തെ സംബന്ധിച്ചതത്രെ. ഇവിടങ്ങളിൽ കല്ലുകൊണ്ടു് ഉണ്ടാക്കപ്പെട്ട ആയുധങ്ങൾ ധാരാളമായും ലോഹനിർമ്മിതങ്ങളായ സാധനങ്ങൾ ദുർലഭമായും കാണപ്പെടുന്നു. കൂടാതെ ചിത്രലിപികളിൽ എഴുതുന്ന സമ്പ്രദായവും നടപ്പിലിരുന്നു. സിന്ധുസാധക്കളിൽ കാണുന്നതരം മുദ്രകൾ തന്നെ ഈലാമിലും കാണപ്പെടുന്നു. എന്നുതന്നെയല്ല ഈ രണ്ടു പ്രദേശങ്ങളിലും താമസിച്ചിരുന്ന ജനങ്ങൾ ക്രയവിക്രയം നടത്തിയിരുന്നതായി മററു രേഖകളും ധാരാളം ഉണ്ടു്. മെസൊപൊത്താമിയായിലെ പരിഷ്കാരത്തിന്റെ കാലം നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നതിനാൽ മോഹൻജദാറയിൽ ഈ നാഗരികത്വം അഭിവൃദ്ധിയെ പ്രാപിച്ചിരുന്നതു് ഏകദേശം ബി. സി. 3000-നു അടുത്തായിരിക്കാമെന്നു നമുക്കു അനുമാനിക്കാം.

എന്നാൽ ഈ രീതിയിലുള്ള പരിഷ്കാരങ്ങൾ അക്കാലത്തു് ഗംഗാനദീ തീരങ്ങളിൽ പ്രചരിച്ചിരുന്നുവൊ എന്നു് നിശ്ചയിക്കുക സാദ്ധ്യമല്ല. സിന്ധുനദി, പൂർവ്വപശ്ചിമദേശങ്ങളെ പിൽക്കാലങ്ങളിൽ വേർതിരിക്കുന്ന ഒരു അതൃത്തി ആയിരുന്നതുപോലെ ആദ്യകാലത്തും ഇരുന്നിരിക്കണമെന്നും, അതിനാൽ സിന്ധുതലങ്ങളിൽ പ്രചരിച്ചിരുന്ന പരിഷ്കാരസമ്പ്രദായം ഉത്തര ഇൻഡ്യയിലേതിൽ നിന്നും വ്യത്യസ്തവും, എന്നാൽ മെസൊപൊത്താമിയായിലേതിനോടു് സദൃശവും ആണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

ഈ അഭിപ്രായക്കാർ ഋഗ്വേദകാലത്തും മൊഹൻജദറൊ കാലത്തും നിലവിലിരുന്ന ജീവിതരീതികളെ താരതമ്യപ്പെടുത്തി തങ്ങളുടെ നിലയെ സാധൂകരിപ്പാൻ യത്നിക്കുന്നുണ്ടു്. വൈദികകാലത്തിലെ ആര്യന്മാരും, അവരോടു പടവെട്ടിയ പൂർവ്വനിവാസികളും ഒന്നുപോലെ ആടുമാടുകളെ മേച്ചും, ഗ്രാമീണജീവിതം നയിച്ചും വന്നവരായിരുന്നു എന്നും, പ്രത്യുത, മോഹൻജദാറയിലെ ജനങ്ങൾ നഗരജീവിതം ഉൽകൃഷ്ടമായ നിലയിൽ നയിച്ചിരുന്നു എന്നും ആണു് അവരുടെ വാദം. കൂടാതെയും സിന്ധുസാനുക്കളിൽ പൂജിച്ചുപോന്ന പ്രധാനമൃഗം കാളയും, ആര്യന്മാർ ആദരിച്ചുപോന്നതു പശുവുമത്രെ. മോഹൻജദാറയിൽ ആദ്യകാലങ്ങളിൽ കുതിരയെപ്പററി അറിവില്ലായിരുന്നതായി തോന്നുന്നു; എന്നാൽ ആര്യന്മാക്കു അശ്വം സുപരിചിതമായ ഒരു മൃഗമായിരുന്നു. ഇവർ ഉപയോഗിച്ചിരുന്ന ലോഹങ്ങളിലും വലിയ വ്യത്യാസമുണ്ടു്. വെള്ളി ആര്യന്മാർ ദുർലഭമായെ ഉപയോഗിച്ചിരുന്നൊള്ളു, എന്നാൽ മോഹൻജദാറയിൽ അതു കൂടുതൽ ഉപയോഗത്തിൽ ഇരുന്നു. ഇങ്ങിനെ എല്ലാമാണു് മേൽപറഞ്ഞവരുടെ വാദഗതി.

എന്നാൽ വേറെ ചില വിദ്വാന്മാർ, മോഹൻജദാറയിൽ വസിച്ചിരുന്നവർ ആര്യന്മാർ തന്നെ ആണെന്നും, ആ നാഗരീകത്വം ആര്യന്മാരുടെ ജീവിതരീതിയെ പ്രത്യക്ഷപ്പെടുത്തുന്നതാണെന്നും ഉൽഘോഷിക്കുന്നു. ഇവരുടെ വാദമുഖങ്ങളെക്കൂടെ ഇവിടെ സമാഹരിക്കുന്നതു അസംഗതമായി ഭവിക്കയില്ല. മോഹൻജദാറയിലെ നാഗരികതത്വത്തിന്ന് എജിപ്തു രാജ്യത്തുള്ളതുമായി വളരെ സാമ്യമുണ്ട്. അതിനുകാരണം ആര്യന്മാരുടെ ഒരു ശാഖ മദ്ധ്യധരണ്യാഴിയുടെ തീരത്തുനിന്നും എജിപ്തിലേക്കു പോയതാണ്. അവർ അവിടെ ബി.സി. 4500--3500-നും ഇടയ്ക്കു കുടിയേറിപാക്കയുണ്ടായി. ഋഗ്വേദത്തിൽ എജിപ്തിനെ ദേവന്മാരുടെയും ഉപദേവന്മാരുടെയും സങ്കേതമായി സൂചിപ്പിക്കുന്നു. ബി. സി. 3500 നു ശേഷം, ശേം വംശക്കാർ (യൂദന്മാർ, അറബികൾ etc.) എജിപ്തിനെ ആക്രമിച്ച് അവരുടെ അധികാരം അവിടെ സ്ഥാപിച്ചു. ശേം വംശക്കാർക്ക് മുൻപ് എജിപ്തിലുള്ള ജീവിതരീതിയും മോഹൻജദാറയിലേതും ഒരു പോലെ ഉള്ളതായിരുന്നു. അതിനു കാരണം എജിപ്തിലേക്കു പോയ ആര്യന്മാർക്കും പുറമെ, മററുള്ള ശാഖകൾ സിറിയായിൽ നിന്നും സൈപ്രസ്സിൽ നിന്നും യൂഫ്രത്തിസ്, ടൈഗ്രിസ് എന്നീ നദീതീരങ്ങളെ ആക്രമിച്ചധീനപ്പെടുത്തുകയും, അവിടെ നിന്നും അവസാനമായി മോഹൻജദാറയിലും, ഹറാപ്പയിലും, മററു സിന്ധുപ്രദേശങ്ങളിലും കുടിയേറി പാക്കയും ചെയ്തതാണ്. അതുകൊണ്ടു ആര്യന്മാർ സിന്ധുനദീതീരത്ത് താമസമായപ്പോൾ തന്നെ ഒരു ഉൽകൃഷ്ടനാഗരികത്വം പ്രാപിക്കുന്നതിനു പര്യാപ്തങ്ങളായ പല സംഗതികളും ഉണ്ടായിരുന്നു. എജിപ്ത് ദേശത്തിൽ നിന്നും വന്ന വ്യവസായികളും ശില്പികളും സിന്ധുതീരങ്ങളിൽ ഭംഗിയായി കൊത്തുപണിചെയ്ത മൃഗങ്ങളുള്ള മുദ്രകളെ നടപ്പിലാക്കി. ബി. സി 4366 ൽ എജിപ്ത് ഭരിച്ചിരുന്ന നർമെർ (Nar-Mer) ഋഗ്വേദത്തിൽ സൂചിപ്പിച്ചിട്ടുള്ള നർമെദ് (Nar-Medh) ആയിരിക്കാം. ഇദ്ദേഹത്തിൻെറ കാലത്തു നിർമ്മിക്കപ്പെട്ടിരുന്ന വൃശ്ചികഭൂപൻെറ (Scorpion King) താലം മോഹൻജദാറയിലെ ചിലമുദ്രകളിലും അതേ സ്വരൂപത്തിലും വലിപ്പത്തിലും ഇരിക്കുന്നു. കൂടാതെയും മോഹൻജദാറയിലും ഹറാപ്പായിലും കാണപ്പെടുന്ന മൺപാത്രങ്ങൾക്കു, എജിപ്തിനെ ശേം വർഗ്ഗക്കാർ ആക്രമിക്കുന്നതിനു മുൻപ് അവിടെ ഉണ്ടായിരുന്ന മൺപാത്രവുമായി നിർമ്മാണരീതിയിൽ വളരെ സാമ്യവും കാണപ്പെടുന്നു.

ആകെക്കൂടെ നോക്കുമ്പോൾ മോഹൻജദാറയിലെ പരിഷ്കാരം അത്യധികം പുരാതനമാണെന്നും അതു് ഉൽകൃഷ്ടനിലയെ പ്രാപിച്ചിരുന്നു എന്നും സംശയം കൂടാതെ പറയാവുന്നതാണ്. എന്നാൽ ഈ പരിഷ്കാരത്തിനു കാരണഭൂതന്മാർ ഏതു ജനവിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള സംഗതി ഇനിയും വാദഗ്രസ്തമായിരിക്കുന്നതേയുള്ളൂ. ഇവർ ആര്യന്മാരോ, സുമേറിയരോ, ദ്രാവിഡന്മാരോ ആരാണെന്ന് ആക്കും നിശ്ചയിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഗവേഷണവട്ടക്കളന്മാരുടെ പരിശ്രമം ഈ വിഷയ

ത്തിൽ നമ്മെ ഇനിയും സഹായിക്കുമെന്നു് സമാധാനപ്പെടാനേ നിവൃത്തിയുള്ളൂ. ഏതായാലും ഒന്നു നിശ്ചയം തന്നെ. ഇവരുടെ മതാനുഷ്ഠാനപദ്ധതികളും ജീവിതരീതികളും ഹിന്ദുക്കളുടെ സംസ്കാരത്തിനു മാർഗ്ഗദർശകമായി ഭവിച്ചിട്ടുണ്ടു്. ഇന്നത്തെ പ്രധാന നഗരങ്ങളായ കൽക്കത്താ, ബോംബെ, മുതലായ സ്ഥലങ്ങളിലെന്നപോലെ അവിടങ്ങളിലും ജനസഞ്ചയത്തിൻെറ എല്ലാവകുപ്പുകളും സഹകരിച്ചു് ഏകയോഗക്ഷേമത്തോടുകൂടി ചിരകാലം വർത്തിച്ചിരുന്നു.

---

# കിമപികാവ്യം.

## ദ്വിതീയസർഗ്ഗം (തുടച്ച്)

(പി. കെ. നാരാണപിള്ള ബി. ഏ., ബി. എൽ.)

(68) ധവളിമ വദനേന്ദുസ്യന്ദി
മന്ദസ്മിതത്തിൽ
ധ്രുവമധരമതാരേപ്പാടലം
വാടലാക്കാ
നവമുദിരസമാന ശ്യാമളം
കൈശ്യമക്ഷി
ഭ്രൂവവു മവളിവണ്ണം മായ
സൃഷ്ട്യുന്മുഖീവ.

അനന്തരം നായികയുടെ സ്ഥിതി വർണ്ണിക്കുന്നു. അവൾ മായസൃഷ്ട്യുന്മുഖീവ=അവൾ-മായ-സൃഷ്ട്യുന്മുഖീ-ഇവ=മായ സൃഷ്ട്യുന്മുഖിയായാൽ എങ്ങനെയിരിക്കുമോ അതുപോലെയിരുന്നു അവൾ. സൃഷ്ട്യുന്മുഖീ=സൃഷ്ടിക്കു് ആരംഭിക്കുന്നവൾ. സൃഷ്ടിക്കു മുതിരുന്ന മായയാകട്ടെ സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങൾ തന്നിൽ സ്ഥിതിചെയ്യുന്നതു് സ്ഫുടീകരിക്കുന്നു. സത്വം വെളുപ്പും, രജസ്സ് ചെമപ്പും, തമസ്സ് കറപ്പും ആണെന്നാണ് വേദാന്തികളുടെ സങ്കേതം. "അജാം ഏകാം ലോഹിതശുക്ലകൃഷ്ണാം" ഇത്യാദി വേദാന്തമതം. നായികയിൽ ത്രിഗുണത്വം താഴെ പറയുന്നതുപോലെ ഗ്രഹിക്കണം. വദനേന്ദുസ്യന്ദി മന്ദസ്മിതത്തിൽ ധവളിമ=വദനേന്ദുവിൽനിന്നു സ്യന്ദിയായ മന്ദസ്മിതത്തിൽ ധവളിമ അതായതു് മുഖചന്ദ്രനിൽ നിന്നു് ഒലിക്കുന്ന മന്ദസ്മിതത്തിൽ 'വെണ്മ'. ധ്രുവമധരം.........വാടലാക്കാ = പാടലമായിരിക്കുന്ന അധരം ആരെത്തന്നെ വാടലാക്കുകയില്ല—വാട്ടുകയില്ല. ആരേയും സന്തപ്തമാക്കും എന്നു സാരം. പാടലം=ഇളംചെമപ്പു്. "ശ്വേതരക്തസ്തുപാടല:" എന്നമരം. ഇങ്ങനെ അധരത്തിൽ ചെമപ്പു്. അക്ഷിഭ്രൂവം=കണ്ണും പുരികവും. 'അചതുരവിചതുരേത്യാദി' സൂത്രത്താൽ സാധു. കൈശ്യം=കേശസമൂഹം. നവമുദിരസമാന ശ്യാമളം=പുത്തനായിരിക്കുന്ന മേഘംപോലെ കറുപ്പായതു്. "മുദിരതതി കബരീ" എന്നു് ഉണ്ണായിവാര്യർ. ഇങ്ങനെ കണ്ണിലും പുരികത്തിലും കബരീഭരത്തിലും 'കറപ്പു്'. ഇപ്രകാരം ത്രിവർണ്ണങ്ങൾ സ്ഫുരിച്ചുകൊണ്ടിരുന്ന നായിക സൃഷ്ട്യുന്മുഖിയായ മായയെപ്പോലെയിരുന്നു എന്നു വിവക്ഷ. 'മായ' എന്നു പറഞ്ഞതുകൊണ്ടു് ദുർന്നിവാരമായ വശീകരണശക്തിയും 'സൃഷ്ട്യുന്മുഖി' എന്നു പറഞ്ഞതിനാൽ പാണിഗ്രഹണത്തിനു പരിണതമായ യോഗ്യതയും ധ്വനിതം.

(69) ജനഘനവനമദ്ധ്യേ പെൺകൊടി
തയ്യലിന്മേൽ
ശനിനരപതിനേത്രം ഷൾപ്പദം
പോൽ പതിച്ചു

വിനമദനകൃതം വാ ജ്യൌതിഷി
പ്രാതികൂല്യാൽ
കുനയവിധിമതംവാ
ഹേതുവേതും നജാനേ.

ജനഘനവനമദ്ധ്യേ=ജനരൂപത്തിലുള്ള ഘന മായ (നിബിഡമായ) വനമദ്ധ്യത്തിൽ—അതായതു് ആൾത്തിരക്കിൽ. ഷൾപ്പദംപോൽ=വണ്ടിനെപ്പോലെ. ശനി=ദുർഘടക്കാരൻ. 'ശനി' എന്നതു് 'നരപതിനേത്രം' എന്നതിൻെറ വിശേഷണം. നായികയെ രാജാവു് ആൾക്കൂട്ടത്തിൽ കണ്ടു എന്നത്ഥം. ഇങ്ങനെ സംഭവിച്ചതു് മദനകൃതമായ വിനയോ (പ്രവൃത്തിയോ) സൂര്യാദിഗ്രഹങ്ങളുടെ പ്രാതികൂല്യത്താൽ (വൈപരീത്യത്താൽ) കുനയനായ (ദുൎന്നയക്കാരനായ) വിധിയുടെ മതം (അഭിപ്രായം) കൊണ്ടോ ആവാം. ഹേതു എന്താണെന്നു് എനിക്കറിഞ്ഞുകൂടാ. നജാനേ=ഞാൻ അറിയുന്നില്ല. പിന്നീടുള്ള കുഴപ്പങ്ങൾക്കെല്ലാം കാരണം രാജാവു് ഈ ക്കൂട്ടത്തിൽ നായികയെ കണ്ടുകൂടിയതാണെന്നു താൽപര്യം.

(70) ഇടി ഝടിതിമനസ്സിൽ തട്ടിട്ടം
പോലെപെട്ടാൻ
കെട്ടതിനൃപനു നാഡി
ക്കൊക്കവേ പോയിധാടി
പിടിവലിമനതാരും
പ്രജ്ഞയും തമ്മിലുണ്ടാ
യൊട്ടവിലൊരുവിധം താൻ
സ്വാസ്ഥഭാവം ഭജിച്ചാൻ.

ഇടിഝടിതി.......... കെട്ടതിനൃപനു = ഇടി മനസ്സിൽ തട്ടിട്ടംപോലെ നൃപനു ഝടിതി കെട്ടതിപെട്ടാൻ എന്നന്വയം. കെട്ടതി=കേട്ട്; അസ്വാസ്ഥത. നാഡിക്കൊക്കവേ പോയിധാടി= എല്ലാ നാഡികൾക്കും ധാടിപോയി; അതായതു് നശിച്ചുപോയി. ധാടി=തൻേറടം; കൂസലില്ലായ്ക. പിടിവലി.........തമ്മിലുണ്ടായ്=മനസ്സും പ്രജ്ഞയും തമ്മിൽ ഒരു പോരാട്ടം ഉണ്ടായി. മനസ്സ്=ഹൃദയം. "ചിത്തന്തുചേതോ ഹൃദയം" എന്നമരം. പ്രജ്ഞ=ബുദ്ധി. വികാരങ്ങളുടെ ഇരിപ്പിടമാണു് ഹൃദയം. അതിൻെറ പോക്കു് ശരിയല്ലെന്നു ബുദ്ധി ചെറുത്തു എന്നു താൽപര്യം. ഒടുക്കം അസ്വാസ്ഥനായിരുന്നിട്ടും സ്വാസ്ഥതയുള്ളവനെന്നപോലെ നടിച്ചു എന്നു ഭാവം.

(71) മിഴികളൊരുവിധം താൻ
പിന്തിരിച്ചെങ്കിലും തേ
മുഴുവനനുസരിക്കാതാഞ്ഞു
തത്രൈവ വീണ്ടും
കഴുകനു സമമക്ഷിക്ഷേപണേ
നൈപുണത്താൽ
തൊഴിലിതു കിഴിയന്മാർ
കണ്ടിടാതില്ല കേചിൽ.

'മിഴി' എന്നപദം ഭാഷയിൽ നപുംസകമായിട്ടു പ്രയോഗിക്കുന്നതിനാൽ 'തേ' എന്നു നപുംസക ദ്വിവചനം ഉപയോഗിച്ചിരിക്കുന്നു. തേ=അവ. മിഴികളൊരുവിധം......... തത്രൈവവീണ്ടും= മിഴികളെ രാജാവു് ഒരുവിധം പിൻവലിച്ചു എങ്കിലും അവ വീണ്ടും നിയന്ത്രണം വകവയ്ക്കാതെ അങ്ങോട്ടുതന്നെ ആഞ്ഞു—അതായതു പോകാൻ തുനിഞ്ഞു. അക്ഷിക്ഷേപണം=കണ്ണിൻെറ ഏറു്—നോട്ടം എന്നുസാരം. കഴുകനു സമം=കഴുകൻ എങ്ങനെ ദൂരത്തു നോക്കുന്നുവോ അതുപോലെ. അക്ഷിക്ഷേപണേനൈപുണത്താൽ=അക്ഷിക്ഷേപണത്തിലുള്ള നൈപുണത്താൽ—സാമത്ഥ്യംകൊണ്ടു്. തൊഴിലിതു് =ഈ പ്രവൃത്തി. കിഴിയന്മാർ=സൂക്ഷ്മമായിട്ടു് അറിയുന്നതിനുവേണ്ടി തുളച്ചു കേറുന്നവർ—'തുരപ്പന്മാർ'. കേചിൽ=ചിലർ. രാജാവിൻെറ ഭാവഭേദങ്ങൾ സൂക്ഷ്മദൃഷ്ടികളായ ചിലർ കഴുകനെപ്പോലെ ദൂരെയിരുന്നുകൊണ്ടു മനസ്സിലാക്കി എന്നു താൽപര്യം. അന്യർ അറിയുന്നില്ല എന്നു വിചാരിച്ചു നടത്തുന്ന പല ഗൂഢകാര്യങ്ങളും മററു ചിലരെങ്കിലും അറിയാതിരിക്കുന്നില്ല എന്നുഭാവം.

(72) അതിലൊരു പരദേശ ബ്രാഹ്മ
ണൻ ഛന്നവേഷൻ

ക്ഷിതിപ ഹൃദയ ഭാവക്ഷീബതാ
സാക്ഷിയെപ്പോൾ
കതിപയ നിമിഷം താൻ നോക്കി
നിന്നെന്തുകൊണ്ടോ
കുതുകമിതിലുദിച്ചാ വിപ്രനെന്ന
പ്രഭാവ്യം.

ഛന്നവേഷൻ=ഛന്നമായിരിക്കുന്ന (മറച്ചിരിക്കുന്ന) വേഷത്തോടുകൂടിയവൻ—വേഷം മാറി വന്നിരിക്കുന്നവൻ എന്നൎത്ഥം. ക്ഷിതിപഹൃദയഭാവക്ഷീബതാ=രാജാവിന്റെ ഹൃദയത്തിന്റെ ഭാവത്തിനു നേരിട്ട മത്തത (ബോധക്ഷയം.) ക്ഷീബതാസാക്ഷി=ക്ഷീബതയ്ക്കുസാക്ഷി അതായതു ക്ഷീബത കാണുന്നവൻ. കതിപയനിമിഷം=ഏതാനും നിമിഷം. “കതിപയപദാന്യേവ പോയിട്ടകസ്മാൽ” എന്നു കേരളവൎമ്മ. അപ്രഭാവ്യം=പ്രഭാവം ചെയ്യാൻ (ഊഹിക്കാൻ) സാധ്യമല്ലാത്തതു്. മേൽ വരുന്ന കഥകൊണ്ടു് ഈ പരദേശബ്രാഹ്മണൻ രാമയ്യൻദളവായാണെന്നും ശത്രുപക്ഷപാതിയായ ചെമ്പകശ്ശേരി രാജാവിന്റെ സ്ഥിതിഗതികൾ അറിയാനായി വേഷംമാറി സ്വയമേവ വന്നതാണെന്നും വ്യക്തമാവും.

(73) നിശകൃശശശിലേശം ശേഖരം
ദൃശ്യമാക്കി
കശപിശകൾ കലാശിപ്പിച്ചി
തന്നുത്സവത്തിൽ
കുശലവിവശമാക്കാനപ്സര
സ്സാംസുഷുപ്സാ
ശിശയിഷഭൃശമാക്കീ ലോക
ബോധക്ഷയാൎത്ഥം.

നിശ......കലാശിപ്പിച്ചിതന്നുത്സവത്തിൽ= കൃശശശിലേശമാകുന്ന ശേഖരത്തെ ദൃശ്യമാക്കി അന്നത്തെ ഉത്സവത്തിലെ കശപിശകൾ നിശ കലാശിപ്പിച്ചു. കൃശശശിലേശം= കൃശമാകുന്ന ശശിലേശം (ചന്ദ്രക്കല). ശേഖരം=ശിരോഭൂഷണം. ദൃശ്യമാക്കി=കാണിച്ചു. ചന്ദ്രോദയത്തോടുകൂടി അന്നു രാത്രിയിലെ ഉത്സവവിശേഷങ്ങൾ സമാപ്തമായി എന്നു സാരം. അമ്പലപ്പുഴ ഉത്സവം കറുത്തപക്ഷത്തിലായതുകൊണ്ടു് ചന്ദ്രോദയം രാത്രി കുറെയധികം വൈകിയിട്ടേ ഉണ്ടാകയുള്ളു. കൊടിയും മറവും ഉയൎത്തിക്കാണിച്ചു് കായികമത്സരാദികൾ വിരമിപ്പിക്കുന്നതുപോലെ ഇവിടെ ചന്ദ്രക്കലയാകുന്ന ശിരോഭൂഷണം ഉയൎത്തിക്കാണിച്ചു് രാത്രി ആഘോഷങ്ങൾ നിൎത്തി എന്നു ഭാവം. കുശല........ലോകബോധക്ഷയാൎത്ഥം=വിവശമാകുന്നതിനു അപ്സരസ്സിനെപ്പോലെ കുശലയായ സുഷുപ്സാ ലോകബോധക്ഷയാൎത്ഥം. ശിശയിഷഭൃശമാക്കീ എന്നന്വയം. വിവശമാക്കുക=വശീകരിച്ചു പരവശപ്പെടുത്തുക. അപ്സരസ്സാംസുഷുപ്സാ=അപ്സരസ്സാകുന്ന സുഷുപ്സാ. സുഷുപ്സാ=ഉറങ്ങാനുള്ള ഇഛ. അപ്സരസ്സ്=‘ദേവയോനികൾ’ എന്നു പറയുന്ന ഒരുവക ഉപദേവതകൾ. അപ്സരസ്സുകൾ പാലാഴിമഥനത്തിൽ ഉണ്ടായതാണു്. അവർ സൌന്ദൎയ്യവിശേഷംകൊണ്ടു് ആരേയും മയക്കുന്നവരും ദേവേന്ദ്രസന്നിധിയിൽ സേവിച്ചു നില്ക്കുന്നവരും ആണു്. ഉൎവ്വശി, മേനക, രംഭ, തിലോത്തമ മുതലായവർ ആ കൂട്ടത്തിൽ പെട്ടതാണു്. ലോകബോധക്ഷയാൎത്ഥം=ലോകൎക്കു ബോധക്ഷയം വരുത്തുവാൻവേണ്ടി. ശിശയിഷ=ശയിക്കുന്നതിനുള്ള ഇഛ. ഭൃശമാക്കി=വലുതാക്കി; വൎദ്ധിപ്പിച്ചു. ‘സുഷുപ്സാ’ എന്നതു് ‘സ്വപ്’ ധാതുവിന്റേയും ‘ശിശയിഷ’ എന്നതു് ‘ശീങ്’ ധാതുവിന്റേയും സന്നന്തരൂപങ്ങളാണു്. അതായതു് ഇഛാൎത്ഥത്തെകാണിക്കുന്നതിനുള്ള പ്രത്യയം ചേൎത്തിട്ടുള്ളതാകുന്നു. ഈശ്വരപരമായിട്ടു നടത്തുന്ന ഉത്സവരസത്തിൽ നിന്നു് ആളുകളെ നിദ്ര വശീകരിച്ചു് കിടത്തി ബോധംകെടുത്തുവാനുത്സാഹിച്ചു. അതു് ഏതുപോലെയെന്നാൽ അൎജ്ജുനാദികൾ തപസ്സുചെയ്തുകൊണ്ടിരിക്കവെ അവരെ അതിൽ നിന്നു നിവൎത്തിപ്പിക്കുന്നതിനു അപ്സരസ്സുകൾ ശ്രമിച്ചതായി പുരാണങ്ങളിൽ പറയുന്നതുപോലേ എന്നു താൽപൎയ്യം. ഉത്സവം കാണണമെന്നു ആഗ്രഹം ഉണ്ടെങ്കിലും നിദ്ര സമ്മതിക്കുന്നില്ല എന്നൎത്ഥം. രാത്രി അധികമായി എന്നു സാരം. ‘സുഷുപ്സാ’ എന്നതു കൎത്താവും

‘ശിശയിഷ’ എന്നതു കമ്മവും ആകുന്നു. ‘ശിശയിഷ’ എന്നതു് ഭാഷയിൽ നപുംസകമാകയാൽ “നപുംസകപ്രതിഗ്രാഹിക അൎത്ഥസിദ്ധം” [കേ. പാ.] എന്ന സൂത്രം അനുസരിച്ചു് പ്രത്യയം ചേൎക്കാതെ കമ്മമായി പ്രയോഗിച്ചിരിക്കുന്നു.

(74) തദനുസദനമെത്താൻ
സത്വരം മത്സരിച്ചു
പദയുഗളമനേകൎക്കദ്ധ-
നിദ്രാക്രമാൎത്തം
ഉദകമതിനുമീതേതോണിയിൽ
പ്പാണികാലിൻ
സദിരതിനുപയോഗിച്ചീടിനാർ
മററനേകർ.

തദനു......... നിദ്രാക്രമാൎത്തം = തദനു (അപ്പോൾ) അൎദ്ധനിദ്രയുടെ ആക്രമംകൊണ്ടു് ആൎത്തമായ പദയുഗളം പലൎക്കും സദനമെത്താൻ സത്വരം മത്സരിച്ചു. നടക്കുമ്പോൾ ഒരുകാൽ മറേറക്കാലിനേക്കാൾ മുമ്പിലിരിക്കണമെന്നുള്ളതുപോലെ തോന്നുന്നതുകൊണ്ടാണു് പദയുഗളം മത്സരിച്ചു എന്നുപറഞ്ഞതു്. നടന്നു എന്നു പൊതുവിൽ അൎത്ഥം. പദയുഗളം = രണ്ടുകാലുകൾ. സദനം = വീടു്. പലരും വീട്ടിലെത്താൻ ഉറക്കംതൂങ്ങിക്കൊണ്ടു് വേഗം നടന്നു എന്നു താൽപൎയ്യം. ഉദകമതിനുമീതെ തോണിയിൽ = വെള്ളത്തിനുമീതേ വഞ്ചിയിൽ. പാണി = കയ്യ്. കാലിൻ സദിരതിനുപയോഗിച്ചീടിനാർ = നടക്കുന്നതിനുപകരം ഉപയോഗിച്ചു എന്നൎത്ഥം — കൈകൊണ്ടുതുഴയുകയും മററും ചെയ്തു എന്നു താല്പൎയ്യം. കാലിന്റെ സദിരു് എന്നു ഫലിതമായിട്ടു സഞ്ചാരത്തെക്കുറിക്കുന്നു.

(75) തരുണിമണിജനിത്രീ താത
ഭൃത്യാദി യുക്താ
തരണിയിലവളാത്മച്ഛായ
പോൽ ലീയമാനാ
സരിദുപരി തലത്തിൽ സഞ്ചരി
ച്ചങ്ങുപോകേ
സരണിയിലവതാളം കിഞ്ചിദു
ത്താളമുണ്ടായ്.

ജനിത്രീ = മാതാവു്. താത ഭൃത്യാദിയുക്താ = താത ഭൃത്യാദികളോടുചേൎന്നു്. തരണിയിൽ = വള്ളത്തിൽ. ആത്മച്ഛായപോൽ = ക്ഷീണംകൊണ്ടു് വെറും നിഴൽപോലെ — തന്റെ സ്വതേയുള്ള രൂപത്തോടുകൂടിയല്ല എന്നു സാരം. ലീയമാനാ = ലയിക്കുന്നവൾ; അനങ്ങാതെപററിപ്പിടിച്ചിരിക്കുന്നവൾ. സരിദുപരിതലത്തിൽ = ആററിന്റെ മുകൾഭാഗത്തുകൂടി അതായതു് ആററിൽക്കൂടി എന്നൎത്ഥം. സരണിയിൽ = വഴിയിൽ. അവതാളം = അപകടം. കിഞ്ചിൽ = കുറച്ചു്. ഉത്താളം = പ്രബലമായിട്ടു്. കിഞ്ചിദുത്താളമുണ്ടായി = കുറെപ്രബലമായിട്ടുണ്ടായി.

(76) അപജയഭയമെന്യേ പോകു
മത്തോണിതന്മേ-
ലപരമൊരപരാദ്ധം തോണി
കോണ്ടന്നുടക്കി
സപദി കപികളെപ്പോലൊട്ടു
പേർ ചാടിവീണാർ
നൃപയമജഗദീശാ സാധ്വസാ
സാധ്വധീശർ.

അപജയഭയമെന്യേ = തോൽവിയിലുള്ള പേടിയില്ലാതെ അതായതു ശങ്കയില്ലാതെ. അപരമൊരപരാദ്ധം തോണി = വേറെ ഒരു തെററു ചെയ്ത തോണി. അപരാദ്ധം = അപരാധത്തിൽ പെട്ടതു് — തെററുചെയ്തതായി ഗണിക്കേണ്ടതു്. ഉടക്കി = ഘടിപ്പിച്ചു. സപദി = പെട്ടെന്നു്. കപികൾ = കുരങ്ങുകൾ. നൃപയമ.........സാധ്വധീശർ = നൃപനെക്കുറിച്ചോ യമനെക്കുറിച്ചോ ജഗദീശനെക്കുറിച്ചോ അസാധ്വസം (ഭയമില്ലായ്ക) നിമിത്തം അസാധുവായിട്ടുള്ളവരിൽ ഈശർ (മുഖ്യർ). അസാധ്വസം = സാധ്വസം ഇല്ലായ്ക. സാധ്വസം = ഭയം. അസാധുക്കൾ = അയോഗ്യന്മാർ.

(77) കരിമുകറിലശേഷം പൂശിവ
ന്നോരവർക്കോ
കരടികളുടെരൂപം കാരിരു
മ്പിൻ കരുത്തും

കരളുരുളുളവാക്കും നോക്കല
യ്യൊത്തമൂക്കും
കരുവുരലുടലിന്നും കയ്യുല-
ക്കയ്യുമൊക്കും

മൂകവ്=മുഖം. ആളറിയാതിരിക്കാൻ മുഖമാസ കലം കരിപൂശിവന്ന അവക്കാകട്ടെ രൂപം ക രടികളുടേതാണ്; കരുത്തു് കാരിരുമ്പുപോ ലെയാണ്; നോക്കു് കരളിനു ഉരുളു് (ഇളക്കം) ഉണ്ടാക്കുന്നതാണ്, അതായതു് ഹൃദയത്തിനു ച ഞ്ചലത്വം ഉണ്ടാക്കുന്നതാണ്; ഉടലിന്നു കരു ഉര ലാണ്; കയ്യു് ഉലക്കയ്യു സമവും ആണ്—എ ന്നു് അന്വയിച്ചു് അർത്ഥം ഗ്രഹിക്കണം.

(78) മുളമുറിഗളനാളി ക്കാളി
പാതാളഗത്താ
മളയൊടുകിടയാം വാ ചുണ്ടു
കണ്ടാൽ ജളൂക
പുളിയുടെ കുരു ദന്തം ചാള
തിന്നിട്ടുളുമ്പി
ച്ചിളകിയ മുശ്രുബീഭത്സോത്സവം
തൽസമസ്തം (യുഗ്മകം)

ഈ ശ്ലോകം മുൻ ശ്ലോകത്തോടു ചേർത്തു് അ ന്വയിക്കണം. മുൻ ശ്ലോകത്തിൽ ഉള്ള 'അവ ക്കു്' എന്ന പദം ഇവിടേയും സംബന്ധിക്കുന്നു. അവക്കു് ഗളനാളിക്കു് (കഴുത്തിന്നു) ആളി (സ ഖി) മുളമുറിയാണ് അതായതു് കഴുത്തു് മുളമുറി ക്കു സദൃശമാണ്; വായ് പാതാളഗത്താം (പാ താളത്തെ ഗമിക്കുന്ന അതായതു പാതാളത്തിലേ ക്കു പോകുന്ന) അളയോടു (ഗുഹയോടു) കിടയാ ണു് (തുല്യമാണ്); ചുണ്ടു കണ്ടാൽ ജളൂക (കുള യട്ട) പോലെയാണ്; പല്ലു പുളിങ്കുരുപോലെ ത ന്നെ; മുശ്രു (ശരീരത്തിലെ ദുർഗ്ഗന്ധം) ചാളമീൻ തിന്നിട്ടു് ഇളകിയ ഉളുമ്പുനാററം (വൈരസ്യം തോന്നുന്ന നാററം) തന്നെ. ബീഭത്സോത്സവം തൽ സമസ്തം=അവരുടെ സകലവും ബീഭ ത്സരസത്തിൻെറ ഉത്സവം (പരമാവധി) ആണ്.

(79) തുഴനെടിയ കഴക്കോലാദി
കോലാഹലാഢ്യം
പുഴയിലൊരു പയിററുണ്ടായി
ലുണ്ടാകരോടേ
കഴിവുകളം യജമാനൻ
ഭൃത്യരിൽ കണ്ടതില്ല-
ക്കഴുതകളം കഴുനാപോലാററിൽ
നീന്തിഗ്ഗമിച്ചാർ.

കോലാഹലാഢ്യം=കോലാഹലത്തിൽ പ്രാധാ ന്യം ഉള്ളതു്. പയിററ്=യുദ്ധം. ലുണ്ടാകർ= പിടിച്ചു പറിക്കാർ. ഇവിടെ'ലുണ്ടാ'എന്ന ധാ തുവിനോടു 'ഷാകൻ' പ്രത്യയം ചേർത്തു് 'ലുണ്ടാ കർ' എന്ന ശബ്ദം ഉണ്ടാകുന്നു. അതുപോലെ 'ജല്പാകർ' [I. 47]. കഴിവുകൾ=കഴിയുന്ന അവസ്ഥ—പ്രാപ്തി. കഴുനാപോലെ = കഴുനാ യെപ്പോലെ മുങ്ങിയും പൊങ്ങിയും. കഴുനാ= ഒരു വക ജലജന്തു. 'കഴുതകൾ' എന്ന ശബ്ദം കൊണ്ടു് ഭൃത്യവർഗ്ഗം ആററിൽ ചാടി നീന്തിപ്പോ യതുകൊണ്ടുള്ള പുച്ഛരസം സ്പഷ്ടം.

(80) ദ്രവിഡശബരർ ക്ലൃപ്തം
മാടനെപ്പോലൊരുത്തൻ
തവള കുതികുതിക്കും പോലെ
മുന്നോട്ടു ചാടി
അവനഥ യജമാനൻ ചെയ്തു
സമ്മാനമൂലം
ശ്രുവണപുട മൃദംഗം പൊട്ടി
നക്ഷത്രമെണ്ണി.

ദ്രവിഡശബരർ=തമിഴുനാട്ടിലുള്ള കാട്ടുജാതി ക്കാർ. ക്ലൃപ്തം= ആരാധിക്കുന്ന. മാടൻ=ഭയ ങ്കരരൂപിയായ ഒരു ദുർദ്ദേവത. കുതികുതിക്കും പോലെ=ആഞ്ഞുകുതിക്കുന്നതുപോലെ. 'സമ്മാ നം' എന്നാൽ ഇവിടെ താഡനം എന്നർത്ഥം. ശ്രുവണപുടമൃദംഗം = ശബ്ദശ്രുവണത്തിനു ചെ വിയിലുള്ള മാർദ്ദവമായ തൊലി. ശ്രുവണപുട മൃദംഗം പൊട്ടി എന്നാൽ ചെവിക്കുററിപൊട്ടി എന്നു സാരം. നക്ഷത്രമെണ്ണി = വിഷമിച്ചു

എന്നാൎത്ഥം. ആദ്യം വള്ളത്തിൽ ചാടിവീണ ഒരുവനെ യജമാനൻ കണക്കിനൊന്നു പ്രഹരിച്ചു എന്നു താൽപൎയ്യം.

(81) ക്ഷണമഥ യജമാനൻ ബദ്ധനായ്
മൂൎച്ഛയാം തൽ
പ്രണയിനി കഴൽ കൂട്ടിക്കെട്ടി
ലായ് കുക്കുടീവ
ഗുണവതിമകൾ കഷ്ടം തൂണു
പോൽ കണ്ടതെല്ലാം
മണമണെയൊരു മൂഷ്കൻ പുക്ക
ടൻ തൽ സമീപം

ബദ്ധൻ=കെട്ടപ്പെട്ടവൻ. പ്രണയിനി=ഭാൎയ്യ. കഴൽകൂട്ടിക്കെട്ടിലായ്= കാലുരണ്ടും കൂട്ടിക്കെട്ടപ്പെട്ടവളായി. കുക്കുടീവ=കുക്കുടീ—ഇവ=പിടക്കോഴിയെപ്പോലെ. 'കുക്കുട'ത്തിൻെറസ്ത്രീലിംഗം 'കുക്കുടീ'. തൂണുപോൽ=അനങ്ങാതെ നിന്നുകൊണ്ടെന്നാൎത്ഥം. മണമണെ=കൊഞ്ചിക്കുഴഞ്ഞുകൊണ്ടു്. മൂഷ്കൻ=ധിക്കാരി.

(82) "പുരികുഴലികൾമൌലേ
പോരികേവേണ്ടുനേരേ
പിരിയുക ശരിയാകാ
ശാരികാചാൎയ്യവാണി
പുരികലത ചുളുക്കി
പ്പോരടിയ്ക്കാരൊടാവൂ
പിരളിയിലിഹയത്നാ
രത്നസാപത്ന്യശോഭേ"

പുരികുഴലികൾ=സുകേശികൾ; അരാളകേശികൾ; നല്ല കേശശോഭയുള്ളവർ—സുന്ദരികൾ എന്നാൎത്ഥം. മൌലേ=മൌലിയിൽ ഇരിക്കുന്നവളേ; ശ്രേഷ്ഠേ. നേരേ പോരികേവേണ്ടു=മടികൂടാതെ വന്നാലും. പിരിയുക ശരിയാകാ=ഞങ്ങളെ വിട്ടുപിരിഞ്ഞു പോകുന്നതു് ശരിപ്പെടുകയില്ല എന്നാൎത്ഥം. ശാരികാചാൎയ്യവാണി=ശാരികയ്ക്കു ആചാൎയ്യസ്ഥാനം വഹിക്കുന്ന വാണിയോടു കൂടിയവളേ. ശാരിക=കിളി. ആചാൎയ്യസ്ഥാനം=ഗുരുസ്ഥാനം. വാണി=വാക്കു്. അത്ര ശബ്ദമാധുൎയ്യം ഉള്ളവളേ എന്നു താൽപൎയ്യം. പുരികലത............പിരളിയിൽ=പിരളിയിൽ (ലഹളയിൽ) ആരോടാണു് ഇങ്ങനെ പുരികം ചുളുക്കി കോപം നടിക്കാൻ തുടങ്ങുന്നതു്. ഇഹ=ഇവിടെ. യത്നം=ശ്രമം. രത്നസാപത്ന്യശോഭേ=രത്നത്തോടു് എതൃത്തുനില്ക്കുന്ന ശോഭയോടുകൂടിയവളേ. അക്രമികളിൽ ഒരുവൻ നായികയുടെ മുഖത്തുസ്ഫുരിച്ച കോപഭാവം കണ്ടു് അതൊന്നും പറവുകയില്ലെന്നും അവരുടെകൂടെ പുറപ്പെട്ടു ചെല്ലണമെന്നും പറയുന്നതായി പ്രതിപാദിച്ചിരിക്കുന്നു.

(83) ഇതി വികൃതി കഥിച്ചോ
രുക്തിയാൽ തപ്തരക്താ
പ്രതിഘമതറിയിക്കാ
തല്പമാലോച്യ നിന്നാൾ
അതിവിഷമതചിത്തേ
നൃത്തവത്തായിടുമ്പോൾ
മതികതിവിധമോടാ
ബുദ്ധിവൈദഗ്ദ്ധ്യഭാജാം.

വികൃതി=ദുസ്സാമൎത്ഥ്യക്കാരൻ—മൂഷ്കൻ എന്നു 81_ാം ശ്ലോകത്തിൽ പറയപ്പെട്ടവൻ. കഥിച്ചോരുക്തിയാൽ=പറഞ്ഞവാക്കിനാൽ. തപ്തരക്താ=തപിച്ച (ചൂടുപിടിച്ച) രക്തത്തോടുകൂടിയവൾ—അതായതു കോപിച്ചവൾ. പ്രതിഘം=കോപം. "കോപക്രോധാമഷരോഷാഃ പ്രതിഘോരുട്ക്രുധൌസ്ത്രിയൌ". എന്നമരം. ആലോച്യ=ആലോചിച്ചുകൊണ്ടു്—ല്യബന്തമവ്യയം. അതിവിഷമതചിത്തേ നൃത്തവത്തായിടുമ്പോൾ=അധികമായവൈഷമ്യം മനസ്സിൽ തോന്നുമ്പോൾ. നൃത്തവത്തു്=നൃത്തത്തോടുകൂടിയതു്. 'മതുപ്'പ്രത്യയം. നൃത്തശബ്ദം അകാരാന്തമാകയാൽ 'മതുപ്പി'ൽ 'മ' കാരം 'വ' കാരമായിമാറും. [പ്രയോഗദീപിക ൨൮൯_ാംവശം നോക്കുക]. മതി=ബുദ്ധി. കതിവിധമോടാ=എതെല്ലാം വിധത്തിൽ ഓടുകയില്ലാ എന്നു ചോദ്യരൂപം. ബുദ്ധിവൈദഗ്ദ്ധ്യഭാജാം=ബുദ്ധിവൈദഗ്ദ്ധ്യഭാക്കുകൾക്കു്. ബുദ്ധിവൈദഗ്ദ്ധ്യഭാക്കുകൾ

=ബുദ്ധിസാമത്ഥ്യമുള്ളവർ. നായികക്ക് ഈ വിഷമസ്ഥിതിയിൽ എന്തുചെയ്യേണ്ടു എന്നാലോചിച്ചുകൊണ്ടു നിൽക്കേണ്ടതായി വന്നു എന്നു താൽപയ്യം.

(84) നിജപിതൃജനബന്ധാ
സ്വാന്തബന്ധത്തിനൊപ്പം
ഗജഗതിലവലേശം പാശ
മേശാതെ കണ്ടാം
വൃജനമിതുളവാക്കാനന്യ
നിർബ്ബന്ധമത്രേ
രജനി നിഭൃതമിത്ഥം ഗുഞ്ജനം
ചെയ്തു ചിത്തേ.

നിജപിതൃജനബന്ധം=തൻെറ മാതാപിതാക്കന്മാരുരെ ബന്ധനം. ഗജഗതി=ഗജഗാമിനി. ലവലേശംപാശമേശാതെ കണ്ടാം=അല്പമെങ്കിലും പാശം (കയറ്)തൊടാതെ കണ്ടാം. തന്നെ ബന്ധിക്കാതെ തന്നെ ബന്ധനസ്ഥയായതുപോലെ തോന്നിഎന്നു സാരം. വൃജിനം=പാപം. വൃജിന.........നിർബ്ബന്ധമത്രേ=അന്യൻഒരുത്തൻെറ നിർബ്ബന്ധം നിമിത്തമാണ് ഈ പാപംഉണ്ടാകുവാൻ ഹേതുഎന്നാത്ഥം. രജനി........ ചിത്തേ=ഇത്ഥം (ഇങ്ങനെ)രജനി (രാത്രി) നിഭൃതം (ഗൂഢമായി) ചിത്തേ (മനസ്സിൽ) ഗുഞ്ജനംചെയ്തു (മൂരണ്ടു). രാത്രിതന്നെ ഇങ്ങനെ നായികയുടെ മനസ്സിൽവണ്ടുംമറവും മൂരളുന്നതുപോലെ ധരിപ്പിച്ചു എന്നുസാരം. അപ്പോൾതന്നെ സ്വയമേവ മനസ്സിൽ സ്ഫുരിച്ചു എന്നു വിവക്ഷ.

(85) ജനക ജനനിമാരെബ്ബന്ധനം
ചെയ്തു തന്നെ
ത്തനിയെയവനയിക്കാൻ
രാവണാത്മാവൊരുത്തൻ
കുനയസഫലതയ്ക്കായിട്ടശം
കൌശലത്തിൽ
തുനിയുമമിതധൂത്തിൻ സ്ഫൂത്തി
കീത്തിച്ചു ചിത്തം.

പിന്നെയും നായികയുടെ ഊഹാപോഹങ്ങളെ വിവരിക്കുന്നു. അപനയിക്ക=പിടിച്ചുകൊണ്ടുപോകുക. രാവണാത്മാവ്=രാവണനെപ്പോലെ ആത്മാവുള്ളവൻ. സീതയെ അപഹരിക്കാൻ രാവണൻ രാമലക്ഷ്മണന്മാരെ ദൂരത്താക്കിയതുപോലെ ഇവിടെ ജനക ജനനിമാരെ അകററിയിട്ട് തന്നെ അപഹരിക്കുവാൻവേണ്ടി ആരോ ചെയ്ത ചതിവാണിതെന്നു നായികയ്ക്കു തോന്നി എന്നു പൊതുവിൽ അത്ഥം. സീതാപഹരണംപോലെ ഇവിടെ നായികാപഹരണം ഉള്ളതുകൊണ്ട് രാവണ ശബ്ദത്തിൻെറ ഔചിത്യം. കുനയസഫലത=കുനയത്തിൻെറ (ദുന്നയത്തിൻെറ) സാഫല്യം. കൌശലത്തിൽ=സൂത്രത്തിൽ. അമിതധൂത്തിൻസ്ഫൂത്തി കീത്തിച്ചു ചിത്തം=അമിതമായിരിക്കുന്ന ധൂത്തിൻെറ (വഞ്ചനയുടെ)സ്ഫൂത്തി (സ്ഫുരണം)ആണിതെന്നു ചിത്തം (മനസ്സ്) കീത്തിച്ചു (ഘോഷിച്ചു).

(86) ചിറകടി സമമായുണ്ടാററു
വക്കത്തതിങ്കൽ
ചിറകടി ഖഗനിദ്രാ മുദ്രതൻ
ഛിദ്രമോതി
ചെറുതിര 'തിരയുന്നോരപ്' ചര
ക്ഷുബ്ധമായി
ച്ചെറുതിര മുദതാളത്തോടു
മേളിച്ചുനീളേ

ചിറകടിസമമായുണ്ടാററുവക്കത്ത്=ചിറ ആററിൻെറ വക്കിൽ കടിസമം (അരക്കെട്ടിനു തുല്യമായിട്ട്) ഉണ്ട്. അതിങ്കൽ=അങ്ങിനെയുള്ള ചിറയിൽ. ചിറകടി=ചിറകിൻെറ അടി; പക്ഷതാഡനം. ഖഗനിദ്രാ=പക്ഷികളുടെ ഉറക്കം. ഖഗം =പക്ഷി. ഖഗ.........ഛദ്രിമോതി=പക്ഷികളുടെ ഉറക്കമാകുന്ന മുദ്രയിൽ ചിലടത്തു ഭംഗംവന്നു—അതായത് ഇടക്കിടക്ക് ഉറക്കം വിട്ടുപോയതിൻെറ ലക്ഷണമായി പക്ഷികൾ ചിറക് അടിച്ചു എന്നു സാരം. ചെറുത്=അല്പം; ചെറവ്. 'ചെറുത്' എന്നത് 'ക്ഷുബ്ധമായി' എന്നതിനോടന്വയിക്കണം. ഇര..........

ക്ഷുബ്ധം=ഇരതേടുന്ന അപ്ചരങ്ങളാൽ (ജലജന്തുക്കളാൽ) ക്ഷുബ്ധം (ക്ഷോഭിച്ചതു്; ഇളകിയതു്) ചെറുതിര=ചെറിയ ഓളം; ഊൎമ്മികൾ. മനുഷ്യസഞ്ചാരശൂന്യമായ സ്ഥലമാണെന്നു ഭാവം. 'ചിറകടി' എന്നും 'ചെറുതിര' എന്നും ഉള്ളെടത്തു് യമകം. 'നിദ്രാമുദ്രതൻ ഛിദ്രം' എന്നും 'തോളത്തോടു മേളിച്ചു നിളേ' എന്നും ഉള്ളെടത്തു് അനുപ്രാസം.

(87) ധുനി ജനിത തരംഗഭ്രൂലതാ
ഭേദയായ്ക്ക
ണ്ടനില നനുകനേപ്പോൽ
ലഗ്നനായ് ഭാഗ്നവേഗൻ
മുനിവുപവനനോടുണ്ടാറുകൾ
ക്കേറെമന്ദാ
കിനിയുടെ നിഭൃതോരൂൽ
ഘാടനവ്രീഡനത്താൽ

ധുനി=ആറ്. "കാൎയ്യാധുനീമാലിനി" എന്നു കേരളവൎമ്മപ്രയോഗം. ജനിതതരംഗഭ്രൂലതാഭേദ=ജനിതമായ തരംഗഭ്രൂലതാഭേദത്തോടുകൂടിയവൾ. ജനിതം=ഉണ്ടാക്കിയതു്. തരംഗഭ്രൂലതാഭേദം=തരംഗമാകുന്ന ഭ്രൂലതാഭേദം—പുരികം വെട്ടൽ എന്നൎത്ഥം. തരംഗം=ഓളം; തിര. ഭ്രൂലതാ=പുരികക്കൊടി, അനിലൻ=കാററ് അനുകൻ=കാമുകൻ. ഭഗ്നവേഗൻ=വേഗം ചുരുക്കിയവൻ. ലഗ്നൻ=പററിക്കൂടിയവൻ. പുരികം ചുളിച്ചതുപോലെ നദിയിൽ ചെറിയ തിരകൾ ഉണ്ടായിക്കണ്ടപ്പോൾ, എന്തോ നീരസം തന്നോടു നദിക്കുണ്ടെന്നു കാററിനു തോന്നിയതിനാൽ, കാററ് കോപശമനം പ്രാൎത്ഥിക്കുന്ന കാമുകനെപ്പോലെ സാവധാനമായി പററിക്കൂടി എന്നു ഭാവം. ആററിൽ ചെറുതിരകളോടുകൂടി ഇളം കാററ് വീശിക്കൊണ്ടിരുന്നു എന്നു ചുരുക്കം. മുനിവ്=കോപം. പവനൻ=കാററ്. മന്ദാകിനി=ഗംഗാ. നിഭൃതോരൂൽഘാടന വ്രീഡനത്താൽ=ഗൂഢമായിരിക്കുന്ന തുടകളുടെ ഉൽഘാടനം (തുറപ്പു്) കൊണ്ടുള്ള വ്രീഡനം (ലജ്ജിപ്പിക്ക) ഹേതുവായിട്ടു്. ബ്രഹ്മസദസ്സിൽവച്ചു് ഗംഗയും മററു ദിവ്യന്മാരും കൂടിയിരിക്കുമ്പോൾ കാററടിച്ചു് ഗംഗയുടെ ഊരുഭാഗം മറച്ചിരുന്ന വസ്ത്രം മാറിപ്പോയിഎന്നും മഹാഭിഷൿ എന്ന രാജപ്രവരൻ അനാവൃതമായ ഊരുഭാഗത്തെ നോക്കിക്കണ്ടു എന്നും അതുകൊണ്ടു ഗംഗ ലജ്ജിതയായി എന്നും മററും ഉള്ള പുരാണകഥ ഇവിടെ അനുസന്ധിപ്പിക്കണം. ഇതുകാരണം മഹാഭിഷൿ ശന്തനുവായിട്ടും മന്ദാകിനി ഗംഗയായിട്ടും രണ്ടുപേരും ഭൂമിയിൽ അവതരിക്കേണ്ടതായിട്ടും ഭാൎയ്യാഭൎത്തൃബന്ധം സ്വീകരിക്കേണ്ടതായിട്ടും വന്നു. ഇങ്ങനെ ഗംഗയ്ക്കു ലജ്ജാകരമായ മനോഭാവം വായു നിമിത്തമായിട്ടുണ്ടായി. അതിനാൽ നദികളിൽ വച്ചു പ്രധാനമായ ഗംഗയോടു കാണിച്ച അപരാധം നിമിത്തം വായുവിനോടു നദികൾക്കെല്ലാം തന്നെ വിരോധഭാവം ഉള്ളതായി കവിവിവക്ഷിച്ചിരിക്കുന്നു. ഇവിടെ മാനവതിയായ ഒരു നായികയെ രഞ്ജിപ്പിക്കുന്നതിന് ഒരു കാമുകൻ എന്നതു പോലെ വായു നദിയോടടുത്തുകൂടി എന്നു സാരം.

(88) ഉരുകിവഴുതിമിന്നും പൊൻ
നിറം കോരിവീഴ്ത്തി
ത്തിരകൾ പളുപളുപ്പിൽ പ്ലാ
വനം ചെയ്തു ചെമ്മേ
സുരഗിരികിരിവീരൻ തന്റെ
തേററയ്ക്കു തുല്യം
ഹരജടയുടെ ലേശാമിന്ദു
ലേശം ലലാസ.

ഉരുകി=ദ്രവിച്ചു്. വഴുതി=തെററി. ഉരുകി......വീഴ്ത്തി=സ്വൎണ്ണം ഉരുക്കി ഒഴിച്ചാലുള്ള നിറത്തിന്റെ വ്യാപ്തിപോലെ എന്നൎത്ഥം. പളുപളുപ്പിൽ പ്ലാവനം ചെയ്തു=തേജസ്സിന്റെ ചലനത്തിൽ പ്ലാവനം (മജ്ജനം) ചെയ്തു. അതായതു് മുക്കി. ഇളകിക്കൊണ്ടിരിക്കുന്ന തിരകളിൽ ചന്ദ്രരശ്മിയുടെ പ്രതിഫലനം കൊണ്ടു് സ്വൎണ്ണവൎണ്ണത്തിൽ തിരകൾ മുഴുകിയതുപോലെ തോന്നി എന്നുതാൽപൎയ്യം. ഇങ്ങനെ ചന്ദ്രന്റെ പ്രവൃത്തി വൎണ്ണിക്കപ്പെട്ടു. ഇനി ചന്ദ്രന്റെ രൂപം വൎണ്ണിക്കപ്പെടുന്നു. സുരഗിരി=മഹാമേരുപൎവ്വ

തം. കിരി=പന്നി. 'മഹാമേരു' പ്രയോഗംകൊണ്ടു് സ്വർണ്ണവർണ്ണം ധ്വനിതം. ചന്ദ്രക്കലയുടെ ആകൃതി പന്നിയുടെ തേററപോലെ വളഞ്ഞിരുന്നു എന്നു സാരം. 'സുരഗിരികിരി' എന്നു പറഞ്ഞതുകൊണ്ടു് മഹാമേരുവിലെ പന്നിതന്നെ സ്വർണ്ണവർണ്ണമായിരിക്കുമെന്നുഭാവം. ഹരജടയുടെ ലേസ്=ശിവൻെറ ജടയുടെലേസ് (കസവു്). ഇന്ദുലേശം=ചന്ദ്രക്കല. ലലാസ=ലസിച്ചു; ശോഭിച്ചു. 'ലലാസ' എന്നതു് 'ലസ' ധാതുവിൻെറ 'ലിട്'രൂപമാകുന്നു. ശിവൻെറ ജടയ്ക്കു് തലപ്പാവിനുംമററും പോലെ അലങ്കാരമായിട്ടു വച്ചിരുന്ന കസവുപോലെ ഉള്ളതാണു് ചന്ദ്രക്കല എന്നു സാരം. 'ലേസ്' എന്ന ഇംഗ്ലിഷുപദം കസവിനെക്കുറിക്കുന്നതിനു മലയാളികൾ ധാരാളം ഉപയോഗിക്കുന്ന ഒരു വാക്കാണു്.

(89) സുമശരസഖനംഭോജാസ്രു
വൈരികൾഭൂഷാ
കുമുദമുദിതചിത്തൻ മൂർത്തി
വൃദ്ധിക്ഷയാർത്തൻ
ഭ്രമമിതികമിതാവിൽ കാൺക
യാൽ ജ്യോതിരിംഗ
ക്രമമുഡുഗണമാർന്നു മീലി
തോന്മീലിതാഭം.

സുമശരസഖൻ=കാമദേവൻെറ സഖിയായിട്ടുള്ളവൻ അതായതു ചന്ദ്രൻ. 'സഖി' എന്നതിനു സമാസാന്തത്തിങ്കൽ 'ടച്' പ്രത്യയയോഗം കൊണ്ടു് 'സഖൻ' എന്നുരൂപം. "രാജാഹസ്സഖിഭ്യഷ്ടച്" എന്നു സൂത്രം. അംഭോജാസ്രുവൈരികൾഭൂഷാ=കാമദേവൻെറ ശത്രുവിനു അതായതു ശിവനു അലങ്കാരം. കുമുദമുദിതചിത്തൻ=കുമുദങ്ങളെക്കൊണ്ടു് (ആമ്പൽപൂക്കളെക്കൊണ്ടു്) മുദിതമായിരിക്കുന്ന ചിത്തത്തോടുകൂടിയവൻ. മൂർത്തിവൃദ്ധിക്ഷയാർത്തൻ = മൂർത്തിയുടെ (ശരീരത്തിൻെറ) വൃദ്ധിക്ഷയങ്ങൾ കൊണ്ടു് ആർത്തൻ (ഖിന്നൻ). ഭ്രമമിതി............... മീലിതോന്മീലിതാഭം=ഇപ്രകാരം കമിതാവിൽ ഭ്രമം കാണുകയാൽ ഉഡുഗണം മീലിതോന്മീലിതാഭം ജ്യോതിരിംഗക്രമം ആർന്നു എന്നന്വയം. കമിതാവാൽ=ഭർത്താവിൽ. ഉഡുഗണം= നക്ഷത്രസമൂഹം. മീലിതോന്മീലിതാഭം=മീലിതവും (അടഞ്ഞതും) ഉന്മീലിതവും (തുറന്നതും) ആയ ആഭയോടു (ശോഭയോടു) കൂടിയതു്. ജ്യോതിരിംഗക്രമം=മിന്നാമിനുങ്ങിൻെറ രീതി. ആർന്നു=പ്രാപിച്ചു. ചന്ദ്രൻപരസ്പരവിരുദ്ധമായ സ്വഭാവത്തോടുകൂടിയവനാണു്. എങ്ങനെയെന്നാൽ—കാമദേവൻെറ ഇഷ്ടനാണെങ്കിലും കാമവൈരിയായ ശിവൻെറ ശിരോഭൂഷണമാണു്; നക്ഷത്രമണ്ഡലത്തിൻെറ പതിയാണെങ്കിലും ഏദയത്തിനു സന്തോഷംഉണ്ടാകുന്നതു് ഭൂമിയിലുള്ള കുമുദങ്ങൾ നിമിത്തമാണു്.; ശരീരംതന്നെ വൃദ്ധിക്കും ക്ഷയത്തിനും പാത്രമാണു്; ഈരണ്ടുരോഗങ്ങളും പരസ്പരവിരുദ്ധങ്ങളാണല്ലോ; അതിനുംപുറമേ ഏതായാലും ശൃംഗാരത്തിനു രോഗബാധമൂലം ചന്ദ്രൻ അവകാശിയും അല്ല,എന്നാൽ ശൃംഗാരരസത്തിനു നാഥനായിട്ടാണുതാനും ചന്ദ്രൻെറ വിലാസം. ഇങ്ങനെയുള്ള വിരുദ്ധപ്രവൃത്തികളോടുകൂടിയ ഭർത്താവിനെക്കണ്ടു്, പതിവ്രതകളായ ഭാര്യമാർ ഭർത്തൃസ്വഭാവത്തെ അനുകരിക്കണംഎന്ന ഭാവത്തിൽ, നക്ഷത്രങ്ങൾ മിന്നാമിനുങ്ങിനെ അനുകരിച്ചു തിളങ്ങിക്കൊണ്ടിരുന്നു എന്നു സാരം. ഏകദേശം ഇതുപോലെയൊരാശയസാദൃശ്യത്തിനു നൈഷധത്തിലെ "യദഗാരഘട്ടാട്ടകുട്ടിമസ്രവദിന്ദുപലതുന്ദിലാപയാ മമുചേ ന പതിവ്രതൌചിതീപ്രതിചന്ദ്രോദയമഭ്രഗംഗയാ" എന്ന നഗരവർണ്ണന നോക്കുക.

(90) ഇതിരസപദി ജടായുസ്സായ്
വരാനാരുമില്ലാ
തതി ലുഭിതതദാനീമെന്തു
തന്വീതതന്വീ
പതിയുടെ യതിയുണ്ടായ്
ഭൈമിയായില്ലശപ്തും
മൃതി സതി നികൃത തപാൽ
പൂണ്ടതും സാദ്ധ്യമല്ലാ.

മേൽ വിവരിച്ച നാലുശ്ലോകംകൊണ്ടു് നായികാപഹരണം കണ്ടവർ ആററിലെ ചിറയും ഒരുപക്ഷെ അവിടെയുള്ള ചെവതിരകളുംപക്ഷികളും ജലജന്തുക്കളും കാററും ചന്ദ്രനും നക്ഷത്രങ്ങളും മററും അല്ലാതെ ആരും ഉണ്ടായിരുന്നില്ല എന്നു് ഈ ശ്ലോകവുമായിട്ടുള്ള ബന്ധം മൂലം ഗ്രഹിക്കേണ്ടതാകുന്നു. ഇതി=ഇപ്രകാരം, അതായതു് മേൽപറഞ്ഞപ്രകാരം. സപദി=പെട്ടെന്നു്. ജടായുസ്സായ്‌വരാനാരുമില്ലാതെ=സീതാപഹരണ സമയത്തു് ജടായുസ്സ് സഹായത്തിനു വന്നതുപോലെ ഇവിടെ വരാനാരുമില്ലാതെ. അതിലുഭിത തനവീ=വളരെ അസ്ഥാളിച്ചവൾ. തനവീ=സുന്ദരി; നായികാ എന്നു താല്പര്യം. തദാനീം എന്തു് തനവീത=അപ്പോൾ എന്തുചെയ്യട്ടെ—ഒന്നും ചെയ്യാൻ സാധിക്കയില്ലെന്നത്ഥം. പതിയുടെ.........ശപ്തും=ശപിച്ചുകളയാമെന്നുവച്ചാൽ ഭൈമിയെ (ദമയന്തിയെ) പോലെ വിവാഹംകഴിഞ്ഞു് ഭാൎയ്യാഭൎത്തൃബന്ധത്തോടുകൂടാത്തവളായതുകൊണ്ടു്, പാതിവ്രത്യത്തിന്റെ പ്രസക്തിതന്നെ ഇല്ലാതേയും അതിനാൽ ശപിക്കാൻ ശക്തിയില്ലാതേയും ഇരുന്നു എന്നുസാരം. പതിയുടെ=ഭൎത്താവിന്റെ. യുതി=യോജന; ബന്ധം. ശപ്തും=ശപിക്കുന്നതിനു. തുമുന്നന്തം അവ്യയം. സതി=ദാക്ഷായണി; ശ്രീപാൎവ്വതിയുടെ പ്രഥമജന്മം. നികൃതത്വം=നിന്ദനം; അഗണ്യമായിട്ടുള്ള പെരുമാററം. മൃതിപൂണ്ടു=മരിച്ചു. അതുംസാദ്ധ്യമല്ല=അതും ഇവിടെ നിവൃത്തിയില്ലാതെവന്നു. ദക്ഷയാഗത്തിൽ സീതാദേവി, തന്നോടു കാണിച്ച അവമാനകരമായ പെരുമാററം ഹേതുവായിട്ടു് ഹോമകുണ്ഡത്തിൽ ചാടി ദേഹം നശിപ്പിച്ചു. അതുപോലെ ഇവിടെ എന്തെങ്കിലും ചെയ്യാമെന്നുവെച്ചാൽ ആളുകൾ വളഞ്ഞു നിന്നിരുന്നതുകൊണ്ടു് അതിനും നായികയ്ക്കു് സാദ്ധ്യമായില്ല എന്നു താൽപൎയ്യം. പുരാണേതിഹാസങ്ങളിൽ ആപത്തു നേരിടുമ്പോൾ ഇങ്ങനെയെല്ലാമാണു് രക്ഷാമാൎഗ്ഗം പറഞ്ഞുകാണുന്നതു്. എന്നാൽ ഇവിടെ നായികയ്ക്കു് അതൊന്നും സാദ്ധ്യമായില്ല എന്നു ഭാവം.

(91) സ്വജന കദനകാലേ ഭീരുവായ്
പാത്തിരുന്നും
മുജകൾ പലതുചൊല്ലിച്ചാത്ത
നിൽ ചാടിവീണും
അജമിവ പുലിപ്പുല്ലും തിന്നും
മെന്നുള്ള മട്ടിൽ
വിജയിനിദുരവസ്ഥാപാത്ര
മാദൃത്യമാമോ

പൌരാണിക നായികമാരുടെ കാൎയ്യം വൎണ്ണിച്ചതിനുശേഷം ഒരാധുനിക നായികയുടെ ഗതി സ്വീകാൎയ്യമോ എന്നു പരിശോധിക്കുന്നു. സ്വജനകദനകാലെ=സ്വജനങ്ങളുടെ ദുഃഖസമയത്തു്. ഭീരു=ഭയശീല. പാത്തിരുന്നും=ഒളിച്ചിരുന്നും. മുജകൾ=പ്രലോഭനം ജനിപ്പിക്കുന്നതിനുള്ള വാക്കുകൾ—അതായതു സൂത്രവാക്കുകൾ. ചാത്തനിൽ ചാടിവീണും=ചാത്തനെ ന്നവനെ വശീകരിച്ചും. അജമിവ=ആടിനെപ്പോലെ. വിജയിനി=ജയിച്ചവൾ. ദുരവസ്ഥാപാത്രം=ദുരവസ്ഥയിലെ നായികയായ സാവിത്രി എന്നു വിവക്ഷ. ആദൃത്യമാമോ=ആദരിക്കത്തക്കതാണോ—ആദരിക്കത്തക്കതല്ലഎന്നത്ഥം. കുമാരനാശാന്റെ കൃതിയായ "ദുരവസ്ഥ"യിലെ നായിക സാവിത്രി മാപ്പിളലഹളക്കാലത്തു് ഇല്ലത്തു വന്നു് സ്വജനങ്ങളെ ലഹളക്കാർ ഉപദ്രവിച്ചപ്പോൾ ഭയപ്പെട്ടു് ഒളിച്ചിരിക്കയും അതിനു ശേഷം അവിടെനിന്നും ഗൂഢമായി പുറപ്പെട്ടു് ചാത്തൻ എന്നൊരു പുലയന്റെ കുടിലിൽ ഒളിച്ചിരിക്കയും ഒടുവിൽ ഗതികെട്ടു് അവനെ വരിക്കയും ലോകപരിഷ്കാരത്തിനു പുറപ്പെടുകയും മററും ചെയ്തതായി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള നായികയേയും മാതൃകയായി സ്വീകരിക്കത്തക്കതല്ല എന്നു സാരം. ഭീരുത്വവും ഗതികെട്ടാൽ എന്തും ചെയ്യുന്ന ശീലവും ഉത്തമനായികമാൎക്കു യോജിച്ചതല്ലെന്നു ഈ കവിയുടെ അഭിപ്രായം.

(92) ജനകജനനിമാരേ മററു
വള്ളത്തിലേററി

ത്തനയ തനിയെയാകാൻ
മാററിനീക്കുന്ന ദിക്കായ്
അനവധി നിനദത്തിൻ
രോദനം ചെയ്യുമാതാ
മനസിചിനമുയന്നിട്ടശ്വ
സീദ്ദീർഘമച്ഛൻ

ജനകജനനിമാർ=അച്ഛനമ്മമാർ. നീക്കുന്നദിക്ക്=നീക്കുനാഘട്ടം അഥവാ സമയം. നിനദം=ശബ്ദം. "ശബ്ദേനിനാദനിനദധ്വനിധ്വാനരവസ്വനാ"എന്നമരം. രോദനം=കരച്ചിൽ. ചിനം=കോപം. അശ്വസീൽ=ശ്വസിച്ചു. 'ശ്വസ്' ധാതുവിന്റെ 'ലുങ്' രൂപം. കോപംകൊണ്ടും തൽക്കാലത്തെ പരിതസ്ഥിതികളിൽ ഒന്നും ചെയ്യാൻ സാദ്ധ്യമാകാത്തതിനാലും അച്ഛൻ ദീർഘശ്വാസംവിട്ടു എന്നു താല്പര്യം.

(93) ഉദരനിഹിതമായാൽ നിഷ്ക്ര
മിച്ചിട്ടുകാണ്മാൻ
തദനുഹൃദയകോശേവച്ചു
സൂക്ഷിക്കുവാനും
ഇതിശിശുവിഷയത്തിൽ ലോക
മൌത്സുക്യമഗ്നം
പിതൃജനമനതാരിന്നൈക
ഭാവ്യം ന ഭാവ്യം.

ഉദരനിഹിതമായാൽ=വയററിനുള്ളിലായാൽ — അതായതു് ഗർഭിതമായാൽ. നിഷ്ക്രമിച്ചിട്ടുകാണ്മാൻ=വെളിയിൽവന്നിട്ട് (പ്രസവിച്ചിട്ട)കാണ്മാൻ. തദനു=പിന്നീട്. ഹൃദയകോശേ=ഹൃദയമാകുന്ന അറയിൽ അഥവാ സഞ്ചിയിൽ. ഔത്സുക്യമഗ്നം=ഔത്സുക്യത്തിൽ മുഴകിയതു്. ഔത്സുക്യം=താല്പര്യം. ഇതി=ഇപ്രകാരം. ശിശുവിഷയത്തിൽ=കുട്ടികളുടെ കാര്യത്തിൽ. ഇതി ...........മഗ്നം=ശിശുവിനെക്കുറിച്ചു ലോകർ എപ്പോഴും ഉത്സുകരായിത്തന്നെയിരിക്കും എന്നു താല്പര്യം. ഐൈകഭാവ്യം=ഏകഭാവത്വം; ഒരേ ഒരു ഭാവം. നഭാവ്യം=ഭാവനംചെയ്യാൻ (വിചാരിക്കാൻ) നിവൃത്തിയില്ലാത്തതു്. ഗർഭത്തിൽ ഇരിക്കുമ്പോൾ വെളിയിൽ വന്നു കാണണമെന്നും പ്രസവശേഷം ശിശുവിനു് ആപത്തുവരുമോ എന്നുള്ള ശങ്കയാൽ വീണ്ടും ഹൃദയത്തിനുള്ളിൽ പ്രതിഷ്ഠിച്ചിരിക്കുന്നതുപോലെ സദാ വിചാരിച്ചുകൊണ്ടിരിക്കനിമിത്തം വെളിയിൽ നിന്നു വീണ്ടും ഹൃദയത്തിലേക്കു് ആവാഹിച്ചതുപോലെയും ജനങ്ങൾ ശിശുവിഷയത്തിൽ താല്പര്യം പ്രദർശിപ്പിക്കുന്നു എന്നു സാരം.

(94) യുവദശപനിനീർപ്പൂച്ഛായ
സർവ്വത്ര ചേർപ്പൂ
പ്രവയസി ഭസിതം പോൽ
ധൂസരം വാസരങ്ങൾ
അവധിരഹിതഭാവവ്യാപ്ത
സഞ്ചാരിഭാവം
നവനവ നിറമേന്തുന്നോന്തു
പോൽ ലോകരംഗം.

യുവദശ=യൌവ്വനകാലം. ഛായ=ശോഭാ. യുവദശ.........ചേർപ്പൂ=യൌവ്വനത്തിൽ എല്ലാം പനിനീർപ്പൂഛായപോലെ സന്തോഷമായിട്ടിരിക്കുന്നുഎന്നാത്ഥം. പ്രവയസി=വയസ്സുകാലത്തു്. ഭസിതം=ഭസ്മം. ധൂസരം=ചാരനിറംപൂണ്ടതു്. വാസരങ്ങൾ=വയസ്സുകാലത്തു് മനോഹരത്വംവിട്ടുമാറി ദിവസങ്ങൾ കഴിഞ്ഞുകൂടുന്നു എന്നുസാരം. അവധിരഹിതഭാവം=പലവിധത്തിലുള്ളഭാവം. വ്യാപ്തം=വ്യാപിച്ചതു്. സഞ്ചാരിഭാവം—പ്രധാനരസത്തിനു പുഷ്ടിക്കുവേണ്ടിഘടിപ്പിക്കുന്ന അപ്രധാനരസങ്ങൾ. നവനവനിറം=പുതിയ പുതിയനിറം. ലോകരംഗം=ലോകമാകുന്നനടനശാല. ലോകത്തിൽ യൌവ്വനകാലത്തു സന്തോഷവും വാദ്ധക്യത്തിൽ നീരസവും അതിനിടയ്ക്കു് അനവധി മററുഭാവഭേദങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതു് നാടകത്തിലും മററും സ്ഥായിരസത്തിൽ സഞ്ചാരിരസങ്ങൾ പ്രയോഗിച്ചു് പ്രവത്തിക്കുന്നതുപോലെയാണെന്നു വിവക്ഷ. സഞ്ചാരിരസം താൽക്കാലികമാകയാൽ സ്ഥായിരസത്തെ അന്യഥാകരിക്കാൻ അശക്തമെന്നാണു് നാടക കത്താ

ക്കളുടെ മതം. അതുപോലെ പിതൃജനങ്ങൾക്കു ശിശുക്കളോടുള്ള ഏകഭാവതയെ ഭഞ്ജിക്കുന്നതിനു സഞ്ചാരിഭാവത്തിൽ നില്ക്കുന്ന യൌവന വാൎദ്ധക്യാദി ദശാവിശേഷങ്ങളോ മറേറാ ശക്തങ്ങളാകുന്നില്ല എന്നു താൽപൎയ്യം. സംസാര ബീജമാണ് പിതൃപുത്രബന്ധം എന്നുസാരം.

(95) തരണിമറയുവോളംനീളവേ
നോക്കിനോക്കി
തരുണി ശരണഹീനാ
മേവിനാൾ മൌനലീനാ
"വരണമിനിനിനച്ചാൽ
നേരമില്ലെ"ന്നുവാക്കിൻ
ഘുരണമത ശൃണോൽസാഘോ
ണിതൻവാണിപോലേ.

തരണി=വഞ്ചി. ശരണഹീനാ=നിസ്സഹായ. തരുണി=താരുണ്യത്തോടുകൂടിയവൾ. മൌനലീനാ=നിശ്ശബ്ദ. ഗൌരവംവിടാതെ നോക്കിക്കൊണ്ടുനിന്നു എന്നുസാരം. വരണമിനി=ഇനിവന്നാലും. വാക്കിൻഘുരണം=വാക്കിന്റെ ഘുരണം. ഘുരണം=പന്നിയുടേതുപോലെയുള്ള കുറുകുറശബ്ദം. അശൃണോൽ=കേട്ടു, 'ശൃണോതി' എന്നതിന്റെ 'ലങ്ങ്'രൂപം. സാ= അവൾ. ഘോണി=പന്നി. വാണീ=വാക്ക് അക്രമിയുടെ വാക്കിനെ പുച്ഛിക്കുന്നതിനു 'ഘുരണം' എന്നും 'ഘോണി' എന്നുംമററും ഈ ശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്നു.

(96) അധരമധുരമാധ്വീം വിട്ടു
ലാവണ്യഭാഷാ
ബധിരകുജനകൎണ്ണാപുണ്യ
രന്ധ്രം ഗമിപ്പാൻ
വിധുരതഭരമായിട്ടെന്നപോൽ
മന്ദമന്ദം
മധുമൊഴിയുടെ വാണീ വേണി
രീണീ ഭവിച്ചു.

'മധുമൊഴിയുടെ വാണീവേണിരീണീഭവിച്ചു' എന്നുശ്ലോകത്തിൽ പ്രധാനം. മധുമൊഴിയുടെ= സുന്ദരിയുടെ. വാണീ വേണി=വാക്കിന്റെ ഒഴുക്ക്. രീണീഭവിച്ചു=സാവധാനത്തിൽ ഊറിവന്നു എന്നൎത്ഥം. എന്തുകൊണ്ടിങ്ങനെ വന്നു എന്ന് മുൻപാദങ്ങൾ വിവരിക്കുന്നു. അധര...... പോൽ=അധരമധുരമാധ്വീം വിട്ട് ലാവണ്യഭാഷാബധിരങ്ങളായ കുജനകൎണ്ണങ്ങളാകുന്ന അപുണ്യരന്ധ്രം ഗമിപ്പാൻ വിധുരതഭരമായിട്ടെന്നപോലെ. അധരമധുരമാധ്വീം=അധരത്തിന്റെ മധുരമായ മധുവിനെ (ആസവത്തെ) ലാവണ്യ ഭാഷാബധിരത=ലാവണ്യത്തിന്റെ ഗുണം അറിയാൻ പാടില്ലായ്ക. ലാവണ്യം കാണാനുള്ളതാണെങ്കിലും ഇവിടെ ശ്രവണവിഷയമാക്കി പ്രതിപാദിച്ചിരിക്കുന്നു. അതിനാൽ 'അന്ധൻ' എന്നു പറയുന്നതിനു പകരം 'ബധിരൻ' എന്ന് അതിന്റെ ഗുണം അറിയാത്തവനെ പറഞ്ഞിരിക്കുന്നു. കുജനകൎണ്ണം = കുജനങ്ങളുടെ (ദുൎജ്ജനങ്ങളുടെ)കൎണ്ണം. അപുണ്യരന്ധ്രം=പുണ്യമല്ലാത്ത രന്ധ്രം (ദ്വാരം) "വാണീവേണിരീണീഭവിച്ചു" എന്ന് നാലാം പാദത്തിൽ പറഞ്ഞതിനുള്ള കാരണം ആദ്യത്തെ മൂന്നുപാദങ്ങളിൽ വിവരിച്ചിരിക്കുന്നു. അധരത്തിന്റെ മധുരമായ മധുവിനെ വിട്ടുവേണം വാക്കുകൾ വെളിയിലേക്കു വരാൻ. അതൊരുദുഃഖകാരണം. രണ്ടാമതൊരു ദുഃഖകാരണം ലാവണ്യഭാഷാബധിരന്മാരായ ദുൎജ്ജനങ്ങളുടെ കൎണ്ണമാകുന്ന അപുണ്യരന്ധ്രത്തെ ഗമിക്കണമെന്നുള്ളതു തന്നെ. നായിക മെല്ലെ മെല്ലെ പറഞ്ഞു എന്നു ശ്ലോകത്തിനാകപ്പാടെ താൽപൎയ്യം.

(97) "അബലകളുടെ നേരേ ചണ്ഡ
മാം ബാഹുദണ്ഡം
സുബഹു ദുരിതഭാണ്ഡം സ്ഥായുമാം
സാന്ധികാണ്ഡം
സുബലതനയ പെറേറാർ ദ്രൌ
പദീ താപനത്താൽ
കബളവദപമൃത്യുഗ്രസ്തരായ-
സ്തമിച്ചാർ.

ചണ്ഡമാം ബാഹുദണ്ഡം = ചണ്ഡമാകുന്ന (കോപിക്കുന്ന) ബാഹുദണ്ഡം. (കൈത്തണ്ട്.) സുബഹുദുരിത ഭാണ്ഡം = വളരെയധികം പാപത്തിനു ഭാണ്ഡം (നിക്ഷേപസ്ഥാനം) ആണ്. സ്നായുമാംസാസ്ഥികാണ്ഡം = മാംസം അസ്ഥി ഞരമ്പ് ഇവകൊണ്ടുണ്ടാക്കിയിട്ടുള്ള ഒരു തണ്ട് എന്നല്ലാതെ മററു വിധത്തിൽ വിവേകശൂന്യം എന്നർത്ഥം. സുബലതനയ പെററോർ = സുബലതനയ (ഗാന്ധാരി.) പെററവർ—അതായതു ദുര്യോധനാദി, കൌരവർ. ദ്രൌപദീതാപനത്താൽ= പാഞ്ചാലിയുടെ താപനത്താൽ—അതായതു് പാഞ്ചാലിയെ തപിപ്പിക്ക (ദുഃഖിപ്പിക്ക) നിമിത്തം. കബളവൽ=ഉരുളപോലെ. അപമൃത്യുഗ്രസ്തർ = അപമൃത്യുവിനാൽ ഗ്രസ്തർ. ഗ്രസ്തർ = ഗ്രസിക്കപ്പെട്ടവർ; മിഴുങ്ങപ്പെട്ടവർ. അസ്തമിച്ചാർ=നശിച്ചുഎന്നർത്ഥം. ഒരു സ്ത്രീയോട് അക്രമമായി ഉപദ്രവത്തിനു പുറപ്പെട്ടതുകൊണ്ട് കൌരവർ അപമൃത്യുവിനാൽ ഉരുളപോലെ വിഴുങ്ങപ്പെട്ടു, അതായതു് നശിപ്പിക്കപ്പെട്ടു എന്നുസാരം. 'അസ്തമിച്ചാർ' എന്നു പറഞ്ഞതുകൊണ്ട് തേജസ്വികളായിരുന്നിട്ടും കൂടി നശിച്ചുപോയി എന്നു ഭാവം. അതു തേജസ്വികളല്ലാത്തവരുടെ കാര്യം പിന്നെ പറയാനില്ലല്ലോ.

(98) ജനനി ഭഗിനിപത്നീ നന്ദനേ
ത്യാദി ഭാവം
വനിതകളുടെ ഭാരം പൂരുഷ
പ്രീണനാർത്ഥം
ശുനിയെ വിനയമെന്യേ കുക്കുരം
ധിക്കരിക്കാ
മനുജകുലചരിത്രം സ്ത്രീപ്രപീ
ഡാ വിചിത്രം.

ജനനി=അമ്മ. ഭഗിനി=സഹോദരി. പത്നി=ഭാര്യ. നന്ദന=മകൻ. വനിതകളുടെ ഭാരം=സ്ത്രീകളുടെ [ഭാവംകൊണ്ടുള്ള] ചുമടു്. പൂരുഷപ്രീണനാർത്ഥം. പുരുഷന്മാരുടെ പ്രീതിക്കുവേണ്ടിയുള്ള ഭാരമാണിതെന്നർത്ഥം. ശുനി=പെൺപട്ടി. കുക്കുരം=പട്ടി. മനുജകുലചരിത്രം=മനുഷ്യകുലത്തിൻെറ നടപടി എന്നു താൽപര്യം. സ്ത്രീപ്രപീഡാവിചിത്രം=സ്ത്രീകളെ കഠിനമായിട്ടുപദ്രവിച്ചിട്ടുള്ളതുകൊണ്ട് വിചിത്രം (അത്ഭുതകരം) ആയിട്ടുള്ളതാണ്.

(99) "ഇവ പലതു മുരച്ചാൽ നിങ്ങ-
ളുണ്ടോ ഗ്രഹിച്ചി
ട്ടവശത മമ കണ്ടിസ്സാഹസം
വ്യൂഹ നിപ്പൂ
എവനു ബലികൊടുത്തെന്നംഗ
മാത്മോദരത്തിൻ
ചവറിനു കൊതി നിങ്ങൾക്കങ്ങു
മങ്ങാതെ പോകാം.

അവശതമമ = എൻെറ പരവശത. സാഹസം=വിചാരശൂന്യമായ പ്രവൃത്തി. വ്യൂഹനിപ്പൂ = ഉപേക്ഷിക്കുമോ—ഇല്ല എന്നർത്ഥം. എവനു ............നിങ്ങൾക്ക്=എൻെറ അംഗം ആർക്കുബലി കൊടുത്ത് നിങ്ങളുടെ വയറിനു ചവറ് (തീററി) ആഗ്രഹിക്കുന്നുവോ അഥവാ അന്വേഷിക്കുന്നുവോ അവിടേക്കു പോകാം എന്നർത്ഥം. കൊതി=ആഗ്രഹം. നിന്ദ്യമായിട്ടാണ് അവർ ആഹാരം സമ്പാദിക്കുന്നതെന്ന് വ്യഞ്ജിപ്പിക്കുവാൻ 'ചവറ്' എന്നപദം ഉപയോഗിച്ചിരിക്കുന്നു.

(100) അവനുടെസവിശേഷ
പ്രീതിയോനീതിയോഞാ
നവമത സമുപാർജ്ജിച്ചീടു
മാറാകുമെങ്കിൽ
അവമത പരമേവം കാട്ടിടും
നിങ്ങളേമേൽ
നവമതമുളവാക്കും ദക്ഷിണ
യ്ക്കർഹരാക്കാം"

സവിശേഷപ്രീതി=പ്രത്യേകമായപ്രീതി. നീതി=ന്യായം. അവമത=അവമാനിക്കപ്പെട്ടവൾ. സമുപാർജ്ജിച്ചീടുമാറാകുമെങ്കിൽ = സമ്പാദിക്കാൻ സാധിച്ചുവെങ്കിൽ. അവമത=നീചത്വം. പരം=വളരെ. നവമതമുളവാക്കും=

പ്പത്തനായ അഭിപ്രായങ്ങൾ ഉണ്ടാകുന്നു—അതായത്ത് സന്മാർഗ്ഗബോധം ഉണ്ടാകുന്നു എന്നു സാരം. ദക്ഷിണയ്ക്കൎഹരാക്കാം=പ്രതിഫലത്തിനു യോഗ്യരാക്കാം. 'ദക്ഷിണകിട്ടും' എന്നുപറഞ്ഞതുകൊണ്ട് വിപരീതലക്ഷണയാ നല്ലശിക്ഷകിട്ടും എന്നു താല്പൎയ്യം.

(101) ഇതിസുദതി കഥിച്ചോരു
ക്തിയാൽ പക്തിബുദ്ധി
യ്ക്കതിരഭസമുദിച്ചിട്ടല്പ
മുഷ്ണിച്ചൊരുത്തൻ
പ്രതികൃതിഭയകുന്തം
മുന്തിവന്നോരു ചിന്താ
പ്രതിഹതനര ചെയ്യാനു
ത്തരപ്പിത്തളാട്ടം.

സുദതി=നല്ല ദന്തങ്ങളോട്ടുകൂടിയവൾ; സുന്ദരി. ഉക്തി=വാക്ക്. പക്തി=പകത. അതിരഭസം=അതിവേഗം. നായികയെ പിണക്കിയാൽ വരാവുന്ന വൈഷമ്യം ആലോചിച്ചപ്പോൾ ഭയം കൊണ്ട് അക്രമികളിൽ ഒരുവന് ഉഷ്ണസഞ്ചാരം ഉണ്ടായി എന്നു താല്പൎയ്യം. പ്രതികൃതിഭയകുന്തം=പ്രതികൃതിയിൽ ഉള്ള ഭയമാകുന്ന കുന്തം. പ്രതികൃതി=പ്രതിക്രിയ. മുന്തിവന്നു=മുമ്പിട്ടുവന്നു. ചിന്താ=വിചാരം. ചിന്താപ്രതിഹതൻ=ചിന്തകൊണ്ടു പ്രതിഹതൻ (താഡിക്കപ്പെട്ടവൻ) ഉത്തരപ്പിത്തളാട്ടം=ഉത്തരമാകുന്ന കൗശലം. രാജശാസനയനുസരിച്ചു താൻ പ്രവൎത്തിക്കയാണെന്നിരിക്കിലും രാജാവിന്റെ പ്രീതി സുന്ദരിയായ നായികയ്ക്കുണ്ടായാൽ സ്ത്രീലമ്പടനായ രാജാവ് തന്നോട്ട് ഏതുമാതിരി പ്രവൎത്തിക്കുമെന്നു നിശ്ചയമില്ലാതെ ശങ്കാരൂപമായ ഭയവും അല്പം വിവേകവും അവനുണ്ടായി എന്നു സാരം.

(102) ''അരുതരുതരിശംതേ ഭാഗ്യ
സൂൎയ്യോദയാഗ്രേ
സരനരുണനുദിക്കെബ്ഭാവ
മേന്തെവമാകാൻ
അരമനമനമെല്ലാം നിന്നില
ൎപ്പിച്ചിട്ടുമ്പോൾ
അരമനമപിനീയോ തത്ര
ചേൎക്കേണ്ടതല്ലേ.

അരുതരുതരിശം=ഒട്ടും ദേഷ്യം അരുതേ. തേ=നിനക്ക്. ഭാഗ്യ..........ഉദിക്കേ=ഭാഗ്യമാകുന്ന സൂൎയ്യന്റെ ഉദയത്തിന് അഗ്രേസരനായ (മുമ്പനായ) അരുണൻ ഉദിക്കവേ—അതായത്ത് ഭാഗ്യം ഇതാവരുന്നു എന്നു സൂചിപ്പിക്കുന്ന അരുണോദയം കാൺകേ. ഭാവമെന്തേവമാകാൻ=ഇങ്ങനെ ഭാവമാകാൻ കാരണമെന്ത്. ഭാഗ്യംവരാൻ തുടങ്ങുമ്പോൾ അതിനെ ആദരിക്കാതെ അനാദരിക്കാൻ കാരണമെന്തെന്നു ഭാവം. അരമന=കൊട്ടാരം—ലക്ഷണയാ രാജാവ് എന്നൎത്ഥം. 'അരമന' എന്നത് 'അരസ്മന' അഥവാ 'അരചുമന' എന്നതിന്റെ വികാരം. അരമനം അപി=പകുതി മനസ്സെങ്കിലും. തത്ര അവിടെ, അതായത്ത് അരമനയിൽ; രാജാവിങ്കൽ. രാജാവിന്റെ മനസ്സുമുഴുവനും നിന്നെ തന്നെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ നീ ഒരു പകുതി മനസ്സെങ്കിലും രാജവിൽ അൎപ്പിക്കേണ്ടതല്ലയോ എന്നു താൽപൎയ്യം.

(103) ക്ഷിതിപതി പതിയായാൽ
തൽപരം കപ്രപഞ്ചം
മതിമുഖിസമുപാൎജ്ജ്യം മറവ
സാമ്രാജ്യമുണ്ടോ
അതിനു വഴിവരുമ്പോൾ പിൻ
വലിഞ്ഞീടൊലാ നിൻ
മതിമറിവതിചിത്രം മേഷി
പോൽ ഭോഷിയോ നീ''

ക്ഷിതിപതി=രാജാവ്. പതി=ഭൎത്താവ്. തൽപരം=അതിൽപരം. കപ്രപഞ്ചം=പ്രപഞ്ചം എവിടേ. ക്ഷിതി..........പ്രപഞ്ചം=രാജാവ് ഭൎത്താവായാൽ അതിൽപരം പ്രപഞ്ചം എവിടേ. പ്രപഞ്ചത്തിലെ (സംസാരസാഗത്തിലെ) അത്യുന്നതസ്ഥിതി രാജപത്നീത്വം ആണെന്നു സാരം,

മതിമുഖി=അല്ലയോ ചന്ദ്രമുഖീ—സുന്ദരീ. സമ്പാദ്ജ്ജ്യം=സമ്പാദിക്കേണ്ടതു്. മററസാമ്രാജ്യമുണ്ടോ=മററിതുപോലെ വേറേ ഏതെങ്കിലും സാമ്രാജ്യം ഉണ്ടോ. സമ്പാദിക്കത്തക്കതായി ഇതുപോലെ വേറെ ഒരു സാമ്രാജ്യവും ഇല്ല എന്നത്ഥം. നിൻമതിമറിവു്=നിന്റെ ബുദ്ധിയുടെ വൈപരീത്യം. അതിചിത്രം=ബഹുവിശേഷം എന്നു് ആക്ഷേപദ്യോതകം. മേഷി=പെണ്ണാട്ട് ഭോഷി=ബുദ്ധിഹീന. ആടിനെ കൊല്ലാൻകൊണ്ടുപോകുമ്പോഴും വളത്താൻ കൊണ്ടുപോകുമ്പോഴും ഒരുപോലെ' എന്നുള്ള പഴഞ്ചൊല്ലനുസരിച്ചു 'മേഷിപോൽ ഭോഷിയോ' എന്ന പ്രയോഗത്തിന്റെ സാംഗത്യം കണ്ടുകൊള്ളേണ്ടതാണു്.

(104) ക്രകച സദൃശവാചാ തക്ഷണം
തൽക്ഷണം ത-
ന്നകമലരിനതട്ടിച്ചെററ
പെൺകുട്ടി ഞെട്ടി
ശകലമനൃതമെന്യേരക്ഷയി
ല്ലെന്നുതോന്നി
പ്പികമൊഴി വഴികണ്ടാൽ
കണ്ടകേ നേരുകുററം

ക്രകചം=അവപ്പുവാൾ ക്രകചസദൃശവാചാ=അവപ്പുവാളിനുതുല്യമായി ഹൃദയത്തെ വ്രണപ്പെടുത്തുന്നവാക്കിനാൽ. തക്ഷണം=മുറിവു്. തൽക്ഷണം=ഉടനടി. അനൃതം=അസത്യം; വ്യാജം. പികമൊഴി=കിളിമൊഴി. കണ്ടകേ=ദുഷ്ടശത്രുവിൽ. നേരു്=സത്യം. കുററം=മൂച്ച്യില്ലാത്തതു്; വിഫലം എന്നത്ഥം. രാജാവിന്റെ കാമശാന്തിക്കുവേണ്ടിയാണു് താൻ അപഹരിക്കപ്പെട്ടതു് എന്നുകേട്ടപ്പോൾ ഈ ആപത്തു് അവിചാരിതവും രക്ഷാമാഗ്ഗരഹിതവും ആണല്ലോ എന്നു വിചാരിച്ചു് ബാലയായ നായിക ഞെട്ടിപ്പോയി എന്നു താല്പര്യം. അല്പം കൃത്രിമം പ്രവത്തിക്കാതെ ഇവിടെ നിവൃത്തിയില്ലെന്നും നായികയ്ക്കു തോന്നി. ദുജ്ജനങ്ങളോടു് അല്പം കളവുകൂടാതെ പറവകയില്ലെന്നു ലോകസ്വഭാവം. അലങ്കാരം അത്ഥാന്തരന്യാസം.

(105) മിഴിവഴി മുഖപത്മോത്ഭാസി
നാസന്തികശ്രീ
മുഴുവനുമൊഴുകിപ്പൊയ്പ്പോയ
പോൽ മാറിഭാവം
മഴമഴെമൃദുഗാത്രം സ്വേദ
പൂരോദയാദ്രം
നിഴലിവ നിജ രൂപം ശേഷി
വേർവിട്ടശേഷി

മുഖപത്മോത്ഭാസിവാസന്തികശ്രീ = മുഖപത്മത്തിൽശോഭിക്കുന്ന വസന്തകാല കാന്തി. കണ്ണിൽക്കൂടി ആകഷകമായ മുഖകാന്തിമുഴുവനും പൊയ്പ്പോയതുപോലെ ഭാവം മാറിഎന്നു പൂവ്വാദ്ധത്തിനു് അത്ഥം. മുഖത്തിന്റേയും കണ്ണിന്റേയും എല്ലാം ഭാവം മാറിപ്പോയിഎന്നു സാരം. കണ്ണിൽക്കൂടിയല്ലാതെ ഒഴുകിപ്പോകാൻ മാഗ്ഗമില്ലാത്തതുകൊണ്ടു് ആവഴിപോയിരിക്കാം എന്നു വിവക്ഷ. സ്വേദപൂരോദയാർദ്രം=സ്വേദപൂരത്തിന്റെഉദയംകൊണ്ടു് ആർദ്രം. സ്വേദപൂരം=വിയപ്പിന്റെ ആധിക്യം. ആർദ്രം=നനഞ്ഞതു്. നിഴലിവനിജരൂപം=തന്റെരൂപം ആകൃതിയുടെ നിഴൽപോലെആയിത്തീൎന്നു. സാക്ഷാൽ സ്വരൂപശോഭ പൊയ്പ്പോയി എന്നു താൽപയ്യം. ശേഷിവേർവിട്ടു്=ശക്തിയില്ലാതെ. അശേഷി=ശേഷിക്കപ്പെട്ടു. 'ശിഷ്യതേ' എന്നുള്ളക്രിയാപദത്തിന്റെ ഭൂതകാലം. 'ശിഷ്യതേ' എന്നക്രിയയെ 'രൂപം' എന്ന കത്താവിൽ അന്വയിക്കണം.

(106) അവളുടനുരചെയ്താൾ
"യൌവനംശൌവനംമേ
നൃവരനു നിവേദിച്ചീടുവാൻ
കൂടിടായ്കിൽ
ശിവശിവ വരണാത്ഥം ലക്ഷ്മി
കാംക്ഷിച്ചിടുമ്പോൾ
ശവമൊഴികെ വിരുദ്ധാചാര
രാരാണു പാരിൽ.

അനന്തരം നായികയുടെ ഉത്തരം വിവരിക്കുന്നു. യൌവനം നൃവരനു് (രാജാവിനു്) നിവേദിക്കു

വാൻ (അപ്പിക്കുവാൻ)സാധിക്കാത്തപക്ഷം, ആ യൌവനം ശൌവനമാണ്. ശൌവനം=ശവത്തിനെ സംബന്ധിച്ചത്; നിന്ദ്യം. 'ശവ'ശബ്ദത്തിൽ നിന്ന് 'ശൌവം' എന്നും 'ശൌവനം' എന്നും വിശേഷണപദങ്ങൾഉണ്ട്. ["പ്രയോഗ ദീപിക" നോക്കുക]വരണാത്ഥം=വരിക്കാനായിക്കൊണ്ട്. കാംക്ഷിക്ക=ആഗ്രഹിക്ക. ശവം=പിണം. വിരുദ്ധാചാരർ=വിരുദ്ധമായി പ്രവത്തിക്കുന്നവർ. വരിക്കാനായിക്കൊണ്ടു ലക്ഷ്മിതന്നെ ഇങ്ങോട്ടുകാംക്ഷിക്കുമ്പോൾ ശവമല്ലാതെ മററാരെങ്കിലുംവിരുദ്ധമായി പ്രവത്തിക്കുമോ.—ആരും പ്രവത്തിക്കുകയില്ല എന്നത്ഥം.

(107) ഒരുഞൊടിമതി ചെന്നങ്ങെ
ത്തുവാനെന്നിരിക്കെ
തിരുതകൃതി കിമത്ഥം നക്തമി
ത്ഥം പ്രയുക്തം
പരിഭവമതുകൊണ്ടില്ലെങ്കിലും
ശങ്കനീയം
പരജനപരിവാദം ലജ്ജയും
വജ്ജ്യയല്ല.

ഒരു ഞൊടി ........ ...എന്നിരിക്കെ=അവിടെ ചെന്നെത്തുവാൻ ഒരു ഞൊടി (സ്വല്പമായ ഒരു സൂചന)മതി എന്നിരിക്കെ. നക്തം=രാത്രി. തിരുതകൃതി ഇത്ഥം കിം അത്ഥം പ്രയുക്തം= ഈ ലഹളഎന്തുകാര്യത്തിനായിട്ട് ഇങ്ങനെ പ്രയോഗിക്കപ്പെട്ടു. ഇങ്ങനെ കലശൽ കൂട്ടേണ്ട ആവശ്യമില്ലായിരുന്നു 'എന്നു സാരം. പരിഭവം=നിരസഭാവം. പരജനപരിവാദംശങ്കനീയം=അന്യന്മാരുടെ ആക്ഷേപം ശങ്കിക്കേണ്ടതാണ്: ലജ്ജയും വജ്ജ്യയല്ല=ലജ്ജയേയും ഉപേക്ഷിക്കത്തക്കതല്ല. "പ്രായേണ സമ്പ്രതിജനാഃപരിഹാസശീലാസ്തൽ കാതരാസ്മി നിതരാംനപരോത്രദോഷഃ" എന്ന മനോരമത്തമ്പുരാട്ടിയുടെ ആശയം കാണ്ക. ഇതൊന്നും ഇത്ര പരസ്യമായിട്ടുവേണ്ടതല്ല എന്നു ഭാവം.

(108) പെരുവഴികളുപേക്ഷിച്ചൂട്ടു
മാർഗ്ഗേണഗൂഢം
നരവരഗൃഹമേത്തും ദോഷ
മില്ലേതുമാക്കും
ഒരുവനതിനുകൂടെപ്പോരുകിൽ
പ്പോരുമല്ലോ.
ചെറിയ തരണിചേരും
പറവകില്ലത്രതേരും.

ഊട്ടുമാർഗ്ഗം=ഊട്ടുവഴി; ഇടവഴി. ഗൂഢം=രഹസ്യമായിട്ട്. നരവരഗൃഹമേത്തും—രാജഗൃഹത്തെപ്രാപിക്കുവാൻ. 'ഏത്തും'. എന്നത് തുമുന്നന്തമവ്യയം. ഏതും ദോഷം ആക്കും ഇല്ലാ—ഒരു ദോഷവും ആക്കും ഇല്ല. ചെറിയതരണി=ചെറുവള്ളം ചേരും=യുക്തമായിരിക്കും. പറവകില്ലത്രതേരും= രഥംകൂടി അത്രനന്നായിരിക്കയില്ല. മുൻസൂചിതമായ സമ്പ്രദായത്തിൻെറ വിവരണമാണ് ഈ ശ്ലോകം.

(109) അതുശരി നിരപായംനീ
പറഞ്ഞോരുപായം
മതിചതുരയോഷാജാതി
തൻഖ്യാതിയത്രേ
ഇതികുതുകസമേതം മുഷ്കര
പ്പുഷ്കരാക്ഷി
ക്കതിജവമൊരുവള്ളംയാത്ര
യാക്കാനൊരുക്കി.

നിരപായം അപായമില്ലാത്തതു്; ഹാനിയില്ലാത്തതു്. മതിചതുരത=ബുദ്ധിസാമത്ഥ്യം. യോഷാജാതി=സ്ത്രീജാതി. "സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷ്വപ്യാകല്പ്യതേ പറവതെന്തിനു മാനുഷീഷു" എന്ന് അഭിജ്ഞാനശാകുന്തളം. ഖ്യാതി=യശസ്സ് മുഷ്കർ=മുട്ടാളന്മാർ. പുഷ്കരാക്ഷി=താമരക്കണ്ണി; സുന്ദരി. അതിജവം= അതിവേഗം.

(110) മെച്ചത്തിൽ പഥി പാക്കുവെട്ടുവതിനായ് തൻ കൈവശം വന്നതാം
പിച്ചാങ്കത്തി മടിയ്ക്കുകത്തു കരുതി
ക്കേറിപ്പുറപ്പെട്ടവൾ

ഇച്ഛയെയ്ക്കാത്ത ഫലം ലഭിച്ചതു
നിനച്ചുത്സാഹമച്ഛന്നമായ്
പ്രച്ഛന്നാകൃതിപൂണ്ടരാജഭൃതകന്മാരും
പിരിഞ്ഞീടിനാർ

വഥി—വഴിയിൽ. അച്ഛന്നമായ്=ച്ഛന്നമല്ലാത്തതായി; മറവില്ലാത്തതായി. പ്രച്ഛന്നാകൃതി=പ്രച്ഛാദനം ചെയ്ത (മറച്ചതായ) ആകൃതി(വേഷം). രാജഭൃതകർ=രാജാവിൻെറ വേലക്കാർ' "ഭൃതകോഭൃതഭുക്കർമ്മകരോവൈതനികോപിസഃ" എന്നമരം. നായികയെമാത്രം ഒരു ചെറു വള്ളത്തിലാക്കി അയച്ചിട്ട് മറവള്ളവർ ഉത്സാഹമായിട്ട് അവരുടെ വഴിക്കു പോയി എന്നു താൽപര്യം. വൃത്തം 'ശാർദ്ദൂലവിക്രീഡിതം'. സർഗ്ഗാന്തശ്ലോകമാകയാൽ വൃത്തഭേദം.

ദ്വിതീയസർഗ്ഗം. സമാപ്തം.

---

# തമിഴരുടെ 'സംഘ'കാലം

കെ. എൻ. ഗോപാലപിള്ള എം. എ. (മധുര)

ബുദ്ധമതക്കാരും ജൈനന്മാരും ഒരു മതസമുദായത്തെക്കുറിക്കുന്നതായി ഉപയോഗിച്ചുവന്നിരുന്നതാണല്ലോ 'സംഘം' എന്ന പദം. ഈ പദം തമിഴിലെ 'കൂട്ടം' എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടുകയാലാണ് 'തമിഴ്സംഘം' എന്ന പേരുണ്ടായത്. പ്രാചീനകാലത്ത് ബൗദ്ധന്മാരും ജൈനന്മാരുമായ അനേകം കവികൾ തമിഴ് സാഹിത്യത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. തമിഴിൽ സദാചാരപരമായ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിലും ശൃംഗാരരസപ്രതിപാദകങ്ങളായ നാടകങ്ങളുടേയും മററും പ്രചാരം തടയുന്നതിലും ഇവർ ചെയ്തിട്ടുള്ള ശ്രമം അന്യാദൃശമാണ്.

പ്രാചീനകാലത്ത് മൂന്നു സംഘങ്ങളുണ്ടായിരുന്നു എന്നാത്രേ ഐതിഹ്യം. ഇവയിൽ ഒന്നാമത്തെ സംഘത്തിൻെറ സ്ഥാനമെന്നു പറഞ്ഞുവരുന്ന 'മധുര'യ്ക്കും ഇന്നും 'കൂടൽ' എന്നുപേർ നിലനിന്നുവരുന്നു. ഒന്നും രണ്ടും സംഘങ്ങളുടെ പ്രവർത്തനത്തെപ്പററി പാശ്ചാത്യരും പൌരസ്ത്യരുമായ പണ്ഡിതന്മാരിൽ പലരും വിശ്വസിക്കുന്നില്ല. ഈ സംഘത്തിൽ സംബന്ധിച്ചിരുന്നു എന്നു കാണുന്ന കവികളെന്നുമാത്രമല്ല, രാജാക്കന്മാരും മനുഷ്യാതീതമായ ആയുസ്സോടുകൂടി ജീവിച്ചിരുന്നതായി പ്രതിപാദിക്കുന്നതാണ് ഈ അവിശ്വാസത്തിന് ഒരു കാരണം. ഭോജപ്രബന്ധത്തിൽ ഭിന്നകാലങ്ങളിൽ ജീവിച്ചിരുന്നവരായ കാളിദാസൻ, മാഘൻ, ഭവഭൂതി, ദണ്ഡി തുടങ്ങിയുള്ള കവികൾ ഭോജസദസ്സിൽ ഒത്തുകൂടി അനേകം കവിതകൾ നിർമ്മിച്ചതായി പ്രസ്താവിച്ചിരിക്കുന്നു! അതുപോലെ തമിഴരുടെ 'സംഘകാല'വും ഏതോ ചില കവികളുടെ മനോധർമ്മവിരചിതമാണെന്നും അവർ പറയുന്നു. നമ്മുടെ ഇന്നത്തെ കലാശാലകൾ എന്നപോലെ അതാതു വിഷയങ്ങളിൽ പ്രത്യേകം പ്രാവീണ്യം സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരടങ്ങിയ ഒരു

സംഘം ഒരുകാലത്തെങ്കിലും ഉണ്ടായിരുന്നോ എന്ന സംശയമാണ്. എന്നാൽ മഹാബുദ്ധിമാന്മാരായ പണ്ഡിതന്മാരുടെ സംഘം ഓരോകാലത്തും ഉണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ അബദ്ധമില്ലെന്നു പ്രൊഫസ്സർ സുന്ദരംപിള്ള അഭിപ്രായപ്പെടുന്നു. "സംഘകാല"ത്തെപ്പററി പലക്കും പലമാതിരി സന്ദേഹങ്ങളുണ്ട്. ഇവയെപ്പററി സൂക്ഷ്മമായ പര്യവേക്ഷണങ്ങൾ നടത്തി സംശയനിവാരണം വരുത്തേണ്ടതു് ദക്ഷിണേന്ത്യയിലെ, വിശേഷിച്ചും പാശ്ചാത്യപണ്ഡിതന്മാർ കൂടിയുള്ള, പര്യവേക്ഷണ സംഘങ്ങളുടെ ചുമതലയാണ്. അതിനുശേഷമല്ലാതെ ഈ വിഷയത്തെപ്പററി തീരുമാനരൂപത്തിൽ ഒരഭിപ്രായം പറയുന്നതു യുക്തമല്ല. സംഘകാലത്തു് നിർമ്മിക്കപ്പെട്ടിട്ടുള്ളതും താഴെ ചേക്കുന്നതുമായ * വെൺപാ അക്കാലത്തു് ജീവിച്ചിരുന്ന കവികളെപ്പററി പ്രതിപാദിക്കുന്നു:—

' ഏഴേഴോടൈഞ്ഞൂറുമേഴേഴോടൊരുപത്തും ഏഴേഴും, ചങ്കമിരിഇനർ ഏഴേഴ്ചേർനാർ പതിനാന്തുറമുപ്പാനേഴ് ന്തൂറു നാന്തുററനാർപതിനൊൻ പാൻ കവിഞ്ഞർ നാട്ടു'

ഒന്നാമത്തെ സംഘം:—ഈ സംഘത്തിൽ അഹത്തിയൻ, ശിവൻ, മുരുകൻ എന്നു തുടങ്ങി ൪൯ കവികളുണ്ടായിരുന്നുവെന്നും, ഇതു് ൪൪൪൦ വഷക്കാലം നടന്നുവന്നിരുന്നുവെന്നും ഐതിഹ്യം ഘോഷിക്കുന്നു. ഋഗ്വേദത്തിനുപോലും മൂവായിരത്തിൽപ്പരം കൊല്ലങ്ങളുടെ പഴക്കമേ ഉള്ളു എന്നു് മക്ഡോണൽ തുടങ്ങിയുള്ള പാശ്ചാത്യപണ്ഡിതന്മാർ പറയുന്നു. അങ്ങനെയിരിക്കെ തമിഴ് സംഘത്തിനു ഇത്ര വളരെ പ്രാചീനത്വം കല്പിക്കുന്നതെങ്ങനെയെന്നു് ന്യായമായ ഒരു ചോദ്യത്തിന് അവകാശമുണ്ട്. എന്നാൽ ഋഗ്വേദത്തിന് ൩൦൦൦ കൊല്ലത്തെ പഴക്കമുണ്ടെന്നും മാക്സ്മുള്ളർ, തിലകർ തുടങ്ങിയുള്ളവരും, അതുമല്ല പതിനായിരംകൊല്ലംവരെ പിൻപോട്ടുപോകേണ്ടിവരുമെന്നു പ്രാണിശാസ്ത്രപടുക്കളും അഭിപ്രായപ്പെടുന്നുണ്ട്. പോരെങ്കിൽ ഭൂമുഖത്തിൽ ആദ്യമായി മനുഷ്യരുണ്ടായതു് ദക്ഷിണഭാരതത്തിലാണെന്നുള്ള † തത്വം പലരും അംഗീകരിക്കുന്നുമുണ്ടല്ലോ. ഇങ്ങനെനോക്കുമ്പോൾ സംഘകാലം പ്രാക്തനമാണെന്നുള്ളതിൽ വലുതായ ആശങ്കയ്ക്കു വകയില്ല. എന്നാൽ ഒന്നാമത്തെ സംഘകാലത്തു നിർമ്മിക്കപ്പെട്ടവയിൽ ചുരുക്കം ചില ഗ്രന്ഥങ്ങൾ മാത്രമേ നമുക്കു സിദ്ധിച്ചിട്ടുള്ളു. അവ പരിപാടൽ, മുതുനാരൈ, മുതുകുറുകു, കളരിയാവിരൈ മുതലായവയാണ്. ഈ സംഘം സമുദ്രഗ്രസ്തമെന്നുപറഞ്ഞുവരുന്ന 'മധുര'യിൽ മുൻരാജാക്കന്മാരുടെ ഭരണകാലത്തു് നടന്നുവന്നിരുന്നുവത്രേ. അക്കാലത്തു് 'അഹത്തിയം' എന്ന ഗ്രന്ഥമാണ് ഏററവും പ്രധാനമായി കരുതിയിരുന്നതു്. ഇതിൻെറ കത്താവായ 'അഹത്തിലൻ' സംസ്കൃതപുരാണങ്ങൾ ഘോഷിക്കുന്ന 'അഗസ്ത്യ'നല്ലെന്നും, ഇതേ പേരിൽ ഒൻപതു മഹാന്മാർ ജീവിച്ചിരുന്നു എന്നും പറയപ്പെടുന്നു. 'അഗസ്ത്യ'നും തമിഴുനാട്ടുമായുള്ള

* തമിഴിലെ ഒരു വൃത്തവിശേഷം

† Haeckal, Raleigh, John Evans, Maclean, Holderness മുതലായവരുടെ അഭിപ്രായഗതി നോക്കുക.

ബന്ധത്തെപ്പററി ഇനി ഒരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. പണ്ട് വിന്ധ്യപർവ്വതത്തിൻെറ വടക്കുഭാഗം സമുദ്രമായിരുന്നു എന്നും, 'തമിഴക'ത്തെ ഗ്രസിച്ചു തൃപ്തനായ സമുദ്രം ആ ഭാഗത്തു നിന്നും പിന്മാറിയെന്നും പറഞ്ഞു വരുന്നു. ആ സ്ഥലം ക്രമേണ മരുഭൂമിയും വനങ്ങളും കലൎന്ന ഒരു ഭൂവിഭാഗമായിത്തീൎന്നു. അങ്ങനെ നോക്കുമ്പോൾ ഉത്തരദേശീയനായ അഗസ്ത്യൻ ഒന്നാമത്തെയോ രണ്ടാമത്തെയോ തമിഴ് സംഘത്തിൻെറ അംഗമായിരിക്കാൻ ഇടയില്ലല്ലോ. ഏതായാലും പ്രഥമസംഘത്തിലെ പ്രധാനകവി 'അഹത്തിയ'നാണ്. ഈ സംഘകാലത്ത് ജീവിച്ചിരുന്ന കവികളിൽ പലരും 'പരിപാടലുകൾ' എഴുതി. ഇവരിൽ അവസാനത്തെ കവിയാൽ നിൎമ്മിതവും 'എട്ടുത്തൊകൈ' എന്നുപറഞ്ഞുവരുന്നതുമായ എഴുപതു പാട്ടുകളൊഴികെ ശേഷമുള്ളവയെല്ലാം നശിച്ചുപോയിരിക്കുന്നു.

രണ്ടാമത്തെ സംഘം:—ദക്ഷിണ മധുര ജലത്തിനടിയിൽ മുഴുകവേ കവാ(പാ)ടപുരം എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടതാണ് ഈ സംഘം. ഇതു് ഏകദേശം ൩൭൦൦കൊല്ലം നിലനിന്നുവെന്നും, ൩൭൦൦ കവികളുടെ കൃതികൾ പരിശോധിച്ചുവെന്നും ഐതിഹ്യം ഘോഷിക്കുന്നു!! ഈ സംഘത്തിൻെറ നേതൃത്വത്തിൽ നിൎമ്മിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ അഹത്തിയം, മഹാപുരാണം, ഇശൈനുണുക്കം, ഭൂതപുരാണം മുതലായവ പ്രായേണ പ്രാധാന്യം വഹിക്കുന്നു. കലി, കുരുകു, വെണ്ടളൈ, വ്യാഴമാലൈ, മുതലായ കൃതികളുടെ പേരുകളും പ്രസ്താവിച്ചുകാണുന്നു.

സംഘകാലത്തുണ്ടായിട്ടുള്ള കവിതയിൽ സാമാന്യമായി കണ്ടുവരുന്ന ഗുണങ്ങൾ മനോധൎമ്മ വൈശിഷ്ട്യവും *അവ്യാപകതത്വവുമാണ്. ആൎയ്യന്മാർ തമിഴരുടെസമീപത്തു വസിച്ചിരുന്നുവെങ്കിലും അവരുടെ സാഹിത്യത്തിൽ നിന്നും എത്രയും വ്യത്യസ്തമായ നിലയിലാണ് തമിഴസാഹിത്യം അക്കാലത്ത് പുരോഗതിയെ പ്രാപിച്ചുവന്നിരുന്നതു്. തമിഴരുടെ സംസ്കാരവിശേഷവും ആൎയ്യന്മാരുടേതിൽ നിന്നും ഭിന്നമായിരുന്നു. ഇവയിൽ ഒന്ന് മറേറതിനേക്കാൾ ശ്രേഷ്ഠമെന്നു പറവാൻ നിവൃത്തിയില്ല. ഓരോ കൂട്ടരും ജീവിച്ചിരുന്ന അന്തരീക്ഷം അവരുടെ കൃതികളിൽ സ്പഷ്ടമായി നിഴലിച്ചുകാണുന്നു; അത്രേ ഉള്ളു.

തമിഴകം വടക്ക് വിന്ധ്യപൎവ്വതം വരെയും തെക്ക് ആഫ്രിക്കാ, ആസ്ത്രേലിയാ എന്നീ ഭൂഖണ്ഡങ്ങൾ വരെയും നീണ്ടുകിടന്നിരുന്നതായി പറയപ്പെടുന്നു. ഈ ഭൂവിഭാഗത്തിൽ സമുദ്രഗ്രസ്തമായ പ്രദേശത്തിന് 'ലമൂറിയാ' എന്നത്രേ പേർ കല്പിച്ചിട്ടുള്ളതു്. 'തമിഴക'ത്തിൻെറ അതിൎത്തികളെപ്പററി പല കവികളും പ്രസ്താവിച്ചിട്ടുണ്ട്. കന്യാകുമാരിക്കു തെക്കായി 'മധുര' എന്നൊരു സ്ഥലം ഉണ്ടായിരുന്നുവെന്നും, ആ സ്ഥലം ജലനിമഗ്നമായപ്പോൾ തമിഴരചൻ വടക്കോട്ടു വന്ന് 'കവാടപുരം' എന്ന സ്ഥലം രാജധാനിയാക്കി ഭരണം നടത്തിയെന്നും കാണുന്നു. കവാടപുരത്തിലത്രേ രണ്ടാമത്തെ തമിഴ് സംഘം നടന്നിരുന്നതു്. കവാടപുരത്തെപ്പററി വാല്മീകിമഹൎഷി രാമായണം കിഷ്കിന്ധാകാണ്ഡത്തിൽ വിവരിച്ചിട്ടുണ്ട്. ഇതു് ക

* Individuality.

വാടപുരം, അതായത്, വിശേഷപ്പെട്ട വാതിലോടുകൂടിയ പുരമാണെന്നുള്ള സംസ്കൃതപണ്ഡിതന്മാരുടെ മതത്തോടു തമിഴർ യോജിക്കുന്നില്ല. സമുദ്രത്തിന്റെ രണ്ടാമത്തെ ആക്രമണഫലമായി കവാടപുരവും നശിക്കവേ തമിഴർ വീണ്ടും വടക്കോട്ടു വന്നു എന്നും 'കുമരി' എന്ന പേരിൽ തെക്കുണ്ടായിരുന്ന നദിയുടെ സ്മാരകമായിട്ടാണു് 'കുമാരി' എന്ന സ്ഥലം-ഇന്നത്തെ 'കന്യാകുമാരി'—കണ്ടുപിടിച്ചതെന്നും ചിലർ അഭിപ്രായപ്പെടുന്നു.

തമിഴകത്തിലെ രാജാക്കന്മാർ സാധാരണമായി ചില നദികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ചേരരാജാവു് പെരിയാറിനോടും, ചോഴരാജാവു് കാവേരിയോടും ചേന്നിരിക്കെ പാണ്ഡ്യരാജാവു മാത്രം പഫ്രുളി, പൊരുണൈ, വൈഗൈ, എന്നിവയോടു് അനുക്രമമായി ചേൎന്നുകാണുന്നു. ഇതിൽനിന്നും പാണ്ഡ്യൻ ഒരു സ്ഥലത്തുനിന്നും മറെറാരു ഭാഗത്തേയ്ക്കു് തന്റെ രാജധാനി മാററിവന്നിരുന്നു എന്നു് ഊഹിക്കാം. ആദ്യമായി പറയുന്ന 'പഫ്രുളി' നദി ഇപ്പോൾ നാമാവശേഷമായിത്തീൎന്നിരിക്കുന്നു. ആ നദി സമുദ്രഗ്രസ്തമായ പ്രദേശത്തു് ഉണ്ടായിരുന്നതാണെന്നും, ആസ്ഥലത്താണു് ആദ്യകാലത്തെ തമിഴ് സംഘങ്ങൾ നടപ്പിലിരുന്നതെന്നും, ഒടുവിലാണു് ഉത്തരമധുരയിൽ എത്തിയതെന്നും അനുമാനിക്കുന്നതിൽ ഗമകം കാണുന്നു. കവാടപുരത്തെപ്പററി:—'സ്വൎണ്ണരത്നാദികളാൽ അലംകൃതമായ പാണ്ഡ്യന്റെ കവാടപുരത്തിൽ എത്തി സീതയെ അന്വേഷിക്കുക' എന്നത്രേ വാല്മീകിരാമായണത്തിൽ കാണുന്നതു്. ഈ പുരത്തെപ്പററി കൌടില്യൻ അൎത്ഥശാസ്ത്രത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. 'കവാടപുര'മാണല്ലോ രണ്ടാമത്തെ തമിഴ്സംഘത്തിന്റെ സ്ഥാനം.

ആദ്യത്തെ രണ്ടു സംഘങ്ങളും കേവലം ഊഹജന്യങ്ങളാണെന്നത്രേ പ്രൊഫസ്സർ ശേഷഗിരിശാസ്ത്രിയുടെ മതം. ശിവൻ, കുബേരൻ മുതലായ സങ്കല്പപാത്രങ്ങളെ കവികളായി ചേൎത്തിരിക്കുന്നതും, സംഘങ്ങളുടെ അതിദീൎഘങ്ങളായ കാലവും, മററും കൃത്രിമരൂപമായിരിക്കുന്നു എന്നു് അദ്ദേഹം പറയുന്നു. കൂടാതെ ഒരേ കവിയെത്തന്നെ രണ്ടു സംഘങ്ങളിലും ചേൎത്തിരിക്കുന്നുവത്രേ. ചില പദ്യങ്ങൾ ചോഴരാജാക്കന്മാരുടെ വിജയത്തേയും പാണ്ഡ്യരാജാക്കന്മാരുടെ പരാജയത്തേയും വിവരിക്കുന്നു. ഈവക പദ്യങ്ങൾ പാണ്ഡ്യനൃപന്മാരുടെ ആധിപത്യത്തിൽ നടന്നുവന്നിരുന്ന സംഘങ്ങൾ അംഗീകരിച്ചുവെന്നു് എങ്ങനെ അനുമാനിക്കാം? എന്നാണു് മറെറാരുവാദം. ഇതിനു സമാധാനമുണ്ടു്. സംഘത്തിന്റെ തലസ്ഥാനം പാണ്ഡ്യദേശമായിരുന്നുവെങ്കിലും, ചേരചോഴന്മാരും സംഘത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സംഘത്തിന്റെ മേൽ പാണ്ഡ്യനു് പ്രത്യേകമായോ പൂൎണ്ണമായോ ഉള്ള അധികാരം ഉണ്ടായിരുന്നില്ല. രാജാക്കന്മാൎക്കു് ഇഷ്ടമായാലും അനിഷ്ടമായാലും പണ്ഡിതന്മാർ തങ്ങളുടെ അഭിപ്രായങ്ങൾ കൂസലെന്യേ പുറപ്പെടുവിച്ചിരുന്നു. കവികൾ രാജമന്ദിരങ്ങളിൽ മാനനീയന്മാരായ അതിഥികളായി വസിക്കുകയും, വിഷമഘട്ടങ്ങളിൽ രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും വേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്തു പതിവാ

യിരുന്നു. അത്ര പ്രാചീനകാലത്തു് സംഘരൂപവൽകരണത്തിനും മററും പര്യാപ്തമായ സംസ്കൃത മനുസ്മൃതി തമിഴക്കുണ്ടായിരുന്നോ എന്നാണു് ചില പണ്ഡിതന്മാരുടെ സംശയം. ഉത്തരഇൻഡ്യയിലാകട്ടെ ഉപനിഷൽകാലങ്ങളിൽ പരിഷത്തുകരം സ്ഥാപിക്കപ്പെട്ടതായി കാണുന്നു. ഈ വക സദസ്സുകളിൽ പണ്ഡിതന്മാർ ഒത്തുകൂടുകയും രാജാക്കന്മാരുടെ അദ്ധ്യക്ഷതയിൽ സാഹിത്യവിഷയങ്ങളെപ്പററിയും മററും വാദപ്രതിവാദം നടത്തുകയും ചെയ്ക പതിവായിരുന്നു. ആദ്യകാലത്തു് തമിഴ്സംഘത്തിനു് ക്ലിപ്തമായ ഒരു തലസ്ഥാനം ഉണ്ടായിരുന്നതായി കാണുന്നില്ല. അതു് രാജമന്ദിരം എവിടെയാണോ അവിടെവച്ചു നടന്നിരിക്കാം. ക്രമേണ ആവശ്യാനുസരണം അതു് സ്ഥിരമായ ഒരു സ്ഥലവും സമ്പാദിച്ചിരിക്കാം. ദക്ഷിണമധുരയിൽ നിന്നും ഉത്തരമധുരയിലേയ്ക്കു് ക്രമേണ ഉണ്ടായ രാജധാനിയുടെ മാററത്തെപ്പററിയും മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ കഴിഞ്ഞ പതിനായിരം കൊല്ലങ്ങരംക്കിപ്പുറം ഇൻഡ്യയിലോ സമീപപ്രദേശങ്ങളിലോ സമുദ്രത്തിന്റെ ആക്രമണം ഉണ്ടായതായി തെളിയിക്കാൻ പ്രയാസമാണെന്നു് പ്രാണിശാസ്ത്രപടുക്കളിൽ ചിലർ അഭിപ്രായപ്പെടുന്നു. തമിഴ്സംഘം അതിലും പ്രാക്തനമെന്നു പറയുന്നതും സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. അതിനാൽ ഈ വിഷയത്തിൽ സമർത്ഥന്മാരായ പണ്ഡിതന്മാരുടെ ദൃഷ്ടി പതിയേണ്ടിയിരിക്കുന്നു എന്നുമാത്രം പറഞ്ഞുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കാം.

മൂന്നാമത്തെ സംഘം:—ഈ സംഘം ഇന്നു നാം കണ്ടുവരുന്ന മധുരാപുരിയിൽ സ്ഥാപിക്കപ്പെട്ടു. ഇതു് ൪൯ രാജാക്കന്മാരുടെ ഭരണകാലങ്ങളിലായി ആയിരത്തിൽപരം വഷക്കാലം നടന്നുവത്രേ. ൪൯ അംഗങ്ങളുണ്ടായിരുന്ന ഈ സംഘത്തിൽ സമപ്പിക്കപ്പെട്ട കവിതകളുടെ എണ്ണം ൪൯ ആണെന്നു രേഖപ്പെടുത്തിക്കാണുന്നു. ഈ സംഘത്തിൽ ഉത്തരദേശീയനായ 'അഗസ്ത്യ'രും അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഉരംപ്പെടുന്നു. തിരുവള്ളുവർ സ്വകൃതിയായ 'കുറളിന്റെ അവസാനത്തിൽ ഈ ൪൯ അംഗങ്ങളുടെ പേരും ചേർത്തിട്ടുണ്ടു്. പേരിശൈക്കുത്തു്, വരി, പത്തുപ്പാട്ടു്, എട്ടുത്തൊകൈ, പതിനെൻ കീഴ് കണക്കു്, മുതലായവ ഈ സംഘസമക്ഷം സമപ്പിച്ചിട്ടില്ലെങ്കിലും, അവയും സംഘകാലത്തു് നിമ്മിക്കപ്പെട്ടവയാണു്. ഈ സംഘത്തിന്റെ അദ്ധ്യക്ഷൻ 'നക്കീരർ' എന്ന മഹാനായിരുന്നു.

എത്രയും അഭിവൃദ്ധികരമായ നിലയിൽ നടന്നുവന്നിരുന്ന ഈ സംഘം നാമാവിശേഷമായിത്തീരുന്നതിനു് പലകാരണങ്ങളും പറഞ്ഞുവരുന്നു. അവ പ്രായേണ, കുറളിന്റെ സമപ്പണം, സംഘതേനാക്കന്മാരുടെ ക്രൂരമായ പെരുമാററം,—ഇതിനെപ്പററി 'ഊശിമുറി' എന്ന ഗ്രന്ഥത്തിൽ സരസമായി പ്രതിപാദിച്ചിട്ടുണ്ടു്— ബൌദ്ധജൈനന്മാരുടെ പ്രാബല്യം മുതലായവയാണു്. സ്വതന്ത്രശീലനും ന്യായസ്ഥനുമായ നക്കീരർ ശിവനാൽ ശപിക്കപ്പെട്ടതും, കോവലന്റെ ധമ്മപത്നിയായ കണ്ണകിയുടെ കോപാഗ്നിയിൽ മധുരാപുരി ദഹിക്കപ്പെട്ടതും മററുകാരണങ്ങ

ളായി ചിലർവ്യവഹരിച്ചുവരുന്നു. ഈ സംഘകാലത്തു് നിമ്മിക്കപ്പെട്ടിട്ടുള്ള കൃതികളിൽ പ്രധാനപ്പെട്ടതു് 'മുത്തൊള്ളായിരം' എന്ന ഗ്രന്ഥമാണ്. ഇതിനു മൂന്നു ഭാഗങ്ങളും ഓരോഭാഗത്തിൽ വെൺപാവൃത്തത്തിൽതൊള്ളായിരം പദ്യങ്ങളുമുണ്ടു്. ഇവ മൂന്നു തമിഴരചന്മാരുടെ അപദാനങ്ങളെ വർണ്ണിക്കുകയാണു ചെയ്യുന്നതു്. മനോഹരമായ ശൈലീവിശേഷം, അനിതരസാധാരണമായ കല്പനാവൈചിത്ര്യം എന്നീഗുണങ്ങളാൽ ഈ കൃതി ഒരുത്തമസാഹിത്യഗ്രന്ഥമാണ്.

ഈ സംഘത്രയത്തെപ്പററി അപ്പർ, മാണിക്കവാചകർ മുതലായ മഹാകവികൾ സ്വകൃതികളിൽ പ്രസ്താവിച്ചിരിക്കെ, ആധുനികപണ്ഡിതന്മാരിൽ ചിലർ അവ വെറും കെട്ടുകഥകളാണെന്നു തീൎത്തു പറയുന്നതു സാഹസമാണ്. സൂക്ഷ്മമായ അറിവു സമ്പാദിക്കുന്നതിനു് നിസ്തന്ദ്രതയോടുകൂടി പരിശ്രമിക്കുകയാണു നാം ചെയ്യേണ്ടതു്. കാലാന്തരത്തിൽ വീണ്ടും സംഘങ്ങൾ ഉണ്ടായതായി കാണുന്നു. എന്നാൽ ഇവയ്ക്കു് പ്രാചീനകാലത്തെ സംഘങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം സദ്ധിച്ചില്ല. ഏ. ഡി. ൩൫൦-ൽ സ്ഥാപിതമായ നാലാമത്തെ സംഘം ൧൫൦ വഷക്കാലം നടപ്പിലിരുന്നു. ഇതിലെ അംഗങ്ങൾ പദ്യരൂപമായ പല ആമുഖങ്ങളുടേയും മററും കത്താവായ 'പെരുന്തേവനാർ', നാലടിയാർ കൃതികളുടെ കത്താക്കന്മാർ, സംഘത്തമിഴ്—സംഘമുതത്തമിഴ്- എന്നു തുടങ്ങിയുള്ള പദങ്ങൾ പ്രയോഗിച്ചിട്ടുള്ള തിരുമെങ്കൈ ആൾവാർ മുതലായവരാണ്. ഏ. ഡി. ൻ൦൦ ാമാണ്ടിൽ മധുരാപുരിയിൽ അഞ്ചാമത്തെ സംഘം സ്ഥാപിക്കപ്പെട്ടു. ഇതു് 'തിരുത്തക്കതേവ'രുടെ കാലത്തായിരുന്നു. 'പൊയ്യാമൊഴിപ്പുലവ'രുടെ പരിശ്രമഫലമായിട്ടത്രേ ഈ സംഘം നടന്നുവന്നതു്. ഇതിനുശേഷം ചോഴനഗരങ്ങളിൽ തമിഴ് സംഘങ്ങൾ നടത്തുന്നതിനു് പലരും ശ്രമം ചെയ്തു. എന്നാൽ അവയിലൊന്നും തന്നെ ദീർഘകാലം നിലനിന്നില്ല. മധുരയിൽ നൂതനമായി സ്ഥാപിക്കപ്പെട്ട സംഘങ്ങളും രാജ്യവിപ്ലവങ്ങളാലും മററും നാശോന്മുഖമായി ഭവിക്കയാണു ചെയ്തതു്. 'പാണ്ടിത്തൊരൈ' എന്ന പണ്ഡിതൻ ആരംഭിച്ച ആറാമത്തെ സംഘം ഏകദേശം ൨൫ വഷക്കാലം നടന്നു വന്നതായും കാണുന്നു.

സംഘങ്ങൾ വഴി തമിഴ് സാഹിത്യത്തിനുണ്ടായിട്ടുള്ള ഗുണങ്ങൾ അമൂല്യങ്ങളാണ്. സംഘനേതാക്കന്മാർ തങ്ങളുടെ കൈവശം വന്നുചേൎന്ന കൃതികളേപ്പററി ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും സമഗ്രമായവയെ മാത്രം സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ സാഹിത്യകൃതികളുടെ അന്തസ്സാരം പരിപാലിക്കുന്ന വിഷയത്തിൽ അവർ സദാ ജാഗരൂകന്മാരായിരുന്നു. ഗ്രാമ്യപദങ്ങളോ ദേശ്യപദങ്ങളോ അടങ്ങീട്ടുള്ള കവിതകളെ അവർ ഗണ്യകോടിയിൽ കരുതിയില്ല. ഇങ്ങനെയുള്ള നിബന്ധനകൾ മൂലം യാതൊരു വിധത്തിലുമുള്ള ന്യൂനതകളും ഇല്ലാത്ത ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ഉണ്ടാകുന്നതിനു് ഈ സംഘങ്ങൾ വളരെസഹായിച്ചു. ഗ്രന്ഥം നോക്കാതെ ഗ്രന്ഥകത്താവിനെ മാത്രം ആധാരമായിക്കരുതി സ്തുതിവഷം ചൊരിയുന്ന ഇന്നത്തെചില പത്രപ്രവത്തകന്മാരും, ഗ്രന്ഥങ്ങളിലെദോ

ഷഭാഗങ്ങളെ പരിഗണനം ചെയ്യാതെ അവയെ പാഠ്യപുസ്തകങ്ങളാക്കി അംഗീകരിക്കുന്ന കൂട്ടരും ഈ 'സംഘകാല'ത്തെപ്പററി ഒന്നു ചിന്തിക്കുന്നതു നന്നായിരിക്കും. മലയാളരാജ്യത്തിലെ സാഹിത്യപരിഷത്തുകൾ 'തമിഴ്സംഘങ്ങ'ളുടെ ഛായ വഹിക്കണമെന്നു പലപ്പോഴും ആലോചിക്കാറുണ്ടെങ്കിലും തദ്വിഷയകമായി ഇതേവരെ പ്രയോഗരൂപത്തിൽ യാതൊന്നും കാണാൻ ഇടവന്നിട്ടില്ല. കാരണം നിഷ്പക്ഷനിലയെ അവലംബിച്ചും സ്വാത്ഥപരിത്യാഗ ബുദ്ധിയോടും പ്രവത്തിക്കുന്ന പണ്ഡിതന്മാരുടെ വൈരളൃമോ, എന്താണെന്നുള്ളതു ചിന്തനീയമാണ്. തമിഴ്സംഘങ്ങളുടെ അധഃപതനത്തിനും ഈ മാതിരി ചില കാരണങ്ങളേ കാണുന്നുള്ളു. അവ ഭാഷാഭിവൃദ്ധിക്ക് ഒരു പ്രതിബന്ധമായും ചിലപ്പോൾ വത്തിച്ചിട്ടുണ്ട്. സംഘനേതാക്കന്മാരുടെ തീവ്രമായ നിയമങ്ങളും സേച്ഛാധികാര പ്രമത്തതയും നിമിത്തം കവിതാപദ്ധതിയിലുള്ള സ്വാതന്ത്ര്യവും മനോധമ്മ വൈചിത്ര്യവും നാമാവശേഷമായിത്തീന്നു. നേതാക്കന്മാർ ചിലപ്പോൾ അസ്ഥാനത്തും തങ്ങളുടെ അധികാരം പ്രയോഗിക്കുക പതിവായിരുന്ന 'തിരുക്കുറളി'ന്റെ സമപ്പണത്തെപ്പററി പറഞ്ഞുവരുന്നു. ഒരൈതിഹ്യം ഇതിനു ഉത്തമോദാഹരണമാണ്.

പാശ്ചാത്യരും പൌരസ്ത്യരുമായ അനേകം പണ്ഡിതന്മാരാൽ സ്തുതിക്കപ്പെട്ടിട്ടുള്ള ഒരുത്തമകൃതിയാണല്ലോ തിരുക്കുറൾ. ഇതിന്റെ കത്താവായ തിരുവള്ളുവർ ഒരു വലിയ ഭാണ്ഡവും പേറി മധുരയിലേയ്ക്കു നടന്നുവരവേ, വഴിമദ്ധ്യേ ഒരു പുളിമരത്തിന്റെ ചുവട്ടിൽ വിശ്രമിച്ചുകൊണ്ടിരുന്ന സ്വസഹോദരി 'ഔവയാ'രെ കണ്ടു. ഭാണ്ഡത്തിലെന്താണെന്നു സഹോദരി ചോദിച്ചു. അതു് ധമ്മം, ധനം, സ്നേഹം മുതലായവയെപ്പററി വിവരിക്കുന്ന 'കുറളാ'ണെന്നു് അദ്ദേഹം മറുപടി പറഞ്ഞു. ഇതുകേട്ടു് ഔവയാർ മന്ദസ്മിതപൂർവ്വം ഈ വിഷയങ്ങളെ ഒരു പദ്യത്തിലാക്കി ചൊല്ലിയത്രേ! പിന്നീടു് അവരിരുവരുമായി സംഘസമക്ഷം ചെന്നുചേന്നു. ഒരു വലിയ ചുമടുമായി സഭയിൽ ചെന്നുകയറിയ തിരുവള്ളുവരെക്കണ്ടു് അഹങ്കാര വിജൃംഭിതരായ നേതാക്കന്മാർ ഹാസ്യരസത്തോടുകൂടി ചിരിക്കയും അദ്ദേഹത്തിന്റെ സ്വദേശമേതാണെന്നും മററും ചോദിക്കയും ചെയ്തു. എന്നാൽ തിരുവള്ളുവരുടെ നിശിതവും അത്ഥഗർഭവുമായ മറുപടി കേട്ടു് അവർക്കു് സങ്കോചമാണുണ്ടായതു്. എങ്കലും സംഘംവക പലകയിൽ ആ ഭാണ്ഡം ഇറക്കിയാൽ പലക 'പത്മതീത്ഥ'ത്തിലെ ജലത്തിൽ താണുപോകാതിരിക്കയാണെങ്കിൽ മാത്രമേ തൽകൃതി അംഗീകരിക്കാൻ നിവൃത്തിയുള്ളു എന്നു് അവർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അതനുസരിച്ചു് തിരുവള്ളുവർ തന്റെ കൃതി പലകമേൽ വെച്ചു. അതു് ക്രമേണ ചുരുങ്ങുകയും പലക ജലത്തിന്മേൽത്തന്നെ നില്ക്കുകയും ചെയ്തുപോലും! ഇതുകണ്ടു് അത്ഭുതപരതന്ത്രരായ നേതാക്കന്മാർ തിരുക്കുറളിനെപ്പററി സ്തുതിവഷം ചൊരിഞ്ഞു. ഈ സ്തുതികൾ ഇന്നു 'കുറളി'ന്റെ പ്രാരംഭത്തിൽ ചേത്തുകാണുന്നു.

ഇക്കാലത്തും മധുരയിൽ തമിഴ്സംഘം നാമമാത്രമായിട്ടെങ്കിലും നടന്നുവരുന്നുണ്ടെന്നുള്ളതു് എത്രയും ആശ്വാസജ

നകമാണ്. എന്നാൽ അവയെ തമിഴിൽ തന്നെ പലരും അംഗീകരിക്കുന്നില്ല. 'തമിഴിൻെറ 'സൌഭാഗ്യദശ' പണ്ടേ തന്നെ കഴിഞ്ഞിരിക്കുന്നു; നാം ഇനി അതിനെ പോഷിപ്പിക്കേണ്ട ആവശ്യമില്ല' എന്നോർത്ത് സമാധാനപ്പെട്ടിരിക്കുന്ന പല പണ്ഡിതന്മാരും എന്നോടു നേരിട്ടു പറഞ്ഞിട്ടുണ്ട്. ലോകത്തിലുള്ള പ്രധാന ഭാഷകളെല്ലാം ദൈനന്ദിനം ത്വരിത ഗതിയിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു. അവയോടൊപ്പം തമിഴിനും കാലാനുരൂപമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നവം നവങ്ങളായ പ്രസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതിനും ഇംഗ്ലീഷ്, സംസ്കൃതം, ബംഗാളി മുതലായ ലോക ഭാഷകളിൽ പ്രാവീണ്യം സിദ്ധിച്ച തമിഴ് പണ്ഡിതന്മാർ ശ്രമിച്ചാൽ മാത്രമേ തമിഴ് സാഹിത്യത്തിനു ക്രമമായ പുരോഗതിയുണ്ടാകയുള്ളു. ചലനചിത്ര പ്രവർത്തകന്മാൎക്കുവേണ്ടി നിൎമ്മിക്കപ്പെടുന്ന നാടകങ്ങളും സാമാന്യ ജനങ്ങളെ പ്രീണിപ്പിക്കുന്ന നോവലുകളും തമിഴിൽ ധാരാളം ഉണ്ടാകുന്നുണ്ടെന്നുള്ളതു വാസ്തവം തന്നെ; എന്നാൽ ഇവ മിക്കതും ക്ഷുദ്രകൃതികളാകയാൽ ക്രമേണ കാല യവനികയ്ക്കുള്ളിൽ മറഞ്ഞുപോകും. നാടകം, ചെറുകഥ, നോവൽ, വിലാപകാവ്യം, സങ്കല്പ സംഭാഷണങ്ങൾ എന്നുതുടങ്ങി അനേകം പ്രസ്ഥാനങ്ങളിൽ തമിഴ് സാഹിത്യം പരിപുഷ്ടമാകേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ഒരു ശോഭനമായ ഭാവിയെ നമുക്കാശിക്കാം.

---

# ആരാധനയുടെ ആരംഭം.*

(കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്. എം. എ., ബി. എൽ.)

[രംഗം:—കാട്ടിൽ പാറക്കൂട്ടത്തിനിടയിലുള്ള ഒരു ഗുഹ. കാലം 50000 വൎഷങ്ങൾക്കു മുൻപ്.]

പാത്രങ്ങൾ:— ഒരു കാട്ടാളൻ; ഒരു കാട്ടാളസ്ത്രീ; അവരുടെ രണ്ടു കുട്ടികൾ.

ഗുഹയ്ക്കുവെളിയിൽ അതിഭയങ്കരമായ കൊടുങ്കാററു്. ഇടിയും മിന്നലും മഴയും തകൎക്കുന്നു. വൃക്ഷങ്ങൾ ഒടിഞ്ഞു വീഴുന്നു; കട പുഴകി മറിയുന്നു. ജന്തുക്കൾ നാലുപാടും പായുന്നു.

ഗുഹയ്ക്കകത്ത് ഉണങ്ങിക്കിടക്കുന്ന ഇലകളുടെ മുകളിലായി ചത്ത ജന്തുക്കളുടെ നടുക്കു്, കുട്ടികൾ കിടന്നുറങ്ങുന്നു.

സ്ത്രീ ഭയപ്പെട്ടു വിറച്ചുകൊണ്ടു് ഗുഹയുടെ ഒരു കോണിൽ പതുങ്ങിയും പമ്മിയും നില്ക്കുന്നു. കൊടുങ്കാററിൻെറ ഓരോ ചീററൽ വരുമ്പോഴും അവൾ ചുളുങ്ങുകയും, പരിഭ്രമത്തോടെ ചുററുപാടും നോക്കുകയും ചെയ്യുന്നു.

പെട്ടെന്നു് ഒരു വലിയ ഇടിവെട്ടുന്ന ശബ്ദം കേട്ടു് അവൾ നടുങ്ങി താഴെ വീഴുന്നു. വീണ്ടും എഴുന്നേററു് ഗുഹാദ്വാരത്തിലൂടെ വെളിയിലേക്കു നോക്കുന്നു.

കാട്ടാളൻ കല്ലെറിഞ്ഞു കൊന്ന ഒരു കഴുകൻ പക്ഷിയുടെ ചിറകുവിടിത്തു് ഒരു

---

* അനുകരണം.

കുടയായി പിടിച്ചുകൊണ്ടു് ഗുഹാദ്വാരത്തിലേക്കു വരുന്നു. അയാളുടെ ശരീരം നനഞ്ഞൊലിച്ചു് തണുത്തു് മരവിച്ചിരിക്കുന്നു. ഗുഹയ്ക്കകത്തു് പ്രവേശിക്കപ്പോഴേക്കും, അയാളുടെ ദേഹത്തിനു അപകടം വല്ലതും പററിയിട്ടുണ്ടോ എന്നറിയാനായി കാട്ടാളസ്ത്രീ അയാളുടെ ശരീരത്തിൽ തടവി നോക്കുന്നു. കാട്ടാളൻ ഭയത്തോടുകൂടി അവളെ കെട്ടിപ്പിടിക്കുന്നു.

കാട്ടാളസ്ത്രീ:—"അമ്പോ! നിങ്ങളുടെ കരുത്തു്. കാററത്തു് അങ്ങു പറന്നും പോയില്ല; മഴയത്തു് ഒലിച്ചും പോയില്ല. നിങ്ങളുടെ കാര്യമെല്ലാം തീർന്നുപോയി എന്നു് വിചാരിച്ചു ഞാൻ"

കാട്ടാളൻ:—(തന്നെക്കാൾ കൂടുതൽ ഭയം അവൾക്കുണ്ടെന്നു് കണ്ടു് അല്പം ധൈര്യത്തോടുകൂടി)

"ഞാനും അങ്ങനെ തന്നെ വിചാരിച്ചു. അയ്യോ! നമ്മുടെ കുട്ടികളെവിടെ?".

കാട്ടാളസ്ത്രീ:— "അവരതാ ശവങ്ങളെപ്പോലെ കിടക്കുന്നു." (വീണ്ടും ഇടിയും മിന്നലും) "അയ്യോ! ആകാശത്തിലെ ഒച്ച കേൾക്കുമ്പോൾ എനിക്കു പേടിയാകുന്നു. അതങ്ങു നിർത്തിക്കളയരുതോ നിങ്ങൾക്കു്?"

കാട്ടാളൻ:—(കൈയുയർത്തി ആകാശത്തു് ഇടിച്ചുകൊണ്ടും മുരമുരത്തുകൊണ്ടും) "ഹം, നില്ക്കു് മഴ, ഹം നില്ക്കു് ഇടി"

മുമ്പിലത്തേക്കാൾ വലിയ ഇടിയും മിന്നലും ഉണ്ടാകുന്നു. ഇടിവീണു് ഗുഹയുടെ അടുത്തു നില്ക്കുന്ന ഒരു മരം കത്തിക്കാളുന്നു.

സ്ത്രീ:—"അതാ ഒരു വെളിച്ചം മരത്തിന്റെ മോളിൽ!

പുരുഷൻ:—ആ ഒച്ചയ്ക്കു ദേഷ്യം വന്നു് കണ്ണുരുട്ടിയതാണു്. അതു് കാണുമ്പോൾ എനിക്കും പേടിയാകുന്നു (ഇരുവരും കണ്ണുചിമ്മിക്കളയുന്നു). അതിനകത്തു് എന്തോ ഒരു—

സ്ത്രീ:—അയ്യോ! പയ്യെപറയണേ.

പുരുഷൻ:—ആകാശത്തിന്റെ മൂടുപൊട്ടി ചോർന്നുപോയി. എല്ലാടവും ഒഴുകുന്നു.

സ്ത്രീ:—എന്റെ വയററിലൊന്നുമില്ല; വല്ലതും തിന്നാൻ വേണമല്ലോ.

പുരുഷൻ:—പിന്നെ, ഞാൻ ആ കറമ്പി—ആ കരിങ്കാളി ഒന്നിച്ചു് ഇങ്ങുവരുമ്പോൾ ആ ഒച്ച ഒരുവലിയ മരക്കൊമ്പൊടിച്ചു. അതു താഴെവീണു് അനങ്ങാതെ കിടക്കുന്നു.

സ്ത്രീ:—നമുക്കതുതിന്നാം.

രണ്ടുപേരും വെളിയിലേക്കിറങ്ങാൻ ഭാവിക്കുമ്പോൾ കുറേക്കൂടി ശക്തിയായി കൊടുങ്കാററടിക്കുന്നു. ഇരുവരും ഭയപ്പെട്ടു പുറകോട്ടു വലിയുന്നു

പുരുഷൻ:—ഇങ്ങനെയായാൽ നമ്മുടെ കാര്യം തീരുമല്ലോ. ആകാശത്തിനു വെരളിപിടിച്ചതുപോലെ തോന്നുന്നു."

സ്ത്രീ:—അതാ ആകാശത്തുനിന്നും പിന്നേം ഒരു വെളിച്ചം ഓടി വരുന്നു. അതാ അതു് മരത്തിന്റെ കൊമ്പത്തു് ചെന്നു് ഇരിക്കുന്നു. അവിടെ എല്ലാം പൂവു് കിളുക്കുന്നതു കണ്ടോ. (മഴനില്ക്കുന്നു) ആകാശത്തെ വെള്ളംവററിയെന്നു തോന്നുന്നു; അതാ ആ മരത്തിന്റെ മുകളിൽ ഒരു മഞ്ഞിൻ കൂട്ടം. അയ്യ! ആ മരവും ചത്തേ.

പുരുഷൻ:—ഞാൻ അതുപോയി നോക്കിയേച്ചു വരാം.

സ്ത്രീ:—അയ്യോ! പോകല്ലെ.

പുരുഷൻ:—അതു തിന്നാൻ കൊള്ളുമെങ്കിൽ ഞാൻ കൊണ്ടുവരാം.

പുരുഷൻ വെളിയിൽ പോയി കത്തിയെരിയുന്ന ഒരു കൊമ്പു് എടുത്തുകൊണ്ടു വരുന്നു.

സ്ത്രീ:—അതിൻെറ ഒരു തല ചുവന്നിരിക്കുന്നല്ലോ?

ആ കത്തുന്നഭാഗം പിടിച്ചുനോക്കുന്നു. കൈപൊള്ളിയിട്ടു് ഉറക്കെക്കരയുന്നു. "അയ്യൊ! ഇതെന്നേക്കടിച്ചേ!"

പുരുഷൻ:—ആകാശത്തുനിന്നും വന്നവെളിച്ചത്തിൻെറ കുഞ്ഞാണിതു്. ഇതിനു് നല്ല തെളിച്ചമുണ്ടു്; അനച്ചയുണ്ടു്. (അതിൻെറ മുഖത്തു് ഒന്നു ഊതുന്നു) "ഇതിനു് ഉയിരുണ്ടു്. നോക്കു."

അയാൾ സാവധാനത്തിൽ അതു് ഒരു കല്ലിന്മേൽ വയ്ക്കുന്നു.

സ്ത്രീ:—അതിനു ജീവനുണ്ടെങ്കിൽ വല്ലതും തീററി കൊടുക്കണം.

പുരുഷൻ അടുക്കൽ കിടക്കുന്ന കുറെ ഉണങ്ങിയ കരിയില തീയിൽ കാണിക്കുന്നു. അതു് ആളിക്കത്തുന്നു.

പുരുഷൻ:—അയ്യ! ഇതു് ആകാശത്തിലെ വെളിച്ചത്തിൻെറ കട്ടപോലെയിരിക്കുന്നു.

സ്ത്രീ:—അയ്യോ! മാറികൊള്ളണേ, ഇതു് വല്ലാത്തതാണേ; ആ മരത്തെ തിന്നതു് ഇതിൻെറ തന്തയല്ലെ?

പുരുഷൻ:—ആ കറമ്പിയെ കൊന്നതും ഇതുതന്നെ.

സ്ത്രീ:—ഇതു ചാടിക്കടിക്കാതെ നോക്കിക്കൊള്ളണേ.

പുരുഷൻ:—അയ്യയ്യ, ഇതെണങ്ങിപ്പോയി; നോക്കിക്കോ എന്നെ ഒന്നും ചെയ്യുന്നില്ല. (അടുക്കൽ കിടക്കുന്ന കമ്പും കാലും ചപ്പും ചവറും എടുത്തു അതിനു ഇട്ടു കൊടുക്കുന്നു.)

വെളിയിലെ കാററും പിശറും നിശ്ശേഷം നിന്നു. അപ്പോൾ സ്ത്രീ വെളിയിൽ നോക്കിയിട്ടു, "ആകാശത്തിൻെറ മുറുമുറുപ്പും കണ്ണുരുട്ടലും മാറിയെന്നു തോന്നുന്നു."

സ്ത്രീ വീണ്ടും ആ കത്തിയെരിയുന്ന കമ്പിൻെറ അടുക്കൽ കൈ കൊണ്ടുപോയിട്ടു ചൂടേററിട്ടു നിലവിളിച്ചുകൊണ്ടു്, "അയ്യോ! ഇവൻ പിന്നെയും കടിക്കുന്നല്ലോ."

പുരുഷൻ:— എനിക്കുതോന്നുന്നു ഇതിനെയെടുത്തു് ഒരു ചട്ടിയ്ക്കകത്തു് കിടത്തിയുറക്കാമെന്നു്.

സ്ത്രീ:—അതു് ഇങ്ങോട്ടു മാററിവച്ചേക്കണേ; കുഞ്ഞുങ്ങളെ ചാടിക്കരുതു്.

ചട്ടിയെടുത്തു് ഗുഹയുടെ ഒരു മൂലയിൽ വയ്ക്കുന്നു.

പുരുഷൻ:—നമ്മൾ ഇവനു് സന്തോഷമായി തീററികൊടുത്താൽ ഇവൻ ഇവൻെറ തന്തയായ ആകാശത്തിൻെറ അടുക്കൽ ചെന്നു് പറഞ്ഞു്—(കുറെ ഇല വാരിയിടുന്നു) നോക്കു അതു് മേല്പോട്ടു തന്തയുടെ അടുക്കൽ തന്നെ പോകുന്നു"

സ്ത്രീ:—എനിക്കു പേടിയാകുന്നു; അതെന്നെ തുറിച്ചുനോക്കുന്നു."

പുരുഷൻ:—നാം സൂക്ഷിച്ചിരിക്കണം; അതിനോടു വത്തമാനം പറയുന്നതു് ഇങ്ങനെയായാൽ പോരാ.

സ്ത്രീ:—അതിനു് കുറച്ചുകൂടി തീററി കൊടുക്കണേ. അവനതാ ചിരിക്കുന്നു; പല്ലിളിച്ചുകാട്ടുന്നു.

പുരുഷൻ:—പിന്നെ, ഇവനേ വേറെ വല്ലതുംകൂടിതിന്നാൻ കൊട്ടത്താലോ'

കുറച്ചുനേരം അവർ പരസ്പരം മുഖത്തു് നോക്കി ചിരിക്കുന്നു. പിന്നീട്ട് ആ ഗുഹയുടെ ഒരു കോണിൽ കിടക്കുന്ന പകുതി ചവച്ചുതിന്ന ഒരു മാംസക്കഷണമെടുത്തു കൊണ്ടുവന്നു് അടുപ്പിൽ ഇടുന്നു.

തീയിൽനിന്നും ചില പൊട്ടലുകൾ കേൾക്കുന്നു. രണ്ടുപേരും ഭയപ്പെട്ടു വിറച്ചു് തീയുടെ അടുക്കൽനിന്നും മാറിനില്ക്കുന്നു.

പെട്ടെന്നു് കുട്ടികൾ ഉണരുന്നു.

ഒന്നാമത്തെകുട്ടി: – അയ്യൊ! എനിക്കു വിശക്കുന്നേ.

അമ്മ,:—തീററികൊണ്ടുവരാം.

രണ്ടാമത്തെകുട്ടി:—(തീകത്തുന്നതുകണ്ടിട്ടു) അമ്മെ, അതെനിക്കു തിന്നാൻ വേണം.

ഒന്നാമൻ "അമ്മേ എനിക്കുവേണം അതു്."

അച്ഛൻ:—കുഞ്ഞുങ്ങളെ അതിൻെറ അടുക്കൽ പോകരുതേ.

അമ്മ:—അയ്യോ, അതു് തൊടരുതേ ഉമ്മാക്കിയാണേ.

കുട്ടികൾ:—ഉമ്മാക്കിയെന്നാൽ എന്താണമ്മേ. അതെവിടന്നുവന്നു.

അച്ഛൻ:—അതു് മാനത്തുനിന്നും മഴയിലൂടെ വന്നതാണു്.

അമ്മ:—ഇതു നല്ലതാണു മക്കളെ; ഇതാണു് ആ കറമ്പിയെ ഇവിടെനിന്നും ദൂരെ ഓടിച്ചുകളഞ്ഞതു്.

അച്ഛൻ:—ഇതു് കൊടുങ്കാററിനേയും പറപ്പിച്ചു, തണുപ്പിനേയും ഓടിച്ചു. നമുക്കു് വേണ്ടതൊക്കെ ഇതുതരും.

അമ്മ:—കുഞ്ഞുങ്ങളെ, നിങ്ങൾ നന്നായിരുന്നാൽ ഇതു നിങ്ങളെ രക്ഷിക്കും; നിങ്ങൾ ചീത്തയായിരുന്നാൽ അതു നിങ്ങളെ കൊല്ലും.

അച്ഛൻ:—കുഞ്ഞുങ്ങളെ, നമുക്കെല്ലാവക്കും അതിൻെറ ചുററുംചെന്നു് കൈകൊട്ടാം; കളിക്കാം, നൃത്താടാം.

മനുഷ്യവംശശാസ്ത്രജ്ഞന്മാർ മനുഷ്യൻെറ ആദ്യത്തെ പ്രാത്ഥനയെന്നു കരുതുന്ന ആ പ്രാത്ഥന നടക്കുന്നു.

എല്ലാപേരുംകൂടി, "എൻെറ ഉമ്മാക്കീ; ആകാശത്തിലെ വെളിച്ചത്തിൻെറ കുഞ്ഞേ! കറമ്പിയെ കൊന്ന തീക്കുട്ടക്കേ, ഞങ്ങളെ കടിക്കരുതെ; വലിയ ഒച്ചയെ ഇങ്ങോട്ടയക്കരുതെ; ഞങ്ങൾക്കു ധാരാളം തിന്നാൻ തരണെ! *നിൻെറ തന്തയായ ആകാശത്തോടു് ഞങ്ങളെ രക്ഷിക്കാൻ പറയണെ."

[രംഗം മാറുന്നു.]

50000 വഷങ്ങൾ കഴിഞ്ഞിട്ടു്.

ഒരു ആരാധനാസ്ഥലത്തിൻെറ മുമ്പിൽ. (പള്ളിയാവാം. ക്ഷേത്രമാവാം, ചൈത്യമാവാം.)

കാട്ടാളൻെറ സ്ഥാനത്തു് പുരോഹിതനും, കുട്ടികളുടെ സ്ഥാനത്തു് മാനവസമുദായവും ഭക്തിപ്രശ്രയപൂവ്വം അഞ്ജലിബദ്ധന്മാരായി നിന്നു പ്രാത്ഥിക്കുന്നു. പ്രാത്ഥന ആദ്യത്തേതുതന്നെ; വാചകങ്ങൾക്കു ഭംഗിയും, വാക്കുകൾക്കു വ്യക്തതയും കൂടുമെന്നു മാത്രം.

---

* അഗ്നേ! നയസുപഥാ—ഇത്യാദി വേദമന്ത്രം.

# തിരുമുൽക്കാഴ്ച.

[ശൂരനാട്ടു കുഞ്ഞൻപിള്ള.]

അമ്മേ, ദേവിയുടെ തൃപ്പാദങ്ങളിൽ ഓണക്കാഴ്ചയായി എന്താണു ഞാൻ അൎപ്പിക്കേണ്ടതു്? 'മാവേലി നാടു വാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ' എന്നു പാടി ആടിക്കൊണ്ടു തിരുസന്നിധിയിൽ വന്നു ഹൃദയം വഴിഞ്ഞൊഴുകുന്ന സന്തോഷാശ്രുക്കളാൽ അമ്മയുടെ തൃപ്പാദങ്ങൾ ക്ഷാളനം ചെയ്യാനുള്ള ഭാഗ്യം പണ്ടുള്ളവരെപ്പോലെ ഞങ്ങൾക്കു് ഇല്ലല്ലോ എന്നു ഖേദിക്കയേ ഇപ്പോൾ നിവൃത്തിയുള്ളു. തുമ്പമലർ, മുക്കുററിപ്പൂവു്, പൂവൻകുടന്തൽ, കലതിപ്പൂവു് തുടങ്ങിയുള്ള പൂക്കൾ പറിച്ചു് അത്തപ്പൂവിട്ടു് പത്തുദിവസത്തേക്കു് ഓണം ആഘോഷിച്ചു കഴിക്കാനുള്ള കാലം ഇനിയും വരികയില്ലെന്നുതന്നെ കരുതാം. ദേവിയുടെ അനുഗ്രഹം ഞങ്ങളിൽ പതിയായ്കകൊണ്ടോ, പ്രകൃത്യാ ആഹ്ലാദവിമുഖത ഉണ്ടായിട്ടോ അല്ല ഞങ്ങൾ മാതൃപാദങ്ങളിൽ ഹൃദയവ്യഥയേ അൎപ്പണം ചെയ്യാൻ മുതിരുന്നതു്. വളരെ വൎഷങ്ങളായി തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന രക്തവൎഷത്താൽ ഭൂമുഖം മലിനമായിരിക്കുന്നു. ത്രിവിധങ്ങളായ ആധികളുടെയും നിരന്തരമായ പീഡനംകൊണ്ടു ലോകം സംക്ഷുണ്ണമായി വലയുന്നു. ജീവലോകത്തിനു് ആകമാനം അസഹനീയമായ കാലവിപരിണാമംകൊണ്ടു കൃത്യാകൃത്യവിവേചനം ഇല്ലാതായി, കൎമ്മപ്രസക്തി നിശ്ശേഷം നശിച്ചു്, പരോഗമനത്തിലുള്ള ശ്രമത്തിനുപകരം പരസ്പരംഗളച്ഛേദനത്തിനു മുതിൎന്നു ഞങ്ങളെല്ലാം പരിശ്രാന്തരായിരിക്കുന്നു. അനേകശതവൎഷങ്ങളിലെ നേട്ടങ്ങളെല്ലാം അരക്ഷണത്തിൽ അസൂയാഗ്നിയിൽ നശിപ്പിച്ചു്, സ്വാൎത്ഥലാഭവ്യഗ്രതയാകുന്ന മഹാപ്രവാഹത്തിൽ ഒഴുകുകയാണു് ഇന്നു ചെയ്യുന്നതു്. അമ്മയ്ക്കു തൊഴുകൈ. ക്ഷമിക്കണം. ഞങ്ങൾ വേണമെങ്കിൽ ചിരിച്ചുകൊള്ളാം. സ്മിതരസമെഴുന്ന ഞങ്ങളുടെ മുഖത്തിന്റെ പ്രസാദമാണു് അമ്മയ്ക്കു കാണാൻ കൗതുകമെന്നു് ഞങ്ങൾക്കു് അറിയാം. കുളിച്ചു കുറി തൊട്ടു വെടിപ്പായി ഉണ്ടു് ഉടുത്തൊരുങ്ങി ഉഞ്ഞാലാടാനും, പാടാനും, ഓണത്തല്ലു നടത്താനും, കഴിപ്പന്തു കളിക്കാനും, തുമ്പി തുള്ളാനും, കരടിയാടാനും ഞങ്ങൾ ഇറങ്ങാം. അമ്മയ്ക്കു സന്തോഷം വരാൻ എന്താണു് ഈയുള്ളവർ ചെയ്യാത്തതു്? ഞങ്ങൾ ആടാം. പൂനിലാവു പൊഴിച്ചുകൊണ്ടു ചന്ദ്രഭഗവാൻ ആകാശത്തു നിന്നു രാത്രികാലങ്ങളിൽ ഞങ്ങളുടെ ആനന്ദപ്രവാഹം കണ്ടു് അസൂയപ്പെടുവോളം ഞങ്ങൾ മദിക്കാം. എങ്കിലും, ഈ ആഹ്ലാദത്തിനു് അടിക്കു് വിഷാദലവം ഒളിച്ചിരിക്കും. ആഹ്ലാദമാകുന്ന പൂൎണ്ണചന്ദ്രനെ വിഴുങ്ങാൻ ഒരു രാഹു മറഞ്ഞു നില്ക്കുന്നു.

നില്ക്കട്ടെ. 'ഓണം' എന്നു് ഓൎമ്മിക്കുമ്പോൾ തന്നെ സകലവ്യഥകളും ഒളിച്ചു കഴിയും. ആ പദത്തിനു് അത്രകണ്ടു ശക്തിയുണ്ടു്. ബലിചക്രവൎത്തിയുടെ ഭരണകാലത്തിന്റെ സ്മാരകമായി ആഘോഷിച്ചുപോരുന്ന ഓണംപോലെ ആരാധനയ

മായി ഒന്നും എനിക്ക് ഓമ്മിക്കാൻ കഴിയുന്നില്ല. ബലിയുടെ കാലമോ? അതു് ഓക്കുമ്പോഠം എനിക്ക വാമനനോട്ട വിരോധമാണ തോന്നുന്നതു്. വാമനനോട്ട മാത്രമോ? ബലിയോടും. തെണ്ടിച്ചെന്ന ആ മുണ്ടൻ സാമ്രാജ്യം മുഴുവൻ കൊട്ടത്തതു് എന്തൊരു വിഡ്ഢിത്തം! ഇങ്ങനെ ഒരു ദാനമുണ്ടോ? വാഗ്ദാനം പാലിക്കുന്നതിനും ഒരു അതിരു വേണം. അല്ലെങ്കിലും വാമനനോട്ട വാദിച്ചു നില്ക്കാനും വശമുണ്ടായിരുന്നു. മൂന്നടി സ്ഥലം വേണമെന്നേ വാമനൻ ആവശ്യപ്പെട്ടുള്ളു. സ്വന്തം കാലുകൊണ്ടു് അളന്നു് എടുത്തുകൊള്ളാമെന്നും ആ 'തെണ്ടിമുണ്ടൻ' പറഞ്ഞെന്നിരിക്കട്ടെ. ശരി. കൊട്ടക്കാമെന്നു സമ്മതിച്ചു ഒരടി എത്രയെന്നു ക്ലിഷ്ടമാണു്. വാമനൻ ഇരന്നപ്പോഠം അയാളുടെ പാദത്തിന്നു് എത്ര നീളം ഉണ്ടായിരുന്നെന്നു് അളക്കാവുന്നതാണു്. അതിൽ കൂടുതൽ അര അംഗുലം കൂടെ അവകാശപ്പെടാൻ വാമനനു ന്യായമില്ല. ആവശ്യപ്പെട്ടാൽ വാമനനെ തടവിൽ പാപ്പിക്കാൻ ചക്രവത്തിക്ക ന്യായവാദം ചെയ്യാനും കഴിയും. ശുക്രാചായ്യക്കും ഈവിധം പറഞ്ഞുകൊട്ടക്കാൻ ബുദ്ധിപോയില്ല. അദ്ദേഹം വണ്ടിന്റെ രൂപത്തിൽ കിണ്ടിവാലിൽ ഒളിച്ചിരുന്നു. കള്ളവട്ടുവിന്റെ ദർഭമുനകൊണ്ടുള്ള കുത്തു് ഏറ്റു ഒരു കണ്ണു പൊടിഞ്ഞു. ഇങ്ങനെയൊക്കെയാണ ലോകത്തിന്റെ ക്ഷേമത്തിനു പററിയ ഹാനി. ഞാൻ വാമനനെ കണ്ടാൽ, ബലിയെ ഓടിച്ചതു് എന്തിനെന്നു ചോദിക്കും. ഇന്ദ്രന്റെ അസൂയ ശമിപ്പിക്കാൻ; അല്ലാതെ എന്തിന്നു്? ഭൂമിയുടെ ഉത്കഷം സഹസ്രാക്ഷന്നു് ഒരിക്കലും സുഖമല്ല. ബലിയും മയനായിരുന്നിരിക്കണം. അദ്ദേഹം ത്രിലോകങ്ങളെ അടക്കി ഭരിക്കുന്നതിനു വേണ്ട കെല്പു കാണിച്ചു. ശരി തന്നെ. വാമനനെ ജയിക്കാൻ കഴിഞ്ഞില്ലല്ലോ. ഞാൻ ഈ വിചാരം തുടരുന്നില്ല. ബലിയുടെ ഭരണക്രമത്തെ പററി ചിലതു് ആലോചിക്കാനുണ്ടു്.

'മാവേലി നാട്ട വാണിടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ'

എന്ന രണ്ടു വരികഠം ഏതു മലയാളിയുടെയും ആരാധനാഗാനമാണു്. ഒന്നുപോലെ ആകുക എന്നതു് സവ്വോപരികാമ്യമായിട്ടാണു് എല്ലാവരും കരുതുന്നതു്. വെറും ഒന്നുപോലെ ആയാൽ പോരാ. ഒന്നുപോലെ സുഖികളായിരിക്കണം. നിത്യസുഭിക്ഷം. സവ്വത്ര സമാധാനം. എങ്ങും സുഖം. പോരാ, ദുഃഖം എങ്ങും ഉണ്ടാകരുതു്. ദാരിദ്ര്യദരിദ്രത ഉണ്ടാകണം. ആധികളും വ്യാധികളും ഇല്ലാതാകണം. ഉച്ചനീചവ്യത്യാസങ്ങഠം നിശ്ശേഷം മറയണം. സന്തോഷം ഒഴിച്ചുള്ള എല്ലാ വികാരങ്ങളും പാടേ മറയണം. അസംതൃപ്തിക്കു് അവകാശം ഉണ്ടാകരുതു്. എല്ലാവരും ദീഘായുസ്സായിരിക്കണം. ലോകത്തിൽ യുദ്ധം ഉണ്ടാകരുതു്. കാലത്തിന്നു് ആവശ്യമുള്ള മഴ പെയ്യണം. ഋതുക്കളെനുസരിച്ചു പൂക്കളും കായ്കളും ഉണ്ടാകണം. പാൽ വഴിഞ്ഞൊഴുകുന്ന പശുക്കഠം പുൽത്തകിടികളിൽ മേഞ്ഞു്, സ്വച്ഛജലമൊഴുകുന്ന അരുവികളിൽനിന്നു വെള്ളം കുടിച്ചു്, കുട്ടികളുമൊത്തു കൂത്താടിക്കൊണ്ടു മദിച്ചു നടക്കണം. പക്ഷികഠം പൊയ്കതോറും ഇരുന്നു മധുരമായി ഗാനം ചെയ്യണം. പൂക്കളും കായ്കളും അണിഞ്ഞു തല കുനിക്കുന്ന വൃക്ഷങ്ങളെ തലോടിക്കൊണ്ടും, ചെറുപുഴകളിലും, താമരയും കരിംകുവളവും വിരിഞ്ഞു നില്ക്കുന്ന തടാകങ്ങളിലും കളി

ച്ചും, സൗരഭ്യം വഹിച്ചും വീശുന്ന മന്ദമാരുതൻ എങ്ങും സഞ്ചരിക്കണം. മേഘനിർമ്മുക്തമായ ആകാശത്തിൽ കുളുർതിങ്കൾ ഉദിച്ചു നിന്നു രാവുതോറും ലോകത്തെ അമൃതവർഷം കൊണ്ട് ആനന്ദിപ്പിക്കണം. ഇങ്ങനെ ഒക്കെ ആയാൽ സുഖമാണ്. ഇങ്ങനെ ആയിരുന്നു ബലിയുടെ കാലം. അന്ന് അരി വിളയുന്ന കണ്ടങ്ങളും, ചോറു തുളുമ്പുന്ന അക്ഷയപാത്രങ്ങളും ഉണ്ടായിരുന്നു.

'ഉപ്പും വേണ്ടാ മുളകും വേണ്ടാ
വയ്പാനുള്ളവരാരും വേണ്ടാ
നിരുപിക്കുമ്പോൾ ചോറും കറിയും
പരിചൊടു പാത്രംതന്നിൽ കാണാം'.

എന്നു വന്നാലുള്ള കഥ പിന്നെ പറയാനുണ്ടോ?

ബലിയുടെ കൊട്ടാരത്തിന്റെ മുൻവശത്തുള്ള ഒരു ഉദ്യാനത്തിലെ കഥ നമുക്ക് ഒന്നു സംഭാവനം ചെയ്യാം. കനകനിർമ്മിതമായ ഒരു ഗോപുരത്തിന്റെ മുകളിലത്തെ നിലയിൽ വാതായനത്തിൽക്കൂടെ നോക്കിക്കൊണ്ടു ചക്രവർത്തി നില്ക്കുന്നുണ്ട്. കനകാംബരഭൂഷിതനായ അവിടത്തെ അടുക്കൽ തോളിൽ മൃദുവായ പാണി അർപ്പിച്ചുകൊണ്ട് ഒരു ജഗന്മോഹിനി നിലകൊള്ളുന്നു. ചക്രവർത്തിയും ദേവിയും കീഴിലുള്ള ഉദ്യാനത്തിലും, ആരാമമദ്ധ്യത്തിലുള്ള സരസ്സിലും നടക്കുന്ന ക്രീഡകൾ നോക്കി ആനന്ദിച്ചുകൊണ്ടു നില്ക്കയാണ്. സ്വർണ്ണം നാണിച്ച് ഒളിക്കുന്ന ദിവ്യശോഭയുള്ള പുഷ്പംകൊണ്ടു പരിവേഷ്ടിതമായ തങ്കക്കൊന്ന, ചുവന്ന പൂക്കളണിഞ്ഞ നെന്മേനിവാക, കറുത്ത ഇലകളുംപൂക്കളും അണിഞ്ഞ തമാലങ്ങൾ, രത്നഘടങ്ങളെപ്പോലെ പ്രശോഭിക്കുന്ന പൂങ്കുലകൾ നിറഞ്ഞ അശോകങ്ങൾ, അതിമനോഹരങ്ങളായ ദേവതാരങ്ങൾ, ശുഭ്രപുഷ്പങ്ങളണിഞ്ഞ പിച്ചിയും മുല്ലയും വളൎന്നു പടൎന്നു മൂടിയ മഹാതരുക്കൾ ഇവകൊണ്ടെല്ലാം ജഗന്മോഹനമായ ആ രാജവിഹാരസങ്കേതത്തിൽ ആടിയും, പാടിയും, തമ്മിൽ പിടിച്ചും, സല്ലപിച്ചും, ചിരിച്ചും അനവധി സുന്ദരിമാരും സുന്ദരന്മാരും കുട്ടികളും സമ്മേളിച്ച് ആനന്ദിക്കുന്നുണ്ട്. സരസ്സിൽ വിരിഞ്ഞു നിൽക്കുന്ന താമരപ്പൂക്കളും, അവിടെ കളിക്കുന്ന ആളുകളുടെ മുഖങ്ങളും ചക്രവൎത്തിക്കു ദൂരദൎശനത്തിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല. അത്രകണ്ട് അവയ്ക്കു സാമ്യമുണ്ട്. ജലക്രീഡയിൽ നിന്ന് എഴുന്ന ഓളങ്ങളിൽ പങ്കജങ്ങളും മുങ്ങിക്കളിക്കുന്നു. സ്വച്ഛമായ ആ സരസ്സിൽ കരിഞ്ചണ്ടികളില്ലെന്നൊരു ദാരിദ്ര്യമുണ്ടായിരുന്നു. അതിൽ കുളിക്കുന്ന മോഹിനികളുടെ കാർകൂന്തൽ ആ കുറവും തീൎത്തു. ചാടിയും, നീന്തിയും, തമ്മിൽ പിടിച്ചും, വെള്ളം തെറിപ്പിച്ചും, ആശ്ലേഷിച്ചും കാമുകന്മാരും കാമുകിമാരും ആനന്ദഗംഗയിൽ ആറാടുന്നു. അവരുടെ ദിവ്യാനന്ദം കണ്ട് അസൂയപ്പെട്ടു നിൎന്നിമേഷരായി അടുത്തുവരുന്ന മീനുകളെ പിടിച്ചു താലോലിച്ചു വാത്സല്യത്തോടെ മാറോടണച്ച് ആശ്ലേഷിച്ചു വിടുന്നു. വികസിച്ചു നിൽക്കുന്ന താമരപ്പൂക്കളുടെ കേസരങ്ങൾ തിന്നാൻ അടുക്കുന്ന രാജഹംസങ്ങളും, തേൻ നുകരാൻ അണയുന്ന വണ്ടിൻ നിരകളും നിർഭയം ഈ കാമുകമിഥുനങ്ങളുടെ ശിരസ്സിൽ പറവുന്നു. വെള്ളത്തിൽ നീന്തിക്കളിക്കുന്ന അന്നപ്പേടകൾ നിരന്തരമായി പൊങ്ങിത്താഴുന്ന ഓളങ്ങളിൽ പെട്ടു നൃത്തംചെയ്യുന്നതുപോലെ കാണാകുന്നു. എന്തിന്, ഇങ്ങനെ വൎണ്ണിച്ചാൽ അതിന് അവസാ

നമില്ല. എന്നുതന്നെയുമല്ല, ഇതെല്ലാം പഴയ അലങ്കാരങ്ങളാണെന്ന് അപഹസിക്കാനും ആളുകളുണ്ടാകും. നിറുത്തുന്നു. എങ്കിലും, ബലിചക്രവത്തിയുടെ മഹാസാമ്രാജ്യത്തിൻെറ ഏതു കോണിലും അന്നു നടന്നുകൊണ്ടിരുന്ന ജീവിതത്തിൻെറ ഒരു ചിത്രമാണ് ഇവിടെ കൊടുത്തതെന്നു 'സത്യവാങ്മൂലം' ഞാൻ അറിയിക്കുന്നു. ഉണ്ണാനും ഉടുക്കാനും വകയില്ലാതെ, അര നിമിഷം വിനോദത്തിനു ചിലവാക്കാൻ നിവൃത്തിയില്ലാതെ വലയുന്ന ഇന്നത്തെ ആളുകൾക്ക് ഇതൊന്നും വാസ്തവമായി വിശ്വസിക്കാൻ സാധിക്കയില്ലായിരിക്കാം. വേണ്ടാ. എൻെറ സമാധാനം എന്താണെന്നുകൂടെ ബോധിപ്പിക്കാം:—

ശ്രീമാന്മാരായവരൊരുരസം
 തേടുകില്ലിച്ചരിത്രേ
ഭൂമാവസ്മൽ സമധിഷണനാ-
 യേകനുണ്ടാമവന്നായ്
സാമാന്യത്തിൽ കുതുകമരുളാ-
 മാകയാലോതിടുന്നേൻ
പ്രേമാവേശാൽ പ്രകൃതിരുചിരം
 ധന്യമീവൃത്തമെല്ലാം.

ബലിയുടെകാലം നമുക്ക് എന്നെന്നേയ്ക്കും അസൂയയ്ക്കു കാരണമാണ്. നമുക്ക് ഇന്ന് ഇല്ലാത്തതു ശാന്തിയാണ്. വേണ്ടതു സുഖമാണ്. സങ്കല്പത്തിൽ പോലും ബലിയുടെ കാലം ലോകത്തിൽ തിരിച്ചുവരുത്താൻ നിവൃത്തിയില്ലാത്ത ഒരു മട്ടാണ് ലോകത്തിൽ ഇന്നു കാണുന്നതു്. പക്ഷെ, ബലിയുടെ കാലം ഒരു മധുരസ്വപ്നമാണെന്നാണ് എനിക്കു തോന്നുന്നതു്. അങ്ങനെ എനിക്കു തോന്നാൻ കാരണമായ പല സംഗതികളും ഉണ്ടു്. ഒന്നാമതായി ബലിയുടെ കാലത്തു് എല്ലാവരും സമത്വം അനുഭവിച്ചു എന്നു പറയുന്നതുതന്നെ പരിശോധിക്കാം. എന്താണു സമത്വം?

'ലോകം' എന്ന പദം 'അസമത്വം' എന്നതിനു പര്യായമാണ്. അല്ലെന്നു ഭ്രമിക്കുന്നവരും ഉണ്ടായിരിക്കാം. സമമായ രണ്ടു കാര്യങ്ങൾ ഈ ലോകത്തിൽ കാണാൻ സാധിക്കയില്ല. ഹിമവാനും ശാന്തസമുദ്രവും ഉള്ള ലോകത്തു സമത്വമെവിടെ? അസമത്വമാണു ജീവതത്വം, ലോകഭാവം. പകലും രാത്രിയും സമങ്ങളല്ല. ബാലന്മാരും വൃദ്ധന്മാരും സമമല്ല. ജ്ഞാനവും അജ്ഞാനവും ഭിന്നങ്ങളാണ്. എങ്ങനെയാണു സമത്വം സമ്പാദിക്കേണ്ടതു്? സമത്വം പോലെ നിരത്ഥകമായ ഒരു കായ്യത്തെപ്പററി എനിക്ക് ആലോചിക്കാൻ കൂടി വയ്യാ. ഞാൻ വേറൊരുത്തരോടും സമനല്ല; വേറൊരുത്തരും എന്നോടും സമന്മാരല്ല. ഇതു് ഒരു പുതുമയായി ചിലക്കു തോന്നാം. പക്ഷേ, ഞാൻ പരമാത്ഥം പറയുന്നതേ ഉള്ളൂ. ഞാൻ എന്നോടു തന്നെ സമനല്ലെന്നു കൂടെ പറഞ്ഞാൽ അതിൽ കൂടുതൽ അത്ഭുതം വേറൊന്നുമില്ലല്ലോ. എൻെറ ഓമ്മയിൽ തന്നെ എത്ര ഭിന്നന്മാരായ 'ഞാൻമാർ' കഴിഞ്ഞുപോയി എന്നു പറഞ്ഞറിയിക്കാൻ പാടില്ല. കഴിഞ്ഞുപോയ ഓണങ്ങളിലെല്ലാം ഇന്നുള്ള ഞാനല്ല ഉണ്ടായിരുന്നതു്. ഞാൻ ഉണ്ടായിരുന്നുതാനും. എൻെറ ആകൃതിയിലാകട്ടെ, പ്രകൃതിയിലാകട്ടെ അന്നും ഇന്നും തമ്മിൽ പറയത്തക്ക സാമ്യമില്ലെന്നാണ് എൻെറ വിശ്വാസം. അന്നും ഇന്നും തമ്മിൽ എനിക്കു ജ്ഞാനത്തിനും ഗണ്യമായ വ്യത്യാസമുണ്ടു്. അന്ന് അറിയാമായിരുന്ന പല കായ്യങ്ങളും ഇന്ന് എനി

ക്ക് അറിയാൻ പാടില്ല. അന്ന് ആഗ്രഹിക്കാത്ത പല കാര്യങ്ങളും ഇന്നു സാധിച്ചിട്ടുണ്ട്. അന്നൊക്കെ ഇഷ്ടമായിരുന്ന പലതും ഇന്നു വെറുപ്പായിരിക്കുന്നു. അന്നു കണ്ടവയിൽ പലതും, വേറെ ചിലതും ഇന്നു കാണുന്നുണ്ട്. എന്നാൽ ഒരേ സാധനത്തോടു തന്നെ അന്നും ഇന്നും എനിക്കുള്ള മനോഭാവങ്ങൾക്കു തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. അന്നുകണ്ട വൃക്ഷത്തെ ഇന്നു കാണുന്നത് അന്നു കണ്ടതുപൊലെയാണെന്നു പറയാൻ മേലാ. കഥ ഇങ്ങനെ ഇരിക്കെ സമത്വമെവിടെ? ഒരേ വ്യക്തിക്കു തന്നെ ഇത്ര അസമത്വങ്ങൾ ഉണ്ടെന്നിരിക്കെ, ലോകത്തിലുള്ള വ്യക്തികളെല്ലാം സമത്വം ദീക്ഷിക്കണമെന്നു പറയുന്നതിൽ എന്താണ് അർത്ഥം? ഇതെല്ലാം കാലം കൊണ്ടു വരുന്ന വ്യത്യാസങ്ങളാണെന്നു പറയാം. തന്നെയല്ല, ലോകത്തിൽ സമത്വദീക്ഷ വേണമെന്നു പറയുമ്പോൾ ഇതേ അർത്ഥത്തിലല്ല പറയുന്നതും. പെരുമാററത്തിൽ സമത്വം വേണമെന്നേ അർത്ഥമാക്കുന്നുള്ളു. ഇതിനും അർത്ഥമില്ല.

> ഭവന്തി സാമ്യേഽപി നിവിഷ്ടചേതസാം
> വപുർവിശേഷേഷ്വതിഗൗരവാഃ ക്രിയാഃ.

എന്നു കാളിദാസൻ പറയുന്നതു നോക്കുക. അദ്ദേഹം ആലോചിച്ചിട്ടാണ് ഇങ്ങനെ പറയുന്നത്. ബാലനോടും വൃദ്ധനോടും, അമ്മയോടും ഭാര്യയോടും, അച്ഛനോടും പുത്രനോടും എത്രയെത്ര ഭിന്നങ്ങളായ പെരുമാററങ്ങളാണു വേണ്ടതെന്നു നോക്കുക. ഞാൻ തുടരുന്നില്ല. സമത്വം ലോകത്തിൽ ഇല്ലാത്തതാണെന്ന് ഇത്രയും കൊണ്ടു സ്ഥാപിക്കാൻ സാധിച്ചെന്നു ഞാൻ വിശ്വസിക്കുന്നു. സാധിച്ചിട്ടില്ലെങ്കിൽ വേണ്ടാ. അതിനെപ്പററി ഇതിലധികം പറയാൻ ഇവിടെ നിവൃത്തിയില്ല. മാതൃപാദങ്ങളിൽ ഓണക്കാഴ്ച വയ്ക്കേണ്ടതു് എന്തെന്നു തിരഞ്ഞാണ് എൻെറ പുറപ്പാട്. ഓണത്തിനു വേണ്ടതായ ആഹ്ലാദഭാരം മനസ്സിൽ വരാൻ ഇക്കാലത്തുള്ള ലോകസ്ഥിതി സമ്മതിക്കുന്നില്ലെന്നും മററും പറഞ്ഞാണു പ്രക്രമിച്ചതു്. മാവേലികാലത്തെ സമത്വത്തേ തുടർന്നു ഇങ്ങനെ ഉപന്യസിച്ചെന്നേ ഉള്ളു. ഓണത്തെപ്പററി പറയുന്നതു് ഓണക്കാഴ്ചയാകയില്ലല്ലോ. എന്നാൽ, ലോകത്തിൽ സാധിക്കാത്ത ഒരു കാര്യം 'മാവേലികാലത്തു' നടപ്പായിരുന്നെന്നു പറയുന്നതിൻെറ അയുക്തിയെ ചൂണ്ടിക്കാണിക്കാനായിട്ടു മാത്രമാണ് ഇവിടെ ഇതെല്ലാം പറഞ്ഞതു.

എൻെറ യുക്തികൾ ഇങ്ങനെയാണെങ്കിലും ബലിചക്രവർത്തിയുടെ കാലത്തെപ്പററി എനിക്ക് യാതൊരു സംശയവും ഉണ്ടാകുന്നില്ല. നിത്യസൗഭാഗ്യവും, സാർവ്വത്രികമായ ഐശ്വര്യവും അന്ന് ഉണ്ടായിരുന്നെന്നു വിശ്വസിക്കാൻ എനിക്കു യാതൊരു പ്രയാസവുമില്ല. ലോകത്തിൻെറ നന്മയിൽ തികച്ചും വിശ്വസിക്കുന്ന എനിക്ക് ഇതല്ല, ഇതിൽ കൂടുതലായ അസാദ്ധ്യകാര്യങ്ങളും വിശ്വസിക്കാൻ കഴിയും. കാലനില്ലാത്ത കാലമുണ്ടായിരുന്നു. യക്ഷസുന്ദരിമാരും, അപ്സരസ്ത്രീകളും ഭൂമിയിൽ വരാറുണ്ടായിരുന്നു. സാക്ഷാൽ ഈശ്വരൻ അവതാരങ്ങളായി വന്ന കാലം ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു അവതാരമായിരുന്നു നമ്മുടെ മാതാവായ കേരളാംബയുടെ ജനകൻ. അദ്ദേഹം ഗോകർണ്ണത്തുനിന്നുകൊണ്ടു ചുഴററി എറിഞ്ഞ മഴുവിൻെറ പതനസ്ഥലമായ കന്യാകുമാരിയാണു നമ്മുടെ തീ

ത്ഥദേശം. ഇതെല്ലാം ഞാൻ വിശ്വസിക്കുന്ന കഥകളാണ്. ഗോകൎണ്ണം തൊട്ടു കന്യാകുമാരിവരെയുള്ള സ്ഥലം ഒരു ഏറുകൊണ്ടു കടൽ തെളിച്ചെടുക്കാൻ ശക്തിയുള്ള പരശുരാമന്റെ നാട്ടിൽ നിത്യക്ഷേമകരനായ ബലിചക്രവൎത്തി ഭരിച്ചിരുന്നെന്നു പറഞ്ഞാൽ ആൎക്കാണു വിശ്വാസമാകാത്തതു്? മററുള്ളെടത്തു നടക്കാത്തതും ഇവിടെ നടക്കും. നമ്മുടെ മാതൃഭൂമി അത്ര വിശിഷ്ടയാണ്. സഹ്യാദ്രിയുടെ ഔന്നത്യവും, അറബിക്കടലിന്റെ ഗാംഭീൎയ്യവും നമ്മുടെ മാതാവിനുണ്ടു്. അങ്ങനെയുള്ള നമ്മുടെ നാടുഭരിച്ച ബലിചക്രവൎത്തിയുടെ മഹിമ വിശ്വോത്തരമാണ്. അദ്ദേഹത്തിന്റെ പുത്രനായ ബാണന്റെ പടിപ്പുര കാത്തുകൊണ്ടു താമസിച്ചതു ശിവനായിരുന്നു. ശിവശിവ! ഇത്രദിവ്യനായ ഒരു കാവൽക്കാരൻ ലോകത്തിൽ വേറെ ഏതൊരു ചക്രവൎത്തിക്കു് ഉണ്ടായിട്ടുണ്ടു്? ത്രിലോകസംഹാരകൎത്താവായ ഭഗവാൻ വാതിൽ കാക്കുക!

കഴിഞ്ഞ ഓണങ്ങൾക്കെല്ലാം ദേവിയുടെ തൃപ്പാദങ്ങളിൽ അൎപ്പിച്ച ആശാഭാണ്ഡം തന്നെ ഇപ്പോഴും ഞാൻ കാഴ്ച വയ്ക്കുന്നു. അന്നൊക്കെയുണ്ടാകാറുള്ള അമിതമായ ആഹ്ലാദഭാരം ഇന്നും ഞാൻ സ്വയം വരിച്ചുകൊണ്ടാണു തിരുമുൽക്കാഴ്ച വയ്ക്കുന്നതു്. അമ്മ ഇതു സന്തോഷത്തോടെ സ്വീകരിക്കണം. എന്റെ ആശാഭാണ്ഡത്തിൽ എന്തെല്ലാമുണ്ടെന്നു ഞാൻ അമ്മയെ തുറന്നു കാണിക്കാം. എന്നാൽ അതിനു മുമ്പായി ഞാൻ ചിലതു പറഞ്ഞുകൊള്ളട്ടെ. എന്റെ ലോകം ഒരുകാലത്തു വളരെ പരിമിതമായിരുന്നു. മുമ്പിൽ കാണുന്നതെല്ലാം തന്നെ ഉൾപ്പെട്ടിരുന്നെന്നു പറയാൻപാടില്ല. പ്രത്യേകം പ്രതിപത്തി തോന്നുന്ന ചില കാൎയ്യങ്ങൾ മാത്രമേ എന്റെ സങ്കുചിതമായ ലോകപരിധിയിൽ അടങ്ങിയിരുന്നുള്ളു. അന്നു വലിയ ദുഃഖകാരണമായിരുന്നതു കളിക്കാനുള്ള കൂട്ടുകാരനെ കാണാതെവരികയാണ്; കാലിൽ ഒരു മുള്ളുകൊള്ളുകയാണ്. അന്നു വലിയ സന്തോഷം ഒരു ഓണക്കോടി ഉടുക്കുകയാണ്; വല്ല പലഹാരങ്ങളും തിന്നുകയാണ്. ഓടിച്ചാടി നടക്കുകയാണ്. വല്ലവരും പുകഴ്ത്തി പറഞ്ഞാൽ എന്തൊരു സംതൃപ്തിയെന്നുപറയാനുമില്ല. വിശപ്പും ദാഹവും അടങ്ങിയാൽ ദുഃഖകാരണങ്ങളെല്ലാം ശമിച്ചെന്നാണ് അന്നത്തെ മട്ടു്. ശിവശിവ! കാലം വരുത്തിവച്ച മാററം. ഇന്നു മനസ്സിന്റെ അനാവശ്യമായ വികാസംകൊണ്ടു വന്നിട്ടുള്ള കുഴപ്പങ്ങൾ. എന്റെ ലോകം കാഴ്ചയേയും കേൾവിയേയും അതിക്രമിച്ചു വൎത്തിക്കുന്നു. മുമ്പിൽ കാണുന്ന കഷ്ടതകൾ സഹിക്കാം. എത്രയോ ദൂരസ്ഥലങ്ങളിൽ സംഭവിക്കുന്ന അനീതികളും അക്രമങ്ങളും സഹിക്കാനുള്ള കെല്പും കരുത്തും എന്റെ മനസ്സിനു് ഇല്ല. അബിസീനിയായിലൊഴുകുന്നചോരപ്പുഴയിൽ ചേരാൻ എന്റെ ഹൃദയത്തിൽ നിന്നു ഉയൎന്നുവരുന്ന അശ്രുധാര വെമ്പുന്നുണ്ടു്. നീലനദി ശോണയായി മാറുന്നു. നീലനദിയും സമുദ്രവുമായി ഇങ്ങനെ ഒരു സംഭാഷണം നടക്കുന്നതായി ഞാൻ സംഭാവനം ചെയ്യുന്നു.

സ:—ഹേ ശോണേ!

നീ:—അഗസ്ത്യഭഗവൻ! എന്താണ്?

സ:—ശോണേ, ഞാൻ സമുദ്രമാണ്. എന്റെ ശത്രുവായ അഗസ്ത്യന്റെ പേരിട്ടു് എന്നെ വിളിക്കുന്നതു് എന്തുകൊണ്ടാണ്?

നീ:—ഞാൻ നീലനദിയാണ്. അവിടുന്ന് എന്നെ ശോണ എന്നു സംബോധന ചെയ്തതു് എന്തുകൊണ്ടാണ്?

സാ:—ശിവശിവ! നീ കട്ടംചോരപോലെ ഇരിക്കുന്നല്ലോ.

നീ:—അബിസീനിയായിലെ ഭടന്മാരുടെ ശരീരത്തിൽനിന്നു പുറപ്പെട്ടു കുതിച്ചൊഴുകുന്ന കട്ടംചോരയാറു് എനിക്കു പുത്തനായ ഒരു പോഷകനദിയാണ്.

സ:—കഷ്ടം! ആ രക്തനദി എന്തുകൊണ്ടു ചെങ്കടലിലേക്കു് ഒഴുകിയില്ല? നിൻെറ കാളിമയുള്ള ദേഹത്തെ ഈവിധം മലിനപ്പെടുത്തിയതു കഷ്ടമായിപ്പോയി.

അല്ലയോ സമുദ്രമേ! നീ സമാധാനപ്പെടുക. നീയും ചെങ്കടലായി മാറും. അബിസീനിയായിലേ രക്തപ്പുഴകൊണ്ടു് നിൻെറ വണ്ണം മാറുന്നില്ലെങ്കിൽ സ്പെയിനിലേ രക്തംകൂടെ വരുമ്പോൾ ശരിയായിക്കൊള്ളും. എൻെറ മനസ്സ് ഇങ്ങനെയാണു ലോകവിഭ്രമം അനുഷ്ഠിക്കുന്നതു്. ബലി രാജ്യഭ്രഷ്ടനായതുപോലെതന്നെ നീഗസ്സുചക്രവൎത്തിയുടെ രാജ്യനാശവും എന്നെ കുഴക്കുന്നുണ്ടു്. ഇതുപോലെതന്നെയാണു സുഖത്തിൻെറ കാൎയ്യവും. ഉത്തരധ്രുവത്തിൽ ഒരാൾ സുഖിക്കുന്നെന്നു കേട്ടാൽ എനിക്കും സുഖം തോന്നാറുണ്ടു്. കൈലാസത്തിൻെറ മുകളിൽ കയറാൻ ശ്രമിക്കുന്നവരെ ഞാൻ പലപ്പോഴും അനുഗമിക്കാറുണ്ടു്. പ്രഭാതസൂൎയ്യൻെറ സ്വൎണ്ണരശ്മികൾ തട്ടി ഹിമശൃംഗങ്ങൾ ഹേമസൗധങ്ങളായി മാറുന്നതും ഞാൻ കാണുന്നുണ്ടു്. ജപ്പാൻദ്വീപങ്ങളെ ചുഴററി കടലിൽ താഴ്ത്തുന്ന പ്രചണ്ഡവാതങ്ങളെയും, ഭൂകമ്പങ്ങളെയും സന്ദൎശിക്കാൻ ഞാൻ ശാന്തസമുദ്രപ്രാന്തങ്ങളിൽ എത്താറുണ്ടു്. ഇപ്പോൾ എൻെറ ലോകം ഇങ്ങനെയാണ്. അതിൻെറ അനാവശ്യമായ വിസ്തൃതി എൻെറ സുഖദുഃഖപരിധിയെ ആവശ്യമില്ലാത്തവിധം വൎദ്ധിപ്പിച്ചിട്ടുണ്ടു്. എനിക്കിന്നു പ്രത്യക്ഷങ്ങളെപ്പോലെ തന്നെ പരമാൎത്ഥത്തിൽ അപ്രത്യക്ഷങ്ങളും പ്രത്യക്ഷങ്ങളായി തീൎന്നിട്ടുണ്ടു്! ഇങ്ങനെ സംജാതമായിട്ടുള്ള വിഷാദവും, സംതൃപ്തിയും ഒരുപോലെ മനസ്സിനെ സ്പൎശിക്കുന്നു. ഈ അവസ്ഥയിൽ സന്തോഷം മാത്രം തുളുമ്പുന്ന പണ്ടത്തെ ഓണം ഞാൻ എങ്ങനെ കാണും.? ഒരു നിമിഷം ലോകത്തെ സൂക്ഷിച്ചു പഠിച്ചാൽ ശ്രീബുദ്ധനാകും. എനിക്കു രാജ്യമില്ലാത്തതു കൊണ്ടു ഞാൻ ഉപേക്ഷിക്കുന്നില്ല. ബുദ്ധനെപ്പോലെ എനിക്കും ലോകത്തിൻെറ ഈ ദുഃഖത്തിൽ അത്യന്തമായ വിഷാദമുണ്ടു്.

ഈ വിഷാദങ്ങളെല്ലാം അമ്മയ്ക്കു തിരുമുൽക്കാഴ്ച അൎപ്പിക്കുന്ന ഈ അവസരത്തിൽ ഞാൻ വിസ്മരിക്കാം. ദേവിയുടെ തൃപ്പാദങ്ങളിൽ അൎപ്പിച്ചിട്ടുള്ള ഈ കാഴ്ചദ്രവ്യം എനിക്കു ശേഖരിക്കാവുന്നതിൽ വളരെ അമൂല്യമായിട്ടുള്ളതാണ്. അവയെല്ലാം എൻെറ മധുരസ്വപ്നങ്ങളുടെ ഫലങ്ങളാണ്. ദിവ്യസമ്പാദ്യങ്ങളായി ഞാൻ അവയെ കാത്തുവച്ചിരുന്നു. ആരാധ്യപാദയായ ദേവിയ്ക്കു് അവയെ തന്നെ സമൎപ്പിക്കുന്നു. നിതാന്തസുന്ദരമായ ഒരു ഭാവിലോകം രത്നംപോലെ ഞാൻ മനസ്സിൽ സൂക്ഷിച്ചുപോരുന്നു. നിത്യഭാസുരമായ ആ ലോകം എൻെറ ആശയുടെ പരമലക്ഷ്യമാണ്. ബലിയുടെ കാലത്തെപ്പററിയുള്ള എൻെറ അറിവുക

ളെയും തുലോം അതിശയിക്കുന്ന സംതൃപ്തിയും സുഖവുമാണ് അതിൻെറ മുഖ്യഭാവം. ആനന്ദമയമായ ആ ലോകത്തെപ്പററി ഞാൻ വിവരിക്കാം. ആവശ്യങ്ങളെല്ലാം സ്വയം പൂരിതങ്ങളാണ്. അനാവശ്യങ്ങളിൽ ആക്കും തൃഷ്ണയില്ല. ജ്ഞാനം എല്ലാവൎക്കും സ്വയം സിദ്ധമാണ്. അതു് ഇന്നത്തെപ്പോലെ ക്ലേശിച്ചു സമ്പാദിക്കേണ്ടതല്ലെന്നു വരും. ജനനാൽത്തന്നെ ബുദ്ധിയുടെ വികാസം ഇന്നു നമുക്കു് ആലോചിക്കാൻപോലും നിവൃത്തിയില്ലാത്തവണ്ണം വൎദ്ധിച്ചിരിക്കും. ആവശ്യമില്ലാത്ത സാധനങ്ങൾ സംഭരിച്ചുവയ്ക്കാൻ മനഃക്ലേശവും ദേഹാദ്ധ്വാനവും ഉണ്ടാകുന്നതു ബുദ്ധിവിഹീനമാണെന്നു് ഓരോരുത്തനും മനസ്സിലാക്കും. ജീവിക്കുമ്പോഴും മരിക്കുമ്പോഴും ആവശ്യമില്ലാത്ത പരദ്രോഹം ഇന്നത്തെപ്പോലെ സ്വയംവരിക്കാൻ ആളുകൾ ബദ്ധപ്പെടുകയില്ല. ഭൂമി എൻേറതാണെന്നു മിത്ഥ്യയായി സ്വപ്നം കാണുന്ന പതിവു് ഓരോരുത്തനും ഉപേക്ഷിക്കും. തനിക്കും ലോകത്തിനുമായുള്ള യഥാൎത്ഥബന്ധം ഇന്നു പലരും തെററിദ്ധരിച്ചിരിക്കുന്നപോലെ അത്ര ഗാഢമായ ഒന്നല്ലെന്നും, ജീവിതത്തിനാകട്ടെ മരണത്തിനാകട്ടെ തനിക്കു് അധികാരമില്ലെന്നും, ജനനം ജനനമല്ലെന്നും, മരണം മരണമല്ലെന്നും അന്നു് എല്ലാവരും ധരിക്കും. ഒരു നിമിഷം മനസ്സഴിഞ്ഞു ചിരിക്കുന്നതു് ഒരു ജന്മം മുഴുവൻ യുദ്ധംചെയ്തു ലഭിക്കുന്ന യശസ്സിനേക്കാൾ എത്രയോ കാമ്യമാണെന്നു് ആളുകൾ കരുതും.

ഇത്രയുംകൊണ്ടു് എൻെറ ആശകൾ അവസാനിക്കുന്നില്ല. ഈ ലോകത്തിൻെറ സ്ഥിതി ഇന്നത്തെതിൽനിന്നും തുലോം വ്യത്യാസമായിത്തീരുന്ന ഒരു കാലത്തെപ്പററി ഞാൻ എപ്പോഴും സ്വപ്നം കാണുന്നുണ്ടു്. മനുഷ്യേതരങ്ങളായ ജീവികളിൽ ഏതെല്ലാം അന്നു് അവശേഷിക്കുമെന്നു പറയാൻ നിവൃത്തിയില്ല. മനുഷ്യൻെറ ക്രൂരതയ്ക്കു വിധേയമായി പക്ഷികളും മൃഗങ്ങളും ഒന്നൊന്നായി ഭൂമിയിൽ നിന്നും മറയും. ഭൂമുഖം മാത്രമാണല്ലോ ഇന്നു മനുഷ്യനു പ്രധാനമായ ആവാസസ്ഥാനം. എന്നാൽ, അധികകാലം കഴിയുന്നതിനു മുമ്പു്, സമുദ്രാന്തർഭാഗങ്ങളും, ഉന്നതശൃംഗങ്ങളുടെ അഗ്രഭാഗങ്ങളും, മഹാപൎവ്വതങ്ങളിലെ ഗുഹകളും, ആകാശവും എല്ലാം മനുഷ്യനു് ആവാസരംഗങ്ങളായി മാറും. കടലിലും നദികളിലും പൊങ്ങി അലഞ്ഞു ചാഞ്ചാടുന്ന പട്ടണങ്ങളുണ്ടാകും. ആകാശത്തിൽ പറന്നുനടക്കുന്ന അനവധി മഹാനഗരങ്ങൾ സഞ്ജാതമാകും. ചന്ദ്രാദിഗോളങ്ങളെ സ്വാധീനത്തിൽ കൊണ്ടുവരും. ഭൂമിയെ ഭരിക്കുന്നതിനുള്ള ഭരണകേന്ദ്രങ്ങൾ ചന്ദ്രനിലും ചൊവ്വായിലും സ്ഥാപിക്കും.

മനുഷ്യനുതന്നെ വളരെ വ്യത്യാസങ്ങൾ വന്നുചേരും. ജാതി, മതം, രാഷ്ട്രം, സമുദായം എന്നുള്ള വ്യതാസങ്ങൾ ഇല്ലാതാകുമെന്നുതന്നെയല്ല, സ്ത്രീപുരുഷവ്യത്യാസംതന്നെ നിലയ്ക്കും. ആണെന്നും പെണ്ണെന്നും തരം തിരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പുതിയ ജാതി മനുഷ്യർ ഉണ്ടാകും. ലോകത്തു വന്നവർ ഇവിടെനിന്നു പോകണ്ട എന്നും, പുത്തനായി ആരും ജനിക്കയില്ലെന്നും വരും. അനന്തമായ ആയുസ്സു കൊണ്ടു അനുഗ്രഹീതരായ അവൎക്കു് ഈ ലോകം എങ്ങനെ രൂപാന്തരപ്പെടുമെന്നു മാത്രം എനിക്കു നിശ്ചയമില്ല.

ശുഭതരമായ ഈ ഭാവിയെപ്പററിയുള്ള പ്രതീക്ഷ എൻെറ മനോവ്യഥയെ പാടേ അകററുന്നു.

# മലയാളം ആണേഴ്സ് സമാജം

( റിപ്പോർട്ട് )

ആർട്സ് കാളേജ് 'മലയാളം ആണേഴ്സ്' സമാജത്തിൻെറ ദ്വിതീയസമ്മേളനം ൧൧൧൧ കർക്കടകം ൨൮-നു- ശനിയാഴ്ച കാളേജ് ലൈബ്രറിഹാളിൽ വച്ച് ഡാക്ടർ സി. കുഞ്ഞൻ രാജാ എം. ഏ. ഡി. ഫിൽ. ൻെറ അദ്ധ്യക്ഷതയിൽ ഭംഗിയായി കഴിഞ്ഞുകൂടി.

ആദ്യമായി പൌരസ്ത്യഭാഷാദ്ധ്യക്ഷൻ രാജശ്രീ വി. കൃഷ്ണൻതമ്പി അവർകൾ അദ്ധ്യക്ഷനും സദസ്യർക്കും സ്വാഗതം നല്കി. അനന്തരം കുഞ്ഞൻരാജാ അവർകൾ ഉപക്രമരൂപത്തിൽ സാമാന്യം ദീർഘമായ ഒരു പ്രസംഗം ചെയ്തു. പ്രതിപാദനാവിഷയമായി സംസ്കൃതകാളേജ് പ്രിൻസിപ്പാൽ ഡാക്ടർ കെ. ഗോദവർമ്മ തമ്പുരാൻ സ്വീകരിച്ചിരുന്ന "മലയാളത്തിലെ ശബ്ദവിജ്ഞാനീയം" എന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട് അദ്ധ്യക്ഷൻ ചിലതു് സംസാരിക്കയുണ്ടായി. മലയാളഭാഷയെ സംസ്കൃതവൈയ്യാകരണന്മാരുടെ ദൃഷ്ടികൊണ്ടോ ആംഗലവൈയ്യാകരണന്മാരുടെ ദൃഷ്ടികൊണ്ടോ പരിശോധിച്ചു നിയമങ്ങൾ നിർമ്മിക്കുന്നതു് ആശാസ്യമല്ലെന്നു് അദ്ധ്യക്ഷൻ ചൂണ്ടിക്കാണിച്ചു. മലയാളത്തിലെ ശബ്ദങ്ങളുടെ യഥാർത്ഥമായ ഭാവങ്ങൾ സൂക്ഷിച്ചു പഠിക്കേണ്ടിയിരിക്കുന്നു എന്നും, ഭാഷാവിഷയകമായ ചർച്ചയിൽ ശബ്ദവിജ്ഞാനീയത്തിൻെറ സ്ഥാനം അദ്വിതീയമാണെന്നും രാജാ അവർകൾ വാദിച്ചു. ആനുഷംഗികമായി മലയാളത്തിലെ 'സ്വരഭാരത്തെ' സംബന്ധിച്ചും അദ്ദേഹം സൂചിപ്പിച്ചു. ഭാഷാശാസ്ത്രജ്ഞന്മാർ 'Pitch' എന്നും 'Stress' എന്നും രണ്ടുതരം സ്വരഭാരങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടെന്നും, മലയാളത്തിൽ 'Pitch' എന്ന സ്വരഭാരമാണുള്ളതെന്നും, പദാന്ത്യങ്ങളിലാണു് സാധാരണയായി ഈ സ്വരഭാരം കാണുന്നതെന്നും, ഈ വിഷയത്തെ സംബന്ധിച്ചു പണ്ഡിതന്മാർ ഉപരിചർച്ച ചെയ്യേണ്ടതാണെന്നും, താൻ ഈ വിഷയത്തെക്കുറിച്ചു ഗാഢമായി ആലോചിക്കയോ പഠിക്കയോ ചെയ്തിട്ടില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. ചുരുക്കത്തിൽ സ്വരഭാരസംബന്ധമായ അദ്ദേഹത്തിൻെറ സിദ്ധാന്തം മുഖ്യാംശങ്ങളിലെല്ലാം കഴിഞ്ഞ സമ്മേളനത്തിൽ ശ്രീ നാട്ടു കുഞ്ഞൻപിള്ള അവർകൾ സൂചിപ്പിച്ച സ്വരഭാരസിദ്ധാന്തത്തോടു യോജിച്ചുതന്നെയിരുന്നു.

ഉപക്രമപ്രസംഗത്തിനു ശേഷം ഗോദവർമ്മതമ്പുരാൻ 'മലയാളത്തിലെ ശബ്ദവിജ്ഞാനീയം' (Malayalam Phonology) എന്ന വിഷയത്തെപ്പററി ദീർഘമായും സരസമായും സാരഗർഭമായും പ്രസംഗിക്കയുണ്ടായി. 'കേരള' 'ദ്രാവിഡ' പദങ്ങളുടെ നിഷ്പാദനക്രമങ്ങളെ സാമാന്യം ദീർഘമായി ചർച്ചചെയ്തുകൊണ്ടാണു് അദ്ദേഹം ഉപക്രമിച്ചതു്. പദാദിയിൽ നില്ക്കുന്ന ചകാരം ഒരിക്കലും കകാരമായി മാറുകയില്ലെന്നും, നേരേമറിച്ചു് താലവ്യസ്വര സാന്നിദ്ധ്യംകൊണ്ടു് കകാരം ചകാരമായി

മാറുകയാണ് സാധാരണമെന്നും, അതു കൊണ്ട ചേരളത്തിൽനിന്നും കേരളം വരികയല്ല പ്രത്യുത കേരളം ചേരളമായി പരിണമിക്കയാണ ചെയ്യുന്നതെന്നും ഏതദ്വിഷയകമായി കേരളപാണിനിതൊട്ടുള്ള പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ സ്വീകാര്യങ്ങളല്ലെന്നും അദ്ദേഹം ബലമായിവാദിച്ചു. തമിഴ് ശബ്ദത്തിൽ നിന്നാണ് ദ്രാവിഡ പദോല്പത്തി എന്ന വാദിക്കുന്നതും ശരിയാകയില്ല എന്ന് അദ്ദേഹം സിദ്ധാന്തിച്ചു. പദാദിയിൽ നില്ക്കുന്ന ഖരശബ്ദം *മൃദുക്കളായി മാറുകയില്ലെന്നും, തമിഴ് ശബ്ദത്തിലെ ആദ്യക്ഷരമായ 'ത', ദകാരമായി മാറുന്നതു കൂടാതെ രേഫസംയുക്തമായിത്തീരുന്നുണ്ടെന്നും, ഇതിനൊക്കെ ശരിയായ സമാധാനം കണ്ടുപിടിക്കുന്നതു് സാദ്ധ്യമല്ലെന്നും തമ്പുരാൻ വാദിച്ചു. ഇടയ്ക്കു് പലരും സംശയരൂപത്തിൽ പല ചോദ്യങ്ങൾ ചോദിക്കയും അവയ്ക്കു് തമ്പുരാൻ ഉചിതമായ മറുപടി നല്കുകയുംചെയ്തു. 'ഗജഡദബ യരലവ' എന്ന അക്ഷരങ്ങളോട ചേൎന്നുനില്ക്കുന്ന 'അ'കാരത്തെ 'എ'കാരമായി ആണ് ഉച്ചരിക്കുന്നതു്. ഇതിനു കാരണം ഈ അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ ശബ്ദജനനേന്ദ്രിയങ്ങൾക്കു വരുന്ന ആയാമ്യത (lack of muscular intensity) യാണ് കാരണമെന്നും അദ്ദേഹം സൂചിപ്പിച്ചു. തമിഴിലെ ഐകാരാന്ത പദങ്ങൾ മലയാളത്തിൽ അകാരാന്തമായി മാറുന്നതിനെ വ്യഖ്യാനിച്ചുകൊണ്ട തമ്പുരാൻ സംസാരിച്ചു.

പിന്നീട സംസ്കൃതപ്രാകൃതഭാഷകളിൽ നിന്ന് പദങ്ങൾ മലയാളത്തിലേക്ക് സംക്രമിക്കുമ്പോൾ സംഭവിക്കുന്ന രൂപവിപരിണാമങ്ങളെക്കുറിച്ച് അദ്ദേഹം ഗാഢമായി ചൎച്ച ചെയ്തു കോഷ്ഠാഗാരത്തിൽ നിന്നുമാണ് 'കൊട്ടാരം' വരുന്നതെന്നും മററും ഉദാഹരണം പറയുകയുണ്ടായി.

ശബ്ദശാസ്ത്രസംബന്ധമായി ഉപരിഗവേഷണങ്ങൾ സാധിച്ചിട്ടുള്ള തമ്പുരാന്റെ പ്രസംഗം ജിജ്ഞാസോത്തേജകവും പാണ്ഡിത്യപ്രസ്ഫോടകവും ആയിരുന്നു.

അനന്തരം രാജശ്രീ വി. കൃഷ്ണൻതമ്പി അവർകൾ സാമാന്യം ദീൎഘവും അതിസരസവുമായ ഒരു പ്രസംഗം ചെയ്തു. ഖരാതിഖരമൃദുഘോഷാനുനാസികങ്ങളായി 'കേരളപാണിനി' വൎഗ്ഗാക്ഷരങ്ങളെ തിരിച്ചിട്ടുള്ളതു് മനഃപൂൎവ്വമായിട്ടാണെന്നും, ആ വിഭജനം പുതിയ ഭാഷാശാസ്ത്രസമ്പ്രദായത്തെ അനുസരിച്ചാണെന്നും, എന്നാൽ പാണിനിയുടെ ഘോഷാഘോഷങ്ങൾ എന്നു് രണ്ടായിട്ടുള്ള വിഭജനം കൂടുതൽ ശാസ്ത്രീയമായിട്ടുള്ളതാണെന്നും അദ്ദേഹം ആദ്യം തന്നെ പ്രസ്താവിച്ചു.

ഗോദവൎമ്മതമ്പുരാൻ ശബ്ദശാസ്ത്രത്തിൽ ഗാഢമായ ജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരു പണ്ഡിതനാണെന്ന് അദ്ദേഹം പ്രശംസിച്ചു. ദ്രമിഡാദി ശബ്ദങ്ങളുടെ നിഷ്പാദനക്രമങ്ങളെപ്പററി തമ്പുരാന്റെ ബലമായ വാദമുഖങ്ങൾ കണ്ടാൽ അദ്ദേഹത്തെ ഒരു 'വീര ഫിലാളജിസ്റ്റ്' എന്ന് വിളിക്കാതിരിക്കാൻ തരമില്ലെന്നും പറയുകയുണ്ടായി. തമിഴ് ശബ്ദത്തിൽ

* പാണിനീയസിദ്ധാന്തത്തിൽ ഘോഷാഘോഷങ്ങൾ എന്ന രണ്ടിനങ്ങളായെ ശബ്ദങ്ങളെ തിരിക്കുന്നുള്ളു എന്നും ഖരാതിഖരങ്ങളെന്ന വിഭജനങ്ങൾ കേരളപാണിനി സ്വീകരിച്ചിരിക്കുന്നതിന് പ്രമാണം എന്തെന്ന് മനസ്സിലാകുന്നില്ല എന്നും വാദിച്ചു.

നിന്നു് ദ്രാവിഡ ശബ്ദം ഉണ്ടാകുന്നതിൽ അസാംഗത്യമില്ലെന്നും, തങ്ങളുടെ ഇടം എന്ന അർത്ഥത്തിലുള്ള 'തമ്മിടം' എന്ന ശബ്ദമാണ് തമിഴായിട്ടും ദ്രാവിഡമായിട്ടും രൂപാന്തരപ്പെട്ടന്നതെന്ന വിചാരിക്കാവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. തമിഴിൽ ഐകാരാന്തങ്ങൾ മൂലദ്രാവിഡഭാഷയിൽ ഐകാരാന്തങ്ങളായിരിക്കാൻ ഇടയില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു. ചെന്തമിഴ്ക്കാലത്തു് വാക്കുകളെ ഭംഗിപ്പെടുത്താനുള്ള ശ്രമത്തിൽ മനഃപൂർവ്വമായി 'ഐ' ചേർത്തതാണെന്നാണ് അദ്ദേഹം സിദ്ധാന്തിച്ചതു്.

[ഇതിനുശേഷം യോഗം തേയില സദ്യക്കായി പിരിഞ്ഞു. രാജശ്രീ. എൻ. കുഞ്ഞുരാമൻപിള്ള എം. ഏ. ബി. എൽ. അവർകളുടെ വകയായി നടന്ന വിഭവപൂർണ്ണമായ ആ സദ്യയിൽ സഭയിൽ ഹാജരായിരുന്ന നൂററിൽ പരം മഹതികളും മാന്യന്മാരും പങ്കുകൊണ്ടു. സദ്യയ്ക്കുശേഷം വീണ്ടും യോഗം ആരംഭിച്ചു].

പിന്നീടു് ആദ്യമായി സംസാരിച്ചതു് സയൻസ്കാളേജ് പൌരസ്ത്യഭാഷാദ്ധ്യക്ഷൻ രാജശ്രീ. പി. അനന്തൻപിള്ള അവർകൾ എം. ഏ. ആയിരുന്നു. ഐന്ദ്രജാലികന്മാർക്ക് അസമർത്ഥന്മാരായ പ്രേക്ഷകന്മാരുടെ കണ്ണുകെട്ടാൻ സാധിക്കുമെന്നും, എന്നാൽ അവരുടെ കള്ളങ്ങൾ ഗ്രഹിച്ചിട്ടുള്ളവരെ കളിപ്പിക്കാൻ സാധിക്കുകയില്ലെന്നും, അതുപോലെയാണ് ഇന്നത്തെപ്രസംഗം ഫലിച്ചതെന്നും അദ്ദേഹം പറഞ്ഞു. സംസ്കൃതാദിഭാഷകളിലെ വ്യാകരണനിയമങ്ങളെ സ്ഥാനത്തിലും അസ്ഥാനത്തിലും മലയാളത്തിലേക്കു ഇറക്കുമതി ചെയ്യുന്നതു് സൂക്ഷിച്ചു് വേണ്ടതാണെന്നും അദ്ദേഹം സൂചിപ്പിച്ചു. കേരളപാണിനീയത്തിലെ ഭാഷാതത്വനിയമങ്ങൾ വിമർശിക്കുന്നതു് ദ്രാവിഡഭാഷകളുടെ പ്രത്യേകതകളെ ആലോചിച്ചിട്ടുവേണ്ടതാണെന്നും, വർണ്ണങ്ങളുടെ അതിഖരമൃദുഘോഷ വിഭാഗങ്ങൾ ലക്ഷണനിർദ്ദേശത്തിനുമാത്രം സ്വീകരിച്ചിട്ടുള്ളവയാകയാൽ സംസ്കൃതത്തിലെപ്പോലെ തന്നെയാണെന്നു സിദ്ധാന്തിക്കേണ്ടതില്ലെന്നും, ദ്രാവിഡകേരള ശബ്ദങ്ങൾക്കു കേരളപാണിനി പറയുന്ന നിഷ്പാദനക്രമങ്ങൾ തിരസ്കരിക്കുന്നതിനു് ഇനിയും സമയമായിട്ടില്ലെന്നും, ക്രോഷ്ടാഗാരാദി ശബ്ദങ്ങളിൽ നിന്നും കൊട്ടാരം മുതലായ പദങ്ങളെ വ്യുൽപാദിക്കുന്നതു് ഭിന്നധാതുരൂപങ്ങളുണ്ടോ എന്നു നോക്കിയതിനു ശേഷം വേണമെന്നും, മലയാളത്തിൽ സ്വരഭാരം ഉണ്ടെന്നു പറയുന്നതിനെക്കാൾ നല്ലതു് പരസംക്രാന്തിസൂചകങ്ങളായ ഖരാദേശദ്വിതാദികൾ ഉണ്ടെന്നു സ്ഥാപിക്കുന്നതാണെന്നും സയുക്തികം വാദിക്കയുണ്ടായി. മലയാളഭാഷയിൽ ൫൦ അക്ഷരങ്ങളേ ഉള്ളു എന്നു് പറഞ്ഞാൽ ഴ, റ, ണ, എന്ന സ്വതന്ത്രവർണ്ണങ്ങൾക്കു സ്ഥാനമില്ലാതായിത്തീരുമെന്നും, സംസ്കൃതവുമായി യോജിപ്പിക്കുവാനുള്ള സാഹസത്തിൽ നിന്നുമാണ് ഈ അഭിപ്രായങ്ങൾ ജനിക്കുന്നതെന്നും, ഇക്കാര്യങ്ങൾ ശാന്തമായി ചിന്തിക്കേണ്ടതാവശ്യമാണെന്നും പറഞ്ഞുപസംഹരിച്ചു.

തദനന്തരം രാജശ്രീ എൻ. ഗോപാലപിള്ള അവർകൾ എം. ഏ. ഫലിതപൂർണ്ണവും സാഗരഗർഭവുമായ ഒരു ലഘുപ്രസംഗം ചെയ്തു. പണ്ടും ഇന്നും ഭാഷാവിഷയകമായ ഉദ്യമങ്ങളിൽ ക്ഷത്രിയന്മാർ തന്നെയാണ് പ്രാമുഖ്യം വഹിക്കുന്നതെ

ന്നും, എന്നാൽ ഇന്നു് മി. അനന്തൻപിള്ളയെപ്പോലുള്ള ചിലർ പ്രജാധിപത്യതത്വത്തെ ആസ്പദമാക്കി ആ അവകാശങ്ങളെയെല്ലാം കൈക്കലാക്കാൻ ശ്രമിച്ചു പോരുന്നുണ്ടെന്നും ആ നിലയ്ക്കാണു് താനും ഈ വിഷയത്തെപ്പററി സംസാരിക്കാൻ പോകുന്നതെന്നും, പ്രസ്താവിച്ചു. തമിഴിൽ നിന്നും ദ്രാവിഡശബ്ദം വരികയില്ല എന്നുള്ളതിനെ അദ്ദേഹം കക്കശമായി എതിർത്തു. 'ദക്കാൻ' എന്നപദം സംസ്കൃതത്തിൽ 'ദ്രേക്കാണം', 'ദ്രേഷ്ക്കാണം' എന്നെല്ലാം രൂപങ്ങൾ കൈക്കൊള്ളുന്നു എന്നുള്ളതു് ഗോദവമ്മതമ്പുരാൻെറ സിദ്ധാന്തത്തിനു് ബാധകങ്ങളായിരിക്കുന്നു എന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. 'ഹൈഡ്രോക്കസ്' 'ഹൃദ്രോഗമായി'മാറുന്നതും പ്രകൃതത്തിനു് ഉദാഹരണമാണു്. സംസ്കൃതത്തിൽ നിന്നു് ദ്രാവിഡന്മാക്കു തങ്ങൾക്കും തങ്ങളുടെ ഭാഷയ്ക്കും ഒരു പേരു സ്വീകരിക്കേണ്ടി വന്നു എന്നു കല്പിക്കുന്നതു വളരെ സാഹസവും അനൌചിത്യവുമാണു് എന്നു് അദ്ദേഹം പ്രസ്താവിച്ചു.

ഇതിനുശേഷം രാജശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ എം. ഏ. സ്വരഭാരസിദ്ധാന്തത്തെ വിവരിച്ചുകൊണ്ടും മലയാളത്തിലെ ശബ്ദങ്ങളെപ്പററി ശാസ്ത്രീയമായി ചച്ചചെയ്തുകൊണ്ടും സരസമായ ഒരു പ്രസംഗംചെയ്തു. സ്വരഭാരത്തെ എതിർത്തുകൊണ്ടു സംസാരിക്കുന്നവർ അങ്ങനെ ചെയ്യുന്നതു് ഭാഷാതത്വങ്ങളെപ്പററി കൂടുതൽ ചിന്തിക്കാത്തതു കൊണ്ടായിരിക്കാമെന്നു് അദ്ദേഹം വാദിച്ചു. സ്വരഭാരമില്ലാതെയാതൊരു ഭാഷയും ലോകത്തില്ല എന്നും, ദ്രാവിഡഭാഷയിൽ സ്വരഭാരമില്ല എന്നു സിദ്ധാന്തിക്കുന്നതു് അബദ്ധമാണെന്നും ഒരേ സ്വരം തന്നെ പദാദിയിലും പദാന്തത്തിലും നിന്നാൽ ഒരേ വിധത്തിലുള്ള ശക്തിയോടുകൂടിയല്ല ഉച്ചരിക്കുന്നതെന്നും അനവധി ഉദാഹരണങ്ങളെ ഉദ്ധരിച്ചു് അദ്ദേഹം വ്യാഖ്യാനിച്ചു. കാണിച്ചു. സ്വതന്ത്രമായി ചെയ്ത ചച്ചയിൽ ഡാക്ടർ കുഞ്ഞൻ രാജാ അവർകൾക്കും തനിക്കുള്ള അഭിപ്രായങ്ങൾ തന്നെ വന്നു കണ്ടതിൽ പ്രസംഗകത്താവു് അത്യന്തമായ ചാരിതാത്ഥ്യം പ്രകടിപ്പിച്ചു.

മലയാളഭാഷയിലെ ശബ്ദങ്ങളെ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, മദ്ധ്യമങ്ങൾ, ചില്ലുകൾ എന്നു നാലായി തരം തിരിക്കാമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ ഓരോ വിഭാഗങ്ങളെപ്പററിയും ദീഘമായും പ്രൌഢമായും ചച്ചചെയ്തു. ഒരേ ശബ്ദത്തിനു തന്നെ സംസ്കൃതത്തിലും മലയാളത്തിലും ഉള്ള ഉച്ചാരണവ്യത്യാസങ്ങളെ നിദ്ദേശിച്ചു. 'അ' എന്ന സ്വരം സംസ്കൃതത്തിൽ കണ്ഠ്യമാണെന്നും, എന്നാൽ മലയാളത്തിൽ ഓഷ്ഠ്യമോ താലവ്യമോ ആയിട്ടാണു് നില്ക്കുന്നതെന്നും പറഞ്ഞു. സ്വരങ്ങളിൽ വിശേഷമായ ഗണനയെ അഹിക്കുന്നതു് 'ഉ' മാത്രമേ ഉള്ളൂ. സംവൃതോകാരത്തെ ഉകാരത്തിൻെറ ഭേദമായി ഗണിക്കേണ്ടതല്ലെന്നും, പരമാത്ഥത്തിൽ അതു പ്രത്യേകമായ ഒരു സ്വരമാണെന്നും പ്രസംഗകത്താവു് സിദ്ധാന്തിച്ചു.

വ്യഞ്ജനാക്ഷരങ്ങളെ മൂലസ്വരങ്ങൾ എന്നും വികാരങ്ങൾ എന്നും അദ്ദേഹം രണ്ടായി തരംതിരിച്ചു കാണിച്ചു. ഇവിടെ സ്വരശബ്ദത്തിനു് അകരാദിയായ

സ്വരങ്ങൾ എന്നല്ല അർത്ഥം. ക ച ട ത പ എന്ന അക്ഷരങ്ങൾ, വർഗമൂലസ്വരങ്ങൾ. അതിഖരങ്ങൾ കചടതപങ്ങളോട്ട് 'ഹ' എന്ന അക്ഷരം ചേർത്തു കിട്ടുന്നവ. ഗജഡദബകൾ ഖരാക്ഷരങ്ങൾക്ക് മൃദുസ്വഭാവം കലന്നുണ്ടാകുന്നവ. മൃദുക്കളോട് ഹകാരം ചേർത്ത് ഘോഷാക്ഷരങ്ങൾ കിട്ടുന്നു. നാസാപ്രയത്നമുള്ള ഖരാക്ഷരങ്ങൾ അനുനാസികളായി ഭവിക്കുന്നു. ഇങ്ങനെയാണു ശ്രീമാൻ കുഞ്ഞൻ പിള്ള അവർകൾ വൎഗ്ഗാക്ഷരങ്ങളെ വ്യാഖ്യാനിച്ചതു്. ഓരോന്നിനും പ്രത്യേകം ഉദാഹരണങ്ങളും കാണിച്ചു. അന്തഃസ്ഥങ്ങൾക്ക് (യരലവ) സ്വരാക്ഷരങ്ങളുടേയും വ്യഞ്ജനാക്ഷരങ്ങളുടേയും സ്വഭാവം ഉണ്ടു്. വൎഗ്ഗാക്ഷരങ്ങളിൽ തന്നെ ചേൎക്കാവുന്നതാണു് ഊഷ്മാവുകളും മദ്ധ്യമങ്ങളും. അങ്ങനെയായാൽ ഖരാതിഖരങ്ങൾ തുടങ്ങി ഓരോ വൎഗ്ഗത്തിലും ഏഴേഴക്ഷരങ്ങൾ ഉണ്ടാവാം. പവൎഗ്ഗത്തിനു ഊഷ്മാവും കവൎഗ്ഗത്തിനു മദ്ധ്യമവും ഇല്ല. ചില്ലുകൾ സ്വരസഹായം കൂടാതെ നില്ക്കുന്ന വ്യഞ്ജനാക്ഷരങ്ങളാണു്.

മേൽ പറഞ്ഞ വിഭജനവും വ്യാഖ്യാനവും ശബ്ദങ്ങളുടെ യഥാൎത്ഥഭാവം ഗ്രഹിക്കുന്നതിനു് ശബ്ദശാസ്ത്രജിജ്ഞാസുക്കൾക്ക് മാൎഗ്ഗദൎശകമായിത്തീരുമെന്നുള്ളതാണു്.

അവസാനമായി ഡാക്ടർ ഗോദവൎമ്മ തമ്പുരാൻ അവർകളുടെ ഒരു ചെറിയ മറുപടി പ്രസംഗവും കുഞ്ഞൻ രാജാ അവർകളുടെ ഉപസംഹാരപ്രസംഗവുമാണു് നടന്നതു്. തദ്ഭവശബ്ദങ്ങളെപ്പററിയും മററും ഉപസംഹാരപ്രസംഗത്തിൽ അദ്ധ്യക്ഷൻ വിവരിച്ചിരുന്നു. കോഴിക്കോട്ട് കുക്കടക്രോഡം ആകുന്ന സ്ഥിതിക്ക് തമിഴ് ദ്രമിഡമായി മാറിക്കൂടയോ എന്നും അദ്ദേഹം സംശയിക്കയുണ്ടായി. ഏതാദൃശങ്ങളായ ഉദ്യമങ്ങൾക്കും സമാരംഭങ്ങൾക്കും തികച്ചും കെല്പുള്ള അനവധി പണ്ഡിതന്മാർ ഇവിടെ ഉണ്ടെന്നുള്ളതു് വളരെ ചാരിതാൎത്ഥ്യജനകമായിരിക്കുന്നു എന്നും, ഗവമ്മെൻറിൽ നിന്നും ഭാഷാഭിമാനികളായ ബഹുജനങ്ങളിൽ നിന്നും ഉത്തരോത്തരമായ പ്രോത്സാഹനം ഈ പണ്ഡിതന്മാൎക്കും ഇത്തരം സ്ഥാപനങ്ങൾക്കും ഉണ്ടായിക്കാണാൻ താൻ മനഃപൂൎവ്വം ആഗ്രഹിക്കുന്നു എന്നും, രാജശ്രീ ഏ. ഗോപാലമേനോനവർകളുടെ അദ്ധ്യക്ഷതയിലും പണ്ഡിതാഗ്രണിയായ വി. കൃഷ്ണൻതമ്പിയവർകളുടെ മേൽനോട്ടത്തിലും നടക്കുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്ക് അതിവിശിഷ്ടമായ ഒരു ഭാവി ഉണ്ടാകുമെന്ന് സംശയം കൂടാതെ മുൻകൂട്ടിപ്പറയാൻ സാധിക്കുന്നതാണെന്നും പറഞ്ഞുകൊണ്ടും അദ്ദേഹം ഉപസംഹരിച്ചു.

കാലത്തു് എട്ടുമണിക്കു തുടങ്ങിയ യോഗനടപടികൾ രാജശ്രീ എൻ. കുഞ്ഞുരാമൻപിള്ള അവർകളുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി ഉച്ചക്ക് ഒരു മണിക്ക് മംഗളമായി പൎയ്യവസാനിച്ചു.

ബി. പത്മനാഭപിള്ള ബി. ഏ.
സെക്രട്ടറി, സഹൃദയ സമാജം.

# യുവകവി പങ്ക്തി.

## മധുവിലാസം

പന്തളം കെ. പി. രാമൻപിള്ള. ബി. എ.

നിറയട്ടെ വീണ്ടുമിപ്പൊൻതളിക
നിറമററ മുന്തിരിച്ചാറിനാലേ:
അതിനുള്ള കൊച്ചു കുമിളകളാ-
ണറിവിൻെറയോമൽ നിറകുടങ്ങൾ!
അതിലൊരുനാൾ തീൎത്ഥമാട്ടുമെങ്കിൽ
കവികൾക്കും പൌരുഷം വന്നുപോകും.

കരയുവാൻമാത്രം പഠിച്ചോരെൻെറ
മുരളിയെടുത്തു വലിച്ചെറിയൂ
പകരമതീവനിശിതമാകും
കരവാളൊരെണ്ണം തിരഞ്ഞെടുക്കൂ:
അകലെത്തതെന്തൊരുപോർവിളി-?-
[ഞാ-
നതിനിന്നൊരുത്തരമേകിടേണ്ടേ--?
അറുകൊലക്കൂട്ടർ ചതിവിലെത്തി,
ഉലകത്തിനാകവേ തീകൊളുത്തി!

ഇനിയെന്തുതാമസമോമലാളേ!
നിറയട്ടെ വീണ്ടുമപ്പൊൻ തളിക.
അതിനുള്ള കൊച്ചുകുമിളയെല്ലാം
വിജയത്തിൻ മുത്തുമണികളത്രേ.

വഴിയമ്പലത്തിലിരുന്നു മേലിൽ
വിലപിക്കുവാനെനിക്കില്ല നേരം
ബധിരസദസ്സിനെ നോക്കിനിന്നു
കവിതചൊല്ലാനും കഴികയില്ല.
മറയത്തെറിയൂമഷികുടിച്ചു
മഠയത്തം പേശുമിത്തൂലികയും
ഒരുകൊച്ചുസ്വപ്നത്തെ വേട്ടയാടി
ക്കഴിയുവാൻ മേലെനിക്കില്ലകാലം.
പ്രണയത്തിൻബാലിശ ലീലകൾക്കു
സമയം കഴിഞ്ഞ—താ ഃകോഴിക്കൂകി!

പറയുക നീയെന്തിനിത്ര വേഗം
മധുകുംഭം വീണ്ടുമടച്ചുവച്ചു—?
വിറപൂണ്ടുനില്ക്കാതെ യൊന്നുകൂടെ-
ച്ചഷകം നിറച്ചുപകൎന്നൊഴിക്കൂ.
ഹഹഹയിക്കോമള ബുൽബുദങ്ങൾ
പറയാത്തവേദാന്തമെന്തുലകിൽ-?

അതിമാത്രം വന്നിങ്ങടുത്തുപോയി
രണകാഹളത്തിന്നിടിമുഴക്കം.
ജയലക്ഷ്മിയേപ്പോലടുത്തുവന്നു
സമയം കളയാതനുഗ്രഹിക്കൂ.
വിരഹാശ്രുവാൎന്നനിൻ പൂങ്കവിളിൻ
മഴവില്ലശക്തമപ്പോൎക്കളത്തിൽ.
ഇതുവരെയൊന്നുമറഞ്ഞിടാതെ
മധുവിധൂമത്തരായ് നാം കഴിഞ്ഞു.
ശതശതം ചുംബന സംഖ്യമൂലം
നിമിഷങ്ങളെണ്ണി നിശീഥിപോക്കി
പുളകപ്പൂതപ്പു പുതച്ചുനമ്മൾ
പുലരിയിൽ നിന്നുമൊളിച്ചിരുന്നു.
പരമാനന്ദത്തിൻെറ സ്വപ്നമെല്ലാം
പരമാൎത്ഥമാണെന്നു നാം വിശ്വസിച്ചു.
പ്രണയത്തിനായിട്ടു മാത്രമാണീ-
നരജന്മമെന്നു നാം തീൎച്ചയാക്കി.
ഇണചേൎന്നരണ്ടു കിനാവുപോലെ
ഒരുമിച്ചുനമ്മൾ കിടന്നുറങ്ങി.
ചെറുതുമറിഞ്ഞില്ല നമ്മളന്നീ
ലതികാലയത്തിൻ പരിസരങ്ങൾ
ഭയദമായുള്ളൊരു പോൎക്കളമായ്
പരിണമിക്കുന്ന പരമസത്യം.
ഒടുവിൽനമ്മേയും വിളിച്ചുണൎത്തി
സമരാങ്കണത്തിൻ പെരുമ്പറകൾ.

നിറയട്ടെവീണ്ടുമപ്പൊൻതളിക
നിറമുററമുന്തിരിച്ചാറുമൂലം.
മടിയെന്തിനോമലേ! നീയുമൊന്നു
രുചിനോക്കിയല്പം സമാശ്വസിക്കൂ.
അഴകിലച്ചുണ്ടുകൾ ചേർത്തണച്ചി-
ച്ചഷകത്തിനൊന്നു പുളകമേകൂ.
അതുമൂലം ബദ്ധപരികരയാ-
മൊരുസത്യഭാമയായ് മാറിടും നീ!

ഇനിയൊട്ടും താമസം വയ്യ വയ്യ
പ്പടയേററം വന്നിങ്ങടുത്തുപോയി.
"വിജയ"മെന്നോതിപ്പറഞ്ഞയയ്ക്കൂ
വിരഹാർത്തിയോടൊത്തിവനെയും നീ.
ഇനിയുള്ള ചുംബനം പിന്നൊരിക്ക-
ലിടകിട്ടുവോളവും മാററിവയ്ക്കൂ.
പ്രകൃതിയും നാം കണ്ട സ്വപ്നമൊന്നും
മുഴുവനാക്കാനിനി നേരമില്ല.
അലറുന്നപീരങ്കി ചുററു പാടും

അഴകുള്ള തൊക്കെത്തകർത്തിടുമ്പോൾ
കറിതയുമായിങ്ങു നിന്നുപോയാൽ
കഥപിന്നെയെന്തെന്നു ചൊല്ലിടേണോ-
അലരണിച്ചില്ലയിൽ മുമ്പൊരിക്ക-
ലൊരുകൊച്ചുപൈങ്കിളി കേണനേരം
അനുതാപകാരണമെൻെറ ചിത്തം
കരുണാർദ്രമായിത്തകർന്നുപോയി.
അതുമട്ടിലുള്ളഞാനെങ്ങനെയീ-
ഭുവനത്തിൻ രോദനം കേട്ടുനില്ക്കും-?
പതറാതെടുത്തുതരികവേഗ-
മിരുകുഴൽത്തോക്കും വെടിമരുന്നും
അതിനുള്ള തീപ്പൊരികൊണ്ടുവേണം
നവയുഗപ്പൊന്നുഷസ്സുത്ഭവിക്കാൻ!

കവിയട്ടെ മുന്തിരിച്ചാറിനാലേ
തെളിവുററൊരോമനപ്പൊൻതളിക
ഇനിനാളെയെന്നോർത്തു മിച്ചമാക്കി
ഒരുതുള്ളി പോലും കരുതിടേണ്ട.

---

*N. B.* യുവകവികൾ അവരുടെ കവിത വൃത്തിയായി നല്ല കടലാസിലെഴുതി അയച്ചാൽ കൊള്ളാം. അവരുടെ 'മഷികുടിച്ചുവീർത്ത' തൂലികയും, മനോമോഹനമായ മുരളിയും മററും അച്ചടിപ്പിശാചുക്കളോടു പടവെട്ടാൻ അസമർത്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലൊ. ഇത്തവണയും പരിശോധകൻെറ നിശിതഖഡ്ഗം പതിച്ചു മുതിയടഞ്ഞുപോയ കവിതകൾ മൂന്നുനാലെണ്ണമുണ്ട്. ആവശ്യമുള്ളവർക്കു തിരികെ കൊടുക്കാം.

—Ed

# തോഴിയോട്

വ്യാകരണഭൂഷണം.
[ എൽ. ഡി. കൃഷ്ണനുണ്ണി സംസ്കൃതകാളേജ് (പാവറട്ടി) ]

I

കരയുവാൻതോഴി, കഴികയില്ലെനി-
യ്ക്കിരുളിതിന്നിയും പെരുകട്ടെ!

കദനത്തിൻ കാഞ്ഞകിരണകന്ദളം
കയറാത്ത പുത്തൻ പുലർകാലം,
നിഴലുകൾ നിന്നുനിവരെപ്പൂണുന്ന
നിരുപമാനന്ദ മധുകാലം.
തിരികെ,യെൻതോഴി, വരുമോവീണ്ടും,
ക്കുരിരുൾ നിറഞ്ഞൊരാ നിമിഷങ്ങൾ.
പരിഭവപ്പാഴ്ത്തീപുകയും കാനനം,
പരമസൂയതൻ മലർ വാടം.
പെരുകും സ്വാതന്ത്ര്യത്തിൻവിളനിലം-
[പ്രേമം
പരിചരിക്കാത്ത പഴയനാൾ!!
നവമലർ നിര നിറയുമീ നിത്യ
സുരഭിലാരാമ സുഖഭൂവിൽ,
ഇരുളടഞ്ഞതാമൊരു നിഴൽപ്പാട്ടിൽ
വിരിയുവാനന്നും മലർപോലെ-
മരുവു മന്നാളിലറികയില്ലെന്നെ
വരി വണ്ടു,മൊരുകരതാരും.

II

ഇളതന്നാനീലത്തനുവിലുംനീളെ
പ്പുളക പ്പൂമൊട്ടു വിരിയിയ്ക്കും
തരുണവാസന്ത വിപുലയാമിനി-
യണയവെ, വെൺപട്ടണിയുമായ്;
തിരളുമാനന്ദമകരന്ദ ബിന്ദു
നിറയെ,ത്തൂമണം വരികയായ്!

ക്ഷണികജീവിതം രമണീയമാക്കും
പ്രണയ ഗാന മന്നിശതോറും
സരളമാമേതോ മുരളിയിൽ നിന്നെൻ-
കരളിൽ വന്നലച്ചുലയേററി!!

എവിടെപ്പോയ്, തോഴി;യെവിടെ
[പ്പോയിന്നാ-
ക്കവനകോമള കളകണ്ഠം!

പ്രതിദിനം പുതു പുതുതായ്തോന്നിടു
മുപഹാരമോരോന്നരുളുവാൻ
കമനി തൻ കരൾക്കിളിയെക്കേവലം
കനകക്കൂട്ടിനാൽ ക്കബളിപ്പാൻ
കഴിവെഴാത്തൊരാക്കപടകാമുകൻ
കളവല്ലെൻതോഴി! കമനീയൻ
മധുരഗാനത്താൽ-മൃദുലരാഗത്താൽ
മതിമയക്കുമാപ്രണയത്താൽ
വിധുര ചിത്തനായ്, വികലഗാത്രനാ
[യ്,
വിലപിക്കും, പാടി വിഷമിക്കും!!

ഹൃദയത്തിൽ,മിടിപ്പുയരും താരുണ്യ-
പ്രണയത്തിന്നാദ്യലഹരിയിൽ
അരുതാതെയൊന്നുംപുരുഷനി,ല്ലപ്പോ-
ളവനൊരാദർശ മണിദീപം!!

III

നിതരാം നീണ്ടുള്ള പകലിൽചൂടിനു-
നിഴൽവീശി, നാശമണയുകിൽ,
മധുര സുന്ദര മധുമാസരാവിൻ
മണിമച്ചിലന്തിയണയുകിൽ,
അണിവാർ കുന്തലിലരിയമുല്ലപ്പൂ
വണിയുവാനവൾ തുനിയുകിൽ,
ഉദിതകൌതുകമുയരുമമ്പിളി
യുലകിലാനന്ദം പൊഴിയുകിൽ,

അണയുമെൻ ചാരെ മുരളിയുമതിൻ
പ്രണയ സംഗീത കലവിയും!!

അനുപദം രാഗമകരന്ദമൂറു
മനവധി ഗാന കവനങ്ങൾ
അനുദിനം രചിച്ചണയുമദ്ദേഹ
മരികി,ലെൻ മന മറിയുവാൻ!
അബലഞാൻ, തോഴി! യവനോ-
[രാഗത്തി-
നഴകോലും നീലക്കയിലത്രെ!

അധികമുൾഭയമാണബലതൻ മന
സ്സ്വവശതയൊന്നുണ്ടതിനേവം
എവിടെയാദർശപട്ടവാദ-മാപ-
ത്തെവിടെയന്ധമാം പ്രസരിപ്പും!
അവിശങ്കമെങ്ങും തിരിയാതെനേരി-
ട്ടവിടെച്ചെന്നേതാൻ വിലയിയ്ക്കു!!

അധികമെന്തിനാ,ണരുളീടാമുള്ള-
തഖിലം; ഞാനന്നാളറിയാതെ,
പ്രണയഗാനത്തിൻ ലളിത സംഗീത-
ലഹരിയിൽ പാടെ വിലയിച്ചു!
ഇതളിതളായെൻ ഹൃദയ കുഡ്മളം
പരിമളം വീശി വികസിച്ചു.

IV

അകല്യ മാരാവിൻ മരണരോദന
വികലമാം മണിനിനദം പോൽ
ഉയരെ നിന്നേതോ ദയനീയ ഗാന
മൊരുവാനമ്പാടിപൊഴിയവേ;
വിരിയുമാമ്പലിൻ നവമാം വൈധവ്യം
വകവയ്ക്കാതക്കണ്ണെയരവെ;
മദകരമേതോ മധുര സ്വപ്നത്തിൻ
*അറിവേതുമേകാതകലെപ്പോയ്
[മാഞ്ഞി-
തമലപ്രേമത്തിൻ നവതാരം!

പ്രണയ ശീതളകിരണമേറേററു
പുളകിതമാമീത്തൃണഭുവിൽ
"എവിടേയ്ക്കെ"ന്നെന്നോടരുളുവാ-
[നില്ലൊ-
രടിപോലും താഴെത്തെളിവതായ്!!

ഒരു മിന്നൽ മുമ്പുമതിനുപിമ്പും-ക്രൂ
രിരുൾ അഞ്ചിപ്പോയെൻമിഴിയിണ;
സകലവും മിന്നിയുടനെമങ്ങിപ്പോയ്
ഉലകിടം വീണ്ടു മിരുളിലായ്!!

മധുരമാസ്മര സ്മരണ വിട്ടിനി-
വിധുരലോകത്തിൻനടുവിലായ്
അപരാധമേതു മറിയാതുള്ളഞാ
നപവാദം പേറിയുഴലേണം;
അഴകിൽതുള്ളിപോയ് സമുദായ-
[ത്തിൽ മു-
മ്പഴലിൻകോലമായ്ക്കഴിയേണം!!
നിരുപിക്കാൻ പോലുമരുതെനി-
[യ്ക്കെൻറ
പരിസരം അയ്യോ! പരിശ്ശൂന്യം!

കരളിനിപ്പൊട്ടിത്തകരട്ടെ, തോഴി,
യിരുളിതിന്നിയും പെരുകട്ടെ;
നിഴലുകൾകെട്ടിപ്പിണയു, മെങ്കിലും
അഴലറികയില്ലിരുളായാൽ!!

*ഒരുവരി വിട്ടുപോയതു് 'പാവർട്ടി' കൊണ്ടായിരിക്കുമൊ?.—Ed

# വേണാട്ടടയ ശ്രീവല്ലഭൻകോതയെ സംബന്ധിച്ച മാമ്പള്ളിപ്പട്ടയം.

(കൊല്ലവർഷം ൧൪൯)

വിദ്യാഭൂഷണൻ വി. വെങ്കിട്ടരാമശർമ്മ

പട്ടയസ്വഭാവം.

മാമ്പള്ളിപ്പട്ടയം തിരുവിതാംകോട്ട സംസ്ഥാനത്തിൽ നിന്നു ലഭിച്ചിട്ടുള്ള പഴയ വേണാട്ടുശാസനങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണ്. ശാസനം ഒരേ ചെമ്പുതകിടിൽ രണ്ടുവശങ്ങളിലുമായി എഴുതിയിരിക്കുന്നു. ഒന്നാം വശത്തിൽ വളയമിടാനുള്ള ദ്വാരത്തിൻെറ പിൻവശത്തു കുറകെ 'മാമ്പള്ളി' എന്നു ആധുനിക മലയാളലിപിയിൽ എഴുതിക്കാണുന്നു. അതു ചെമ്പുപട്ടയം മാമ്പള്ളിമഠസ്വാമികമാണെന്നുള്ളതിനെ തെളിയിക്കുന്നു. പട്ടയത്തിൽ ഒന്നാംവശത്തിൽ പതിന്നാലും രണ്ടാംവശത്തിൽ പന്ത്രണ്ടും ഇങ്ങിനെ ആകെ ഇരുപത്താറുവരികൾ അടങ്ങിയിരിക്കുന്നു. ഇതു കൊല്ലവർഷത്തിൽ തീയതിയുള്ള ഏററവും പഴയ ആധാരമാകുന്നു. പട്ടയത്തിൽ വട്ടെഴുത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഭാഷ തമിഴ് തന്നെ. വട്ടെഴുത്തിൻെറ ഇടയ്ക്കു 'സ്വസ്തിശ്രീ' (വ. ൧) 'ശ്രീ' (വ. ൭,൧൯) 'രക്ഷി,രക്ഷാ' (വ.൧൨) എന്നീവാക്കുകൾ ഗ്രന്ഥലിപികളിൽ (നാനമ്മോനം) കാണുന്നു. ഈ ആധാരത്തിൽ വട്ടെഴുത്തോട്ട ഗ്രന്ഥലിപികൾ ഇടകലന്നിരിക്കുന്നതു ആധാരത്തിൻെറ കാലനിർണ്ണയവിഷയത്തിൽ സംശയജനകമല്ല. ആധാരത്തിൽ ഇടയ്ക്കിടയ്ക്കു അക്കാലത്തു പശ്ചിമസമുദ്രതീരപ്രദേശത്തുണ്ടായിരുന്ന ജനങ്ങളുടെ ഇടയിൽ സാധാരണയായിരുന്ന നാടോടിവാക്കുകൾ കാണുന്നു. മററുചില ശാസനങ്ങളിലെന്നപോലെ വളച്ചുകെട്ടില്ലാതെ ആധാരപ്രമാണശൈലിയിൽ ഉദ്ദിഷ്ടപ്രമേയം ലാക്കാക്കി സ്പഷ്ടമായ ഭാഷയിൽ ഋജുവായ പ്രസ്ഥാനത്തിൽ ഇതു എഴുതപ്പെട്ടിരിക്കുന്നു. കൂടാതെ അവിടവിടെ ശ്രദ്ധാവഹങ്ങളായ ചില പ്രാചീനസാങ്കേതിക ശബ്ദങ്ങളും ഈ പട്ടയത്തിൽ ഉണ്ട്. എന്നാൽ ഈ ശബ്ദങ്ങളെല്ലാം ഇപ്പോൾ പ്രചാരലുപ്തങ്ങളായിത്തീർന്നിരിക്കുന്നതുകൊണ്ടു ആധാരത്തിൻെറ ഉദ്ദിഷ്ടവും താത്ത്വികമായ സ്വഭാവവും കണ്ടുപിടിക്കുന്നതു കൃഛ്രസാദ്ധ്യമായിത്തീന്നിരിക്കുന്നു. ഇങ്ങിനെ പലവിധത്തിലും ഈ ആധാരം പ്രാധാന്യം അർഹിക്കുന്നു.

കാലം.

കാലനിർണ്ണയവിഷയത്തിൽ വിശേഷിച്ച ക്ലേശിക്കാനില്ല. വ്യക്തമായി ആധാരത്തിൽ തന്നെ കാലം പറഞ്ഞിട്ടുണ്ടു. അതായതു കൊല്ലവർഷം തുടങ്ങി ൧൪൯-ാമാണ്ടു തുലാത്തിൽ വ്യാഴൻ സ്ഥിതിചെയ്യുമ്പോൾ വൃശ്ചികമാസം അശ്വതിനക്ഷത്രവും ഞായറാഴ്ചയുംകൂടിയ ദിവസമാണ്. ഈ രാശിനക്ഷത്രാദിയോഗങ്ങൾ പരിശോധിച്ചതിൻെറ ഫലമായി ഈ ആധാരത്തിൻെറ കാലം ക്രിസ്തുവർഷം ൯൭൩ നവംബർമാസം ഒമ്പതാം തീയതി ഞായറാഴ്ചയാണെന്നു ഡാക്ടർ കീൽഹാരൻ സയുക്തികം നിരൂപണം ചെയ്തിരിക്കുന്നു.

പ്രതിപാദ്യം.

തിരുക്കലയപുരത്തു ആദിച്ചൻ ഉമയമ്മ എന്ന സ്ത്രീ അയിരൂർ ക്ഷേത്രവും ക്ഷേത്രം വക ഭൂസ്വത്തുകളും 'തിരുച്ചെംകുൻറൂർ' ക്ഷേത്രത്തിൻെറ കീഴീടായി ഏല്പിച്ച വിവരം സാക്ഷ്യപ്പെടുത്തുകയാണ ഈ ചെമ്പുപട്ടയംചെയ്യുന്നതു്.

ഈ ശാസനത്തെ മൂന്നു ഭാഗമായി പിരിയ്ക്കാം. അതിൽ ഒന്നാംഭാഗം ഒന്നുമുതൽ പതിനൊന്നുവരെയും, രണ്ടാംഭാഗം പതിനൊന്നുമുതൽ പതിനേഴവരെയും, മൂന്നാംഭാഗം ശേഷമുള്ളവയും വരികളാകുന്നു.

ഒന്നാംഭാഗം—

കൊല്ലത്തിൽ 'പനൈങ്കാവു' കൊട്ടാരത്തിലുള്ള 'കൊട്ടിൽ' എന്ന ഉയന്ന സ്ഥലത്തിൽ 'തിരുച്ചെംകുൻറൂർ' പരിഷമഹാജനങ്ങളേയും വേണാട്ടിലെ രാജാവായ ശ്രീവല്ലഭൻകോതയേയും വിളിച്ചുകൂട്ടി അവരെല്ലാം സന്നിഹിതരായിരിക്കുമ്പോൾ തിരുക്കലയപുരത്തു ആദിച്ചൻഉമയമ്മ അയിരൂർ ദേവസ്വത്തെ ഉദകപൂർവ്വം തിരുച്ചെംകുൻറൂർ 'ക്ഷേത്രപ്പൊതുവാളി'നെ കീഴീടായി ഏല്പിച്ചു. ആദിച്ചൻ ഉമയമ്മയാകുന്നു 'അയിരൂർ ഭട്ടാരകരെ' പ്രതിഷ്ഠിച്ചതു. ആയതുകൊണ്ടു ശ്രീവല്ലഭൻ കോത അയിരൂർ ദേവസ്വം ഉമയമ്മയ്ക്കു വിട്ടുകൊടുത്തു. ആധാരാരംഭത്തിൽ പറഞ്ഞുകാണുന്നകാലം കീഴീടായി ഏല്പിച്ചതിനെ സംബന്ധിച്ചതാകുന്നു. ഉമയമ്മ അമ്പലം പണിയിച്ചു ദേവനെ പ്രതിഷ്ഠിച്ചതിനേയും ശ്രീവല്ലഭൻകോത ആദ്യമായി അയിരൂർദേവസ്വം ഉമയമ്മയ്ക്കു വിട്ടുകൊടുത്തതിനേയും സംബന്ധിച്ചതല്ല. എന്തുകൊണ്ടെന്നാൽ ഈ മൂന്നു കാര്യങ്ങളും ഒരു ദിവസത്തിൽ സാധിക്കാൻ എളുപ്പമല്ല. ഇങ്ങിനെ ഒന്നാംഭാഗത്തിൽ നിന്നു മനസിലാക്കാവുന്ന സംഗതികൾ—

(1) ശാസനത്തിൻെറ മുഖ്യോദ്ദേശമായി തിരുക്കലയപുരത്തു ആദിച്ചൻ ഉമയമ്മ അയിരൂർ ദേവസ്വം തിരുച്ചെംകുൻറൂർ ദേവസ്വത്തിൻെറ കീഴീടായി വിട്ടുകൊടുത്തതും,

(2) വിട്ടുകൊടുത്തതു, കൊല്ലവർഷം തുടങ്ങി 149-ാമാണ്ടു മകരത്തിൽ വ്യാഴനും വൃശ്ചിക ഞായറും അശ്വതിനക്ഷത്രവും കൂടിയദിവസത്തിലും, തിരുച്ചെംകുൻറൂർ മഹാജനങ്ങളും രാജാവായ ശ്രീവല്ലഭൻ കോതയും പനൈങ്കാവുകൊട്ടാരത്തിൽ ഉയന്ന കൊട്ടിലിൽ കൂടിയിരിക്കുമ്പോൾ എല്ലാവരും അറിഞ്ഞും, ആണ എന്നുള്ളതും,

(3) അയിരൂർ ക്ഷേത്രം പണിയിച്ചതും ദേവനെ പ്രതിഷ്ഠിച്ചതും ഉമയമ്മയാകുന്നു, ആയതുകൊണ്ടു കീഴീടായി വിട്ടുകൊടുക്കപ്പെട്ട ക്ഷേത്രവും ഭൂസ്വത്തുക്കളും ശ്രീവല്ലഭൻകോത ഉമയമ്മയ്ക്കു കൊടുത്തവയാകുന്നു എന്നുള്ളതും, ആകുന്നു.

രണ്ടാം ഭാഗം—

തിരുച്ചെംകുൻറൂ ക്ഷേത്രത്തിൽ മേലന്വേഷണക്കാരനായ 'പൊതുവാൾ' അയിരൂർ ദേവസ്വം കൈയേററു ഭൂസ്വത്തുകൾ രക്ഷിച്ചുകൊള്ളുകയും, ആദായം അല്ലെങ്കിൽ 'രക്ഷാഭോഗം' ശരിയായി പിരിച്ചെടുത്തു ഒന്നാംഭാഗത്തിൽ പറഞ്ഞിരിക്കുന്ന അയിരൂർ ക്ഷേത്രച്ചിലവുകൾ നടത്തുകയും വേണം. മേലാൽ 'ഊരാളരും ഇടയീടരും' ഈ ഭൂസ്വത്തുക്കളിൽ പ്ര

വേശിച്ചു യാതൊരു ആദായവും പിരിച്ചുകൂടാത്തതാകുന്നു. ഇതിനു വിപരീതമായി നടക്കുന്നവരും നടക്കാൻ പ്രേരിപ്പിക്കുന്നവരും ൨൦൦ കഴഞ്ചു സ്വർണ്ണം 'ചിറവർ' അമ്പലത്തിനു പിഴയായി നല്കണം

ഇങ്ങിനെ രണ്ടാം ഭാഗത്തിൽ പൊതുവാളിനു അയിരൂർ ദേവസ്വം വസ്തുക്കളിന്മേലുള്ള അവകാശവും, ഇതിനു മുമ്പ് ഈ വസ്തുക്കൾ കൈവശം വച്ചു ആദായം പിരിച്ചിരുന്നവർക്കു മേലാൽ വസ്തുക്കളിൽ ബാദ്ധ്യതയില്ലായ്മയും, ഇതിനു വിപരീതമായി ബാദ്ധ്യത ഭാവിക്കുന്നവർക്കുള്ള പിഴയും, പ്രതിപാദിച്ചിരിക്കുന്നു.

ഇവിടെ 'ഊരാളർ' 'ഇടയീടർ' എന്നീ പദങ്ങൾ വിവരണം ആവശ്യപ്പെടുന്നു. ഊരാളരും ഇടയീടരും മേലാൽ ആയിരൂർ ദേവൻെറ സ്വത്തുക്കളിൽ പ്രവേശിച്ചു ആദായം എടുത്തുകൂടാ എന്നാണല്ലോ പറഞ്ഞുകാണുന്നതു. ഇതിൽനിന്നു ഇതിനു മുമ്പ് ഇവർ ആദായം എടുത്തുകൊണ്ടിരുന്നതായി നിശ്ചയിക്കാം. അയിരൂർ ദേവസ്വം ആദ്യം ശ്രീവല്ലഭൻകോതയുടെതായും പിന്നെ ഉമയമ്മയുടെതായും പിന്നെ പൊതുവാളുടെ ഭരണത്തിൻകീഴിലായും ഭവിച്ചു. ഊരാളർ എന്ന പദം രാജാവിനുവേണ്ടി ഗ്രാമങ്ങളിൽ കോയ്മവഹിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ വാചകമാണ്. സ്വത്തു രാജാവിൻെറതായിരിക്കുമ്പോൾ രാജാവിനു വേണ്ടി മേല്പടി ഉദ്യോഗസ്ഥന്മാർ വസ്തുക്കളിൽ ആദായം പിരിച്ചെടുത്തുവന്നു എന്നർത്ഥം. ഇടയീടർ എന്ന പദം ആദിച്ചൻ ഉമയമ്മയ്ക്കുവേണ്ടി കാര്യാന്വേഷണം ചെയ്യുന്നവരുടെ വാചകം. ദേവസ്വം ഉമയമ്മയുടെ കൈവശമായപ്പോൾ അവരുടെ ആളുകൾ വസ്തുക്കളിൽ ആദായം പിരിച്ചെടുത്തുവന്നു എന്നു താല്പര്യം. ഇപ്പോൾ വസ്തുക്കളെല്ലാം പൊതുവാളിനെ ഏല്പിച്ചിരിക്കുന്നതുകൊണ്ടു അവർക്കൊന്നും മേലാൽ വസ്തുക്കളിൽ പ്രവേശമില്ല, എന്നത്രേ സാരം.

മൂന്നാംഭാഗം—

ഇതു ശാസനത്തിൻെറ ഉപസംഹാരഭാഗമാണ്. ഇതിൽ മുൻ പ്രസ്താവിച്ച കാര്യങ്ങൾ ചുരുക്കിയും സാക്ഷ്യം വഹിക്കുന്നവരുടെ പേരുവിവരവും പറഞ്ഞിരിക്കുന്നു.

ശ്രീവല്ലഭൻകോത. M.961

ശാസനത്തിൽ സ്മരിച്ചിരിക്കുന്ന വ്യക്തികളിൽ പ്രാധാന്യം അർഹിക്കുന്നതു ശ്രീവല്ലഭൻകോതയും തിരുക്കലയപുരത്തു ആദിച്ചൻ ഉമയമ്മയും ആണ്. ശ്രീവല്ലഭൻകോത വേണാട്ടിലെ രാജാവാണ്. അദ്ദേഹത്തിൻെറ കൊട്ടാരം കൊല്ലത്തായിരുന്നു. തെക്കു കൊല്ലംമുതൽ വടക്കു മൂഴിക്കുളംവരെ അദ്ദേഹത്തിൻെറ സാമ്രാജ്യം വിസ്തൃതമായിരുന്നു. ശ്രീവല്ലഭൻകോത എന്ന സംജ്ഞയിൽനിന്നു 'കോത' എന്നുള്ളതു് രാജാവിൻെറ സ്വന്തപ്പേരും 'ശ്രീവല്ലഭ' എന്നുള്ളതു് കുഡുംബാംഗങ്ങൾ എല്ലാവർക്കും പരമ്പരയാ ഉള്ള പൊതുപ്പേരും ആയിരിയ്ക്കാം. ഈ വേണാട്ടു രാജാവിൻെറ കാലത്തുണ്ടായിരുന്ന പാണ്ഡ്യരാജാക്കന്മാർക്കു 'ശ്രീവല്ലഭ' എന്ന സംജ്ഞ ഉണ്ടായിരുന്നില്ല. ക്രൈസ്തവവർഷം ൯൭൦-നും ൯൯൨-നും ഇടയ്ക്കു സിലോൺ ആക്രമണം നടത്തിയവനായി മഹാവംശത്തിൽ സ്മരിക്കപ്പെടുന്ന ചോളരാജാവായ വല്ലഭദേവനു വേണാട്ടിലെ രാജാവായ ശ്രീവല്ലഭൻകോതയോടു ബന്ധം

ഉണ്ടായിരിക്കാൻ ഒരുവിധത്തിലും ന്യായം കാണുന്നില്ല. ചേരരാജാക്കന്മാരുടെ ചരിത്രം വളരെക്കുറവായിട്ടു മാത്രമേ ലഭിച്ചിരിക്കുന്നു. ആയതുകൊണ്ടു ശ്രീവല്ലഭൻ കോത ഏതു രാജവംശ്യൻ എന്നോ ഏതു രാജാവിന്റെ അനന്തരനായി വേണാട്ടിലെ രാജാവായി എന്നോ അറിയാൻ വഴിയില്ല. 'വല്ലഭ' അല്ലെങ്കിൽ 'ശ്രീവല്ലഭ' എന്ന പദം പാണ്ഡ്യ-ചേര-ചോളന്മാർ എന്നപോലെ മററു രാജവംശ്യരും അർഹിക്കുന്ന പേരുതന്നെ. ശ്രീവല്ലഭൻകോത ഏതു വംശത്തിൽപെട്ട രാജാവാണെന്നു നിരൂപിക്കാൻ ശാസനങ്ങളിൽ യാതൊരു സൂചനകളും ഇല്ല. ശ്രീവല്ലഭൻകോത എന്നപോലെ ഇരട്ടപ്പേരുവഹിക്കുന്ന ശാസനങ്ങൾ വളരെയുണ്ടു്. ആ പേരുകളിലെല്ലാം ആദ്യഭാഗം കുഡുംബത്തിൽ എല്ലാവക്കും ഉള്ള പൊതുപ്പേരല്ല. ആയതുകൊണ്ടു 'ശ്രീവല്ലഭൻ കോത' എന്നതും 'ഭാസ്കരരവി' 'സ്ഥാണുരവി' 'വിക്രമാദിത്യവരഗുണൻ' എന്നീ നാമങ്ങൾപോലെ തനിപ്പേരായിവരാൻപാടില്ലെന്നില്ല. സ്ഥാണുവും വിക്രമാദിത്യനും ചക്രവത്തിയായി ഇതേവരെ അറിയപ്പെടാത്തതുകൊണ്ടു രവി എന്നും വരഗുണൻ എന്നും പേരുള്ളവർ അവരുടെ ആജ്ഞാകരന്മാരായ സാമന്തന്മാരായിരിയ്ക്കാം എന്നൂഹിക്കുന്നതും ശരിയല്ല. അതുപോലെ കോത ശ്രീവല്ലഭചക്രവത്തിയുടെ വിധേയനായ സാമന്തരാജാവാണെന്നു പ്രതിപാദിക്കുന്നതും സമഞ്ജസമായി തോന്നുന്നില്ല. ഒരു കാര്യം നിശ്ചയം. അതായതു ശ്രീവല്ലഭപദം തിരുവല്ലാ ശ്രീവല്ലഭപ്പെരുമാളുടെ വാചകം. അദ്ദേഹത്തിന്റെ ദാസനായ കോത എന്നാണു് വാക്കിന്റെ അത്ഥം. വേണാട്ടു രാജാവിന്റെ ഭരണത്തിൻകീഴ് തിരുവല്ലാതാലൂക്കും ഉൾപ്പെട്ടിരുന്നു എന്നതിനു സംശയമില്ല. ശ്രീവല്ലഭൻകോതയുടെ വകയായി രണ്ടു ശിലാലേഖനങ്ങൾ തിരുവൺവണ്ടൂർ വിഷ്ണുക്ഷേത്രത്തിൽ കാണപ്പെടുന്നതും തന്റെ കോയ്മയിലിരുന്ന അയിരൂർ ദേവസ്വം അദ്ദേഹം ആദിച്ചൻ ഉമയമ്മയ്ക്കു വിട്ടുകൊടുത്തതും ഇതിനു പര്യാപ്തങ്ങളായ ലക്ഷ്യങ്ങളാണു്.

തിരുക്കലെയപുരത്തു ആദിച്ചൻ ഉമയമ്മ—

ഈ സ്ത്രീ ആദിച്ചന്റെ പുത്രി ആയിരിക്കാമെന്നും ആദിച്ചൻ ചോളരാജാവായ ആദിത്യൻ രണ്ടാമനാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം അത്രത്തോളം യോജിച്ചതാണെന്നു പറയാൻ നിവൃത്തിയില്ല. പെൺവഴി ദായഭാഗക്രമമുള്ള കേരളത്തിൽ അതും പഴയ കാലത്തിൽ ഇരട്ടപ്പേർ ധരിയ്ക്കുക അമ്മാവന്റെ പേർ ആദ്യം ഘടിപ്പിച്ചാണു് പതിവു, കേശവൻ അയ്യപ്പൻ തുടങ്ങിയുള്ള ഇരട്ടപ്പേരുകളിൽ അയ്യപ്പൻ എന്നുള്ളതു സ്വന്തപ്പേരും കേശവൻ എന്നുള്ളതു അമ്മാവന്റെ പേരുമായിട്ടാണു് സാധാരണ കണ്ടിട്ടുള്ളതു്. ഇപ്പോൾ നായന്മാർ പരദേശബ്രാഹ്മണരെപ്പോലെ മക്കവഴി പുലത്തിവരുന്നതിനാൽ മുൻപറഞ്ഞ പേരുവയ്ക്കുന്ന സമ്പ്രദായം ഉലഞ്ഞുതുടങ്ങീട്ടുണ്ടു്. സ്ത്രീകൾക്കു ഇപ്പോൾ ഇരട്ടപ്പേർ അമ്മയുടേയും മകളുടേയും പേരുകൾ ചേന്നാണു കണ്ടുവരിക. മുമ്പു് അമ്മാവന്റെയും അനന്തരവളുടെയും പേരുകൾ ചേത്താണു് ഇരട്ടപ്പേർ സ്ത്രീകൾ ധരിച്ചുകൊണ്ടിരുന്നതു. ഉമയമ്മയുടെ അമ്മാവനാണു് ആദിച്ചൻ. അച്ഛനല്ല. തിരുക്കലെയപുരത്തു ആദി

ച്ചൻ ഒരു പൗരപ്രമാണി എന്നല്ലാതെ രാജവംശ്യനല്ല. തിരുക്കലയപുരത്തു എന്ന പദം ആദിച്ചപദത്തിൽ അനപായിക്കുന്നു. ആദിച്ചന്റെ അനന്തരവളായ ഉമയമ്മ ഒരുപക്ഷേ രാജപരിഗ്രഹീതയായിരുന്നിരിയ്ക്കാം. മദ്ധ്യതിരുവിതാങ്കോടിൽ 'ആദിച്ചമങ്ഗലം' എന്ന ദേശം ഈ ആദിച്ചനെ സംബന്ധിച്ചതുകൊണ്ടായിരിക്കാം അങ്ങനെ പ്രസിദ്ധമായിത്തീന്നതു.

പദാൎത്ഥവിവരണം.

(ഫ) ഊരാളൻ. ഈ പദം തമിഴ്ശാസനങ്ങളിൽ ധാരാളമായി ഉപയോഗിച്ചുകാണുന്നില്ലെങ്കിലും 'ഗ്രാമഭരണത്തിലുള്ള പ്രതിഫലം' എന്ന അൎത്ഥത്തിലുള്ള 'ഊരാട്ചി' എന്ന പദം ഉപയോഗിച്ചുകാണുന്നു. അങ്ങിനെയുള്ള പ്രതിഫലം സ്വീകരിക്കുന്നവൻ എന്നൎത്ഥം. ഊരാളൻ ഒരു ഉദ്യോഗസ്ഥനായിരുന്നിരിക്കണം. തെക്കേ കന്നടദേശത്തു ചിലഭാഗങ്ങളിൽ 'വാടക പിരിയ്ക്കുന്നവൻ' എന്ന അൎത്ഥത്തിൽ ഈ പദം ഇന്നും ഉപയോഗിച്ചുവരുന്നതായി കാണുന്നു.

(വ) ഇടയിട്ട, ഇടയീടർ, കീഴീട്ട. ഇടയിട്ട എന്ന പദത്തിന്റെ അവയവങ്ങൾ ഇട(മദ്ധ്യം)യും ഈട്ടം (നിക്ഷേപിക്കപ്പെട്ടതു) ആകുന്നു. ഒരു സ്വത്തിനെ ക്രമമായി രണ്ടിലധികം പേൎക്ക അവകാശപ്പെടുത്തിയാൽ ആദ്യത്തെ ആളിനെ സംബന്ധിച്ചിടത്തോളം ആ വസ്തു മുതലീട്ടുള്ളതും, രണ്ടാമത്തെ ആളിനെ സംബന്ധിച്ചിടത്തോളം ഇടയിട്ടുള്ളതും ഒടുവിലത്തെ ആളിനെ സംബന്ധിച്ചിടത്തോളം കീഴീട്ടുള്ളതും ആയിത്തീരുന്നു. ഈ പട്ടയത്തിൽ അയിരൂർ ദേവന്റെ സ്വത്തു ഉമയമ്മയുടെ അധീനതയിൽ ആയിരുന്നപ്പോൾ ഇടയീട്ടുള്ളതായിരുന്നു. അതു ചെങ്ങന്നൂർ ക്ഷേത്രപ്പൊതുവാളിനെ ഏല്പിച്ചപ്പോൾ കീഴീട്ടവസ്തുവായും തീൎന്നു. ഈ പദങ്ങളിൽ നിന്നുണ്ടാകുന്ന വ്യക്തിപരങ്ങളായ നാമപദങ്ങൾ 'ഇടയീടർ' എന്നും 'കീഴീടർ' എന്നും ആകുന്നു. പട്ടയത്തിൽ ഈ പദങ്ങൾ ശരിയായ അൎത്ഥത്തിൽത്തന്നെ ഉപയോഗിച്ചിരിക്കുന്നു. കീഴീട്ട എന്നസംജ്ഞ തിരുവിതാങ്കോട്ടിൽ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും ഉപയോഗത്തിലുള്ളതാണ്. 'കീഴീട്ട ദേവസ്വം' എന്നാൽ ഒരു വലിയ ദേവസ്വത്തിന്റെ അധികാരികളാൽ അതിന്റെ കീഴായി ഭരിക്കപ്പെടുന്ന ദേവസ്വം എന്നാണല്ലോ അൎത്ഥം. ആയതുകൊണ്ടു് ഇടയീടർ (ഉമയമ്മ അല്ലെങ്കിൽ അവരുടെ പ്രതിനിധികൾ) കീഴീടർ (ചെങ്ങന്നൂർ ക്ഷേത്രപ്പൊതുവാൾ), എന്നീ പദങ്ങൾ ഒരു പാട്ടക്കാരനേയോ വാടകക്കാരനേയോ കുറിയ്ക്കുന്നവയല്ല. എന്തുകൊണ്ടെന്നാൽ ഇവർ രണ്ടിനക്കാരും (ഇടയീടരും കീഴീടരും) രണ്ടു ഭിന്നകാലങ്ങളിൽ സ്വത്തു കൈവശമുള്ളവരായിരുന്നവരാണ്. ക്രുടാതെ വാടകക്കാരെയും മററും കുറിയ്ക്കുന്നതിനു ശാസനങ്ങളിൽ സാധാരണ ഉപയോഗിക്കുന്ന വാക്കു 'കുടി' എന്നാകുന്നു.

(ബ) അതികാരം ചെയ്. ഇതൊരു പഴയ വാക്കല്ല. ഇപ്പൊഴും 'അധികാരം നടപ്പുവരുത്തുക' എന്ന അൎത്ഥത്തിൽ ഉപയോഗത്തിലുള്ളതുതന്നെ.

(ഭ) മുക്കാൽവട്ടം. ഈ പദം അധികമായി പ്രയോഗിച്ചുകാണുന്നതു പശ്ചിമതീരത്തുള്ള ശാസനങ്ങളിലാണ്. ക്ഷേത്ര

ങ്ങളിൽ ദേവനെ കുറിയ്ക്കാതെ ദേവൻെറ പ്രതിഷ്ഠാസ്ഥാനമായ ഗർഭഗൃഹത്തെ ആണു ഈ പദം അത്ഥപ്പെട്ടുത്തുന്നതു. കേരളത്തിലെ അധികം അമ്പലങ്ങളിലും ഗർഗൃഹം വത്തുളാകൃതിയിലാണല്ലോ കാണപ്പെടുക. ഗർഭഗൃഹത്തിനു സമ്മുഖമായ പ്രവേശനദ്വാരത്തിൽ ദ്വാരപാലകന്മാക്കും സോപാനത്തിനും കാൽവട്ടഭാഗം നീക്കിവച്ചാൽ വത്തുളമായി കാണുന്ന ശേഷം ഗർഭഗൃഹഭാഗം മുക്കാൽവട്ടമാണല്ലോ.

(ഭ) നടൈ. അമ്പലം എന്ന അത്ഥത്തിൽ കേരളത്തിൽ മാത്രം പ്രസിദ്ധിയുള്ള ഒരു വാക്കാണു ഇതു്. ഇപ്പൊഴും ഈ വാക്കു ഇതേ അത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ടു്. കൊല്ലത്തുള്ള ഒരു അമ്പലത്തിൻെറ പേർ 'ഗണപതിനട' എന്നാണല്ലോ.

(ന്റ) പൊതുവാൾ. കേരളീയങ്ങളായ പഴയ ശാസനങ്ങളിൽ ഈ വാക്കു സാധാരണ ഉപയോഗമുള്ളതാണു്. ഈ വാക്കു മേലന്വേഷണമുള്ള ഒരു ഉദ്യോഗത്തെ സൂചിപ്പിക്കുന്നു. 'പൊതു' എന്ന ശബ്ദം 'മദ്ധ്യസ്ഥം' എന്ന അത്ഥമുള്ളതാണു്. 'വാൾ' എന്നതിൻെറ വ്യുത്പത്ത്യത്ഥം സ്ഥാനം എന്നാകുന്നു. പൊതുവാളന്മാർ അകപ്പൊതുവാൾ എന്നും പുറപ്പൊതുവാൾ എന്നും ഊർപ്പൊതുവാൾ എന്നും പല വിധത്തിൽ കാണുന്നു. ദേവസ്വത്തോടു സംബന്ധിച്ച പൊതുവാളന്മാർ അമ്പലവാസികളായിരിക്കാമെന്നു ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഏതായാലും പൊതുവാൾ എന്നതിനു അമ്പലത്തിൽ പൊതുവായി മേലന്വേഷണമുള്ള ആൾ എന്നത്രേ അത്ഥം.

(റ) രക്ഷാഭോഗം. പാട്ടക്കാരനു രക്ഷയ്ക്കുള്ള പങ്കവകാശം അല്ലെങ്കിൽ സ്വത്തുടമസ്ഥനുള്ള ആദായാവകാശം എന്നത്ഥം. ഇവിടെ വസ്തുവിൽ നിന്നു ലഭിക്കുന്ന ആദായം എന്നത്ഥം.

(വ്വ) കൊട്ടിൽ. പശുവിനെ കെട്ടിനിത്തുന്ന ഗോഷ്ഠം അല്ലെങ്കിൽ ഗോശാല. ചിലപ്പോൾ ഈ വാക്കു ശസ്ത്രം അഭ്യസിക്കുന്ന കളരി എന്ന അത്ഥത്തിലും ഉപയോഗിച്ചു കാണുന്നു. കളരി എന്ന അത്ഥത്തിൽ തന്നെ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു. "പനൈങ്കാവിൻ കോയിലുളയരിയ കൊട്ടിലുൾ" എന്ന വാക്യഭാഗത്തിനു പനൈങ്കാവുഎന്നുള്ളതു കൊട്ടാരത്തിൻെറ പേരല്ല; ഒരു കോയിലിൻെറ (അമ്പലത്തിൻെറ) പേരാണു്, ആ അമ്പലത്തിൽ പൊക്കമുള്ള കൊട്ടിലിൽ, എന്നു അത്ഥം കല്പിക്കുകയാണെങ്കിൽ കൊട്ടിൽ ശബ്ദത്തിനു ആയംപാടി അല്ലെങ്കിൽ ഗോശാല എന്ന അത്ഥവും യോജിക്കുന്നുണ്ടു്. ഇതനുസരിച്ചു കൊട്ടിൽ ശബ്ദം പനൈങ്കാവു അമ്പലത്തിലുള്ള ക്ഷേത്രവാചകമാണെന്നു സിദ്ധിക്കുന്നു.

(ൻ) പാട്ടതാങ്ങുമവൻ. ഒരാളുടെ വശം പിടിച്ചു നിൽക്കുന്ന മറെറാരുവൻ എന്നത്ഥം. ഇതേ അത്ഥത്തിൽ 'പാട്ടതാങ്ങിപ്പറയുമവൻ' എന്നൊരു വാക്കു മറെറാരു പഴയശാസനത്തിൽ കാണുന്നു.

ശാസനം

ഒന്നാം വശം—

(൧) സ്വസ്തി ശ്രീ [ ‖ ⊠] കൊല്ലന്തോൻറി നൂററു നാർപ്പത്തൊമ്പതാമാണ്ടു തുലാ-

(൨) ത്തൂം വിയാഴ [നമ്മ] നിൻറ മി
രിച്ചിക ഞായിററു ഞായിരാണ്ടു
(൩) അച്ചുവതി ഇന്നാളാൽ കൊല്ല
ത്തു പനൈങ്കാവിൻ കോയിലുള്ളയ-
(൪) രിയ കൊട്ടിലുഠ തിരുച്ചെംകുൻ
റൂർ പരുടൈപ്പെരുമക്കളം കൂട്ടം-
(൫) കൂടി ഇരുന്തരുളിയെടത്തു വൈ
ച്ചു തിരുക്കലയ പുരത്താതിച്ചന
മൈയമ്മൈ
(൬) അയ്യുററിർ പിരതിട്ടൈ ചെയ്ത
പട്ടാരകരൈയും പട്ടാരകർക്കൊ
ള്ള പൂമിയും ആതി-
(൭) ച്ചനമൈയമ്മൈക്കു നിരോടട്ടി
ക്കൊട്ടത്താൻ വേണാട്ടുടൈയ ശ്രീ
വല്ലപകോതൈ [॥⊠] ആതിച്-
(൮) ചനമൈയമ്മൈ താനട്ടിർ പെ
റുകൊണ്ടതു തിരുച്ചെംകുൻറൂർ പ
ട്ടാരക-
(൯) ക്കു കിഴിടായ്ച്ചിററൂർ നടൈ
യോടുകൂട നാനാഴിച്ചെയ്തരി തിരു
വമുതി-
(൧൦) നക്കും ഒമ്പതിനാഴിപ്പറയാൽ ഇ
രുന്തുറുപറൈച്ചെയ്തനെൽ ആണ്ടു-
(൧൧) വരൈ കൊട്ടപ്പിതാകപ്പൊതു
വാളം കൈയിൽ നിരൊടട്ടിക്കൊ
ട്ടത്താം [॥⊠] അയ്യുററർ മൂ-
(൧൨.) ക്കാൽവട്ടമും പട്ടാരക [ർ⊠] ക്കൊ
ള്ള ഇടൈയിട്ടും രക്ഷിച്ചുകൊട്ടു
രക്ഷാപോകങ്ങ്-
(൧൩) കൊള്ളക്കടവിയർ പൊതുവാളം
മാർ [॥⊠] ഇപ്പരിശു ചെയ്ത കിഴി
ട്ടിൽ ഊരാളരാക ഇ-
(൧൪) ടൈയിടരാക പുക്കു വിലക്കവും
പൊരുളം കവരവും പെറാർ [॥⊠]
ഇതനൈ പിന്നൊൻറു

രണ്ടാം വശം—

(൧൫) ചെയ്യുമവൻ വെവ്വേററുവകൈച്ചി
ററൂർ നടൈത്താണ്ടം ഇരുന്തുററുക്ക
ഴൈഞ്ചു-
(൧൬) പൊൻ ദണ്ഡപ്പടക്കടവിയൻ
[॥⊠] അവൻകു പാടുതാങ്കുമവനും
ഇപ്പരി-
(൧൭) ചെ ദണ്ഡപ്പടുവിതു [॥⊠] ഇപ്പരി
ചു മേർ ചൊല്ലപ്പെട്ടഅയ്യുററർ മൂ
ക്കാ-
(൧൮) ൽ വട്ടമും പട്ടാരകക്കൊള്ള ഇ
ടൈയിട്ടുഞ് ശ്രീ വല്ലപകോതൈ
യുടൈ
(൧൯) ആദിച്ചനമൈയമ്മൈ അട്ടിപ്പെറു
കൊണ്ടതുശ്രീവല്ലപകോതൈയുട-
(൨൦) നിരുക്കത്തിരു ച്ചെംകുൻറൂർപ്പട്ടാര
കക്കു കിഴിടാക അട്ടിയെ-
(൨൧) ടത്തറിയുഞ് ചാതുക്കളം [॥⊠] മുരു
ങ്ങൈയൂർ ത്തെവം പവിത്തിരൻ
നാനുമറി-
(൨൨) വൻ [॥⊠] ഇടൈയാമണത്തു ച
ങ്ങരങ്കണ്ടൻ നാനുമറിവൻ [॥⊠]
മണൽമൂക്കിൻ
(൨൩) കണ്ടൻ താമോദരൻ നാനുമറിവൻ
[॥⊠] വേണാട്ടി[ൻ]കു അതികാ
രഞ്ചെയ്തി
(൨൪) ൻറ പുനലൂർ ഇരവി പരന്തവൻ
നാനുമറിവൻ നാനുമറിവൻ [॥⊠]
കുടകൊട്ടൂർപ്പരൻ-
(൨൫) തവങ്കണ്ടൻ നാനുമറിവൻ [॥⊠]
ഇവൈ തിരുച്ചെംകുൻറൂർപ്പൊതു
വാ-
(൨൬) ളം ചാത്തഞ് ചടൈയനെഴത്തു
[॥⊠]

പരിഭാഷ.

സ്വസ്തി ശ്രീഃ ॥

കൊല്ലവർഷം നൂററിനാല്പത്തൊമ്പതാമാണ്ടു തുലാത്തിൽ വ്യാഴൻ നില്ക്കുമ്പോൾ വൃശ്ചിക ഞായർ ഞായറോടു കൂടിയ അശ്വതി ഇന്നാളിൽ കൊല്ലത്തു പനൈങ്കാവു കോയിലിൽ പൊക്കമുള്ള കൊട്ടിലിൽ ശ്രീചെങ്ങന്നൂർ ഗ്രാമപ്പരിഷ മഹാജനങ്ങൾ കൂടിയിരുന്നരുളിയ സ്ഥലത്തിൽവെച്ചു തിരുക്കലയപുരത്തു ആദിച്ചൻ ഉമയമ്മ അയിരൂർ പ്രതിഷ്ഠിച്ച ദേവരെയും ദേവക്കുള്ള ഭൂമിയെയും ആദിച്ചൻ ഉമയമ്മയ്ക്കു ഉദകപൂർവ്വം തീരായിക്കൊടുത്തു വേണാട്ടടയ ശ്രീവല്ലഭൻ കോത.

ആദിച്ചൻ ഉമയമ്മ താൻ തീരായി ലഭിച്ചതിനെ ശ്രീചെങ്ങന്നൂർ ദേവക്കു കീഴീടായി ചിററൂർ അമ്പലത്തോടുകൂടി നാലു നാഴി നല്ലഅരി നിവേദ്യത്തിനു ഒമ്പതു നാഴിപ്പറകൊണ്ടുള്ള ൨൦൦പറ നല്ലനെല്ലു ആണ്ടോടു കൊടുക്കത്തക്കവിധത്തിൽ ഉദകപൂർവ്വം പൊതുവാളിൻെറ കയ്യിൽ അട്ടിപ്പേരായി കൊടുത്തു.

അയിരൂർ അമ്പലവും ദേവക്കുള്ള ഇടയീട്ടം രക്ഷിച്ചുകൊടുത്തു രക്ഷാഭോഗവും പററിക്കൊള്ളണം പൊതുവാളന്മാർ. ഇങ്ങിനെ മാററം ചെയ്ത കീഴീടിൽ ഊരാളരൊ ഇടയീടരോ പ്രവേശിക്കയോ മററുള്ളവരുടെ പ്രവേശം നിരോധിക്കുകയോ അത്ഥം ഹരിക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

ഇതിനെ (കീഴീടുചെയ്ത വസ്തുവിനെ) മററു വിധത്തിൽ ഉപയോഗിക്കുന്ന ഓരോരുത്തനും പ്രത്യേകം പ്രത്യേകം ചിററൂർ നടയിൽ ൨൦൦ കഴഞ്ചു സ്വർണ്ണം വയ്ക്കണം. അവനെ താങ്ങി നില്ക്കുന്നവനും ഇതേ രീതിയിൽ പിഴ നൽകണം.

ഇങ്ങിനെ മുൻപറഞ്ഞ അയിരൂർ ക്ഷേത്രവും ദേവക്കുള്ള ഇടയീട്ടം ശ്രീവല്ലഭൻ കോതയുടെ (തായിരുന്നതിനെ) ആദിച്ചൻ ഉമയമ്മ അട്ടിപ്പേരായി ലഭിച്ചു്, ശ്രീവല്ലഭൻകോതകൂടി ഇരിക്കുമ്പോൾ ശ്രീചെങ്ങന്നൂർ ദേവക്കു അട്ടിപ്പേരാക്കിയതിനെ അറിയുന്ന സാധുക്കൾ—ഇടയാമണത്തു ചങ്ങരൻ കണ്ടനായ ഞാനുമറിയും. മണൽമൂക്കിലെ കണ്ടൻ ദാമോദരനായ ഞാനുമറിയും. വേണാട്ടിൽ അധികാരം നടത്തുന്ന പുനലൂരിലെ ഇരവി പരന്തവനായ ഞാനുമറിയും. കുടകോട്ടൂരിലെ പരന്തവൻ കണ്ടനായ ഞാനുമറിയും. ഇതെല്ലാം ശ്രീചെങ്ങന്നൂർ പൊതുവാളായ ചാത്തൻചടയൻെറ എഴുത്തു.

പാഠഭേദം.

'പനൈങ്കാവിൻ' എന്നുള്ളതിനെ 'പൂങ്കാവിൽ' (വ.൩) എന്നും, 'കൊടുത്താൾ' എന്നുള്ളതിനെ 'കുടുത്താൾ' (വ. ൧൧) എന്നും, 'ചെയ്യരി', 'ചെയ്യനെൽ' എന്നുള്ളതിനെ 'ചേവദരി', 'ചേവതുനെൽ' (വ. ൯, ൧൦) എന്നും (ഈ പട്ടയത്തിലുള്ള വട്ടെഴുത്തിൽ യ, വ, ഈ രണ്ടക്ഷരവും ഭിന്നമായിക്കാണുന്നതിനാൽ യ തന്നെ വേണം), 'ഇതനൈപിനൊൻറു', എന്നുള്ളതിനെ 'ഇതിന്നാലിൽ ഒൻറു, എന്നും, 'ഇഡൈനൈയിൽ ഒൻറു' (വ. ൧൪) എന്നും ('ഇതന്നാലിൽ ഒൻറു' എന്നുള്ളതിനു നാലിൽ ഒന്നായി കുറയ്ക്കുന്നവൻ എന്നത്ഥം), 'ഇഡൈനൈയിൽ ഒൻറു' എന്നുള്ളതിനു ഈ ധമ്മകാര്യത്തിൻ ലോപം വരുത്താൻ ശ്രമിക്കുന്നവൻ എന്നത്ഥം) പാഠഭേദത്തോടുകൂടി

ചിലർ പഠിക്കുന്നു. 'പിൻ ഒൻറു' എന്നുള്ളതിനു തുല്യമായി 'മാറെറാൻറു'എന്നു ഭാസ്കരരവിവർമ്മൻെറ ശാസനത്തിൽ ഉപയോഗിച്ചിരിക്കുന്നു. 'പിനൊൻറു ചെയ്യുമവർ' എന്നതിനു 'ഇതിനെ അന്യഥാ ഉപയോഗിക്കുന്നവൻ' എന്നത്ഥം.

ലിപിഭേദം.

'വൈത്തു' എന്നതിനു 'വൈച്ച' (വ.൭) എന്നും, 'രക്ഷിത്തു' എന്നതിനു 'രക്ഷിച്ച' (വ. ൧൨) എന്നും, 'കൊട്ടപ്പതു' എന്നതിനു 'കൊട്ടപ്പിതു' (വ. ൧൧) എന്നും, 'കടവൻ' എന്നതിനു 'കടവിയൻ' (വ. ൧൩) എന്നും, 'പട്ടവതു' എന്നതിനു 'പട്ടവിതു' (വ. ൧൪) എന്നും, 'ഭട്ടാരകക്കുള്ള' എന്നതിനു 'ഭട്ടാരകക്കൊള്ള' (വ. ൯,൧൨,൧൮) എന്നും, 'ശ്രീവല്ലഭൻ കോതയുടയ' എന്നതിനു അന്ത്യാകാരം ലോപിപ്പിച്ച 'ശ്രീവല്ലഭൻ കോതൈയുടൈ' (വ. ൧൮) എന്നും, എഴുതിക്കാണുന്നു. ഇരുന്തരുളിയെടത്തു' (വ. ൭), 'അടിയെട്ടത്തു' (വ. ൨൦), എന്നീ സ്ഥലങ്ങളിൽ അകാര പ്രത്യയം യകാരത്തിനു മുമ്പു് ലുപ്തമായും, 'ഇടം' എന്നതിനു പകരമായി 'എടം' എന്നും ഉപയോഗിച്ചിരിക്കുന്നു.

അവൻകു (വ. ൧൩), വേണാടിൻകു (വ. ൨൨), ഇതുരണ്ടും 'അവനുക്കു'. 'വേണാടിക്കു' എന്നിവയ്ക്കു പകരമുള്ള രൂപങ്ങളാകുന്നു.

അനുബന്ധം.

വേണാട്ടടയ ശ്രീവല്ലഭകോതയുടെ വകയായി രണ്ടു ശിലാലിഖിതങ്ങൾ തിരുവൺവണ്ടൂർ വിഷ്ണുക്ഷേത്രത്തിൽനിന്നു കണ്ടെഴുതപ്പെട്ടിരിക്കുന്നു. തിരുവൺവണ്ടൂർ വിഷ്ണുക്ഷേത്രം ശ്രീവൈഷ്ണവന്മാരുടെ 'പാടൽപെററ' ദിവ്യക്ഷേത്രങ്ങളിൽ ഒന്നാണ്. തിരുവൺവണ്ടൂർ പ്രദേശം കൊയ്ത്തുകഴിഞ്ഞിരിക്കുന്ന ഗ്രീഷ്മകാലത്തുപോലും സുഖമായി സഞ്ചരിച്ചു പ്രാപിക്കാൻ എളുപ്പമുള്ളതല്ല. മററു കാലങ്ങളിലെ കഥ എന്തായിരിക്കുമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. റോഡോ ശരിയായ സഞ്ചാരമാർഗ്ഗമോ ഇല്ലാത്തതുകൊണ്ടു് തിരുവൺവണ്ടൂർ ചെല്ലുന്ന ഒരാൾക്കു പാടങ്ങളുടെ വരമ്പുകളിൽ കൂടി യാത്ര ചെയ്യേണ്ടതായിരിക്കുന്നു. രണ്ടു ശാസനങ്ങളും വിഷ്ണുക്ഷേത്രത്തിൽ ചുററുമണ്ഡപത്തിൻെറ അധിഷ്ഠാനത്തിലാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. തുറസ്സായ സ്ഥലത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു സൂര്യഭഗവാൻെറ ഖരകിരണങ്ങൾ ഏററു അവ രണ്ടും ഇപ്പോൾ ജീർണ്ണപ്രായമായ നിലയെ എത്തിക്കഴിഞ്ഞിരിക്കുന്നു. രണ്ടു ശാസനങ്ങളിലും കാലസൂചനകൾ ഇല്ല.

ഒന്നാം ശാസനം

ഇതിൻെറ ലിപി വട്ടെഴുത്തും ഭാഷ തമിഴും ആകുന്നു. അക്ഷര വടിവു മാമ്പള്ളിപ്പട്ടയത്തോടു സംവദിക്കുന്നു. വേണാട്ടിലെ രാജാവായ ശ്രീവല്ലഭൻകോത തിരുവൺവണ്ടൂർ ഭട്ടാരകക്കു (ദേവനു) ഭൂസ്വത്തു വിട്ടുകൊട്ടത്തതും വിട്ടുകൊട്ടത്തിരിക്കുന്ന ഭൂമിയിൽനിന്നു കിട്ടുന്ന 'കല' ക്കണക്കിലുള്ള ധാന്യരൂപമായ ആദായത്തിൽ നിന്നു താഴെ വിവരിക്കുന്ന ചില വ്യയങ്ങൾ നടത്തിക്കൊള്ളണമെന്നും പറഞ്ഞിരിക്കുന്നു.

(൧) രണ്ടുനാഴിഅരി (അതെന്തിനാണെന്നു പറയുന്ന ശാസനഭാഗം ശിഥിലമായതുകൊണ്ടു് അക്ഷരവ്യക്തിയില്ല.)

(൨) മൂന്നുനേരവും ശ്രീ ബലിയ്ക്കായി മുന്നാഴിഅരി; (ഇതുകഴിഞ്ഞുള്ള ഭാഗവും ശിഥിലം.) 'പാട്ടമാളർ' (പാട്ടക്കാർ) ഈ വകയ്ക്കുള്ള നെല്ലു അപ്പൊഴപ്പോൾ ഏല്പിച്ചു കൊള്ളണം.

ഊരാളന്മാരും മററും ഈ ചിലവുകൾ നടക്കാതെ നിരോധിച്ചു കൂടെന്നും അങ്ങിനെ നിരോധിച്ചാൽ അവർ പതിനഞ്ചു കഴഞ്ചും അഞ്ചുകാണവും സ്വർണ്ണം ദേവനാ, ൨൫ കഴഞ്ചും അഞ്ചുകാണവും സ്വർണ്ണം അപ്പോൾ നാട്ടവാഴുന്ന രാജാവിനും പിഴയായി നൾകണമെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ വരവുചിലവുകൾ ശരിയായി നടക്കുന്നതിനു മേൽനോട്ടം വഹിക്കേണ്ടതു 'നൻറുഴൈ നാട്ടവാഴമവർ മന്റൂറവർ' ആകുന്നു. അഞ്ചു ദിവസംവരെ ഈ പടിത്തരം നടക്കാതെ മുട്ടിക്കുന്നവൻ മുട്ടിച്ച ദിവസങ്ങളിൽ ചിലവുള്ളതിൻെറ ഇരട്ടി പിഴയായി നൾകണം. പത്തുദിവസംവരെ മുട്ടിച്ചാൽ അറുപതു കഴഞ്ചുസ്വർണ്ണം പിഴ ഭവിക്കും. ഈ ധമ്മകാര്യത്തിനു വൈപരീത്യം വരുത്തുന്നവൻ ആരായാലും 'മൂഴിക്കളക്കച്ചം' അനുഭവിക്കും.

രണ്ടാംശാസനം.

ഈ ശാസനവും അതേക്ഷേത്രത്തിൽ ചുററുമണ്ഡപത്തിൻെറ അധിഷ്ഠാനത്തിലുള്ളതാണ്. ഇതിൻെറയും ലിപിവട്ടെഴുത്തും ഭാഷ തമിഴും ആണ്. ഈ ലിഖിതം ആദ്യത്തേതിനെക്കാൾ വളരെ ജീർണ്ണപ്പെട്ടിരിക്കുന്നു. ഇതിൽ വിഷ്ണു ക്ഷേത്രത്തിൻെറ അംഗമായ തിരുവായം പാടി (തിരുവാചകം പാടി?) ക്ഷേത്രത്തിനു ഒന്നാം ശാസനത്തിൽ പ്രതിപാദിച്ചതുപോലെ ഭൂമിവിട്ടുകൊടുത്തു ചില പതിവുകൾ ഏർപ്പെടുത്തിയിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. ഇപ്പോൾ ഈ തിരുവായമ്പാടിക്ഷേത്രം വിഷ്ണുക്ഷേത്രത്തിൻെറ വടക്കുകിഴക്കു ഭാഗത്തിൽ ജീർണ്ണിച്ചു നശിച്ച രൂപത്തിൽ മാത്രം കാണുന്നു. സ്ഥലത്തിൽ കാണുന്ന ടങ്കിതങ്ങളായ പഴയ ശിലകൾ കൊണ്ടുമാത്രം തിരുവായമ്പാടി ക്ഷേത്രത്തിൻെറ പൂർവ്വരൂപം ഊഹ്യമായിരിക്കുന്നു.

വേണാട്ടിലെ രാജാവായ ശ്രീവല്ലഭൻ കോത ഏതാനും ഭൂസ്വത്തു തിരുവായമ്പാടി ക്ഷേത്രത്തിനു വിട്ടുകൊടുത്തിരിക്കുന്നു. ആ സ്വത്തിൽ നിന്നു കിട്ടുന്ന 'കല' ക്കണക്കിലുള്ള ധാന്യരൂപമായ ആദായം അമ്പലത്തിലെ ആവശ്യത്തിനായി ചിലവുചെയ്യേണ്ടതാകുന്നു. ആരുടെ എങ്കിലും ശ്രദ്ധക്കുറവുനിമിത്തം ഈ ചിലവിനങ്ങൾ നിറുത്തപ്പെട്ടമെങ്കിൽ അവർ പിഴയ്ക്കു അർഹന്മാരായിത്തീരും. 'നൻറുഴൈനാട്ടു മന്റൂറവരു'ടെ മേൽനോട്ടത്തിൽ വരവു ചിലവുകാര്യങ്ങൾ നടക്കേണ്ടതാകുന്നു. ഇതിൽ വീഴ്ചവരുത്തുന്നവക്കു 'മൂഴിക്കളക്കച്ചം'.

ശാസനങ്ങൾ രണ്ടും കാലസൂചന ഇല്ലാത്തതുകൊണ്ടു ചരിത്രദൃഷ്ട്യാപ്രാധാന്യം കുറഞ്ഞവയാണെങ്കിലും മാമ്പള്ളിപ്പട്ടയത്തിൻെറ നിജതത്തെ താങ്ങിനില്ക്കുന്നു. ഒമ്പതു നാഴി ഒരുപറ എന്നായിരുന്നു അക്കാലത്തെ പറയളവ്.

ഈ നിബന്ധം രചിക്കുന്നതിനു ഒത്താശയായിത്തീന്ന ശ്രീമാൻ ടീ. ഏ. ഗോപീനാഥറാവു, കേ. വി. സുബ്രഹ്മണ്യയ്യർ എന്നീ മാന്യന്മാരുടെ ലേഖനങ്ങളും ശ്രീമാൻ വെങ്കയ്യായുടെ കുറിപ്പുകളും ഇവിടെ സാകൃതജ്ഞം സ്മരണവിഷയങ്ങളാണ്.

# ഭക്തിപാരമ്യം

പി. അനന്തൻപിള്ള എം. ഏ.

"വ്യതികരിതദിഗന്താഃ ശ്വേതമാനൈര്യശോഭിഃ
സുകൃതവിലസിതാനാം സ്ഥാനമൂർജ്ജസ്വലാനാം
അഗണിതമഹിമാനഃ കേതനം മംഗലാനാം
കഥമപി ഭുവനേസ്മിൻ താദൃശാഃ സംഭവന്തി."

യശസ്സുകൊണ്ടു ലോകം വെളുപ്പിക്കുന്നവരും, സകലസൽഗ്ഗുണസമ്പന്നന്മാരും, ഐശ്വയ്യപരിപൂർണ്ണന്മാരും ആയ ആളുകൾ എത്ര ദുർല്ലഭം! വല്ലപ്പൊഴും ഒരു അവതാരമുണ്ടായേക്കാം. നമ്മുടെ നാട്ടിലും ഉണ്ടാകാതിരുന്നിട്ടില്ല. ശ്രീമച്ഛങ്കരാചാര്യർ എന്ന അനുഗൃഹീതനാമം നമ്മുടെ അഭിമാനകേന്ദ്രമായി എന്നും വിലസുന്നു. ഭാരതീയരുടെ ആദ്ധ്യാത്മികസംസ്കാരത്തിൽ അത്യന്തം പ്രശസ്തമായ പ്രേരണ നല്കുന്നതിനു സാധിച്ചിട്ടുള്ള ഈ വന്ദ്യാത്മാവിന്റെ അപദാനങ്ങൾ വർണ്ണിക്കുകയല്ല ഇവിടെ ചെയ്യാനുദ്ദേശിക്കുന്നതു്. അദ്ദേഹത്തിന്റെ ഭക്തിപാരമ്യം അല്പമൊന്നു പരിശോധിച്ചു നോക്കുക മാത്രമാണു്.

ബാല്യവിദ്യാഭ്യാസം കഴിഞ്ഞ ഉടനെ അദ്ദേഹം സർവ്വസംഗപരിത്യാഗിയായിത്തീൎന്ന കഥ നമുക്കു വിശ്വസിക്കാൻ പാടില്ലാത്തവിധത്തിൽ അത്ര അത്ഭുതകരമായിരിക്കുന്നു. തീവണ്ടിയൊ മററു ഗതാഗതസൌകൎയ്യങ്ങളൊ ഇല്ലാതിരുന്നകാലത്തു് ആചാൎയ്യൻ എങ്ങനെയാണു ഭാരതഭൂമി മുഴുവൻ ചുററിസ്സഞ്ചരിച്ചു് പണ്ഡിതസങ്കേതങ്ങൾ സന്ദർശിക്കുകയും, വിദ്വൽക്കേസരികളുമായി തൎക്കത്തിലും മററും മല്ലിടുകയും, ഒടുവിൽ സൎവ്വജ്ഞപീഠം ആരോഹണം ചെയ്കയും ചെയ്തതെന്നു് നമുക്കു ഊഹിക്കാൻ മാത്രമെ സാധിക്കയുള്ളു. തന്റെ അനന്തകോടി സന്താനങ്ങൾക്കു് ഒരു ശാശ്വതനിധിയായിത്തീരത്തക്കവണ്ണം സമ്പാദിച്ചിട്ടുള്ള ജ്ഞാനധനത്തിന്റെ വില അപരിമേയമല്ലയൊ? അദ്ദേഹത്തിന്റെ ശാരീരകഭാഷ്യവും, ഗീതാപ്രകാശനവും, ദ്വാദശോപനിഷത്തുകളുടെ വ്യാഖ്യാനവും എത്രയോ ശതവത്സരങ്ങളായി നമ്മെ പരിശുദ്ധമാനസരാക്കുകയും ഉൽക്കൎഷത്തിലേക്കു നയിക്കുകയും ചെയ്തുവരുന്നു! യാഥാസ്ഥിതികന്മാരിൽ അഗ്രണ്യനെങ്കിലും അദ്ദേഹത്തിന്റെ ആശയവിലാസത്വം ഒന്നു പ്രത്യേകം തന്നെയായിരുന്നു. ഷൺമതസ്ഥാപനം ഇതിനൊരു ദൃഷ്ടാന്തമായി പറയാവുന്നതാണു്. ബ്രാഹ്മണൻ മുതൽ ചണ്ഡാലൻവരെയുള്ള സകല മനുഷ്യവൎഗ്ഗങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം അർഹിച്ചിരുന്നു. ആരോടും ദ്വേഷമുണ്ടായിരുന്നില്ല. മതവിദ്വേഷം അദ്ദേഹത്തെ തീണ്ടുകപോലും ചെയ്തിട്ടില്ല. ആൎക്കും ഈശ്വരവിശ്വാസമുണ്ടാക്കാനുള്ള ശ്രമമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. എവിടെ നോക്കിയാലും സൎവ്വവ്യാപിയായ ഈശ്വരന്റെ ചൈതന്യമല്ലാതെ യാതൊന്നും അദ്ദേഹം കണ്ടതേയില്ല. നിശ്ശബ്ദങ്ങളെങ്കിലും പ്രകൃതിപ്രാഭവപ്രദ്യോതകങ്ങളായ നക്ഷത്രങ്ങളിലും, പ്രശാന്തഗംഭീരമായ സമുദ്രത്തിലും, അത്യുന്നതാ

കാരത്തിൽ ഭയങ്കരമായ പർവ്വതമുഖത്തിലും, ദിവസപരിണാമരമ്യമായ മന്ദമാരുതൻ പ്രചരിപ്പിക്കുന്ന കുസുമപരിമളധോരണിയിലും, മസാരമസൃണങ്ങളായ ശിലാതലങ്ങളിൽക്കൂടി മന്ദമന്ദം പ്രവഹിക്കുന്ന ചെറുപുഴകളുടെ മനോഹര ഘർഘരശബ്ദങ്ങളിലും, വൃക്ഷശാഖകളിലിരുന്നുകൊണ്ടു കിളികൾ പുറപ്പെടുവിക്കുന്ന കളസ്വനങ്ങളിലും, ആചാര്യസ്വാമികൾ മേൽപ്പറഞ്ഞ ചൈതന്യം തന്നെയാണു എപ്പോഴും വീക്ഷിച്ചിട്ടുള്ളത്. ഈ മഹാത്മാവിനെപ്പററി നാം ഓരോ വിവരങ്ങൾ ഗ്രഹിക്കുന്തോറും, അദ്ദേഹത്തോടുള്ള നമ്മുടെ സ്നേഹാദരങ്ങളും വർദ്ധിക്കുന്നതാണ്.

ശങ്കരാചാര്യർ കേവലമൊരു സിദ്ധാന്തവാദിമാത്രമായിരുന്നു എന്ന് ആരും വിചാരിച്ചുപോകരുത്. അദ്വൈതമതഭ്രാന്ത് അദ്ദേഹത്തെ കലശലായി ബാധിച്ചിരുന്നു എന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ലെങ്കിലും, ശിവാനന്ദലഹരിയിൽ അദ്ദേഹം നമുക്കെങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്നു നോക്കുക. ബ്രഹ്മസൂത്രഭാഷ്യത്തിലെ ശാസ്ത്രകാരോചിതമായ ബുദ്ധിശക്തിയല്ല, ഇതിൽ കാണുന്നത്. പിന്നെയോ, ഭാവപ്രകാശകവും, ആർദ്രവികാരസമ്പൂർണ്ണവും ആയ ഒരു മനോഗതിയാണ്. എത്ര ഹൃദയാകർഷകവും, ഭക്തിപരിപൂർണ്ണവും ആയ വാക്കുകളെക്കൊണ്ടാണു 'ലഹരി' നിറഞ്ഞിരിക്കുന്നത്. ആ കൃതി പാരായണം ചെയ്യുമ്പോൾ നാം അറിയാതെതന്നെ നമ്മുടെ മനസ്സ് ഐഹിക വ്യാപാരങ്ങളിൽ നിന്നും വേർവിട്ട് ഉയന്നുപോകുന്നതായിത്തോന്നുന്നു. മനസ്സിൽ തന്നെയാണ് സ്വർഗ്ഗം എന്നു നമുക്കു അനുഭവസിദ്ധമായിത്തീരുന്നു. സകല സന്താപങ്ങളും നശിപ്പിക്കാൻ ശക്തിയുള്ള അതിലെ വാക്കുകൾ തൽപ്രേരകന്റെ മഹത്തായ രൂപം പ്രത്യക്ഷമാക്കിത്തരുന്നതുപോലെ തോന്നുന്നു. ലോകത്തിലെ പരസ്സഹസ്രം വ്യാകുലതകളുടെ മദ്ധ്യത്തിൽ നിന്നുകൊണ്ടു പരിശുദ്ധമായ ശാന്തിയെ നിഷ്പ്രയാസം പ്രാപിയ്ക്കാൻ ഈ മഹാത്മാവിനല്ലാതെ മററാക്കാനും സാധിച്ചിട്ടുണ്ടോ?

"അസാരേ സംസാരേ
നിജഭജനദൂരേ ജഡധിയാ
ഭ്രമന്തം മാമന്ധം
പരമകൃപയാ പാതുമുചിതം
മദന്യഃ കോ ദീനഃ
തവകൃപണ രക്ഷാതിനിപുണഃ
ത്വദന്യഃ കോവാമേ
ത്രിജഗതി ശരണ്യഃ പശുപതേ."

ഇത്ര വളരെ ബുദ്ധിയും, വാസനയും, പാണ്ഡിത്യവും ഉണ്ടായിരുന്ന ഒരു മഹാപുരുഷൻ, അനന്യശരണനെന്നപോലെ ഈശ്വരങ്കൽ സ്വയം സമർപ്പണം ചെയ്യുന്നതു കാണുമ്പോൾ ഏതു നാസ്തികനാണു ലോകത്തിൽ ദൃഢഭക്തനായി തീരാത്തത്?

വലിയ താർക്കികനും വൈയ്യാകരണനും ആയിരുന്നെങ്കിലും, ശങ്കരാചാര്യർക്കു മനുഷ്യോദ്ദേശ്യമെന്തെന്നും, ആയതെങ്ങനെ സഫലമാക്കണമെന്നും എപ്പോഴും ഓർമ്മയുണ്ടായിരുന്നു. പ്രസിദ്ധന്മാരായ താർക്കികന്മാർ അന്നു വേറെയുംപലരുമുണ്ടായിരുന്നു. അവർക്കു വാദം നേടണമെന്നല്ലാതെ മററൊരുദ്ദേശ്യവും ഉണ്ടായിരുന്നില്ല. ആകയാൽ അവർ വേദാന്തവും മററും നല്ലപോലെ ഗ്രഹിച്ചിരുന്നു എങ്കിലും യഥാർത്ഥദൈവഭക്തന്മാരുടെ കൂട്ടത്തിൽ അവരെ കൂട്ടാൻ പാടില്ല. ആചാര്യസ്വാമികളുടെ ഹൃദയമാകട്ടെ ദൈവത്തിൽ ദൃഢീ

കൃതമായിരുന്നു. പാരത്രിക ജീവിതത്തിലേക്കുള്ള ഒരു പ്രവേശമാർഗ്ഗമായിട്ടുമാത്രമേ അദ്ദേഹം മനുഷ്യജന്മത്തെ കരുതിയുള്ളു. ജനിച്ചാൽ മരിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നും, മരണത്തിൽനിന്നും ഒഴിവാൻ എത്രതന്നെ തർക്കത്തിലും വ്യാകരണത്തിലും മിടുക്കനായാലും ഒരാൾക്കു സാധിക്കുകയില്ലെന്നും അദ്ദേഹം പലപ്പോഴും പ്രസംഗിച്ചിട്ടുണ്ടു്.

"ഘടോവാ മൃൽപ്പിണ്ഡോ
 പ്യണുരപിച ധൂമോഗ്നി രചലഃ
പടോവാ തന്തുർവാ
 പരിഹരതി കിം ഘോരശമനം
വൃഥാ കണ്ഠക്ഷോഭം
 വഹസിതരസാ തർക്കവചസാ
പദാംഭോജം ശംഭോ
 ർഭജപരമ സൌഖ്യം വ്രജസുധീഃ"

ഇവിടെ താർക്കികന്മാരുടെ "ഘടപടങ്ങളെ"യും മററും ആക്ഷേപിച്ചിരിക്കുന്നതു നോക്കുക. താർക്കികന്മാരുടെ നേർക്കു് ഇങ്ങനെ ഒരു പരിഹാസശരം പ്രയോഗിച്ചതിനു അക്കാലത്തെ ഭാരതീയ സാഹിത്യചരിത്രം നോക്കീട്ടുള്ളവരാരും ആചാര്യസ്വാമികളെ പഴിക്കുമെന്നു തോന്നുന്നില്ല. പരമാനന്ദം ഈശ്വരധ്യാനത്തിൽ മാത്രമേ ലഭിയ്ക്കുകയുള്ളു എന്നാണല്ലോ ശ്ലോകത്തിൽ ഉപസംഹരിച്ചിരിക്കുന്നതു്. ഈ പരമാനന്ദം ലഭിക്കാൻ ആർക്കും യത്നിക്കാവുന്നതാണു്. യാതൊരു വർഗ്ഗവ്യത്യാസവും നോക്കാനില്ല. എങ്ങനെയെന്നാൽ,

"വടുർവ്വാ ഗേഹീവാ
 യതിരപി ജടീവാ തദിതരോ
നരോവാ യഃ കശ്ചിൽ
 ഭവതു ഭവ കിം തേന ഭവതി
യദീയം ഹൃൽപ്പത്മം
 യദി ഭവദധീനം പശുപതേ
തദീയ സ്ത്വം ശംഭോ
 ഭവസി ഭവ ഭാരം ച വഹസി."

ആരായാലും യഥാർത്ഥമായ ഈശ്വരഭക്തി ഉണ്ടായാലുള്ള ഗുണവും, അതില്ലാഞ്ഞാലുള്ള ദോഷവും ഇതിൽ നിർദ്ദേശിച്ചിട്ടുണ്ടു്. ലോകം പരിത്യജിച്ചു് വിജനമായ വനവാസം അംഗീകരിച്ചു് ഒരു മുനിയായിത്തീർന്നാലും ഈശ്വരനിൽ നിന്നും ഉള്ള അകൽച്ചയ്ക്കു് മുമ്പുണ്ടായിരുന്നതിൽ ഒട്ടും തന്നെ കുറവു വരുന്നതല്ല. മോക്ഷകവാടോൽഘാടനത്തിനു് ഭക്തി ഒന്നു മാത്രമെ ശരണീകരണീയമായിരിക്കുന്നുള്ളു.

"ഗുഹായാം ഗേഹേ വാ
 ബഹിരപിവനേവാऽദ്രിശിഖരേ
ജലേ വാ വഹ്നൌ വാ
 വസതു വസതേഃ കിം വദ ഫലം
സദാ യസ്യൈവാന്തഃ
 കരണ മപി ശംഭോ തവപദേ
സ്ഥിതം ചേദ്യോഗോസൌ
 സച പരമയോഗീ സ ച സുഖീ"

ഗുഹകളിലാകട്ടെ, മന്ദിരങ്ങളിലാകട്ടെ, പർവ്വതോപരിഭാഗങ്ങളിലാകട്ടെ, ജലാന്തർഭാഗത്താകട്ടെ, പഞ്ചാഗ്നിമദ്ധ്യത്തിലാകട്ടെ, എവിടെ വസിച്ചാലെന്താണു്? ഫലമെല്ലാം ഒന്നുപോലെതന്നെ. ഈശ്വരനിൽ ഏകാഗ്രഭക്തിയുള്ളവൻ മാത്രമേ യഥാർത്ഥ യോഗിയാകുന്നുള്ളു. അയാൾ മാത്രമെ പരമാനന്ദം അനുഭവിക്കുന്നുള്ളു.

മോക്ഷസാധകമായ ഈ ഭക്തി എന്താണു്? അതൊരു മനോവികാരമാണെന്നു നാം എല്ലാവരും ധരിച്ചുവച്ചിട്ടുണ്ടു്. അതു സ്വയംഭൂതവും സ്വയംപ്രകാശിതവും ആണു്. പരിശീലനംകൊണ്ടുണ്ടാക്കാവുന്നതല്ലെന്നർത്ഥം. പ്രേമം എന്നു വേണമെങ്കിൽ പറയാം. പക്ഷെ നിഷ്കാമമായിരിക്കണം. യാതൊരു പ്രതിഫലേച്ഛയും പാടില്ല. സർ വാൾട്ടർ സ്കാട്ടു് എന്ന ആംഗ്ലേയപണ്ഡിതൻ എ

ണ്ടുപറയുന്നു. അത്ഥസ്പഷ്ടതയ്ക്ക് ഹാനി തട്ടുമെന്നു ഭയന്നു് തജ്ജമചെയ്യുന്നില്ല. ഇംഗ്ലീഷറിയാവുന്നവർ മനസ്സിലാക്കട്ടെ.

"It is the secret sympathy
The silver link, the silken tie
Which heart to heart and mind to mind
In body and soul can bind."

ആചാൎയ്യസ്വാമികൾ ഭക്തി ഇങ്ങനെ നിൎവ്വചിച്ചിരിക്കുന്നു:—

"അംകോലം നിജ ബീജ സന്തതി
രയസ്കാന്തോപലം സൂചികാ
സാദ്ധ്വീനൈജവിഭും, ലതാക്ഷിതിരുഹം
സിന്ധുഃ സരിദ്വല്ലഭം
പ്രാപ്നോതീഹ യഥാ തഥാ പശുപതേഃ
പാദാരവിന്ദദ്വയം
ചേതോവൃത്തിരുപേത്യതിഷ്ഠതിസദാ
സാ ഭക്തിരിത്യുച്യതേ."

അങ്കോലവൃക്ഷവും അതിൻെറ കുരുവും, കാന്തവും ഇരുമ്പുസൂചിയും, ഭാൎയ്യയും ഭൎത്താവും, വൃക്ഷവും ലതയും, സമുദ്രവും നദിയും തമ്മിലുള്ള ബന്ധം എന്തോ അങ്ങനെയുള്ള ഒരു ബന്ധം ഈശ്വരനും മനുഷ്യനും തമ്മിലുണ്ടാകണം. അതു തന്നെയാണു ഭക്തി.

അനിൎവ്വാച്യമായ ഒരുശക്തിയാണ് ഈ ബന്ധത്തിനു കാരണം. ബാഹ്യകാരണങ്ങൾ എത്രതന്നെ സൂക്ഷിച്ചുനോക്കിയാലും പരമാത്ഥം കണ്ടുപിടിക്കാവുന്നതല്ല. ഭവഭൂതി പറയുന്നതു് എത്ര ഹൃദയംഗമമായിരിക്കുന്നു.

"വ്യതിഷജതി പദാത്ഥാ
നാന്തരഃ കോപിഹേതുർ
നഖലുബഹിരുപാധീൻ
പ്രീതയഃ സംശ്രയന്തേ
വികസതിഹി പതംഗ
സ്യോദയേ പുണ്ഡരീകം
ദ്രവതി ച ഹിമരശ്മാ
വുദ്ഗതേ ചന്ദ്രകാന്തഃ"

സ്നേഹമൂൎത്തിയായ ഈശ്വരനിലുണ്ടാകേണ്ട പ്രേമം തന്നെയാണു ഭക്തി. അതു ലഭിക്കാൻ ആചാൎയ്യസ്വാമികൾക്കുണ്ടായിരുന്ന ആഗ്രഹം അതിരററതായിരുന്നു എന്നു് ഈ ശ്ലോകം കൊണ്ടറിയാം:—

"നരത്വം ദേവത്വം
നഗവനമൃഗത്വം മശകതാ
പശുത്വം കീടത്വം
ഭവതു വിഹഗത്വാദിജനനം
സദാ ത്വൽ പാദാബ്ജ
സ്മരണപരമാനന്ദലഹരീ
വിഹാരാസക്തം ചേദ്
ഹൃദയമിഹ കിം തേന വപുഷാ"

ഞാൻ നരനോ ദേവനോ ആയിത്തീൎന്നു കൊള്ളട്ടെ. മൃഗമായലെന്തു്, പുഴുവായാലെന്തു്? അങ്ങയുടെ സ്നേഹം ഒന്നു മാത്രമേ എനിക്കു വേണ്ടു. അങ്ങയുടെ പാദസ്മരണയിൽ ലീലമാനസനായിത്തീരാനുള്ള അവകാശം ലഭിച്ചാൽ മററു സകലതും ഞാൻ മറക്കുകയായി. പിന്നെ എന്തിനായിട്ടാണ് ഞാൻ ബാഹ്യരൂപങ്ങളിൽ ഭ്രമിക്കുന്നതു്?

# കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ ഒരു അപ്രകാശിതകൃതി.

(ഉള്ളൂർ)

കവിസാൎവ്വഭൌമൻ കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാൻ മലയാളഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള ബൃഹത്തും ബഹുമുഖവുമായ സാഹായ്യത്തെപ്പററി അറിവില്ലാത്ത കേരളീയർ ആരും തന്നെ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. കൊച്ചുണ്ണിത്തമ്പുരാൻ ൧൦൩൩-ാമാണ്ടു മീനമാസം ൨-നു ജനിച്ചു. ൧൧൦൧-ാമാണ്ടു കൎക്കടകമാസം ൨൨-നു തീപ്പെട്ടു. അവിടുത്തെ ജീവിതകാലം മുഴുവൻ കൈരളീദേവിയുടെ കൈകാൎയ്യത്തിനാണു് പ്രധാനമായി സമൎപ്പിക്കപ്പെട്ടിരുന്നതു്. സംസ്കൃതവൃത്തങ്ങളിലും ദ്രാവിഡവൃത്തങ്ങളിലുമായി ആ മഹാകവി രചിച്ചിട്ടുള്ള ഭാഷാസാഹിത്യനിബന്ധങ്ങൾക്കു കണക്കില്ല. സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ കവനം ചെയ്യുന്നതിനു ശക്തനായിരുന്നതിനാലാണു് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ കവിഭാരതത്തിൽ അവിടുത്തെ "ദിവ്യനാം സവ്യസാചി"യായി വൎണ്ണിക്കയുണ്ടായതു്. എങ്കിലും ആ പുണ്യശ്ലോകന്റെ സംസ്കൃതകൃതികളും ഭാഷാകൃതികളും സൂക്ഷ്മദൃഷ്ടിയോടുകൂടി വായിച്ചു് താരതമ്യവിവേചനം ചെയ്തിട്ടുള്ള സഹൃദയന്മാൎക്കു് അവിടുത്തെ സംസ്കൃതകൃതികളാണു് ആസ്വാദ്യതരങ്ങളായിതോന്നുക. കവിപുഷ്പമാലയിൽ വെണ്മണിമഹൻനമ്പൂരിപ്പാടു്

"കേട്ടാൽ ഭങ്ഗിചുരുക്കമെല്ലരസ
മദ്ധ്വാരാളമിത്യാദികൊ-
ണ്ടാട്ടേ നൽപവിഴാഖ്യമല്ലികയ-
താകട്ടേ പകിട്ടെന്നിയേ"

എന്നു് അവിടുത്തെ ഭാഷാകവിതയെപ്പററി പ്രസ്താവിച്ചിട്ടുള്ളതു് അതേപ്രകാരത്തിൽ സമ്മതിച്ചുകൊടുക്കുവാൻ ഭാവുകന്മാർ സന്നദ്ധരാകുകയില്ലെങ്കിലും, ആ പ്രസ്താവനയിൽ വാസ്തവോക്തിയുടെ ഛായാസ്പൎശം തീരെയില്ലെന്നു ശപഥം ചെയ്യുവാൻ ആൎക്കും പ്രയാസമുണ്ടാകുന്നതാണു്. ഇതിൽ നിന്നു ലക്ഷ്മീസ്വയംവരം കിളിപ്പാട്ടു്, സുന്ദരകാണ്ഡംതുള്ളൽ, മധുരമങ്ഗലംനാടകം, പാണ്ഡവോദയം മഹാകാവ്യം, വഞ്ചീശവംശം മഹാകാവ്യം, മലയാംകൊല്ലംകാവ്യം, രാമാശ്വമേധം കിളിപ്പാട്ടു്, ശ്രീമഹാഭാഗവതം ഗാഥ ഇത്യാദി കൃതികൾക്കു ഭാഷാസാഹിത്യത്തിൽ ഉള്ള സ്ഥാനം അത്യന്തം മഹനീയമാണെന്നുള്ള വസ്തുതയെ ഞാൻ അപലപിക്കുന്നു എന്നു് ആരും തെററിദ്ധരിക്കരുതു്. സംസ്കൃതത്തിൽ അവിടുന്നു രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ എണ്ണത്തിൽ ചുരുങ്ങുമെങ്കിലും ഗുണത്തിൽ ഇവ മിക്കവയേയുംകാൾ മേലെയാണെന്നു മാത്രമാകുന്നു എന്റെ പ്രസ്താവനയുടെ സാരം.

കൊച്ചുണ്ണിത്തമ്പുരാന്റെ സംസ്കൃതകൃതികളിൽ അത്യന്തം ഗുണഭൂയിഷ്ഠമായ ഒരു നിബന്ധമാണു് 'ബാണയുദ്ധം' എന്ന

ചമ്പു. അതു് ഇതുവരെ അച്ചടിപ്പിച്ചിട്ടില്ല. ആ മനോഹരമായ കാവ്യാരാമത്തിൽ കൂടി എന്നോടൊന്നിച്ചു സഞ്ചരിച്ചാനന്ദിക്കുവാനാണു് ഞാൻ 'സഹൃദയ'വായിക്കുന്ന സഹൃദയന്മാരെ ഈ അവസരത്തിൽ ക്ഷണിച്ചുകൊള്ളുന്നതു്. പ്രസ്തുതഗ്രന്ഥത്തിന്റെ നിർമ്മിതി ഥന്നൂന്ന-ാമാണ്ടിലായിരുന്നു എന്നുള്ളതിനു് അതിൽ തന്നെ രേഖയുണ്ടു്.

ബാണാസുരൻ തന്റെ കൈത്തരിപ്പു തീർക്കുവാൻ ശത്രുക്കളില്ലാത്തതു നിമിത്തമുള്ള സങ്കടം ശ്രീപരമേശ്വരനെ അറിയിക്കുന്ന ഘട്ടത്തിലുള്ള ശ്ലോകങ്ങളിൽ ചിലതു താഴെ ഉദ്ധരിക്കുന്നു.

"ദൈത്യേന്ദ്രോയം കദാചിൽ പ്രബലതരമദാക്രാന്തധീസ്തം മഹേശം
ദ്വാസ്ഥം നത്വാ സ്വമൂർദ്ധ്നാ മണിമകുടവതാ വ്യാജഹാരൈവമുച്ചൈഃ।
സ്ഫൂർജ്ജൽകണ്ഡൂതിവല്ഗൽകരനികരസമാസ്ഫോടിതൈർഭൂരിഘോഷൈഃ
കുർവ്വാണസ്സംഭ്രമോദ്യദ്വിതതഫണഗണാൻ ദേവഭൂഷാഭുജംഗാൻ ॥

"യേ വാദ്യേന തവ പ്രസാദമതുലം നൃത്തേ പുരാപൂരയം-
സ്തേമീ ശങ്കര! നിസ്തുലാമമ ഭുജാഃ കണ്ഡൂതിവിക്ഷുബ്ധയേ।
ഘ്നന്തസ്ത്വദ്യ പരസ്പരം നിജകുലേ സ്നേഹം വിമുച്യാഖിലം
ജാതാഹന്ത! ജനാപവാദവിഷയാ-യുക്തം കിമേതത്തവ? ॥

വിന്ധ്യേ ഹ്രസ്വതപസ്വിഹസ്തമഥിതേ, ലങ്കേശദോഃ കമ്പിതേ
കൈലാസ, ഗുഹശസ്ത്രപാടിതതനൌ ക്രൌഞ്ചേ ച വാ പർവ്വതേ।
മൽകാന്താകുചകുംഭഭാരവിജിതേ മേരൌ ച മേമീ ഭുജാഃ
കണ്ഡൂലാഅപി നോപതന്തി ഭഗവൻ! വ്രീഡേന; കിം കുർമ്മഹേ? ॥

"ബ്രഹ്മൻ! മദ്ഭുജദണ്ഡമണ്ഡലമഹാകണ്ഡൂതിശാന്തിപ്രദം
വേഗാത്ത്വം സുദൃഢം സൃജാത്ര കിമപീത്യേവം മയാ ശാസിതഃ।
തത്സൃഷ്ടാവപടുർഭയാകുലമതിർല്ലീനോബ്ധിമദ്ധ്യസ്ഥലീ-
സുപ്തശ്രീശഗഭീരനാഭിനളിനീനാളീകനാളേ വിധിഃ." ॥

ഈ ബാണാസുരനാകട്ടെ ഒരിക്കൽ ദ്വാരപാലനായ ശ്രീപരമേശ്വരനെ മദാന്ധനായി പ്രാപിച്ചു നമസ്കരിച്ചു് ഇങ്ങനെ ഉച്ചത്തിൽ പറഞ്ഞു. ആ ദൈത്യരാജന്റെ കരാസ്ഫാലനഘോഷം കേട്ടു സംഭ്രമിച്ചു ഭഗവാന്റെ ആഭരണങ്ങളായ സർപ്പങ്ങൾ അവയുടെ വിസ്തൃതങ്ങളായ ഫണങ്ങൾ ഉയർത്തി: "അല്ലയോ ശങ്കര! നിന്തിരുവടിയുടെ നൃത്തത്തിൽ വാദ്യംകൊട്ടി അവിടുത്തെ പ്രസാദത്തെ പണ്ടു പൂരിപ്പിച്ചിരുന്ന എന്റെ ഈ ആയിരംകൈകൾ ഇപ്പോൾ അവയുടെ ചൊറിച്ചിൽ തീരുവാൻ അന്യോന്യം പ്രഹരിച്ചു് ഒരേ കുലത്തിൽ ജനിച്ച തങ്ങൾക്കു ബന്ധുസ്നേഹമില്ലെന്നുള്ള ലോകാപവാദത്തിനു വിഷയീഭവിച്ചിരിക്കുന്നു. ഈ നിലയിൽ അവയെ എത്തിക്കുന്നതു് അവിടെയ്ക്കു യുക്തമാണോ? വാമനനായ ഒരു ഋഷി മഥിച്ച വിന്ധ്യപർവ്വതത്തിലും ഇരുപതുകൈകൾ മാത്രമുള്ള രാവണൻ ഇളക്കിയ കൈലാസത്തിലും കുമാരൻ ബാണങ്ങൾകൊണ്ടു മെയ്പൊളിച്ച ക്രൌഞ്ചഗിരിയിലും എന്റെ പ്രിയതമയുടെ കുചകുംഭങ്ങൾ തോ

ല്പിച്ച മഹാമേരുവിലും, തരിപ്പു ധാരാളമുണ്ടെങ്കിലും എന്റെ ഈ ബാഹുസഹസ്രം പതിക്കുന്നില്ല; ഞാനെന്തുചെയ്യട്ടെ? ഈ തരിപ്പുതീർക്കത്തക്ക നിലയിൽ സുദൃഢമായ എന്തെങ്കിലും ഒന്നിനെ സൃഷ്ടിക്കൂ എന്നു ബ്രഹ്മാവിനോടു് ഞാൻ ആജ്ഞാപിച്ചു; അത്തരത്തിലുള്ള സൃഷ്ടിക്കു് അസമർത്ഥനായ ആ വിദ്വാൻ പേടിച്ചോടി സമുദ്രമദ്ധ്യത്തിൽ ഉറങ്ങുന്ന ശ്രീനാരായണന്റെ നാഭിയിൽ മുളച്ച താമരയുടെ നാളത്തിൽ ഒളിച്ചു." നോക്കുക. മഹാകവിയുടെ കല്പനാധോരണി.

ഉഷാകല്യാണകഥ സുപ്രസിദ്ധമാകയാൽ അതിവിടെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യമില്ല. മാർദ്ദവമാത്സര്യം കൊണ്ടോ എന്നു തോന്നുമാറു മൃദുലമൃദുലമായ ശയ്യാതലംവിട്ടു പരിതപ്തയായി തറയിൽ കിടന്നു് ഉരുളുന്ന ഉഷയെക്കണ്ടു ചിത്രലേഖ ചോദിക്കുന്നു:

"കസ്മാത്ത്വം ബഹു രോദിഷി പ്രിയസഖി!
പ്രേമ്ണാ ത്വമേവ ഹ്യഹം
സന്താപാദുദഭൂൽ കുതോയമധുനാ
ഭർത്തുർവിയോഗോദയേ।
ലബ്ധസ്തേത്ര പതിഃ കഥം? പ്രിയസഖീ-
സാഹായ്യതഃ; കാ നു സാ
മത്തോന്യാ ദീതിജാധിരാജതനയേ?
നിദ്രാതിഭദ്രപ്രദാ." ॥

ഇതു ചിത്രലേഖയും ഉഷയും തമ്മിലുള്ള സംഭാഷണമാണു്. "അല്ലേ പ്രിയസഖി! നീയെന്താണു് ഇത്രയധികം കരയുന്നതു്? പ്രേമംകൊണ്ടു നീതന്നെയാണല്ലോ ഞാൻ." എന്നു ചിത്രലേഖ. സന്താപം കൊണ്ടാണെന്നു് ഉഷ. "ഈ സന്താപം എങ്ങനെയുണ്ടായി?" "ഭർത്താവിന്റെ വിയോഗം വന്നപ്പോൾ.' "നിനക്കു് എങ്ങനെയാണു് ഭർത്താവു് ലഭിച്ചതു്?' "പ്രിയസഖിയുടെ സാഹായ്യം ഹേതുവായിട്ടു്." "എന്നിൽനിന്നു ഭിന്നയായ നിന്റെ ആ പ്രിയസഖി ആരാണു്?" "ഏററവും ഭദ്രപ്രദയായ നിദ്രതന്നെ." ഇങ്ങനെ ഉപന്യസിച്ചുകൊണ്ടു് ഉഷ താൻ സന്ധ്യാസമയത്തു് സഖികളോടുകൂടി ദേവീക്ഷേത്രത്തിൽ പാർവതീപരമേശ്വരന്മാരെ ഭജിക്കുവാൻ പോയിഎന്നും അവിടെ കുഞ്ജശരണനായ ഒരു തരുണനെക്കണ്ടുമുട്ടി ആ മഹാനിൽ അനുരക്തയായിത്തീർന്നു എന്നും പ്രസ്താവിക്കുന്നു. ആ യുവാവിന്റെ സൌന്ദര്യാതിശയം കവി വർണ്ണിക്കുന്നതു കേൾക്കുവിൻ!

"യം ദൃഷ്ട്വായം വസന്തോ വനമധിവ
സതി ഹ്രീഭരാദംബരാന്തം
ചന്ദ്രോ മന്ദാക്ഷചേലാവൃതമസമശരഃ
സ്ത്രീജനാനാം ഹൃദന്തം।
കോ വായം കോമളാങ്ഗഃ കുവലയ
കലികാകാന്തിരിത്യേവമന്ത-
സ്സന്തോഷാച്ചിന്തയന്തീ വിവിധമകരവം
തത്ര നേത്രപ്രചാരം." ॥

ആ പുണ്യപുരുഷനെക്കണ്ടിട്ടു വസന്തം നാണംപൂണ്ടു് വനത്തിലും ചന്ദ്രൻ ആകാശത്തിലും കാമദേവൻ ലജ്ജയാകുന്ന വസ്ത്രത്താൽ മൂടപ്പെട്ട സ്ത്രീകളുടെ മനസ്സിലും ചെന്നൊളിക്കുന്നുപോലും. അദ്ദേഹം തന്നെ കണ്ടക്ഷണത്തിൽ "തമാലോകിതും തത്ര സ്ഥാതുമന്യത്രവാഗന്തുമപാരയന്തീ ലജ്ജയാ മുഖമാനമയന്തീ പാദാംഗുഷ്ഠേന ഭൂപൃഷ്ഠം ലിഖന്തീ സ്വേദകണാൻ കിരന്തീ മുഹുർമുഹുർഹസന്തീ ക്ഷണം തസ്ഥുഷീ." എന്ന നില തനിക്കു സംഭവിച്ചതായി ഉഷ തന്റെ സ്വപ്നകഥ തുടരുന്നു. വീണയെടുത്തു മീട്ടി പാടുവാനാരംഭിച്ചപ്പോൾ ആ യുവതിയുടെ മനസ്സിൽനിന്നു് "താളഃ ക്വാപി ഗതഃ സ്വരാശ്ച പരതോരാഗസ്തു

തസ്മിൻ സ്ഥിതഃ '' താളം ഒരിടത്തും സ്വരങ്ങൾ മററാരിടത്തും പോയി; രാഗം മാത്രം അവിടെത്തന്നെ ഇരുന്നു. അതു കണ്ടു ചിത്രലേഖയൊഴികെയുള്ള സഖികൾ ഉഷയെ അപഹസിച്ചു. ചിത്രലേഖയാകട്ടെ കുഞ്ജസ്ഥനായ നായകനോടു ഭാവഗർഭമായി

"മുഞ്ച ത്വം ചഞ്ചരീകപ്രവര! സരഭസം
മഞ്ജുളം കുഞ്ജമേത-
ത്സേവസ്വാമും രസാലദ്രുമനവക
ലികാം മന്ദമന്ദം ഹസന്തീം।
യാ ത്വസ്യാഃ പല്ലവാളീസവിധഭുവി
തിരസ്കാരകർത്രീ പുരാഭൂൽ-
സേയം സൌരഭ്യവിജ്ഞാപനപടുതര
യാ വാത്യയാ ചാപനീതാ ॥ "

എന്നു നായികയുടെ ഇംഗിതം സ്പഷ്ടമാക്കി പ്രസ്താവിച്ചു. "അല്ലയോ ഭ്രമരശ്രേഷ്ഠ! അങ്ങു (വികസിച്ചു) വേഗം വള്ളിക്കുടിൽവിട്ടു മന്ദമന്ദം ഹസിച്ചുകൊണ്ടിരിക്കുന്ന ഈ തേന്മാവിൻെറ പൂമൊട്ടിനെ സേവിക്കുക. ഈ പൂമൊട്ടിൻെറ അടുത്തിരുന്ന ധിക്കാരകർത്രിയായ പല്ലവാളിയെ (തളിർനിരയെന്നും നിസ്സാരയായ സഖിയെന്നും) സൌരഭ്യമറിയിക്കുന്നതിൽ വിശേഷവൈദഗ്ദ്ധ്യമുള്ള കൊടുങ്കാററു നീക്കിക്കളഞ്ഞിരിക്കുന്നു." വിവരമില്ലാത്ത മററു സഖിമാർ പോയിയെന്നും വിദഗ്ദ്ധയായ താൻ മാത്രമേ നായികയുടെ സമീപത്തുള്ളൂ എന്നും അതുകൊണ്ടു നായകൻ നവയൌവനാഭിരാമയായ നായികയെ തൻെറ സാഹായ്യത്തോടുകൂടി യഥേഷ്ടം അനുഭവിക്കുവാൻ മടിക്കേണ്ടതില്ലെന്നും താൽപര്യം.

അങ്ങനെ സ്വപ്നലബ്ധനായ പ്രിയതമനുമായി ഉഷ പ്രബുദ്ധയാകുന്നതുവരെ രമിച്ചു. വീണ്ടും ചിത്രലേഖയോടു പറയുകയാണ് ആ വിയോഗദുഃഖിതയായ സുന്ദരി

"പശ്യാമീവ മുഖം ശശാങ്കസുഭഗം
തസ്യാദ്യ; വക്ഷസ്തടം
ശ്ലിഷ്യാമീവ; സുധാസമാനമധരം
പ്രീത്യാ പിബാമീവ ച;।
ജിഘ്രാമീവ സുഗന്ധിശീതവദന-
ശ്വാസം; ശൃണോമീവ ച
ശ്രോത്രാനന്ദകരം വചോതിമധുരം;
സങ്കല്പശക്ത്യാ സഖി!॥"

ഒടുവിൽ ചിത്രലേഖപോയി അനിരുദ്ധനെ അന്തഃപുരത്തിലേയ്ക്കു കൊണ്ടുവരുന്നു. അനിരുദ്ധൻ ധർമ്മഭ്രംശം ശങ്കിച്ചു കോപിക്കുന്നു. അതിനു ചിത്രലേഖ

"അദ്യൈനാം കാമദഗ്ദ്ധാമവിതുമപഹൃത-
സ്ത്വം മയാദ്യാന്യഥാ തു
സ്ത്രീഹത്യാപങ്കിലസ്സ്യാദഖിലഭുജഭൃതാ-
മഗ്രയായീ പിതാ തേ''.

കാമദേവനാൽ ദഗ്ദ്ധയായ തൻെറ പ്രിയസഖിയേ രക്ഷിക്കുന്നതിനു വേണ്ടിയാണ് താൻ അദ്ദേഹത്തെ അവിടെ അപഹരിച്ചുകൊണ്ടു പോന്നത് എന്നും അല്ലെങ്കിൽ ലോകൈകവീരനായ (പ്രദ്യുമ്നൻ തന്നെയാണല്ലോ കാമൻ) അദ്ദേഹത്തിൻെറ പിതാവിൽ സ്ത്രീഹത്യാപാപം നിലകൊള്ളുന്നതാണെന്നും ഉള്ള യുക്തിവാദം കൊണ്ടു ശമനം വരുത്തുന്നു. അനിരുദ്ധൻെറ ആ കോപം, അല്ലെങ്കിൽ തന്നെ, എത്ര നിമിഷത്തേക്കു നീണ്ടു നിൽക്കും?

"തദവധി കുശലീ പുരാണശാസ്ത്ര-
ശ്രുതിശതചാരുവിചാരജോ വി
[വേകഃ]
യദവധി ന പദം ദധാതി ചിത്തേ
ഹരിണകിശോരദൃശോ ദൃശോർവ്വി-
[ലാസഃ

എന്നു ജഗന്നാഥപണ്ഡിതർ സ്വാനുഭവ ത്തെ ആസ്പദമാക്കി വെളിപ്പെടുത്തിട്ടുള്ള തത്വം സാർവ്വലൌകികവും സാർവ്വകാലി കവുമല്ലയോ?

കാലക്രമത്തിൽ കന്യകയുടെ ആ അപ ഥസഞ്ചാരം അന്തഃപുരപരിപാലകന്മാരാ യ പട്ടാളക്കാർ അറിഞ്ഞു. അവർ പോ യി ബാണനോടു നിവേദനം ചെയ്യുന്നതും താഴെ ഉദ്ധരിക്കുന്നതുമായ പദ്യം ഈ പ്ര ബന്ധമാല്യത്തിൻെറ നടുനായകമാണ്.

"അന്തഃപുരേസ്മാഭിരിഹാപ്രമത്തൈ-
സ്സുരക്ഷിതേ കോപി പുമാൻ സമാ-
[സ്തേ;
പ്രവേശമാർഗം നു ന തസ്യ വിദ്മോ-
മുക്താഫലസ്യേവ കരീന്ദ്രകുംഭേ"

"അടിയങ്ങൾ ഈ അന്തഃപുരം യാതൊരു പിഴയും കൂടാതെ വേണ്ടവിധത്തിൽ ര ക്ഷിക്കുന്നുണ്ട്; എന്നിട്ടും ഇവിടെ ഒരു പു രുഷൻ ഇപ്പോൾ കടന്നുകൂടിയിരിക്കുന്നു. ആ വിദ്വാൻ ഏതുവഴിക്ക് അകത്തുകേ റി എന്ന് അറിവാൻ അടിയങ്ങൾക്ക് ഒരു നിവൃത്തിയുമില്ല. ആനത്തലവൻെറ മസ്തകത്തിൽ ഏതുവഴിക്കു മുത്തുകടന്നു കൂടി എന്ന് ആർക്കെങ്കിലും പറവാൻ കഴിയുമോ?അതുപോലെയാണ് പ്രസ്തുത സംഭവവും." കാളിദാസൻ പോലും കണ്ടാൽ കൊതിക്കുന്ന ഒരു ഉപമയാ ണിത്.

ആ വാക്കുകേട്ടു ബാണൻ ക്രോധാന്ധ നായി അന്തഃപുരത്തിൽ എത്തി പോ രിൽ അനിരുദ്ധനെ ബന്ധിക്കുന്നു. "യഥാ ഫണിപതേസ്സുപ്തസ്യബാലം ഘടേ" ഉറ ങ്ങിക്കിടക്കുന്ന നാഗരാജാവിൻെറ കുഞ്ഞി നെ കുടത്തിലടയ്ക്കുന്നതിനു തുല്യമായിരു ന്നു ആ ബന്ധനം. 'പ്രാണേശൈകീകര ണനിപുണ'മായ സങ്കല്പം ഉഷയെ ആ ത്മഹത്യയിൽനിന്നു വിരമിപ്പിച്ചു. 'ശശാങ്കചൂഡാങ്കവിരാജമാന'യായ ശൈ ലന്ദ്രപുത്രിയെ ഭജിച്ചുകൊണ്ട് ആ യു വതി യഥാകഥഞ്ചിൽ കാലയാപനം ചെയ്തു.

അപ്പോഴേക്കും കലഹപ്രിയനായ നാര ദമഹർഷി ദ്വാരകയിൽ എത്തിക്കഴിഞ്ഞു. താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വർണ്ണി ക്കുന്നത് ശ്രീകൃഷ്ണനും അദ്ദേഹവും തമ്മി ൽ നടന്ന സംഭാഷണമാണ്.

"കസ്ത്വാത്വം മുനിവര്യ? ബാണഭവന-
ദ്വാരസ്ഥിതേശാന്തികാൽ;
കശ്ശോകോ? ഗിരിശോ ന വീക്ഷിത ഇതി
ശ്രീമൻ! കുതഃ കഥ്യതാം!
പ്രാദ്യുമ്നിഗ്രഹണാതുരാസുരസുതാ-
സേവാപ്രസന്നാശയ-
ശ്രീഗൌരീപ്സിതദാനസംഭ്രമവശാൽ
സ്വസ്ഥാന ദേവഃ കില." ||

"അല്ലയോ മഹർഷേ! അങ്ങ് എവിടെനി ന്നാണ് വരുന്നത് ?" എന്നു ശ്രീകൃഷ്ണൻ. ബാണാസുരൻെറ ഗൃഹദ്വാരത്തിൽ കാവ ൽക്കാരനായി നില്ക്കുന്ന ശ്രീപരമേശ്വ രൻെറ സമീപത്തിൽ നിന്ന്" എന്നു നാര ദർ. "അങ്ങെക്കെന്താണു ദുഃഖം?" "ശി വനെക്കാണാൻ ഒക്കാഞ്ഞതു തന്നെ". "അതെങ്ങനെപററി? പറയുക." "അങ്ങ യുടെ മകനായ പ്രദ്യുമ്നൻെറ പുത്രൻ അനിരുദ്ധനെ ബാണൻ കാരാഗൃഹത്തി ലടച്ചിട്ടു. അതു കണ്ടു ദുഃഖിതയായ അ ദ്ദേഹത്തിൻെറ പുത്രി ഉഷ പാർവ്വതീദേ വിയെ സേവിച്ചു പ്രസന്നയാക്കി; അനി രുദ്ധനെ സ്വതന്ത്രനാക്കണമെന്നു പാർവ്വ തി പരമേശ്വരനോടു പ്രാർത്ഥിച്ചു. പ്രാ ണാധികപ്രേയസിയായ പാർവ്വതിയുടെ

പ്രാത്ഥന ഭഗവാൻ എങ്ങനെ നിരസിക്കും? ഭക്തശിഖാമണിയായ ബാണാസുരൻെറ ഹിതത്തിനു പ്രതികൂലമായി എങ്ങനെ ആ പ്രാത്ഥന സാധിക്കും? അവിടുത്തേക്കു മനഃസ്വാസ്ഥ്യമില്ലപോലും. ഈ ധമ്മസങ്കടത്തിൽ എങ്ങനെയാണ് മാദൃശന്മാരെ സ്വസാന്നിധ്യംകൊണ്ടു് അവിടുന്ന് അനുഗ്രഹിക്കുക?'' പ്രാസംഗികമായിത്തന്നെ മഹഷി പറയേണ്ടതെല്ലാം പറഞ്ഞുതീൎത്തു. യാദവന്മാർ ഉടനടി യുദ്ധസന്നദ്ധരായി. സാത്യകി സിംഹനാദം ചെയ്തുകൊണ്ടു് ഉദ്ഘോഷിക്കുന്നു—

''ബാണം നിഹത്യ യുധി ജിഹ്മഗതിം
തമേകം
ദൈത്യേശപാലകമഥാസ്യപുരം
മനോജ്ഞം
അദ്യൈവ ദൈത്യകുലനാശകരൈരനേകൈ-
ൎബ്ബാണൈരജിഹ്മഗതിഭിഃ പരിപൂര-
യിഷ്യേ''.

കുടിലഗതിയും ദൈത്യരാജനും ആയ ഒരു ബാണനെ (ബാണത്തെയെന്നും) പോരിൽ ജയിച്ചിട്ടു ഞാൻ ഇദ്ദേഹത്തിൻെറ പുരത്തെ ഇപ്പോൾതന്നെ ഋജുഗതികളും ദൈത്യകുലനാശകങ്ങളുമായ അനേകം ബാണങ്ങളെക്കൊണ്ടു നിറയ്ക്കുന്നുണ്ടു്''.

ശ്രീകൃഷ്ണൻ ശോണിതപുരത്തിൽ എത്തി. അദ്ദേഹത്തിൻെറ അജയ്യങ്ങളായ സൈന്യങ്ങൾ ''ഔന്നത്യമസഹിഷ്ണവ ഇവ പ്രാകാരാംശ്ചൂൎണ്ണീകൃത്യ, സ്വഭുജമാത്സയ്യാപരാധേനേവ കേതുദണ്ഡാൻ ഖണ്ഡയിത്വാ, തത്രസ്ഥിതസ്യ ഭഗവതോ ഭസിതപ്രിയസ്യ ധൂർജടേഃ പ്രസാദായേവ ശാലാരാമാദികാൻ ഭസ്മീകൃത്യ കൃതകൃത്യം നൃത്യന്തിസ്മ'' ഔന്നത്യത്തെ സഹിക്കായ്കകൊണ്ടോ എന്നുതോന്നുമാറു കോട്ടകളെ പൊടിപെടുത്തുകയും തങ്ങളുടെ ഭുജങ്ങളോടു മത്സരിക്കുന്ന അപരാധം കൊണ്ടോ എന്നു തോന്നുമാറു കൊടിമരങ്ങളെ മുറിക്കുകയും ആ സ്ഥലത്തുള്ള ഭസ്മപ്രിയനായ ഭഗവാൻ ശ്രീപരമേശ്വരൻെറ പ്രസാദത്തിനു വേണ്ടിയോ എന്നുതോന്നുമാറു ശാലകൾ ആരാമങ്ങൾ മുതലായവയെ വെണ്ണീറടിക്കയും ചെയ്തു കൃതകൃത്യത നേടിയ വിധത്തിൽ നൎത്തനം ചെയ്തു.

ദ്വാരസ്ഥനായ പരമേശ്വരനും യുദ്ധോദ്യുക്തനായ ശ്രീകൃഷ്ണനും തമ്മിൽ അനന്തരം താഴെക്കാണുന്നവിധത്തിലുള്ള നമ്മസല്ലാപം നടക്കുന്നു.

''ഭോഭോസ്ത്വം കുത ആഗതോ മധു
രിപോ? ബാണം നിഹന്തും രണേ
കിം വാനേന തവാപരാദ്ധമധുനാ
ബദ്ധോനിരുദ്ധശ്ശിശുഃ!
പൌത്രസ്യാപി ജിതേന്ദ്രിയസ്യ ഖലുതേ
ശ്രേയോത്ഥമേതൽകൃതം
തൎഹി സ്വീയസുതൈവ ബന്ധുമുചിതാ-
നേനൈവ കാമാതുരാ ॥

പൌത്രം വാഞ്ഛതി ഭോഭവാൻ യദി
സഖേ! തൎഹ്യസ്യ ലോകേശിതുഃ
പുത്രാസ്യാപി പുരഃപുരാ പിതുരിവ
ത്വം ദേവ ഭിക്ഷാമടഃ;
ഭിക്ഷാൎത്ഥം ന മമാസ്തി ഹസ്തപുടകേ
കിഞ്ചിൽ കപാലാദികം
കിന്ത്വേതേ വിലസന്തി ഭീഷണധനു-
സ്തൂണീരബാണാദയഃ''॥

''അല്ലയോ മധുസൂദന! അങ്ങ് എന്തിനായിട്ടാണ് വന്നത്?'' എന്നു ശിവൻ. ''പോരിൽ ബാണനെ വധിക്കുവാൻ'' എന്നു കൃഷ്ണൻ. ''ഇവൻ എന്തപരാധമാണ് അങ്ങയ്ക്കു ചെയ്തതു്''. ''ശിശുവായ അനിരുദ്ധനെ ബന്ധിച്ചു''. ''ഇന്ദ്രിയനിഗ്രഹമില്ലാത്ത

അങ്ങയുടെ പൌത്രൻെറ ശ്രേയസ്സിനുവേണ്ടിയാണല്ലോ ബാണൻ അങ്ങനെ ചെയ്തത്''. ''അങ്ങനെയാണെങ്കിൽ ആ കുട്ടിയെക്കണ്ടിട്ടു കാമാതുരയായിത്തീർന്ന അയാളുടെ മകളെയല്ലേ ബാണൻ ബന്ധിക്കേണ്ടത്?'' ''അങ്ങേയ്ക്കു പൌത്രനെ തിരിച്ചുകിട്ടണമെന്ന് ആഗ്രഹമുണ്ടെങ്കിൽ പണ്ട് ഈ രാജാവിൻെറ അച്ഛനോട് (മഹാബലിയോട്) പിച്ചതെണ്ടിയതുപോലെ ഇപ്പോൾ ഇദ്ദേഹത്തോടും ഇരക്കൂ.'' ''ഇരക്കാൻ ആവശ്യമുള്ള തലയോടു മുതലായ സാധനങ്ങളല്ലല്ലോ എൻെറ കൈയിലിരിക്കുന്നത്. ഭയങ്കരങ്ങളായ വില്ല്, ആവനാഴി, അമ്പ് മുതലായവയാണ്.''

ക്ഷിപ്രപ്രസാദിയായ ശ്രീപരമേശ്വരൻ ക്ഷിപ്രകോപിയുമാണ്. ''ഭിക്ഷാത്ഥം ന മമാസ്തിഹസ്തപുടകേ കിഞ്ചിൽ കപാലാദിക'' എന്നവാക്ക കേട്ടപ്പോൾ അവിടുത്തെ ഭാവം പാടേ പകൎന്നു.'

''കിംകിം ജല്പസി ശൃണ്വതോ മമ സമു-
ന്മീലല്ലലാടേക്ഷണ-
ക്രീഡാദഗ്ദ്ധപുരത്രയസ്യ വിഫലൈ-
ർവ്വാചാം നിഗുമ്ഫൈരലം''|
ഇത്യുദ്യമ്യ പിനാകമുൽകടലസദ്-
ഭ്രൂഭംഗസന്ദർശന-
ത്രസ്യദ്ഭ്രാന്തചരാചരം സ ഭഗവാ-
നഭ്യദ്രവച്ഛാർങ്ഗിണം''||

"ലീലയായി മൂന്നാംതൃക്കണ്ണു തുറന്നു ത്രിപുരന്മാരെ ദഹിപ്പിച്ച ഞാൻ കേട്ടുകൊണ്ടിരിക്കെ എന്തെന്താണ് അങ്ങിപ്പറയുന്നത്? നിഷ്ഫലങ്ങളായ ഈ വാഗ്ഗുംഫങ്ങൾ മതി'' എന്നു പിനാകത്തെ ഉയൎത്തി ഉൽക്കടമായ വീരവാദം ചെയ്തു ഭ്രൂഭംഗം കൊണ്ടു സകലചരാചരങ്ങളും പേടിച്ചോടുമാറ് ആ ഭഗവാൻ ശ്രീകൃഷ്ണനോടു എതിരിട്ടു.

അനന്തരം ബാണാസുരൻ യുദ്ധരംഗത്തിൽ വന്നുചേർന്നു. ശ്രീകൃഷ്ണൻ അദ്ദേഹത്തെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ പരിഹസിക്കുന്നു.—

''ത്വാം ജാനാമി കുലഞ്ചതേ ഖലുതയോഃ
കൂടസ്ഥയോർദൈത്യയോ-
രേകോമർത്ത്യമൃഗേണ യുദ്ധസമയേ
കോലേന ചാന്യോഹതഃ
മൂഢസ്തേ ജനകസ്തു ഹന്ത! വടുനാ
കേനാപ്യഹോ വഞ്ചിതോ-
ബദ്ധോദ്യാപി ഭയാത്തമിസ്രഭരിതം
പാതാളമാസേവതേ ||

ഭൂതപ്രേതപിശാചകൈസ്സഹ മഹാ-
ഘോരശ്മശാനാന്തരേ
നിർല്ലജ്ജം പരിനൃത്യതോ നിശിമുഹുർ-
ഭിക്ഷാടനം കുർവ്വതഃ
സ്ത്രീദത്താൎദ്ധതനോരിഹാതനുരിപോ-
ശ്ശംഭോഃ പ്രസാദേച്ഛയാ
കഃ ക്ലിശ്യേത മഹാജഡം ബലധനൈ-
ർഹീനം ഭവന്തം വിനാ?'' ||

''നിന്നെ ഞാനറിയും; നിൻെറ കുലത്തേയുമറിയും! അതിൻെറ കൂടസ്ഥന്മാരായ അസുരന്മാരിൽ ഒരുവൻ ഒരു മനുഷ്യമൃഗത്താലും മറെറാരുവൻ ഒരു പന്നിയാലും പോരിൽ കൊല്ലപ്പെട്ടു. വിഡ്ഢിയായ നിൻെറ അച്ഛനാകട്ടെ ഒരു വടുവിനാൽ വഞ്ചിതനായിബന്ധിക്കപ്പെട്ട് ഇന്നും പേടിച്ച് ഇരുൾ നിറഞ്ഞ പാതാളത്തിൽ താമസിക്കുന്നു. ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുകൾ ഇവയോടുകൂടി അതിഘോരമായ ശ്മശാനഭൂമിയിൽ നാണം കൂടാതെ രാത്രിതോറും നടനംചെയ്യുകയും (പകൽസമ

യം) പിച്ചു തെണ്ടുകയും ചെയ്യുന്ന ഒരു ദേവനുണ്ട്. ശംഭുഎന്നാണ് അദ്ദേഹത്തിന്റെ പേർ; അനഗ്ദരിപുവാണെങ്കിലും പെണ്ണിനു പകുതിശ്ശരീരം തീറെഴുതിക്കൊടുത്ത മൂപ്പർ! അദ്ദേഹത്തിന്റെ പ്രസാദം തീരെ ബുദ്ധിയില്ലാത്തവനും പുരുഷദ്രവ്യസമ്പത്തു കണികാണാത്തവനുമായ നീയല്ലാതെ ആർ കൊതിച്ചു ക്ലേശിക്കും?”

തന്നെപ്പററിഭഗവാൻ ചെയ്ത അവഹേളനം ബാണൻ സഹിച്ചു; തന്റെ ശ്രീപരമേശ്വരനെപ്പററിയുള്ള നിന്ദാവാക്യം ആ മഹാഭക്തൻ എങ്ങനെ സഹിക്കും? രണ്ടുപേരും തമ്മിൽ വലിയ ഒരു യുദ്ധം നടന്നു. പിന്നീടു ജ്വരങ്ങൾ തമ്മിലുള്ള സമരമായി. വിഷ്ണുജ്വരം ശിവജ്വരത്തെ തോല്പിച്ചു. ശിവജ്വരം ശ്രീകൃഷ്ണനെ താഴെ കാണുന്ന പദ്യത്തിൽ സ്തുതിക്കുന്നു.

“ത്വാമാശ്രയേഖിലസുരേശ്വര! ദുഃഖശാ-
ന്ത്യൈ
നാന്യാൻ സുരാനപി ഭവൽപ്രതിബിംബ
രൂപാൻ।
കോ വാ ഭജേത പുരുഷസ്തപനാഭിതപ്ത-
ശ്ചിത്രാപ്പിതാൻ ഹിമകരാംബുധരാംബുരാ
ശീൻ? ॥

“അല്ലയോ! എല്ലാദേവന്മാക്കും ഈശനായുള്ളോവേ! എന്റെ ദുഃഖശാന്തിക്കായി ഞാൻ അങ്ങയെ ആശ്രയിക്കുന്നു. അങ്ങയുടെ പ്രതിബിംബമാണെങ്കിലും മററുള്ള ദേവന്മാരെ ആശ്രയിക്കുന്നില്ല. ആദിത്യൻ നിമിത്തമുണ്ടാകുന്ന സന്താപം ശമിക്കുവാൻ ഏതു പുരുഷനെങ്കിലും ചിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ള ചന്ദ്രനേയോ മേഘങ്ങളേയോ സമുദ്രങ്ങളേയോ അടിപണിയുമോ? ഒരിക്കലുമില്ലല്ലോ!’

ബാണന്റെ കൈകൾ ശ്രീകൃഷ്ണൻ ചക്രായുധംകൊണ്ടു തെരുതെരെ ഛേദിച്ചു തുടങ്ങി. നാലു കൈകൾ മാത്രം ശേഷിച്ചപ്പോൾ ഭക്തപരായണനായ പരമശിവൻ ഓടിയെത്തി “നാമൊന്നല്ലേ? രൂപാദികൾകൊണ്ടല്ലാതെ നമുക്കെന്താണു ഭേദം?

കൃഷ്ണഃശ്ശുക്ലഃ കപിശ ഇതിപാത്രേ-
ന്ധനാദിസ്വഭാവാദ്
ഭേദേസത്യപ്യനലമനലഃ
കിംദഹത്യുജ്ജ്വലോപി?

കറുത്തും വെളുത്തും മഞ്ഞയായും മററും അഗ്നിപാത്രത്തിന്റേയും വിറകിന്റേയും വ്യത്യാസംകൊണ്ടു മാറിത്തോന്നുമെങ്കിലും ഒരഗ്നി മറെറാരഗ്നിയെ എത്ര ഉജ്ജ്വലമാണെങ്കിലും ദഹിപ്പിക്കുന്നുണ്ടോ?” എന്നുംമററും ഉള്ള സാന്ത്വവാക്യങ്ങൾകൊണ്ട് അവിടത്തെ പ്രസാദിപ്പിച്ചു. ശ്രീകൃഷ്ണൻ “കരിപതേർദ്ദ്വിവ്യസ്യ ദന്താ ഇവ” ഐരാവതത്തിനുള്ള കൊമ്പുകൾപോലെ ബാണനു ബാക്കിയുള്ള നാലു കൈകളുമിരിക്കട്ടെ’ എന്നരുൾച്ചെയ്തു. ബാണൻ,

“നമസ്തേ ബഹുശസ്തസ്മൈ
മൽകുലസ്യൈകബന്ധവേ
മായാമാനുഷരൂപായ
കൃഷ്ണായ ഗിരിശാത്മനേ.”

എന്നു സ്തോത്രം ചെയ്തു ശ്രീകൃഷ്ണനെ നമസ്കരിച്ചു. ചിത്രലേഖയെ അരികിൽ വിളിച്ച് സന്തുഷ്ടനായ അസുരാധിപതി

“പ്രാങ്മഹ്യം സ്വശിരസ്ഥിതാമരധുനീ-
ഗർഭോദിതൈർമൗക്തികൈ-
രാസൂത്ര്യ സ്വയമേവ യാം പ്രഭുരദാ-
ന്നൃത്താവധൌ തോഷിതഃ।
താമേനാമിഹ തേ ദദാമി ദയിതാം
ഹേ ചിത്രലേഖേ! സഖി!
സ്നിഗ്ദ്ധായൈ ഭഗവന്മഹാകുലമഹാ-
സംബന്ധകർത്ര്യൈ ചിരം.”

ഝടിതി നിജഭുജാഭ്യാം ദൈത്യരാട്
ചിത്രലേഖാം
മുകുളിതകരപത്മാം പാർശ്വ-
മാകൃഷ്യ നീതാ।
അധിഗളതലമസ്യാസ്സോപരാഭ്യാം
ഭുജാഭ്യാം
സഫലഭുജചതുഷ്കോऽധാരയന്മാലി-
കാം താം.'' ॥

തനിക്കു ശ്രീപരമേശ്വരൻ പണ്ടു നൃത്താവസാനത്തിൽ പ്രസന്നനായി സംഭാവന ചെയ്തതും ദേവഗംഗയിൽ ഉൽപന്നങ്ങളായ മുത്തുകളെക്കൊണ്ടു നിർമ്മിക്കപ്പെട്ടതുമായ മാല ശ്രീകൃഷ്ണനുമായി അത്തരത്തിൽ ഒരു സംബന്ധം നടത്തിക്കൊടുത്ത അവൾക്കു സമ്മാനിച്ചു. രണ്ടു കൈകൾകൊണ്ട് അവളെ അടുത്തണച്ച് ബാക്കി രണ്ടു കൈകൾകൊണ്ട് അവളുടെ കഴുത്തിൽ ആ മാലയണിയിച്ചപ്പോൾ ബാണന് തൻെറ ബാഹുചതുഷ്കം സഫലമായി. പിന്നെ ഉഷയും അനിരുദ്ധനുമായുള്ള വിവാഹം പൊടിപൂരമായി കഴിഞ്ഞു.

ഇതാണ് കൊച്ചുണ്ണിത്തമ്പുരാൻെറ 'ബാണയുദ്ധം.' കവിശിരോമണിയെന്നും ആലങ്കാരികമൂർദ്ധന്യൻ എന്നും മററും അവിടുത്തെപ്പററി പല അഭിജ്ഞോത്തമന്മാരും പ്രശംസിച്ചിട്ടുള്ളത് അശേഷം അസ്ഥാനത്തിലല്ലെന്നുള്ളതിനു ഞാൻ ഈ ഉപന്യാസത്തിൽ ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങൾ മതിയായ സാക്ഷ്യം വഹിക്കുന്നതാണ്. അവിടുന്നുതന്നെ പ്രസ്തുതഗ്രന്ഥത്തിൻെറ അവസാനത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:

''സന്ത്വന്യേഷ്വപി ചമ്പുഷു ധ്വനിര
സാലങ്കാരഹൃങ്കാരിഷു
സ്വീകുര്യുസ്സുഭഗാമിമാം മമകൃതിം
സന്തോതിസന്തോഷതഃ।
ക്ഷീരക്ഷൌദ്രസിതാഗുളാമധുരസ-
ദ്ദ്രവ്യാണി സന്തീത്യത-
സ്ത്യാജ്യഃ കിം ഹരിണീദൃശാം സ്മരരസാ-
ലംബസ്സബിംബാധരഃ?'' ॥

''ധ്വനിരസാലങ്കാരങ്ങൾ വിജൃംഭിക്കുന്ന ചമ്പുക്കൾ വേറെ ഉണ്ടെങ്കിലും എൻെറ ഈ സുഭഗയായ കൃതിയേയും വിദ്വാന്മാർ സന്തോഷത്തോടുകൂടി സ്വീകരിക്കണം. പാൽ, തേൻ, പഞ്ചസാര, ശക്കര എന്നീ മധുരദ്രവ്യങ്ങളുള്ളതുകൊണ്ടു സുന്ദരിമാരുടെ സ്മരരസാലംബമായ ബിംബാധരം ത്യാജ്യമാണെന്നു വരുന്നതല്ലല്ലോ.''

വലിയകോയിത്തമ്പുരാനേയും കൊച്ചുണ്ണിത്തമ്പുരാനെയും ഇന്നു ചിലർ മറന്നിരിക്കും. പക്ഷേ ആ മറവി അന്ധന്മാക്കുള്ള അദൎശനമാണ്. ആ മഹാനുഭാവന്മാരുടെ യശഃകായങ്ങൾ അഭൌമമായ ഔജ്ജ്വല്യത്തോടുകൂടി ആകല്പകാലം പരിലസിക്കും; അതിനു പക്ഷാന്തരമില്ല; പ്രതിവിധിയുമില്ല.

ഈ ഗ്രന്ഥം സമഗ്രമായി പകത്തി അയച്ചുതന്ന് എന്നെ ഈ ഉപന്യാസമെഴുതുവാൻ ശക്തനാക്കിയ തൃപ്പൂണിത്തുറ കണിയാമ്പറമ്പിൽ ശ്രീമാൻ ആർ ഗണപതിഅയ്യരോട് എനിക്കുള്ള നിസ്സീമമായ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊണ്ടു വിരമിക്കുന്നു.

# സംസ്കൃതക്കാരൻെറ "ധ്വനിക്കു്" പാശ്ചാത്യപണ്ഡിതൻെറ പ്രണാമം

(പുത്തേഴത്തു രാമൻമേനോൻ, ബി. ഏ., ബി. എൽ.)

പാശ്ചാത്യസാഹിത്യസാമ്രാജ്യത്തിൽ ഇന്നും "ട്രോയി"ലെ "ഹെലൻ" ഏററവും മനോഹരിയായ ഒരു മഹാരാജ്ഞിയാകുന്നു. എന്നാൽ, സർവ്വാംഗസുന്ദരിയായ ആ നായികയെക്കുറിച്ചു് അവളുടെ അനുഗൃഹീത സൃഷ്ടികർത്താവായ "ഹോമർ" വർണ്ണനാപരമായി ഒരു വാചകം പോലും ഉപയോഗിച്ചിട്ടില്ല; അവളുടെ കീർത്തിയെ ആ കവിസാർവ്വഭൌമൻ അനശ്വരമാക്കിതീർത്തിട്ടുള്ളതു, പൌരാണികകാലത്തെ ഹൈന്ദവ കവികൾ കാവ്യത്തിൻെറ സാക്ഷാൽ ചമൽക്കാരമായി ആശ്ലാദാഭിമാനപുരസ്സരം അംഗീകരിച്ചിട്ടുള്ള ഒരു പ്രയോഗചാതുര്യത്തിൻെറ സഹായത്താലാണു്. ഇന്ത്യയിലെ സാഹിത്യമീമാംസകന്മാർ ഇന്നും ആയതിനെത്തന്നെയാണു് സാഹിത്യത്തിൻെറ രസസംപൂർത്തിയുടെ ശാശ്വതമായ നിദാനമായി കരുതുന്നതു്. ആ രീതിക്കുള്ള പേരാകുന്നു "ധ്വനി". "എയിൽ" സർവ്വകലാശാലയിലെ സംസ്കൃത ഭാഷാ പണ്ഡിതരായ "ഡോക്ടർ ഫ്രാൻക്ളിൻ എഡ്ഗർട്ടൺ" ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ച അഭിപ്രായമാണു് മേലുദ്ധരിച്ചിട്ടുള്ളതു്. ഇന്ത്യയിലെ ധ്വനിയുടെ ധ്വനി ദ്വീപാന്തരങ്ങളിൽ ചെന്നലച്ചു്, സഹസ്രാബ്ദങ്ങൾക്കുശേഷം, ഉൽപത്തിസ്ഥാനത്തെത്തന്നെ വീണ്ടും ശബ്ദായമാനമാക്കുന്നു! ആ സായ്പു് ധ്വനിയെപ്പററി വിവരിക്കുന്നതു നോക്കുക!

ഭാരതീയ സാഹിത്യ ശാസ്ത്രജ്ഞന്മാരിൽ ഭൂരിപക്ഷത്തിൻേറയും അഭിപ്രായത്തിൽ, ഉത്തമ കാവ്യങ്ങളുടെ ഉൽകൃഷ്ടതകളുള്ള അടിസ്ഥാനം അവയുടെ ധ്വനിപ്രധാനമായ പ്രതിപാദനരീതിയാകുന്നു. കാവ്യരസം ധ്വന്യവലംബിയായതാകുന്നു; നേരെ പ്രത്യക്ഷമായി പറഞ്ഞിട്ടില്ലാത്തതും, എന്നാൽ പരോക്ഷമായി സവിശേഷം സൂചിപ്പിച്ചിട്ടുള്ളതുമായ വിമോഹനമായ ഒരു വിവരണ സമ്പ്രദായമാകുന്നു. 'ഈ പറയാത്തതാണു്', ഈ അവർണ്ണിത വർണ്ണനയാണു്, ഈ വാക്കുകളെ കൂടാതുള്ള വ്യംഗ്യാർത്ഥ പ്രതീതിയാണു്, സത്യമായ സാഹിത്യത്തിൻെറ സാക്ഷാൽ സൌന്ദര്യം, ആകർഷകത്വം. വിചിത്രമായ ഈ വർണ്ണനാരീതിയാണു് ലോകോത്തരകവിയായ "ഹോമറും" സ്വീകരിച്ചിരിക്കുന്നതു്. വാല്മീകിയുടെ 'സീതയെപ്പോലെ' അനശ്വരയും അനന്തസുന്ദരിയുമാണു് ഹോമറുടെ 'ഹെലൻ'. സർവ്വോൽകൃഷ്ടയായ ആ സർവ്വാംഗസുന്ദരിയെ ആ കവിസാർവ്വഭൌമൻ, "പറഞ്ഞിട്ടുള്ള വാക്കുക"ളെക്കൊണ്ടല്ലാ, പറയാതിരുന്നിട്ടുള്ളതിൽ നിന്നുള്ള 'ധ്വനി'കൊണ്ടാണു്, വർണ്ണിച്ചുകാണുന്നതു്. വളരെക്കാലം അനവധി കഷ്ടാരിഷ്ടങ്ങളും ക്ലേശനഷ്ടങ്ങളും സഹിച്ച "ട്രോജ"നിലെ പ്രമാണികൾ ഒടുവിൽ ആ പ്രസിദ്ധപ്പെട്ട 'ഹെലനെ' കണ്ടെത്തി. പ്രഥമദർശനാവസരത്തിൽ അവർ 'ഹെല'നെക്കുറിച്ചു പരസ്പരം പെട്ടെ

ന്നു പറഞ്ഞുപോയ വാക്കുകളാണ്, 'ഹെലൻെറ' സൌന്ദയ്യവണ്ണനം. 'നാമീ കഷ്ടപ്പെട്ടതൊന്നും വെറുതെയായിട്ടില്ല; ഈദൃശമായ ദിവ്യസൌന്ദര്യം അതിലങ്ങേപ്പുറവും അഹിക്കുന്നുണ്ട്''. ഹെലൻെറ സൌന്ദയ്യത്തെക്കുറിച്ചു ഹോമർക്കൊന്നും പറയുവാനില്ല!

'ധ്വനി', പറയാത്തതാണെന്നു പറഞ്ഞാൽ, അതു പറഞ്ഞതിൻെറ പറയാത്ത അത്ഥമാണെന്നു് ആരും തെററിദ്ധരിക്കരുതു്. പറഞ്ഞവാക്കുകൾക്കു ശ്രവണമാത്രത്തിൽ തോന്നുന്ന അത്ഥം കൂടാതെ, ചില അടിയൊഴുക്കു് അത്ഥങ്ങളെ, എതിരത്ഥ സൂചനകളൊ ഉള്ളതിനേയൊ, ഉണ്ടാകാവുന്നതിനേയൊ, ആശ്രയിച്ചുള്ളതല്ലതന്നെ ഈ, 'ധ്വനി'. വാക്കുകൾ കാവ്യത്തിൻെറ ശരീരവും, ''ധ്വനി'' ആ ശരീരത്തിൻെറ ആത്മാവുമാകുന്നു. ആത്മാവാണു് അതിനെ സചേതനവും സുന്ദരവുമാക്കുന്നതു്. കാവ്യത്തെ നമുക്കു വിശകലനം ചെയ്യാം—വ്യാകരണം, നിഘണ്ടു, വൃത്തശാസ്ത്രം, ശബ്ദശാസ്ത്രം എന്നു തുടങ്ങിയ ചില കരുക്കൾ ഉപയോഗിച്ചു നമുക്കു് ഏതു കാവ്യശരീരത്തേയും പരമാണുക്കളായി ''പൊടിതകക്കാം''. എന്നാൽ ധ്വനി വിശകലനത്തിന്നു വഴിപ്പെടുന്നതല്ല. അതിനെ പിടിക്കാൻ പററില്ലാ. എന്നിട്ടുവേണ്ടെ, മുറിച്ചുനോക്കാൻ. ഹിന്തുശാസ്ത്രപ്രകാരം ആത്മാവു് ശരീരത്തിലുള്ളതെങ്കിലും, അതുശരീമല്ല, ശരീരത്തിൽനിന്നു എത്രയും വിഭിന്നവും, അതീതവും, ശരീരനാശത്തിലും നശിക്കാത്തതും ആകുന്നു. ഹൃദയവും, ശ്വാസകോശങ്ങളും, രക്തനാഡികളും, തലച്ചോറും എല്ലാം യഥാക്രമം അററകുററം കൂടാതിരിക്കുന്നതായി വൈദ്യവിദഗ്ദ്ധന്മാർ വാദിക്കുമ്പോൾതന്നെ, ജീവൻ—ആത്മാവ്—അവിടം വിട്ടുപോകുന്നു; അവിടെ ചെന്നു നില്ക്കുവാൻ മടിക്കുന്നു! ജീവൻെറ അളവും തൂക്കവും, ആകൃതിയും പ്രകൃതിയും ആക്കും അദൃശ്യം തന്നെ; അജ്ഞാതം തന്നെ. എന്നാൽ, ജീവനെ അനുഭവിക്കാനും, ആസ്വദിക്കാനും, ആനന്ദിക്കാനും കഴിയുന്നതാണു്. വിദഗ്ദ്ധന്മാക്കു വിഷമം കൂടാതെ, വിഃമാഹനമായ ആ വിശേഷത്തെ വിവരമായി മനസ്സിലാക്കാൻ കഴിയും. അതിനെ സ്പശിക്കാം; വേണമെങ്കിൽ ദശിക്കാം; അതിന്നുള്ള കണ്ണും കരളും, കഴിവും കരവും വേണമെന്നുമാത്രം. എന്നാലും, അതെന്താണെന്നു പറയുന്നതു അവക്കും അസാദ്ധ്യംതന്നെ. പറഞ്ഞതിന്നു പറയാത്ത അത്ഥമുണ്ടാക്കുന്നതാണ്, പറയാത്തതിൽ നിന്നു പറഞ്ഞാലത്തേക്കാൾ കൂട്ടതൽ അനുഭവം ഉണ്ടാക്കുന്നതാണ്,—അതെ—ധ്വനി പ്രധാനമായ പ്രതിപാദനമാണ്, കവിതയുടെ ജീവൻ, കാവ്യത്തിൻെറ ആത്മാവ്.

നാടകാദികളിൽ, ദൃശ്യകാവ്യങ്ങളിൽ, പറയപ്പെടാത്തതിൻെറ ചമല്ക്കാരത്തെ, സൂചനാപൂണ്ണങ്ങളായ പ്രയോഗങ്ങളെ, ആ കലകളുടെ കായ്യമായസംഗതികളായി മിക്കവരും സ്വീകരിച്ചേക്കുമെങ്കിലും, ഉത്തമമായഎല്ലാകാവ്യത്തിൻെറയും തന്നെ അവലംബവും ആകഷകത്വവും ധ്വന്യാസ്പദമാണെന്നുള്ള പക്ഷം സവ്വസ്വീകാര്യമാകുമൊ എന്ന് എനിക്കു് അറിഞ്ഞുകൂടാ.

ഈ ധ്വനിയുടെ ഉൽപത്തി കാശ്മീരത്തിലാണെന്നുപറയപ്പെടുന്നു. ഒമ്പതാം നൂററാണ്ടിൽ ''ആനന്ദവദ്ധനൻ'' ''ധ്വന്യാലോകം'' എന്നൊരുഗ്രന്ഥം നിമ്മിച്ചിട്ടുള്ളതിൽ നിന്നാണു് ഈ രീതിയെക്കുറിച്ചു നാം ആദ്യമായി അറിയുന്നതു്. അതിന്ന

മുമ്പുള്ള ഏതോ ഒരു അജ്ഞാതഗ്രന്ഥത്തിന്റെ വ്യാഖ്യാനം എന്ന നിലയിലും, ആ സമ്പ്രദായത്തിന്റെ രഹസ്യതത്വങ്ങളെ വിദ്യാർത്ഥികൾക്കു മനസ്സിലാമാക്കുന്നതിന്ന് ഉപകരിക്കുന്ന ഉദാഹരണശ്ലോകങ്ങളോടുകൂടിയും രചിക്കപ്പെട്ടിട്ടുള്ളതാകുന്നു, പ്രസ്തുതഗ്രന്ഥം.

'ധ്വനി' എന്ന ഈ പ്രത്യേകസമ്പ്രദായത്തെ, പാശ്ചാത്യപണ്ഡിതന്മാർ, അതിനോടുസമമായി പറഞ്ഞുകാണുന്ന മറെറാരുഭാവവുമായി മാറിദ്ധരിച്ചുപോകരുതു്. യഥാർത്ഥമായ സാഹിത്യം, വാച്യമല്ലാത്ത, വർണ്ണനാതീതമായ ഒരു വിഷയമാണെന്ന് അവർ പറയുന്നതല്ലതന്നെ ഈ ധ്വനി. ധ്വനിയിൽ അപ്രകാരമുള്ള ഒരു "അജ്ഞാതവിജ്ഞാന"മില്ല. അതിൽ അങ്ങനെയുള്ള ഒരു "മിസ്റ്റിസിസ്സ"വുമില്ല.

'ധ്വനി' സമ്പ്രദായത്തിന്റെ പ്രണേതാക്കൾ പറയുന്നതു്, പറയപ്പെടാനുള്ള സംഗതിയൊ, വർണ്ണിക്കപ്പെടാനുള്ള സന്ദർഭമൊ, സ്ഫുടീകരിക്കപ്പെടുവാനുള്ള സ്തോഭമൊ, പറയാൻ വയ്യാത്തതൊ വർണ്ണിക്കാൻകഴിയാത്തതൊ സ്പഷ്ടമാക്കാൻ ആകാത്തതൊ ആണെന്നല്ല; നേരേമറിച്ച് അവ വർണ്ണ്യവും വാച്യവും തന്നെയാണെങ്കിലും വാക്കുകളാൽ വർണ്ണിക്കുകയും വിവരിക്കുകയും ചെയ്താലുണ്ടാകാവുന്നതിനേക്കാൾ കൂടുതൽ ഫലവും പുഷ്ടിയും സ്പഷ്ടതയും ഹൃദയദ്രവീകരണവും അങ്ങനെ വർണ്ണിക്കയും വിവരിക്കയും ചെയ്യാതെ തന്നെ ഉളവാക്കാമെന്നാകുന്നു. വാച്യത്തേക്കാൾ വ്യംഗ്യത്തിന്നു ശക്തിയുണ്ടെന്നുള്ളതിലാണ് ധ്വനിയുടെ ചമല്ക്കാരചാതുരി സ്ഥിതിചെയ്യുന്നതു്.

ഉപയോഗിച്ചിരിക്കുന്ന വാക്കുകളെക്കൊണ്ടും ആ വാക്കുകളുടെ പ്രത്യക്ഷമായ അർത്ഥവിവക്ഷകൊണ്ടും വർണ്ണ്യവസ്തു വിമോഹനവും വിശദവും ആകുന്നുണ്ടെങ്കിൽ, ആ വാക്കുകളുടെ തന്നെ വ്യംഗ്യാർത്ഥപ്രതീതികൊണ്ട് ആവർണ്ണനക്കു കൂടുതൽ ആകർഷകത്വമൊ ചൈതന്യമൊ കൈവന്നാൽകൂടി, അതു സാക്ഷാത്തായ ചമൽക്കാരചാതുര്യത്തിന്റെ പ്രേരകത്തിന്നു മാററുകൂട്ടുന്നില്ലെന്നും, അതു രണ്ടാംതരം കാവ്യമെ ആകുന്നുള്ളുവെന്നും ആകുന്നു ധ്വന്യാരാധകന്മാരുടെ മതം. ധ്വനികൊണ്ടുണ്ടാകേണ്ടതു ധ്വനികൊണ്ടുതന്നെ ഉണ്ടാകണം. ധ്വനിയെ മറെറാന്നിനോടു് എണക്കിനിർത്തുന്നതുകൊണ്ടോ ധ്വനിയും അതിലുണ്ടല്ലോ എന്നുവരുത്തുന്നതുകൊണ്ടോ ആ ശക്തിയൊ സമ്പൂർത്തിയൊ സമ്പാദിക്കാവുന്നതല്ല. കുറുക്കിയ പാലിന്റെ രസവും സ്വാദും, "ആ പാലും ഈ കാപ്പിയിലുണ്ടല്ലൊ" എന്നു വരുന്നതുകൊണ്ടു, സിദ്ധമാകുന്നില്ല.

ധ്വനിപ്രധാനമായ കാവ്യരചനയിൽ മുന്നിട്ടുനില്ക്കുന്ന പാശ്ചാത്യഗ്രന്ഥകാരന്മാരുടെ പേരുകൾ ചിലതു് എടുത്തുപറയുന്നതു അത്രയും ഭംഗിയായിരിക്കയില്ല. എങ്കിലും, "സ്വിൻബേൺ" എന്ന മഹാകവിയുടേയും "റോബട്ട് ലൂയിസ്റ്റീവൻസൺ" എന്ന ഗദ്യകാരന്റേയും നാമങ്ങൾ ഇവിടെ പ്രത്യേകം സ്മരണീയങ്ങളാണ്.

"ധ്വനിസ്കൂള"കാരുടെ വിചാരസമ്പ്രദായങ്ങളും, വിമർശനപദ്ധതികളും, കാലാനുസരണങ്ങളായ അല്പം ചില വ്യത്യാസങ്ങളോടുകൂടി, ആധുനികസാഹിത്യവിമർശനാചാര്യന്മാർ അംഗീകരിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

# പ്രാചീനദേശ സംജ്ഞാകോശം.

(പി. അനന്തൻപിള്ള, എം. ഏ)

**വഞ്ചുള**—മഞ്ചേര എന്നും പറയും; ഗോദാവരി നദിയുടെ ഒരു പോഷക നദി; സഹ്യപാദപവ്വതത്തിലുൽഭവിക്കുന്നു; മഞ്ജുള എന്നു മഹാഭാരതം, ഭീഷ്മപവ്വം.

**വരദാ**—മദ്ധ്യപ്രദേശത്തിലെ ഒരു നദി; തുംഗഭദ്രയുടെ ഒരു പോഷകനദി; വനവാസി ഇതിന്റെ തീരത്താണ്. വരദാനദിയെപ്പററി മാളവികാഗ്നിമിത്രം നാടകത്തിലും, മഹാഭാരതം വനപവ്വത്തിലും, പത്മപുരാണം ആദിപവ്വത്തിലും പറഞ്ഞു കാണുന്നുണ്ട്.

**വരാഹക്ഷേത്രം**— കാശ്മീരത്തിൽ ജലം നദിയുടെ ദക്ഷിണതീരത്തുള്ള ഒരു ക്ഷേത്രം, ആദിവരാഹമൂത്തി പ്രതിഷ്ഠയോടുകൂടിയതു്. പൂർണ്യയിലെ ത്രിവേണിയുടെ താഴെയായി ഈ പേരോടുകൂടി ഒരു പുണ്യസ്ഥലമുണ്ട്. വരാഹപുരാണം നോക്കുക.

**വരണ**— ഡെൽഹിക്കടുത്തുള്ള ഒരു പട്ടണം; ജനമേജയൻ സ്ഥാപിച്ചതെന്നു പുരാണം; സപ്പസത്രം ഇവിടെ നിന്നും 21 മൈലകലെയുള്ള അഹിരത്താണു നടത്തിയതത്രെ! ഉച്ഛ്നനഗരമെന്ന് അപരനാമധേയമുള്ളതായി ജൈനശിലാശാസനം.

**വാരണാസി**— 'വാരണ' എന്നും 'അസി' എന്നും ഉള്ള രണ്ടുനദികളുടെ സംഗമസ്ഥലമാകയാൽ ഈ പേരു വന്നു എന്നു വാമനപുരാണം; കാശിയുടെ തലസ്ഥാനമെന്ന് ഉത്തരരാമായണം; ശ്രീബുദ്ധന്റെ കാലത്തു കോസലത്തിലുൾപ്പെട്ടിരുന്നു; ബുദ്ധമതവും ശിവാരാധനയും തമ്മിൽ ഇവിടെവച്ചു മത്സരിക്കയുണ്ടായി. A. D. 1027-ൽ മഹീപാലൻ ഭരിച്ചിരുന്ന ഗൌഡപ്രദേശത്തിന്റെ ഒരു ഭാഗമായിത്തീർന്നു. പാല രാജാവായ ചന്ദ്രദേവൻ 1072ൽ ആക്രമിച്ചു കാന്യകുബ്ജത്തോടു ചേത്തു. A. D. പന്ത്രണ്ടാംശതകത്തിന്റെ അവസാനത്തോടുകൂടി മഹമ്മദ്ഗുരിയുടധീനമായി. A. D. ഏഴാം ശതകത്തിൽ ഈ സ്ഥലം സന്ദശിച്ച ഹ്യൻസ്യാങ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "തലസ്ഥാനത്തു് ഇരുപതു ദേവക്ഷേത്രങ്ങളുണ്ട്. ഭിത്തികളിൽ പലകൊത്തുപണികളും കാണാം. ചെറുകുല്യകളുടെ തീരങ്ങളിൽ നില്ക്കുന്ന പൂമരങ്ങൾ അനന്ദവയോഗ്യങ്ങളായ ഛായാതലങ്ങൾ നല്കുന്നു. ദേവമഹേശ്വരപ്രതിമ പിത്തളയിൽ നൂറടിയോളം പൊക്കമുള്ളതാണ്. അതിൽ സവിശേഷം ചൈതന്യം വിളങ്ങുന്നതായിക്കാണാം" ഈ ശിവലിംഗം ഔറങ്ങസീബ് പൊട്ടിച്ച് അടുത്തുള്ള ജ്ഞാനവാപിയിലിട്ടുവത്രെ! ഇവിടുത്തെ ആദികേശവക്ഷേത്രം അതിപ്രാചീനമെന്നു ജനങ്ങൾ വിശ്വസിച്ചുവരുന്നു. പ്രബോധചന്ദ്രോദയം നാടകത്തിൽ കൃഷ്ണമിത്രൻ പരാമശിച്ചിട്ടുള്ളതാണ്. മണികണ്ണിക എന്ന ശ്മശാനസ്ഥലവും ഹരിശ്ചന്ദ്രപുരാണത്തിൽ

പ്രസിദ്ധമായിട്ടുള്ളതാണല്ലൊ. സതിയുടെ വാമാംഗം പതിച്ചതായി വിശ്വസിച്ചുവരുന്ന ഒരു പീഠം വാരണാസിയിലാണത്രേ! 'അന്നപൂർണ്ണാ'ദേവീക്ഷേത്രം ആ സ്ഥാനത്തു് സ്ഥിതിചെയ്യുന്നു. തന്ത്രചൂഡാമണിയിൽ വിശാലാക്ഷിക്ഷേത്രം എന്നും പറഞ്ഞുകാണുന്നു. പ്രാചീന ഹൈന്ദവസാർവ്വകലാശാലകളിലൊന്നു കാശിയിലുള്ളതായിരുന്നു. ഇവിടത്തെ നക്ഷത്ര ബംഗ്ലാവിനെപ്പററിയുള്ള ഒരു വിവരണം Hooker's Himalayan Journal എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണു്. സുരന്ധന, സുദർശന, ബ്രഹ്മവർദ്ധന, പുഷ്പവതീ, രമ്യാദി അപരനാമധേയങ്ങൾ. വാരണാസിക്കുള്ളതായി യുവഞ്ജയജാതകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

**വാരണാസികടകം**— ഒറിസയിൽ മഹാനദിയുടെ തീരത്തു നൃപകേസരി സ്ഥാപിച്ച നഗരം; കോട്ടയുടെ അവശിഷ്ടം ഇന്നും കാണാം. സാക്ഷിഗോപാല പ്രതിഷ്ഠയോടുകൂടിയ ഒരു വിഷ്ണുക്ഷേത്രം ഇവിടെയുണ്ടു്.

**വാരണാവതം**— പാണ്ഡവന്മാരെ നശിപ്പിക്കുവാൻ ദുര്യോധനൻ അരക്കില്ലം പണിയിച്ച സ്ഥലം എന്നു മഹാഭാരതം ആദിപർവ്വം; പിന്നീടു പാണ്ഡവർക്കുവേണ്ടി ശ്രീകൃഷ്ണൻ യാചിച്ച അഞ്ചുദേശങ്ങളിൽ ഒന്നിതാണു്. (ഉദ്യോഗപർവ്വം)

**വർദ്ധമാനം**— വിന്ധ്യപർവ്വതനിരയ്ക്കു വടക്കു കാശിക്കും അള്ളഹബാദിനും ഇടയ്ക്കുള്ള ഒരു സ്ഥലമെന്നു കഥാസരിത്സാഗരം; അസ്തികഗ്രാമമെന്നും പേരുണ്ടു്. ഒടുവിലത്തെ ജൈനതീർത്ഥങ്കരനായ മഹാവീരൻ ഇവിടെ വസിച്ചിരുന്നതായി ഐതിഹ്യം ഉണ്ടത്രെ!

**വർഷണാ**— വൃഷഭാനുപുരം എന്നും പേരുണ്ടു്; ഇവിടെയാണു് രാധ വളർന്നതു്. വൃഷഭാനു എന്നായിരുന്നു രാധയുടെ പിതാവിന്റെ പേരു്. ശ്രീകൃഷ്ണൻ രാധയെക്കണ്ടതെങ്ങനെയെന്നും മററും ഭാഗവതത്തിൽ വിവരിച്ചിട്ടുണ്ടു്.

**വർഷപർവ്വതം**— വർഷപർവ്വതങ്ങൾ നീല, നിഷധ, ശ്വേത, ഹേമകൂട, ഹിമവത്, ശൃംഗവാൻ എന്നിങ്ങനെ ആറെണ്ണ് വരാഹപുരാണം.

**വസിഷ്ഠാശ്രമം**— അയോദ്ധ്യയിൽ നിന്നും ഒരു നാഴിക വടക്കുള്ള ഒരു പുണ്യസ്ഥലം; അർബ്ബുദപർവ്വതത്തിലെന്നു പക്ഷാന്തരം; ആസാമിലുള്ള സന്ധ്യാചല പർവ്വതത്തിലെന്നു കല്ക്കിപുരാണം.

**വസ്യം**— ബാംബേപ്രവിശ്യയിലുള്ള Bassein; പരശുരാമക്ഷേത്രങ്ങളിലൊന്നായ വരലം; സ്കാന്ദപുരാണത്തിലെ 'നിർമ്മല' തീർത്ഥം ഇവിടെയാണു്. വിമലേശ്വരമഹാദേവപ്രതിഷ്ഠ പോർട്ടുഗീസുകാർ നശിപ്പിച്ചു കളഞ്ഞു. ശിലാഹാരന്മാരുടെ കൈവശമിരുന്ന ഈ സ്ഥലം പതിമൂന്നാം ശതാബ്ദത്തോടുകൂടി യാദവർക്കധീനമായി.

# ഗ്രന്ഥനിരൂപണം.

## കൈപ്പററി

1. ഉത്പന്നമതിയായ ഉമയമ്മ മഹാറാണി.

[ഗ്രന്ഥകത്താ, പേരൂർക്കട എം. കൊച്ചപ്പൻ; പ്രസാധകൻ, മാനേജർ സരസ്വതീ ബുക്ഡിപ്പോ, കഴക്കൂട്ടം.]

ഇതൊരു ലഘുകാവ്യമാണ്. കൊല്ലം ഒമ്പതാം ശതകത്തിൻെറ മദ്ധ്യഘട്ടത്തിൽ തിരുവിതാംകൂർ രാജ്യം ഭരിച്ച ഉമയമ്മറാണിയുടെ ചരിത്രം സുപ്രസിദ്ധമാണല്ലൊ. ശത്രുഭയത്താൽ നെടുമങ്ങാട്ടെത്തി വസിച്ചിരുന്ന ഈ മനസ്വിനിയുടെ വിചാരധാരയാണ് ഇതിലെ പ്രതിപാദ്യവിഷയം. സമഞ്ജസമായും സമുചിതമായും ഇതിൽ ചിത്രണം ചെയ്തിരിക്കുന്ന റാണിയുടെ ഒരു രാത്രിയിലെ ദുരന്ത സന്താപോജ്വലമായ ചിന്താപരമ്പരയിൽ യോഗക്കാരുടെ കലഹകാരണം, അവരുടെ വിക്രിയകൾ, തദനന്തരഫലങ്ങൾ, മുകില ാക്രമണം, എന്നിങ്ങനെ സമകാലികങ്ങളായ സംഭവങ്ങളോടുകൂടിത്തന്നെ അതിവിദൂരമായ ഭൂതകാലസ്ഥിതിഗതികൾ—വഞ്ചിരാജവംശത്തിൻെറ ഉദ്ഭവം, അനുസ്യൂതമായ അതിൻെറ വളച്ച്, പൂർവ്വരാജപുംഗവന്മാരുടെ അപദാനങ്ങൾ മുതലായവയും സംഘടിപ്പിക്കുന്നതിന് കവി പ്രസക്തിയുണ്ടാക്കുന്നതു ഒരു പ്രത്യേക ഗുണമായി എടുത്തുപറയാവുന്നതാണ്.—Ed.

2. പത്മാവതി.

[വെമ്പ്ളിയസ്സ് ലക്ഷ്മണൻ നമ്പൂതിരിപ്പാട്ട് എഴുതിയ ഒരു ഖണ്ഡകാവ്യം; ദേശരത്നം പ്രസ്സ്, ആലുവാ; വില അണ ൩.]

ഈ നമ്പൂതിരിപ്പാട്ട് പല കവിതകളും എഴുതി യുവകവികളുടെ ഇടയിൽ ഗണനീയനായിത്തീൎന്നിട്ടുള്ള ഒരാളാണ്. 'ബാലശൈലാപഗ' യിൽ നടന്ന ഒരു കഥ മനോഹരമായി ഇതിൽ വൎണ്ണിച്ചിരിക്കുന്നു. 'മൂർഖനായ ഒരുവൻ എത്രതന്നെ പ്രബലനായാലും അവസാനത്തിൽ പരാജയം പ്രാപിക്കുമെന്നാണ് ഈ ചെറിയ കാവ്യം നല്കുന്ന സന്മാൎഗ്ഗപാഠം'.

"മാനോന്നതൻ പതിയെ ദൈവതമെന്നുറച്ചു
മാനോടിടംമിഴി ഭജിച്ചു ചിരാൽസുഖിച്ചു"

എന്നു കാവ്യം അവസാനിക്കുന്ന വരികളിൽ പോലും പദപ്രയോഗത്തിലുള്ള ശൈഥില്യം ദർശിക്കാവുന്നതാണെന്നും പറയാതെ നിവൃത്തിയില്ല.—Ed.

3. ജലന്ധരവിജയം.

[വെമ്പ്ളിയസ്സലക്ഷ്മണൻ നമ്പൂതിരിപ്പാട്ടും, വിദ്വാൻ ഏളയടത്തു നീലകണ്ഠൻ നമ്പൂതിരിപ്പാട്ടും കൂടിച്ചേൎന്നെഴുതീട്ടുള്ള ഒരു ഖണ്ഡകാവ്യം; ക്യാപ്പിററൽ പ്രസ്സ്, കോട്ടയം, വില അണ ൬.]

പത്മപുരാണാന്തൎഗ്ഗതമായ ജലന്ധരോപാഖ്യാനം ഭക്തിവിഷയത്തില

ദ്വിതീയമാകയാൽ ആയതു പ്രതിപാദിക്കുന്ന ഒരു ഖണ്ഡകാവ്യം അസ്ഥാനത്താകുന്നതല്ല. നല്ല ഒഴുക്കും ഓജസ്സും ഉള്ള പദ്യങ്ങൾ ഈ കൃതിയിൽ ധാരാളം കാണുന്നുണ്ട്. സംസ്കൃതവൃത്തങ്ങളിൽ ഭാഷാകവിതയെ സരസമായി കളിയാടിക്കാമെന്നും ഇപ്പോൾ ഭാഷാവൃത്ത സരണിയിൽ സഞ്ചരിക്കുന്നതിനിടയ്ക്ക് ഇങ്ങനെയുള്ള വ്യതിയാനങ്ങളെങ്കിലും ഉണ്ടാകേണ്ടതാവശ്യമാണെന്നും,

"സാമാന്യേതരദിവ്യശക്തിമഹിമാ
വാപിച്ചു സന്മാനുഷി
സ്തോമാലംകൃത ചാരുനീലമണിയായ്
ശോഭിച്ചൊരാസ്സുന്ദരി"

ഇത്യാദി ശ്ലോകങ്ങൾ വിശദമാക്കുന്നുണ്ട്. വർണ്ണനകളിലും മററും ഇടയ്ക്കിടയ്ക്കു കാണുന്ന പൂർവകവിസങ്കേതങ്ങൾ കഴിയുന്നത്ര നീക്കി കുറേക്കൂടി സ്വാതന്ത്ര്യം പ്രയോഗിക്കുന്നപക്ഷം മലയാളത്തിൽ ഛന്ദസ്സുകൾക്കും ശോഭനമായ ഭാവിയുണ്ടെന്നും, നമ്പൂരിപ്പാടന്മാർ അധൈര്യപ്പെടേണ്ടെന്നും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.—Ed.

4. ജീവിതാദർശം.

[ ഗ്രന്ഥകർത്താ ചെങ്ങന്നൂർ പി. എസ്. പൊന്നപ്പൻപിള്ള, പ്രകാശകൻ എസ്സ്. ഷൺമുഖംപിള്ള, തിരുവനന്തപുരം; വില അണ ന്നു. ]

'വീട്' തൊട്ടു 'രാജപ്രീതി' വരെയുള്ള ഇരുപതു വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ലഘുപ്രബന്ധങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. ബാലികാബാലന്മാർക്കു സുഗ്രഹമായിത്തീരത്തക്ക വിധത്തിൽ ലളിതമായ ഭാഷാരീതിയാണ് ഗ്രന്ഥത്തിൽ ആദ്യന്തം കാണുന്നതു്. എന്നുവരികിലും അനുകരണയോഗ്യമല്ലാത്ത പല പദപ്രയോഗങ്ങളും കടന്നുകൂടീട്ടുണ്ട്. ഇവയെ അടുത്തപതിപ്പിൽ പരിഹരിക്കുമെന്നു പ്രതീക്ഷിക്കാം.—Ed.

5. കേരളനസ്രാണികളുടെ വിവാഹാചാരങ്ങളും തൽസംബന്ധമായപാട്ടുകളും

ഈ വിഷയത്തെ അധികരിച്ചു് ഡാക്ടർ വി. ജെ. താമസ്സ് എഴുതിയിട്ടുള്ള പ്രബന്ധം ഗവേഷണകുശലവും അവസരോചിതവും കാര്യസമ്പൂർണ്ണവുമായ ഒരു പ്രസിദ്ധീകരണമാണ്. കേരളനസ്രാണികളുടെ സാമൂഹ്യാചാരചരിത്രത്തെ ഏറെക്കുറെ പ്രകാശമാനമാക്കുന്നതിന് ചെയ്തിട്ടുള്ള ഈ ശ്രമം പ്രത്യേകം അഭിനന്ദനീയവുമാണ്. ക്രിസ്തുവർഷത്തിൻെറ ആദിമശതകത്തിൽ തന്നെ കേരളക്കരയിൽ വന്നു് വേരൂന്നിപ്പിടിച്ചു് തഴച്ചു പുഷ്ടിപ്പെട്ട ക്രിസ്തുമതത്തിൻെറ ഇവിടത്തെ പുരോഗതിയെപ്പററി ഇനിയും കൂടുതൽ ഗവേഷണം നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഈ കൃതിയിൽ വിവരിച്ചിരിക്കുന്ന മിക്ക ആചാരങ്ങളും കാലചക്രഭ്രമണത്തിൽ വിസ്മൃതപ്രായങ്ങളായിത്തീരുകയാണെന്നോർക്കുമ്പോൾ ഇപ്രകാരമുള്ള ഒരു ആചാരസംഗ്രഹത്തിൻെറ ഔചിത്യം സുസ്പഷ്ടമാണല്ലോ. കേരളനസ്രാണികളുടെ പഴയപാട്ടുകളിൽ വർണ്ണിതങ്ങളായ പ്രത്യേകാചാരങ്ങളിലും നടപടികളിലും സിംഹഭാഗം ഹൈന്ദവാചാരങ്ങൾ തന്നെയാണ്. മൈലാഞ്ചിയിടുക, അയനിയെടുക്കൽ, താലപ്പൊലി, പഞ്ചവാദ്യം, നാലാങ്കുളി, നല്ലവാതൽ, വായ്ക്കുരവ, നാവിളി, നിലവിളക്കുവയ്ക്കുക എന്നിങ്ങനെ പള്ളിയിൽ

വച്ചല്ലാതുള്ള മിക്കചടങ്ങുകളും വെറും ശുദ്ധ കേരളീയാചാരങ്ങൾ തന്നെയാണ്. കേരളനസ്രാണികളിൽ അധികഭാഗവും ഓരോരോകാലത്തു ഹൈന്ദവരിൽ നിന്നു മാർഗ്ഗത്തിൽ ചേർന്നവരായിരുന്നതു കൊണ്ടു ഈ ആചാരൈക്യത്തെപ്പററി ആശ്ചര്യപ്പെടേണ്ടതുമില്ല. പറങ്കികളുടെ ആഗമനത്തിനു മുമ്പു മലങ്കരയിൽ ഓരോ സമയത്തുവന്നിട്ടുള്ള ക്രിസ്തീയസംഘങ്ങൾ കഴിയുന്നതുപോലെ നാട്ടുകാരെ ക്രിസ്തുമതാവലംബികളാക്കണമെന്നല്ലാതെ അവരുടെ സമുദായാചാരങ്ങളിൽ കൈ കടത്തി കലക്കം വരുത്തുന്നതിനു ആഗ്രഹിച്ചതുമില്ല. സാമൂഹ്യനടപടികളെപ്പററിയടത്തോളം വരത്തരും നാട്ടുകാരോടു ഇണങ്ങി കഴിയുവാൻ ഏറെക്കുറെ ഔത്സുക്യം പ്രദർശിപ്പിച്ചതായിട്ടാണു കാണുന്നതു്. വിദേശികളായ കച്ചവടസംഘങ്ങൾ കേരളക്കരയിൽ സ്ഥിരവാസമുറപ്പിക്കുന്നതോടുകൂടി അവക്കു പല കേരളാചാരങ്ങളും പദവികളും അന്നത്തെ രാജാക്കന്മാരും കോവിലധികാരികളും അനുവദിച്ചുകൊടുത്തതായി ഏതാനും ചരിത്രലക്ഷ്യങ്ങളുണ്ടല്ലൊ. എന്നാൽ പറങ്കികൾ മേൽക്കോയ്മ ഭരിക്കുവാൻ തുടങ്ങിയതു മുതൽക്കു നസ്രാണികളുടെയിടയിലുള്ള കേരളീയാചാരങ്ങൾക്കു ഇടിവുതട്ടുവാനും ആരംഭിച്ചു. പിന്നീടു സമുദായത്തിൽ വന്നുചേർന്ന ആഭ്യന്തരകലഹങ്ങളും ഉൾപ്പിരിവുകളും ഈ സാമൂഹ്യാചാരങ്ങൾക്കു കൂട്ടതൽ ക്ഷീണം തട്ടിച്ചു. ആധുനിക സംസ്കാരംകൊണ്ടു വന്നു ചേർന്നിട്ടുള്ള മാററങ്ങൾ പൊതുവെ എല്ലാ സമുദായക്കാരേയും ഏറെക്കുറെ ബാധിക്കാതെയിരുന്നിട്ടില്ല. ജീവിതമത്സരം വദ്ധിക്കുകയും ധനാഗമവിധാനങ്ങളിൽ പല മാററങ്ങൾ ആവിർഭവിക്കയും ചെയ്യുന്ന ഇക്കാലത്തു് പുരാതനാചാരങ്ങളിൽ പലതും തിരസ്കൃതങ്ങളാകുന്നതിൽ ആശ്ചര്യപ്പെടേണ്ടതുമില്ല. ഇങ്ങനെ ഓരോ കാരണങ്ങളാൽ പുരാതനാചാരങ്ങൾക്കു വന്നുചേർന്ന മാററങ്ങളുടെ ചരിത്രം ആരാഞ്ഞറിയുന്നതു് കൂട്ടതൽ രസാവഹവും പ്രയോജനകരവുമായിരിക്കും. ഈ പുരാതനഗാനങ്ങൾ രചിച്ചകാലത്തുള്ള നസ്രാണികളുടെ വിവാഹാചാരങ്ങളെപ്പററിയടത്തോളം ഡാക്ടർ താമസ്സിൻെറ പരിശ്രമം സ്തുത്യഹമാണ്. വിവാഹചടങ്ങുകളിൽ ഹിന്ദുക്കളിൽ നിന്നും കൽദായക്കാരിൽനിന്നും മററും ഏതേതാചാരങ്ങളാണു കേരളനസ്രാണികൾ സ്വീകരിച്ചതെന്നും ഏതേതുകാലത്താണു നവീനാംശങ്ങൾ വന്നുചേർന്നതെന്നും മററുംകൂടി കാണിച്ചിരുന്നെങ്കിൽ ചരിത്രദൃഷ്ട്യാ കുറേക്കൂടി പ്രാധാന്യം ഇതിനുണ്ടാകുമായിരുന്നു. കേരളീയനസ്രാണികളുടെ പാട്ടുകളുടെ കാലനിർണ്ണയം, നിർമ്മാതാക്കൾ, അവയിൽപ്രതിഫലിപ്പിച്ചിട്ടുള്ള സാമൂഹ്യസ്ഥിതി, എന്നിവയെപ്പററിയുള്ള ഗവേഷണം കേരളചരിത്രത്തിനു അത്യാവശ്യമാണെന്നതിനാൽ ഈ പ്രസിദ്ധീകരണത്തിൻെറ പ്രയോജനത്തെപ്പററി രണ്ടുപക്ഷമുണ്ടാകാനിടയില്ല.—M.R

# പത്രാധിപക്കുറിപ്പുകൾ.

[ ഇടവം, മിഥുനം ലക്കങ്ങൾ ഒരുമിച്ചു് കന്നിമാസത്തിൽ പുറപ്പെടുന്നതാകയാൽ കുറിപ്പുകൾ അതുവരെയുള്ള കാൎയ്യങ്ങളെ പരാമൎശിക്കുന്നവയായിരിക്കും.— Ed. ]

## വിശ്വനിഘണ്ടു.

ജൂൺമാസത്തിൽ ലണ്ടനിൽ വച്ചു കൂടിയ അഖില രാഷ്ട്രീയഗ്രന്ഥകാരമണ്ഡലത്തിലെ ഒരു പ്രധാന പ്രമേയം 'വിശ്വനിഘണ്ടു' നിൎമ്മാണത്തെപ്പററി ആയിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി പ്രചരിക്കുന്ന വിജ്ഞാനശകലങ്ങളും പരിചയ പരമ്പരകളും ക്രോഡീകരിച്ചു് ഒരു വിശ്വനിഘണ്ടു (World Encyclopaedia)വിലാക്കി ജനസാമാന്യത്തിനു നൽകുകയായിരുന്നാൽ അതിലും വലുതായ ഉപകാരകൃത്യമില്ലെന്നു് അദ്ധ്യക്ഷൻ പ്രസ്താവിച്ചു. അവിടെ സന്നിഹിതനായിരുന്ന സുപ്രസിദ്ധചിന്തകൻ മി. എച്ച്. ജി. വെൽസ് അങ്ങനെ ഒരു ഗ്രന്ഥം അത്യാവശ്യമായിരിക്കുന്നു എന്നും എന്നാൽ അതിലേക്കു വരുന്ന ചിലവു് 30000000 പവൻ—അഥവാ, മൂന്നു യുദ്ധക്കപ്പൽ പണിയാനുള്ള ധനം—ആയിരിക്കുമെന്നും പ്രസ്താവിച്ചു. യുദ്ധക്കപ്പലുകൾ മുഴുവൻ വേണ്ടെന്നു വച്ചാലും ഇക്കാൎയ്യം നീക്കിവയ്ക്കാവുന്നതല്ല.

## സാഹിത്യ പരിഷത്തു്

സമസ്തകേരളസാഹിത്യപരിഷത്തിന്റെ ഇയ്യാണ്ടത്തെ സമ്മേളനം തൃശ്ശിവപേരൂർ സമ്മേളനത്തിലെ ആദ്ധ്യക്ഷനായിരുന്ന ശ്രീമാൻ വി. കൃഷ്ണൻ തമ്പി അവർകൾ തിരുവനന്തപുരത്തേക്കു ക്ഷണിച്ചതനുസരിച്ചു് ഈ വരുന്ന ധനുമാസത്തിൽ ഇവിടെ വച്ചു നടത്തുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിലേയ്ക്കു് ഇക്കഴിഞ്ഞ ചിങ്ങം 12-ാനു- ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ കൂടിയ യോഗത്തിൽ ശ്രീമാൻ. വി. കൃഷ്ണൻ തമ്പി അവർകൾ അദ്ധ്യക്ഷനായും, ശ്രീമാന്മാരായ പി. അനന്തൻപിള്ള, ഡാക്ടർ ഗോദവൎമ്മ, എൻ. ഗോപാലപിള്ള, ഇ. എം. കോവൂർ, എൻ. കേശവപിള്ള എന്നിവർ കാൎയ്യദൎശിമാരായും, അവിടെ സന്നിഹിതരായിരുന്ന എല്ലാവരും അംഗങ്ങളായും, കൂടുതൽ അംഗങ്ങളെ ചേൎക്കുവാനുള്ള അധികാരത്തോടുകൂടി ഒരു സ്വീകരണ സംഘം രൂപീകരിക്കുകയും അദ്ധ്യക്ഷന്മാർ, മത്സരപ്രബന്ധം മുതലായ സംഗതികളെപ്പററിയുള്ള പല നിൎദ്ദേശങ്ങളും നല്കുകയും ചെയ്തിരിക്കുന്നു. സ്വീകരണ സംഘാദ്ധ്യക്ഷനും കാൎയ്യദൎശിമാരും അംഗങ്ങളെ ചേൎക്കുന്നതിൽ ഇപ്പോൾ ഉത്സാഹപൂൎവ്വം പ്രവൎത്തിച്ചുവരികയാണു്. തിരുവനന്തപുരത്തെ സമ്മേളനം ഭംഗിയായി നിൎവ്വഹിച്ചു കാണുവാനുള്ള ആഗ്രഹം നിൎമ്മത്സരരായ എല്ലാ സഹൃദയൎക്കും ഉള്ള സ്ഥിതിയ്ക്കു് അനേകം പേർ ഉടനെ അഞ്ചു രൂപാ കൊടുത്തു് സ്വീകരണ സംഘത്തിലെ അംഗങ്ങളായിത്തീരുമെന്നു് ആശിക്കാവുന്നതാകുന്നു.

## പുതിയ ദിവാൻ

തിരുവിതാംകൂർ ദിവാൻ പദത്തിലേയ്ക്കു നിയമിതനായിരിക്കുന്ന സർ സി. പി. രാമസ്വാമി അയ്യരെ അനുമോദിക്കുവാൻ

സഹൃദയസമാജത്തിൻെറ ഒരു വിശേഷാൽ യോഗം രക്ഷാധികാരിമാരിലൊരാളായ രാജശ്രീ പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ അവർകളുടെ വസതിയിൽകൂടി [സർവ്വസമ്മതമായി അംഗീകരിച്ച പ്രമേയം സർ. സി. പി. രാമസ്വാമി അയ്യർക്ക് അയച്ചുകൊടുക്കുകയും അതിലേക്ക് സമാജാംഗങ്ങളോടു അദ്ദേഹത്തിനുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് അയച്ചുതന്ന മറുപടി ഇവിടെ കിട്ടുകയും ചെയ്തിരിക്കുന്നു. ഭരണതന്ത്രത്തിലെന്നപോലെ സാഹിത്യാദികലകളിലും അസാമാന്യ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ഈ വന്ദ്യമഹാത്മാവിനെ ഇപ്രകാരം അനുമോദിക്കുവാൻ ഇടയായതിൽ സഹൃദയയ്ക്കുള്ള സന്തോഷം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

## കൈമാററപ്പത്രങ്ങളും മാസികകളും

'ദക്ഷിണഭാരതി' ഈയ്യിട കാണുന്നില്ല. 'ചന്ദ്രിക' തലശ്ശേരിയിൽ നിന്നും 'കണ്ണിശ്'മായിപ്പുറപ്പെടുന്ന ഒരു പത്രമാണ്. കാര്യവിവരംകൊണ്ടും, ഭാഷാഗൌരവംകൊണ്ടും പത്രലോകത്തിന് ഒരു ആദർശമെന്നുതന്നെ പറയാം. മുസ്ലീം മഹാജനങ്ങളെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. "ഭാഷാപോഷിണി" ഇപ്പോഴും ഉണ്ടെന്നുപറയാം. 'കേരളകൌമുദി' അഭിനവമായആഹാര്യശോഭയോടുകൂടി പുറപ്പെട്ടിരിക്കുന്നു. 'എം. എൻ നായർമാസിക'യുടെ ക്ലേശം തീർന്നതായി പറവാൻ മേല. 'ഹംസ' പതിവുപോലെ ഒന്നാന്തരം ഹിന്ദിലേഖനങ്ങളോടുകൂടി യഥാസമയം വന്നുചേരുന്നുണ്ട്. എറണാകുളം കാളേജുമാസിക അത്തരം മാസികകൾക്ക് ഒരു മാതൃകയായിട്ടുണ്ടെന്നു പറയുന്നതിൽ ഒട്ടും മടിക്കുന്നില്ല. 'വിവേകവാണി' പേരുപോലെ നന്നാകുന്നുണ്ടോ എന്നു ഭാരവാഹികൾ നോക്കേണ്ടതാണ്. 'മാതൃഭൂമി' ഒന്നാന്തരം പ്രതിവാരികയായിത്തന്നെയിരിക്കുന്നു. 'രസികൻ' പതിവുപോലെ. 'വിജയഭാനു' നിന്നുപോയോ എന്തോ? 'ശ്രീമതി'യ്ക്കു ശ്രീ, മതിയാകാതെ വന്നതു നിമിത്തം ഇടയ്ക്കു മുടക്കം വരുത്തേണ്ടിവന്നു എങ്കിലും പുനരാവിർഭവിച്ചിരിക്കുന്നു. ചെങ്ങനാശ്ശേരി, വൈക്കം എന്നീസ്ഥലങ്ങളിൽ നിന്നും യഥാക്രമം പുറപ്പെടുന്ന 'കേരളസന്ദേശ'വും 'കുട്ടനാടനും' അവയുടെ ഉദ്ദേശ്യങ്ങൾ യഥാശക്തി നിറവേററി വരുന്നുണ്ട്. 'വൈദ്യസാരഥി'യുടെ ആരംഭം കൊള്ളാം. 'രാജർഷി'യും മുടങ്ങാതെ വരുന്നതു സ്തുത്യർഹം തന്നെ! 'തൊഴിലഭിമാനി'യും, 'ലത്തീൻ കൃസ്ത്യനും' എവിടെപ്പോയി എന്തോ?